ബൈബിൾ തീർത്ഥാടനം 8

# നിയമാവർത്തനം



ഡോ. മൈക്കിൾ കാരിമറ്റം



തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942ൽ ജനനം. 1968ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

ഡോ. മൈക്കിൾ
കാരിമറ്റം

ബൈബിൾ തീർത്ഥാടനം 8

# നിയമാവർത്തനം

സുവിശേഷങ്ങളിൽ യേശുവിന്റെ അന്തിമ പ്രഭാഷണ (യോഹ 14-17) ത്തിനുള്ള സ്ഥാനമാണ് പഴയനിയമത്തിൽ നിയമാവർത്തന പുസ്തകത്തിനുള്ളത്. മോശയിലൂടെയും പ്രവാചക ന്മാരിലൂടെയും നല്കപ്പെട്ട വെളിപാടിന്റെ സത്ത മുഴുവൻ അതിൽ കാണാം. നിയമത്തിന്റെ ബാഹ്യാനുഷ്ഠാനത്തെക്കാൾ ഹൃദയത്തിന്റെ ഭാവത്തിനു പ്രാധാന്യം നല്കുന്ന നിയമാവർത്തന പുസ്തകത്തിന്റെ പ്രബോധനങ്ങൾ പുതിയ നിയമത്തിന്റെ പടിവാതില്ക്കൽ എത്തി നില്ക്കുന്നു. പുതിയ നിയമത്തിൽ ഏറ്റവും കൂടുതൽ ഉദ്ധരിച്ചിട്ടുള്ള പഴയ നിയമഗ്രന്ഥമാണ് നിയമാവർത്തനം. യേശു ഏറ്റം കൂടുതൽ ഉദ്ധരിച്ചിട്ടുള്ളതും ഈ പുസ്തകത്തിൽ നിന്നുതന്നെ.

ISBN 978-81-945351-3-3

Mar Louis Publications
Broadway, Ernakulam, Kochi - 682 031
Ph: 0484 - 2352110
website:www.marlouiskochi.com
e-mail:mlbookcentre@gmail.com
e-mail:mlpekam@gmail.com

ബൈബിൾ തീർത്ഥാടനം 9

# നിയമാവർത്തനം

മൈക്കിൾ കാരിമറ്റം

Bible Pilgrimage - 9 Deuteronomy
(Malayalam)

Michael Karimattam

Published by
Divine Retreat Centre
Muringoor, Chalakudy

Printed at :
Divine Printers & Publishers
Muringoor, Chalakudy

First Published : October 1994

Second Impression : Aug. 1997

All Rights Reserved with the author

No part of this book may be reproduced in any manner
without the written permission of the author

Price Rs. 30.00

## ഉള്ളടക്കം

**ആമുഖം**

*പുസ്തകത്തിന്റെ പേര് - ഗ്രന്ഥകർത്താവ് - കാലം - സാഹിത്യരൂപം - ഘടന - പ്രധാന ആശയങ്ങൾ - പ്രാധാന്യവും പ്രസക്തിയും - വിഭജനം*

**I ഹോറെബു മുതൽ മൊവാബു വരെ 1, 1-4, 43**

*ആമുഖം - യാത്രയുടെ ചരിത്രം - വിശ്വസ്തത പാലിക്കാൻ ആഹ്വാനം*

**II ഉടമ്പടി - അടിസ്ഥാന തത്ത്വങ്ങൾ 4, 44-11, 32**

*ആമുഖം - അടിസ്ഥാന പ്രമാണങ്ങൾ - സുപ്രധാന കല്പന - ഇസ്രായേലും ഇതര ജനതകളും - ചരിത്രം നല്കുന്ന പാഠം - വിശ്വസ്തത പാലിക്കാൻ ആഹ്വാനം*

**III നിയമസംഹിത 12, 1-26, 17**

**1. ആരാധനയെ സംബന്ധിച്ച നിയമങ്ങൾ 12, 1-16, 17**

*ആരാധന സ്ഥലം - വിശ്വാസ ത്യാഗത്തിനെതിരേ ജാഗ്രത - ആഹാരശുദ്ധി - ഉദാരമായി നല്കുക - തിരുനാളുകൾ*

**2. നേതാക്കന്മാർ 16, 18-20, 20**

*ന്യായാധിപന്മാർ - രാജാക്കന്മാർ - പുരോഹിതന്മാരും ലേവ്യരും - പ്രവാചകന്മാരും പ്രവാചകനും - ക്രിമിനൽ നിയമങ്ങൾ - യുദ്ധം*

**3. വിവിധ നിയമങ്ങൾ 21, 1-26-19**

*അനാഥപ്രേതം - തടവുകാരി - ആദ്യജാതൻ - ധിക്കാരിയായ മകൻ - കെട്ടിത്തൂക്കിയ ശവം - അന്യരോടു പരിഗണന - ലൈംഗിക ധാർമ്മികത - സഭയിൽ പ്രവേശനമില്ലാത്തവർ - പാളയത്തിന്റെ വിശുദ്ധി - ദരിദ്രർക്കു സംരക്ഷണം - നീതി പാലിക്കുക - ആദ്യഫലവും ദശാംശവും.*

**IV അന്തിമ വചസുകൾ 27-34**

**1. അനുഗ്രഹവും ശാപവും 27-28**

*ഉടമ്പടിയുടെ സ്മാരകം - പന്ത്രണ്ടു ശാപങ്ങൾ - അനുഗ്രഹങ്ങൾ - ശാപങ്ങൾ*

**2. ഉടമ്പടിയുടെ സംഗ്രഹം - 29, 1-30, / 2029, 1-30, 20**

*ചരിത്രസംഗ്രഹം - ഉടമ്പടിയിൽ പങ്കുകാർ - താക്കീതുകൾ - പശ്ചാത്താപവും പുനരുദ്ധാരണവും - തീരുമാനമെടുക്കാൻ ആഹ്വാനം*

**3. മോശയുടെ അന്തിമചെയ്തികൾ 30, 1-34, 12**

*പിൻതുടർച്ച - മോശയുടെ കീർത്തനം - അന്തിമോപദേശം - മരണത്തിന് ഒരുക്കം - അന്തിമാശീർവ്വാദം - മോശയുടെ മരണം*

**ഉപസംഹാരം**



# ആമുഖം

## 1. പുസ്തകത്തിന്റെ പേര്

ബൈബിളിലെ അഞ്ചാമത്തെ പുസ്തകം ''നിയമാവർത്തനം'' എന്ന പേരിൽ അറിയപ്പെടുന്നു. ഇതു ചുരുക്കി ''ആവർത്തനം'' എന്നും വിളിക്കാറുു്. വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ ഒരുങ്ങി, ജോർദ്ദാൻ നദിയുടെ കിഴക്കേ കരയിൽ, മൊവാബു സമതലത്തിൽ പാളയമടിച്ചു കഴിയുന്ന ഇസ്രായേൽ ജനത്തോട് മോശ നടത്തിയ മൂന്ന് പ്രഭാഷണങ്ങളാണ് പുസ്തകത്തിന്റെ ഉള്ളടക്കം. ഈജിപ്തിൽ നിന്നു പുറപ്പെട്ടതു മുതൽ ദൈവം അവർക്കുവേി ചെയ്ത വലിയ കാര്യങ്ങളെ അനുസ്മരിപ്പിച്ചതിനുശേഷം കർത്താവു നല്കിയ ഉടമ്പടിയുടെ പ്രമാണങ്ങൾ വീും ഒരിക്കൽകൂടി ആവർത്തിച്ച് അവരോട് പറയുന്നതിനാലാണ് ''നിയമാവർത്തനം'' എന്ന പേര് ഈ പുസ്തകത്തിനു നല്കിയിരിക്കുന്നത്. ''ഇസ്രായേൽ ജനത്തിനു വേി കർത്താവു മോശയ്ക്കു നല്കിയ കല്പനകളെല്ലാം നാല്പതാം വർഷം പതിനൊന്നാം മാസം ഒന്നാം ദിവസം അവൻ അവരോട് വീും പറഞ്ഞു'' (നിയ 1, 3) എന്ന മുഖവുരയിൽ നിന്ന് ഈ പേരിന്റെ അർത്ഥവും പ്രസക്തിയും ഗ്രഹിക്കാനാവും.

''ഈ നിയമത്തിന്റെ പകർപ്പ്'' എന്ന് അർത്ഥമുള്ള ''മിഷ്നാ ഹാതോറാ ഹസോത്ത്'' എന്ന അർത്ഥത്തിൽ ''ദെവുത്തെരോണോമിയോൺ'' (Deuteronomion) എന്നാണ് ഗ്രീക്കിലേക്കു വിവർത്തനം ചെയ്തത്. അതിനെ അനുകരിച്ച് ഇംഗ്ലീഷ് ഡ്യൂട്ടെരോണമി (Deuteronomy) എന്നു വിളിക്കുന്നു. മിക്ക പാശ്ചാത്യ ഭാഷകളിലും ഇതിനോട് സാമ്യമുള്ള പേരാണ് ഉപയോഗിക്കുന്നത്. എന്നാൽ പുറപ്പാട്, ലേവ്യർ, സംഖ്യ എന്നീ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ രാമതൊരു നിയമസംഹിതയല്ല ഈ പുസ്തകത്തിലുള്ളത്, മറിച്ച് അവയുടെ തന്നെ സംഗ്രഹവും ദൈവശാസ്ത്രപരവുമായ വിശദീകരണങ്ങളുമാണ്. അതിനാൽ ''രാം നിയമം'' എന്നതിനേക്കാൾ ''നിയമാവർത്തനം'' എന്ന പേര് പുസ്തകത്തിന്റെ ഉള്ളടക്കം സൂചിപ്പിക്കാൻ കൂടുതൽ പര്യാപ്തമാണ്.

ഹീബ്രുബൈബിളിൽ പുസ്തകത്തിന്റെ ആദ്യത്തെ രു വാക്കുകളായ "എല്ലേഹദെബാറിം" (ഇതാണു വാക്കുകൾ) പേരായി ഉപയോഗിക്കുന്നു. മോശ മരുഭൂമിയിൽവെച്ച് ഇസ്രായേൽ ജനത്തോടു പറഞ്ഞ വാക്കുകളാണ് പുസ്തകത്തിന്റെ ഉള്ളടക്കം എന്ന് ഈ പേരു സൂചിപ്പിക്കുന്നു. മോശയിലൂടെ ദൈവം അരുളിച്ചെയ്ത വാക്കുകൾ എന്ന നിലയിൽ ദൈവവചനമാണിത് എന്നും ഈ പേരിന് അർത്ഥമു് .

## 2. ഗ്രന്ഥകർത്താവ് - കാലം

പുസ്തകത്തിന്റെ ഭൂരിഭാഗവും മോശയുടെ വാക്കുകളായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. മാത്രമല്ല, മോശതന്നെ ഈ നിയമങ്ങളെല്ലാം എഴുതി എന്ന് രുതവണ (നിയ 31, 9.24) വ്യക്തമായി രേഖപ്പെടുത്തിയിട്ടുമു്. അതിനാൽ പഞ്ചഗ്രന്ഥത്തിലെ മറ്റു പുസ്തകങ്ങൾ പോലെ, നിയമാവർത്തനപുസ്തകവും മോശതന്നെ എഴുതിയതാണെന്നു യഹൂദരും ക്രൈസ്തവരും ഒരുപോലെ വിശ്വസിച്ചിരുന്നു. "മോശയുടെ അഞ്ചാം പുസ്തകം" എന്നും നിയമാവർത്തന പുസ്തകം അറിയപ്പെടാറു്.

പരമ്പരാഗതമായ ഈ വിശ്വാസം 19-ാം നൂറ്റാിന്റെ ആരംഭം മുതൽ ചോദ്യം ചെയ്യപ്പെടാൻ തുടങ്ങി. മോശയുടെ മരണത്തെയും സംസ്കാരത്തെയും കുറിച്ചുള്ള വിവരണവും അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തെക്കുറിച്ചുള്ള പ്രകീർത്തനവും (നിയ 34) പില്ക്കാലത്തു കൂട്ടിച്ചേർത്തതായിരിക്കാം എന്നു പുമുതലേ കരുതപ്പെട്ടിരുന്നു. ഇവിടെ പ്രത്യക്ഷപ്പെടുന്ന മോശയുടെ സ്വഭാവസവിശേഷതകൾ പുസ്തകത്തിന്റെ രചനാശൈലി, ഊന്നൽ കൊടുക്കുന്ന പ്രമേയങ്ങൾ, ചില നിയമങ്ങൾക്കു കൊടുക്കുന്ന പ്രത്യേക പ്രാധാന്യം, ബൈബിളിലെ ഇതര ഗ്രന്ഥങ്ങളുമായി ഇതിനുള്ള ബന്ധം മുതലായവ കണക്കിലെടുത്തുകൊ് ഗ്രന്ഥരചനയുടെ കാലത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ സിദ്ധാന്തങ്ങൾ പ്രചാരത്തിൽവന്നു. ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന വിധത്തിൽ നിയമാവർത്തന പുസ്തകം അന്തിമമായി പ്രസാധനം ചെയ്തത് ആരെന്നോ എന്നെന്നോ ഉള്ള കാര്യത്തിൽ ബൈബിൾ വ്യാഖ്യാതാക്കളുടെ ഇടയിൽ അഭിപ്രായ ഐക്യമില്ല. എന്നാലും പൊതുവേ സ്വീകാര്യമെന്നു തോന്നുന്ന അഭിപ്രായ സമ





ന്വയമാണ് താഴെ കൊടുക്കുന്നത്.

സോളമന്റെ മരണത്തെ തുടർന്ന് (ബി.സി. 931) രാജ്യം രായി പിളർന്നു. സമറിയാ തലസ്ഥാനമായുള്ള വടക്കൻ രാജ്യമായ ഇസ്രായേൽ ബി.സി. 721ൽ അസീറിയായ്ക്കു കീഴടങ്ങി. ഇസ്രായേല്ക്കാരിൽ നല്ലൊരു പങ്ക് നാടു കടത്തപ്പെട്ടു. ശേഷിച്ചവർ ഇതര ജനങ്ങളുമായി മിശ്രവിവാഹത്തിനു നിർബന്ധിതരായി. യൂദാ രാജ്യത്തിനു നാമമാത്രമായ സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കാൻ സാധിച്ചെങ്കിലും അതും ഏതു നിമിഷവും നഷ്ടപ്പെടാം എന്ന അവസ്ഥ സംജാതമായി.

ഈ സാഹചര്യത്തിൽ തങ്ങളുടെ പരാജയങ്ങളുടെ കാരണം ആരായുകയും ഉടമ്പടിയുടെ വെളിച്ചത്തിൽ ഇസ്രായേൽ ചരിത്രത്തെ വിലയിരുത്തുകയും ചെയ്ത വടക്കൻ രാജ്യത്തിലെ പുരോഹിതന്മാരുടെയും പ്രവാചകന്മാരുടെയും ഒരു ഗണമാണ് നിയമാവർത്തന പുസ്തകത്തിനു രൂപം കൊടുത്തത്. കർത്താവു മോശവഴി നല്കിയ ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിക്കാഞ്ഞതാണ് ഇസ്രായേലിനു വന്നുഭവിച്ച നാശങ്ങൾക്കു കാരണമെന്നും അനുതപിച്ചു പൂർണ്ണഹൃദയത്തോടെ കർത്താവിലേക്കു തിരിയുകമാത്രമാണ് സമ്പൂർണ്ണ നാശം ഒഴിവാക്കാനുള്ള ഏക മാർഗ്ഗമെന്നും അവർ പഠിപ്പിച്ചു. അതിനായി മോശയുടെ കാലം മുതൽ വാചികവും ലിഖിതവുമായി രൂപംകൊു വികസിച്ച പാരമ്പര്യങ്ങൾ അവർ തനതായ വ്യാഖ്യാനം നല്കി പുനരവതരിപ്പിച്ചു. ദൈവസ്നേഹത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന ഹോസിയായുടെ പ്രവചനങ്ങളും ജറെമിയാ, എസെക്കിയേൽ, രാം ഏശയ്യാ തുടങ്ങിയ പ്രവാചകന്മാരുടെ പഠനങ്ങളും ഈ രചനയെ വളരെയധികം സ്വാധീനിച്ചിട്ടു്.

ബി.സി. എട്ടാം നൂറ്റാിന്റെ അവസാനമോ ഏഴാം നൂറ്റാിന്റെ ആരംഭത്തിലോ ഷെക്കെമിൽ വച്ച് എഴുതപ്പെട്ട ഈ പുസ്തകം ഗ്രന്ഥകർത്താക്കൾ ജറുസലെമിലേക്കു കൊു വന്നു. നിയമാവർത്തന നിയമസംഹിത (Deuteronomic Code) എന്നറിയപ്പെടുന്ന നിയ 12, 1-26, 15 അധ്യായങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളത് എന്നു കരുതപ്പെടുന്നു. ദൈവഭക്തനായ ഹെസെക്കിയാ രാജാവിന്റെ (ബി.സി. 716-687) മത നവീകരണശ്രമങ്ങൾക്ക് ഈ ഗ്രന്ഥം ഉത്തേജനം നല്കി. ഈ കാല

ഘട്ടത്തിൽ ഉപദേശങ്ങളും അനുഗ്രഹങ്ങളും ശാപങ്ങളും കൂട്ടി ച്ചേർത്ത് ഗ്രന്ഥം വിപുലീകരിക്കപ്പെട്ടു. ഹെസെക്കിയായുടെ മരണ ത്തിനു ശേഷം രാജാവായ മനാസ്സെ (687-642) അസ്സീറിയായുടെ സമ്മർദ്ധത്തിനു വഴങ്ങി, വിഗ്രഹാരാധനയും മറ്റു വിജാതീയ ആചാ രങ്ങളും നാട്ടിൽ പ്രചരിപ്പിച്ചു. മനാസ്സെ മരിച്ചപ്പോൾ രാജാവായ ആമോൻ രു വർഷമേ രാജ്യം ഭരിച്ചുള്ളൂ. തുടർന്നു വന്ന ജോസിയാ രാജാവ് (640-609) തികഞ്ഞ യാഹ്‌വേ ഭക്തനായിരുന്നു. പുരോഹിത ന്മാരുടെ നേതൃത്വത്തിൽ വിപുലമായ ഒരു നവീകരണത്തിന് അദ്ദേഹം തയ്യാറായി. ബാബിലോണുമായുള്ള യുദ്ധത്തിൽ അടിക്കടി പരാജ യപ്പെട്ട് അസീറിയാ ക്ഷയിച്ചു കൊിരുന്നതിനാൽ മതനവീകരണ ശ്രമങ്ങൾ നിർബാധം തുടരാൻ ജോസിയായ്ക്കു സാധിച്ചു. ജറെ മിയാ പ്രവാചകന്റെ പൂർണ്ണമായ പിന്തുണയും ഈ നവീകരണത്തി നുായിരുന്നു. ബി.സി. 622ൽ ദേവാലയ ശുദ്ധീകരണത്തിനിടയിൽ പുരോഹിതന്മാർ ഒരു നിയമഗ്രന്ഥം കത്തെി (2 രാജാ 22, 8-20) മതനവീകരണം ഊർജ്ജിതപ്പെടുത്താൻ സഹായിച്ച ഈ നിയമഗ്രന്ഥം നിയമാവർത്തന പുസ്തകമായിരുന്നു എന്ന് ബൈബിൾ പണ്ഡിത ന്മാർ കരുതുന്നു.

നാളിതുവരെ ഉായ ഇസ്രായേൽ ജനത്തിന്റെ ഗതിവിഗതിക ളിലൂടെ ലഭിച്ച ദൈവാനുഭവങ്ങളുടെ വെളിച്ചത്തിൽ ഇസ്രായേൽ ചരി ത്രത്തിനു ദൈവശാസ്ത്രപരമായ വ്യാഖ്യാനം നല്കിയവരുടെ ഗണത്തെ നിയമാവർത്തനാത്മക ചരിത്രകാരന്മാർ (Deuteronomistic historians) എന്നു വിളിക്കുന്നു. ഈജിപ്തിൽ നിന്നുള്ള പുറപ്പാടുമു തൽ ബാബിലോൺ പ്രവാസം വരെയുള്ള ചരിത്രത്തെ അവർ ഒരു പ്രത്യേക കാഴ്ചപ്പാടിൽ അവതരിപ്പിച്ചു. ജോഷ്വാ, ന്യായാധിപന്മാർ, 1-2 സാമുൽ, 1-2 രാജാക്കന്മാർ എന്നീ പുസ്തകങ്ങളിൽ ആ ചരിത്രാ ഖ്യാനം കാണാം. ബൃഹത്തായ ഈ ചരിത്രത്തിന്റെ തുടക്കത്തി ലാണ് നിയമാവർത്തനപുസ്തകം നിലകൊള്ളുന്നത്. ബാബിലോൺ പ്രവാസകാലത്താണ് ഇതിന്റെ രചന പൂർത്തിയായത് എന്നു കരുത പ്പെടുന്നു.

## 3. സാഹിത്യരൂപം

സംഭവങ്ങളുടെ വിവരണങ്ങൾക്കും നിയമാവലികൾക്കും





പ്രാധാന്യം നല്കുന്ന രചനാശൈലിയാണ് പഞ്ചഗ്രന്ഥത്തിലെ മറ്റു പുസ്തകങ്ങൾക്കുള്ളത്. ഇതിഹാസം, നാടകം, കീർത്തനം, നാടോടിക്കഥ മുതലായ സാഹിത്യരൂപങ്ങളും ചുരുക്കമായി അവ യിൽ പ്രത്യക്ഷപ്പെടുന്നു്. എന്നാൽ നിയമാവർത്തന പുസ്തകം മുഖ്യമായും പ്രസംഗശൈലിയിലാണ് രചിച്ചിരിക്കുന്നത്. ആസന്ന മരണനായ മോശയുടെ അന്തിമോപദേശങ്ങളായി പുസ്തകം മുഴു വൻ തന്നെ അവതരിപ്പിച്ചിരിക്കുന്നു. സുദീർഘമായ മൂന്നു പ്രസംഗ ങ്ങളുടെ ചട്ടക്കൂട്ടിലാണ് പുസ്തകം രചിച്ചിരിക്കുന്നത്.

നിയമാവർത്തന പുസ്തകത്തിന്റെ പൊതുവായ ഘടനയ്ക്ക് മധ്യപൗരസ്ത്യ ദേശത്ത് ബി.സി. രാം സഹസ്രാബ്ദത്തിൽ പ്രചാ രത്തിലിരുന്ന അന്താരാഷ്ട്ര ഉടമ്പടികളുടെ ഘടനയുമായി സാമ്യമു ്. ഈ ഉടമ്പടികൾക്ക് ആറു ഘടകങ്ങളു് :

1. ഉടമ്പടി നിർദ്ദേശിക്കുന്ന ചക്രവർത്തിയുടെ പേരുവിവരം. 2. ചക്രവർത്തി സമാന്തർക്കുവേമ്ടി ചെയ്ത നന്മപ്രവൃത്തികളുടെ സംക്ഷിപ്ത വിവരണം. 3. നിബന്ധനകൾ. 4. നിബന്ധനകൾ അനു സരിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങളും ലംഘിച്ചാലുാകുന്ന ശാപ ങ്ങളും. 5. സാക്ഷികൾ. 6. ഉടമ്പടിയുടെ പകർപ്പ് എഴുതി സൂക്ഷി ക്കാനും നിശ്ചിത കാലയളവുകളിൽ വായിക്കാനും നിർദ്ദേശങ്ങൾ.

1-4 അധ്യായങ്ങളിൽ ഉടമ്പടിയുടെ 1-2 ഘടകങ്ങൾ ദൃശ്യമാ ണ്. 5-26 അധ്യായങ്ങളിൽ നിയമങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. അനുഗ്രഹങ്ങളും ശാപങ്ങളും 27, 11-28, 68ൽ കാണാം. 30, 19; 31, 28ൽ ആകാശത്തെയും ഭൂമിയെയും സാക്ഷിയാക്കിയിരിക്കുന്നു. ഉട മ്പടിയുടെ വാക്കുകൾ എഴുതി സൂക്ഷിക്കാനും സാബത്തു വർഷം കൂടാരത്തിരുനാളിൽ എല്ലാവരും കേൾക്കെ വായിക്കാനും 31, 9-13. 24-26ൽ നിർദ്ദേശിച്ചിട്ടു്. അനുവാചകർക്കു പരിചിതമായ ഉടമ്പടി യുടെ മാതൃക സ്വീകരിച്ചുകൊ് ദൈവവും ജനവും തമ്മുലള്ള പ്രത്യേക ബന്ധത്തിനും ആ ബന്ധത്തിൽ നിന്നുരുത്തിരിയുന്ന നിയ മങ്ങളുടെ പ്രാധാന്യത്തിനും വി. ഗ്രന്ഥകാരൻ ഊന്നൽ നല്കുന്നു.

## 4. ഘടന

പുസ്തകത്തിന്റെ ഘടനയെക്കുറിച്ച് വി. ഗ്രന്ഥകാരൻ തന്നെ

വ്യക്തമായ സൂചനകൾ നല്കിയിട്ടു്. ഏതാ് ഒരേ വാക്കുകൾ തന്നെ ആവർത്തിച്ചുകൊ് പുസ്തകത്തെ നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1, 1 ''മോശ ഇസ്രായേൽ ജനത്തോടു പറഞ്ഞ വാക്കുകളാണിവ''. 4, 44. ''മോശ ഇസ്രായേൽ മക്കൾക്കു കൊടുത്ത നിയമമാണിത്''. 29, 1 ''.... മോശയോടു കർത്താവു കല്പിച്ച ഉടമ്പടിയുടെ വാക്കുകളാണിവ''. 33, 1 ''മോശ..... ഇസ്രായേൽ ജനത്തിനു നല്കിയ അനുഗ്രഹമാണിത്''.

വ്യത്യസ്ത ദൈർഘ്യമുള്ള മൂന്നു പ്രസംഗങ്ങളും (1, 1-4, 43; 4, 44-28, 68; 29, 1-30, 20) □ഒരു കീർത്തനവും ആശിർവ്വാദവുമാണ് പുസ്തകത്തിന്റെ ഉള്ളടക്കം.

ആദ്യത്തെ പ്രസംഗത്തിൽ സ്ഥലകാലങ്ങളെയും വ്യക്തികളെയും കുറിച്ചു സൂചിപ്പിച്ചതിനുശേഷം നാളിതുവരെയുള്ള ചരിത്രം ചുരുക്കമായി അവതരിപ്പിക്കുന്നു. സീനായ് മുതൽ മൊവാബു സമതലം വരെ അവർ അനുഭവിച്ചറിഞ്ഞ ദൈവിക പിരപാലനയ്ക്ക് ഇവിടെ ഊന്നൽ നല്കുന്നു. രാം പ്രസംഗത്തിൽ ദൈവസ്നേഹത്തിന്റെ പ്രത്യക്ഷ അടയാളമായ ഉടമ്പടിയെയും ഉടമ്പടിയുടെ നിയമങ്ങളെയും കുറിച്ചു പ്രതിപാദിക്കുന്നു. തലമുറതോറും ഉടമ്പടിയുടെ നിയമങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. തലമുറതോറും ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിക്കേതിന്റെ ആവശ്യകതയെക്കുറിച്ച് അതിശക്തമായി ഉദ്ബോധിപ്പിക്കുന്ന അന്തിമാഹ്വാനമാണ് മൂന്നാം പ്രസംഗം. മോശയുടെ മരണത്തെയും മഹത്വത്തെയും കുറിച്ച് വിവരിച്ചുകൊ് പുസ്തകം സമാപിക്കുന്നു.

### 5. പ്രധാന ആശയങ്ങൾ

ഒരു കലാരൂപത്തെ ആസ്വദിക്കാൻ, അത് ചിത്രമോ പ്രതിമയോ വാസ്തു ശില്പമോ ആകട്ടെ, വിശദാംശങ്ങൾ അപഗ്രഥിക്കുന്നതിനു മുമ്പേ, അകലെനിന്നു മുഴുവനായി നോക്കിക്കാണുക ആവശ്യമാണ്. അല്ലെങ്കിൽ മരങ്ങളുടെ ബാഹുല്യത്താൽ വനം കാണാൻ കഴിയാതെ വന്നതുപോലെയാകും. നിയമാവർത്തന പുസ്തകത്ിന്റെ വിശദമായ അപഗ്രഥനത്തിനു മുമ്പേ, അതിൽ അവതരിപ്പിച്ചിരിക്കുന്ന പ്രധാന ആശയങ്ങളെക്കുറിച്ച് ഒരു ഏകദേശരൂപമെങ്കിലും ഉായിരിക്കുന്നത്





പുസ്തകത്തിന്റെ പൊതുവായ സന്ദേശം ഗ്രഹിക്കാൻ സഹായിക്കും.

**a. തിരഞ്ഞെടുപ്പ്** : ഇസ്രായേൽ ചരിത്രത്തിന്റെ ദൈവശാസ്ത്രപരമായ ഒരു വിശകലനമാണ് നിയമാവർത്തന പുസ്തകം. അതിൽ വിവരിക്കുന്ന സംഭവങ്ങളും നിയമങ്ങളും വാഗ്ദാനങ്ങളും ശാപങ്ങളും കീർത്തനങ്ങളുമെല്ലാം അടിവരിയിട്ടുറപ്പിക്കുന്ന ഒരു സത്യമു്. കർത്താവു പ്രത്യേകം തിര്ഞെടുത്ത ജനമാണ് ഇസ്രായേൽ. തിരഞ്ഞെടുപ്പ് എന്നത് വെറും ബൗദ്ധികമായ ഒരു ആശയമല്ല, ചരിത്രവസ്തുതകളിൽ ഊന്നിനില്ക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ഫറവോയുടെ ആധിപത്യത്തിലായിരുന്ന ഒരുപറ്റം അടിമകളെ ദൈവം തന്റെ കരുത്തുറ്റ കരം നീട്ടി അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ച്, അവിടെനിന്നു മോചിപ്പിച്ച് തന്റെ സ്വന്തം ജനമാക്കി മാറ്റി (4, 34; 7, 6).

**b. ഉടമ്പടി** : സ്വന്തമായി തിരഞ്ഞെടുത്ത ജനവുമായി ദൈവം ഉടമ്പടി ചെയ്തുകൊ് അവരുമായി ഒരു പ്രത്യേകബന്ധം സ്ഥാപിച്ചു. ഈജിപ്തിൽ നിന്നു പുറപ്പെട്ടവർക്കുമാത്രമല്ല, അവർക്കുശേഷം വരുന്ന സകല തലമുറകൾക്കും ഈ ഉടമ്പടി ബാധകമാണ്. ഹോറെബിൽ വച്ച് നമ്മോട് ഒരു ഉടമ്പടി ചെയ്തു. നമ്മുടെ പിതാക്കന്മാരോടല്ല, നമ്മോടാണ് കർത്താവ് ഉടമ്പടി ചെയ്തത്, ഇന്ന് ഇവിടെ ജീവനോടെ ഇരിക്കുന്ന നമ്മോട്'' (നിയ 5, 3). കർത്താവ് തന്റെ ഉടമ്പടിയോട് എന്നും വിശ്വസ്തത പാലിക്കും (7, 9). അവിടുന്ന് തന്റെ ജനത്തെ എന്നും സംരക്ഷിക്കും.

**c. വാഗ്ദത്തഭൂമി** : തിരഞ്ഞെടുപ്പിന്റെയും ഉടമ്പടിയുടെയും ദൃശ്യമായ അടയാളമാണ് അവർക്ക് അവസാഖമായി നല്കുന്ന ഭൂമി. പിതാക്കന്മാർക്കു വാഗ്ദാനം ചെയ്ത കാനാൻദേശം ഇന്ന് അവർക്ക് സൗജന്യമായി നല്കിയിരിക്കുന്നു. ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളുടെയും സമുച്ചയമായിട്ടാണ് വാഗ്ദത്തഭൂമി പ്രത്യക്ഷപ്പെടുന്നത്. വാഗ്ദത്തഭൂമിയിൽ വസിക്കുന്നവർ ദൈവത്തോടൊന്നിച്ചു വസിക്കുന്നു; ദൈവം അവരുടെ മധ്യത്തിലും.

**d. ദൈവസ്നേഹം** : ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം ഒന്നുമാത്രമാണ് തിരഞ്ഞെടുപ്പിനു പിന്നിലെ പ്രേരകശക്തി. അതിനു മറ്റു യാതൊരു ന്യായീകരണമോ വിശദീകരണമോ ഇല്ല (7, 7-8; 10, 15).

ദൈവസ്നേഹത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന ഹോസിയാ യുടെ സ്വാധീനം ഇവിടെ ദൃശ്യമാണ്. ഇസ്രായേലുമായുള്ള കർത്താ വിന്റെ സ്നേഹബന്ധത്തെ വൈവാഹിക ജീവിതത്തോടാണ് പ്രവാ ചകൻ ഉപമിച്ചത് (ഹോസി 2, 19-20). എന്നാൽ നിയമാവർത്തന ഗ്രന്ഥ കാരൻ പിതൃവാത്സല്യത്തിന്റെ പ്രതീകം ഉപയോഗിച്ചിരിക്കുന്നു (നിയ 1, 31; 8, 5; 14, 1; 32, 8-12). ഉടമ്പടിയുടെ നിബന്ധനകളും ഈ സ്നേഹ ത്തിന്റെ പ്രകടനമത്രേ (4, 32-33).

**e. ജനത്തിന്റെ ഉത്തരവാദിത്വം** : തങ്ങളെ സ്വന്തമായി തിരഞ്ഞെടുത്ത കർത്താവിനെ ജനം തങ്ങളുടെ ദൈവമായി സ്വീകരിക്കണം. അവർക്കു കർത്താവല്ലാതെ മറ്റൊരു ദൈവം ഉാകരുത് (നിയ 5, 7). തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്കു്. ഈ തിര ഞ്ഞെടുപ്പ് ജീവന്മരണ പ്രാധാന്യമുള്ളതായിരിക്കും.

കർത്താവ് ജനത്തെ സ്വന്തമായ തിരഞ്ഞെടുത്തത് ചരിത്രസം ഭവങ്ങളിലൂടെ ആയിരുന്നതുപോലെ ജനത്തിന്റെ മറുപടിയും വ്യക്ത മായ തീരുമാനങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടമാകണം. ഇതിന് ഉടമ്പടിയുടെ നിബന്ധനകൾ കർശനമായി പാലിക്കണം. കർത്താവ് തങ്ങളെ സ്നേഹിച്ചതിനാൽ അവർ കർത്താവിനെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിച്ച് അവിടുത്തോട് ചേർന്ന് നില്ക്കണം. ആ സ്നേഹത്തിനു പരിധി ഉാവരുത് (6, 4-5; 10, 12; 11, 13; 13, 4; 30, 20) എങ്കിൽ മാത്രമേ വാഗ്ദത്ത ഭൂമിയിൽ അവർക്കു വസിക്കാൻ കഴിയൂ. കർത്താവിനോടുള്ള അവിശ്വാസ്തത ഉടമ്പടിയുടെ ലംഘനമായിരി ക്കും. അത് വാഗ്ദത്തഭൂമിയുടെ നഷ്ടവും ജനത്തിന്റെ സമൂലനാ ശവും വരുത്തിവയ്ക്കും (28, 15-68).

**f. നിയമത്തിന്റെ ആന്തരീകത** : അനേകം നിയമങ്ങൾ അവതരിപ്പിക്കു കയും അവയുടെ കണിശമായ അനുസരണം ആവശ്യപ്പെടുകയും ചെയ്യുമ്പോഴും ബാഹ്യമായ അനുഷ്ഠാനങ്ങളെക്കാൾ ആന്തരികമായ ഭാവത്തിനാണ് നിയമാവർത്തനപുസ്തകം ഊന്നൽ നല്കുന്നത്. പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും കൂടെ ദൈവത്തെ സ്നേഹിക്കുക, അവിടുത്തോടു ചേർന്നു നില്ക്കുക, ഹൃദയപരിച്ഛേ ദനം സ്വീകരിക്കുക, പശ്ചാത്തപിച്ചു മടങ്ങി വരിക എന്നിങ്ങനെ





അനേകം തവണ ആവർത്തിക്കുന്ന തീക്ഷ്ണമായ ഉപദേശങ്ങൾ ഇതിനു തെളിവാണ്. സകല വികാരവിചാരങ്ങളുടെയും തീരുമാന ങ്ങളുടെയും ഉറവിടമായ ഹൃദയത്തിന് ഊന്നൽ നല്കിക്കൊ് സ്നേഹത്തിൽ അധിഷ്ഠിതമായ മതാത്മകതയുടെ പ്രാധാന്യം എടു ത്തുകാട്ടുന്നു.

**g. പാവങ്ങൾക്കു പ്രത്യേക പരിഗണന** : ഏതെങ്കിലും വിധത്തിൽ അവശതയോ അവഗണനയോ അനുഭവിക്കുന്നവർക്കു പ്രത്യേക സംര ക്ഷണവും പരിഗണനയും നല്കണം എന്ന് എടുത്തു പറയുന്നു്. മനുഷ്യർക്കും മൃഗങ്ങൾക്കും ഈ പരിഗണന ലഭ്യമാകണം. ദൈവ ത്തോടുള്ള സ്നേഹം സഹജീവികളോടുള്ള കരുണാർദ്രമായ മനോ ഭാവത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രകടമാകണം. കർത്താ വിന്റെ കരുണയും സ്നേഹവും അനുഭവിച്ചറിഞ്ഞവർ തങ്ങളുടെ ഔദാര്യത്തിലൂടെ അതു പങ്കുവയ്ക്കണം. അങ്ങനെ എല്ലാവരും അവിടുത്തെ ദയാർദ്രമായ ദാനങ്ങളിൽ പങ്കുചേർന്ന്, സാഹോദര്യ ത്തിലും സമൃദ്ധിയിലും സന്തോഷമായി കഴിയാൻ ഇടവരണം എന്ന് നിയമാവർത്തന പുസ്തകം ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നു.

## 6. പ്രാധാന്യവും പ്രസക്തിയും

സുവിശേഷങ്ങളിൽ യേശുവിന്റെ അന്തിമ പ്രഭാഷണ (യോഹ 14-17) ത്തിനുള്ള സ്ഥാനമാണ് പഴയനിയമത്തിൽ നിയമാവർത്തന പുസ്തകത്തിനുള്ളത്. മോശയിലൂടെയും പ്രവാചകന്മാരിലൂടെയും നല്കപ്പെട്ട വെളിപാടിന്റെ സത്ത മുഴുവൻ അതിൽ കാണാം. നിയമ ത്തിന്റെ ബാഹ്യാനുഷ്ഠാനത്തെക്കാൾ ഹൃദയത്തിന്റെ ഭാവത്തിനു പ്രാധാന്യം നല്കുന്ന നിയമാവർത്തന പുസ്തകത്തിന്റെ പ്രബോധന ങ്ങൾ പുതിയ നിയമത്തിന്റെ പടിവാതില്ക്കൽ എത്തി നില്ക്കുന്നു. പുതിയ നിയമത്തിൽ ഏറ്റവും കൂടുതൽ ഉദ്ധരിച്ചിട്ടുള്ള പഴയ നിയമ ഗ്രന്ഥമാണ് നിയമാവർത്തനം. യേശു ഏറ്റം കൂടുതൽ ഉദ്ധരിച്ചിട്ടു ള്ളതും ഈ പുസ്തകത്തിൽ നിന്നുതന്നെ.

ഒരു ദൈവം, ഒരു ജനം, ഒരുടമ്പടി, ഒരു നിയമം, ഒരു ദേവാല യം, ഒരാരാധന, ഒരു പ്രവാചകൻ എന്നിങ്ങനെയുള്ള നിയമാവർത്ത നപുസ്തകത്തിലെ കാഴ്ചപ്പാടിൽ പ്കടമാകുന്ന ഐക്യത്തിനുള്ള ആഹ്വാനം എന്നത്തേക്കാളേറെ ഇന്നു പ്രസക്തമായിരിക്കുന്നു. പൂർണ്ണ

ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക, ഉടമ്പടി പാലിച്ചുകൊ് അവിടുത്തോട് ചേർന്നു നില്ക്കുക, ദൈവവചനത്തെ ജീവൽ പ്രധാനമായി കരുതുക തുടങ്ങിയ അടിസ്ഥാനപരമായ പഠനങ്ങൾ എന്നും ഒരുപോലെ പ്രസക്തമാണ്.

ജീവിതത്തിന്റെ ഓരോ നിമിഷവും, വ്യക്തിയുടെ ഓരോ തീരുമാനവും പ്രവൃത്തിയും, ഹൃദയത്തിന്റെ ഓരോ ചലനവും ദൈവസ്നേഹത്താൽ പ്രചോദിതമാകണം. ധാർമ്മിക ജീവിതത്തെയും സാമൂഹിക നീതിയെയും സംബന്ധിച്ച നിയമങ്ങളുടെ വെറും ഒരു പട്ടികയല്ല, വെളിപ്പെടുത്തപ്പെട്ട ദൈവഹിതത്തിന്റെ സാരസംഗ്രഹമാണ് നിയമം. ആ നിയമത്തിന്റെ കാതൽ സ്നേഹമാണ്. നിയമാവർത്തന പൂസ്തകത്തിന്റെ ഈ പഠനം ഒരിക്കലും കാലഹരണപ്പെടുന്നില്ല.

### 7. വിഭജനം

പഠനസൗകര്യാർത്ഥം നിയമാവർത്തന പുസ്തകത്തെ നാലായി വിഭജിക്കാം.

- *I* — ***ഹോറെബു മുതൽ മൊവാബു വരെ 1, 1–4, 43***
- *II* — ***ഉടമ്പടി, അടിസ്ഥാനതത്ത്വങ്ങൾ 4, 44–11, 32***
- *III* — ***നിയമഗ്രന്ഥം 12, 1–26, 68***
- *IV* — ***അന്തിമവചസുകൾ 29, 1–34, 12***



# I. ഹോറെബു മുതൽ മൊവാബു വരെ
## 1, 1–4, 43

സംഖ്യാപുസ്തകം അവസാനിച്ചിടത്താണ് നിയമാവർത്തന പുസ്തകം ആരംഭിക്കുന്നത്. വാഗ്ദത്തഭൂമി കൈവശമാക്കാൻ ഒരുങ്ങി. ജോർദ്ദാൻ നദിയുടെ കിഴക്കെ കരയിൽ, ചാവുകടലിനു വടക്കുകിഴക്കുള്ള മരുപ്രദേശമായ മൊവാബു സമതലത്തിൽ വച്ച് ഇസ്രായേൽ ജനത്തെ മുഴുവൻ അഭിസംബോധന ചെയ്തുകൊ് മോശ നടത്തിയ ആദ്യത്തെ പ്രഭാഷണം 1–4 അധ്യായങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നു. സ്ഥലകാലങ്ങളെയും വ്യക്തികളെയും കുറിച്ചുള്ള സൂചനകൾ (1, 1–5)ക്കു ശേഷം നാളിതുവരെ പിന്നിട്ട ചരിത്രത്തിന്റെ ഹ്രസ്വമായ വിവരണത്തിൽ (1, 6–3, 29) ദൈവത്തിന്റഎ കരുണാർദ്രമായ സ്നേഹത്തിനും ജനം അനുഭവിച്ച പരിപാലനയ്ക്കും ഊന്നൽ നല്കുന്നു. കർത്താവിനോടു വിശ്വസ്തത പുലർത്താനും വിഗ്രഹാരാധനയിൽ നിന്ന് അകന്നു നില്ക്കാനും ആഹ്വാനം ചെയ്തുകൊാണ് (4, 1–40) ഒന്നാം പ്രഭാഷണം സമാപിക്കുന്നത്. അനുബന്ധമെന്നോണം അഭയ നഗരങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (4, 41–43) നല്കിയിരിക്കുന്നു.

### 1. ആമുഖം 1, 1–5

ആദ്യ പ്രഭാഷണത്തിന്റെ മാത്രമല്ല, പുസ്തകത്തിന്റെ മുഴുവൻ ആമുഖമാണ് ഈ വാക്യങ്ങൾ. ഹിത്യരുടെ ഇടയിൽ നിലവിലിരുന്ന ഉടമ്പടികളുടെ ആദ്യഘടകമായ ആമുഖത്തോട് ഇതിനു സാമ്യമു്. "മോശ ഇസ്രായേൽ ജനത്തോടു പറഞ്ഞ വാക്കുകളാണിവ" (1, 1) എന്ന വാക്യ ശകലം പുസ്തകത്തിന്റെ മുഴുവൻ ശീർഷകമായി നില്ക്കുന്നു. ഇതു പുസ്തകത്തിന്റെ സ്വഭാവത്തെയും ഉള്ളടക്കത്തെയും സൂചിപ്പിക്കുന്നു. കർത്താവു നല്കിയ കല്പനകളാണ് മോശ അവരെ അറിയിച്ചത് എന്ന് 1, 3ലും നിയമത്തിന്റെ വിശദീകരണമാണ് മോശ പറഞ്ഞ വാക്കുകൾ എന്ന് 1, 5ലും വ്യക്തമാക്കിയിരിക്കുന്നു. ദൈവം നല്കിയ ഉടമ്പടിയുടെ നിയമങ്ങൾക്കു മോശ നല്കിയ വിശദീകരണമാണ് പുസ്തകത്തിന്റെ ഉള്ളടക്കം.

പഞ്ചഗ്രന്ഥത്തിലെ മറ്റു പുസ്തകങ്ങളിൽ ദൈവം നേരിട്ടു മോശ യോടു സംസാരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. അവിടെ മോശയുടെ വാക്കുകളേക്കാൾ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കി ക്കൊ് നേതാവും നിയമദാതാവുമായിട്ടാണ് മോശയെ ചിത്രീകരി ക്കുന്നത്. നിയമാവർത്തന ഗ്രന്ഥത്തിലാകട്ടെ, കർത്താവ് മുഖാഭി മുഖം സംസാരിച്ച അതുല്യപ്രവാചകനാണ് മോശ. ദൈവവചന ത്തിന്റെ വക്താവും ദൈവിക വെളിപാടിന്റെ മധ്യസ്ഥനുമാണ് അദ്ദേ ഹം. ഇസ്രായേൽ ചരിത്രത്തിന്റെ അന്തരാർത്ഥം വ്യാഖ്യാനിക്കുകയും ഉടമ്പടിയുടെ നിയമങ്ങൾ വിശദീകരിച്ചുകൊ് ജനത്തെ അനുസര ണത്തിനു പ്രേരിപ്പിക്കുകയുമാണ് നിയമാവർത്തന പുസ്തകത്തിലെ മോശ എന്ന പ്രവാചകന്റെ മുഖ്യധർമ്മം.

''ഇസ്രായേൽ ജനത്തോട്'' എന്നു വിവർത്തനം ചെയ്തിരി ക്കുന്ന വാക്കുകളുടെ ഹീബ്രുമൂലം ''മുഴുവൻ ഇസ്രായേലിനോടും'' (എൽ-കോൽ-ഇസ്രായേൽ) എന്നാണ്. മൊവാബു സമതലത്തിൽ സമ്മേളിച്ചവരെ മാത്രമല്ല, എക്കാലത്തും ജീവിക്കുന്ന എല്ലാ ഇസ്രാ യേൽക്കാരേയും ഒരുമിച്ച് ഒറ്റ ജനതയായി കുകൊാണ് മോശ അഭിസംബനോധന ചെയ്യുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾക്ക് സ്ഥല കാലപരിധിക്കപ്പുറത്ത് ശാശ്വതമായ സാധുതയു്. എന്നും എല്ലാ വർക്കും പ്രസക്തമായ ദൈവവചനമാണത്. തന്നെയുമല്ല, പിതാക്ക ന്മാരും മക്കളും അടങ്ങുന്ന സകല തലമുറകളും ഒറ്റ ജനമാണ്. അതി നാൽ പിതാക്കന്മാരുടെ അനുഭവങ്ങൾ സന്തതി പരമ്പരകൾക്കു സ്വന്തം അനുഭവമാക്കി മാറ്റാൻ കഴിയും. പിതാക്കന്മാർക്കു നല്കിയ വാഗ്ദാനങ്ങളും കല്പനകളും സന്തതികൾക്കും ബാധകമാണ് (5, 3).

സീനായ് മലയെ ഒന്നൊഴികെ (33, 2) മറ്റെല്ലാ തവണയും ഹോറെബ് എന്നാണ് നിയമാവർത്തന പുസ്തകം വിളിക്കുന്നത്. ഹോറെബ് മുതൽ കാദെശ് വരെയുള്ള യാത്ര സംഖ്യ 10-13ൽ വിവ രിച്ചിട്ടു്. ''പതിനൊന്ന് ദിവസത്തെ യാത്രാദൂരം'' പിന്നിടാൻ നാല്പതു വർഷമെടുത്തത് ജനം കർത്താവിനോടു കാട്ടിയ അവി ശ്വാസ്തതയ്ക്കുള്ള ശിക്ഷയായിരുന്നു. ''നാല്പതാം വർഷം പതി നൊന്നാം മാസം ഒന്നാം ദിവസം'' എന്ന കാലസൂചന ഇവിടെ പറ യുന്ന കാര്യങ്ങളെ ഈജിപ്തിൽ നിന്നുള്ള പുറപ്പാടുമായി ബന്ധിപ്പി





ക്കുന്നു. സീഹോൻ, ഓഗ് രാജാക്കന്മാരുടെ മേൽ നേടിയ വിജയം (സംഖ്യ 21, 21-35) പ്രഭാഷണത്തിന്റെ സമയത്തെ കൂടുതൽ കണിശ മായി നിർണ്ണയിക്കുന്നു.

''തോറാ'' എന്ന ഹീബ്രുനാമമാണ് നിയമം എന്നു വിവർത്തനം ചെയ്യുന്നത്. മനുഷ്യർ അനുവർത്തിക്കേ നിബന്ധനകളുടെ ഒരു പട്ടിക മാത്രമല്ല, വാക്കും പ്രവൃത്തിയും വഴി ദൈവം നല്കിയ വെളി പാടും അതിനു മനുഷ്യൻ നല്കേ സ്നേഹനിർഭരമായ പ്രത്യുത്ത രവും മുഴുവൻ സൂചിപ്പിക്കുന്ന ഒരു സാങ്കേതികപദമാണിത്. പഞ്ച ഗ്രന്ഥത്തെ മുഴുവൻ സൂചിപ്പിക്കാൻ ഈ പദമാണ് ഉപയോഗിക്കുന്ന ത്. ''നിയമവും പ്രവാചകന്മാരും'' എന്നോ, ''നിയമം'' എന്നു മാത്രമോ പറയുന്നതും പഴയനിയമത്തെ മുഴുവനും സൂചിപ്പിക്കാറു്. അതി നാൽ ധാർമ്മികവും സാമൂഹികവുമായ നിബന്ധനകൾ മാത്രമല്ല, ദൈവ ത്തിന്റെ രക്ഷാകരപ്രവർത്തനങ്ങൾ മുഴുവനായി ഇവിടെ വിവക്ഷി ക്കുന്നു.

**2. യാത്രയുടെ ചരിത്രം 1, 6-3, 29**

''മോശ നിയമം വിശദീകരിക്കാൻ തുടങ്ങി'' എന്ന് ആമുഖത്തിൽ (1, 5) പറഞ്ഞുവച്ചെങ്കിലും തൊട്ടുപിന്നാലെ വരുന്നത് നിയമങ്ങളോ വിശദീകരണങ്ങളോ അല്ല, ദൈവവും ജനവും തമ്മിലുള്ള ബന്ധ ത്തിന്റെ ഹ്രസ്വമായ ചരിത്രമാണ്. ഉടമ്പടി നല്കുന്ന കർത്താവിനോടും അവിടുത്തെ പ്രമാണങ്ങളോടും വിശ്വസ്തത പാലിക്കാൻ ജനത്തി നുള്ള ഉത്തരവാദിത്വത്തെയും കല്പനകൾ നല്കാൻ കർത്താവിനുള്ള അവകാശത്തെയും എടുത്തുകാട്ടുന്നതാണ് ഈ ചരിത്രാവലോകനം. നാല്പതു വർഷത്തെ സുദീർഘമായ ചരിത്രത്തിൽ നിന്ന് പ്രാദിനിധ്യ സ്വഭാവമുള്ള ചുരുക്കം സംഭവങ്ങൾ മാത്രമേ എടുത്തു പറയുന്നു ള്ളൂ. വിജയത്തിന്റെയും പരാജയത്തിന്റെയും വിവരണം അതിലു്. വിശ്വസ്തതയുടെയും അവിശ്വസ്തതയുടെയും അനുഭവങ്ങളും അതിൽ കാണാം. ജനത്തിന്റെ അവിശ്വസ്തതയ്ക്കു ശിക്ഷ നല്കു മ്പോഴും കർത്താവ് തന്റെ കരുണാർദ്രമായ സ്നേഹം പിൻവലിക്കു ന്നില്ല, പിതാക്കന്മാരോടു ചെയ്ത വാഗ്ദാനം ലംഘിക്കുന്നുമില്ല. ചരി ത്രവസ്തുതകൾ സമ്യക്കായി വിവരിക്കുന്ന ഈ ഭാഗത്തിന് അന്താ

രാഷ്ട്ര ഉടമ്പടികളിലെ ചരിത്രപരമായ ഉപക്രമത്തോട് (historical prologue) സാമ്യമുണ്ട്.

## a. ഹോറെബു മുതൽ ഹോർമാ വരെ 1, 6-46

ഹോറെബിൽ നിന്നു യാത്ര പുറപ്പെട്ടതു മുതൽ കാനാൻദേശം കൈയടക്കാൻ നടത്തിയ യുദ്ധത്തിൽ പരാജയപ്പെട്ട് ഹോർമ വരെ തോറ്റോടിയതിന്റെ ചരിത്രം ഇവിടെ വിവരിക്കുന്നു.

**1, 6-8 പുറപ്പെടാൻ കല്പന** : 'നമ്മുടെ ദൈവമായ കർത്താവ് നമ്മോട് അരുളിച്ചെയ്തു' എന്ന മുഖവുരയോടെ മോശയുടെ ആദ്യത്തെ പ്രഭാഷണം ആരംഭിക്കുന്നു. "നമ്മുടെ", "നമ്മോട്" എന്ന സർവ്വനാമങ്ങൾ ദൈവവും ജനവും തമ്മിലുള്ള ഗാഢമായ ബന്ധത്തെ എടുത്തുകാട്ടുന്നു. ഇസ്രായേലിനെ ദൈവം തന്റെ സ്വന്തം ജനമായി തിരഞ്ഞെടുത്ത സ്ഥലമാണ് ഹോറെബ്, അഥവാ സീനായ്. സ്ഥലത്തെക്കുറിച്ചുള്ള സൂചന അവിടെവച്ചു നടന്ന ഉടമ്പടിയിലേക്കും അതിലൂടെ സംജാതമായ പുതിയ ദൈവമനുഷ്യബന്ധത്തിലേക്കും ശ്രദ്ധ തിരിക്കുന്നു.

യാത്ര പുറപ്പെടാനുള്ള കല്പനയ്ക്ക് യുദ്ധത്തിനു പുറപ്പെടാൻ സൈന്യാധിപൻ സേനകൾക്കു നല്കുന്ന കല്പനയോടു സാമ്യമുണ്ട്. പിതാക്കന്മാർക്കു വാഗ്ദാനം ചെയ്ത ഭൂമി യുദ്ധം ചെയ്തു കീഴടക്കാൻ ഇപ്പോൾ കർത്താവ് കല്പിക്കുന്നു. ദേശത്തിന്റെ അതിരുകൾ അബ്രാഹത്തിനു നല്കിയ വാഗ്ദാനത്തിൽ സൂചിപ്പിച്ചിരുന്നവ (ഉൽപ 15; 18-21) തന്നെയാണ്. തെക്ക് നെഗെബ്, വടക്ക് ഹെർമോൺ, കിഴക്ക് യൂഫ്രട്ടീസ് നദി, പടിഞ്ഞാറ് മധ്യധരണ്യാഴി. ഇവയ്ക്കു മധ്യേയുള്ള വിശാലമായ ഭൂപ്രദേശം മുഴുവൻ ഇസ്രായേലിന് ദൈവം വാഗ്ദാനമായി നല്കിയിരിക്കുന്നു. അതു പിടിച്ചടക്കാനുള്ള ഉത്തരവാദിത്വം അവർക്കുണ്ട്.

**വിചിന്തനം** : തത്വചിന്തകളും യുക്തിവിചാരങ്ങളും വഴി മനുഷ്യൻ രൂപം കൊടുത്ത അമൂർത്തമായ ഒരു ആശയമല്ല, ചരിത്രത്തെ നയിക്കുകയും വ്യക്തികളുടെയും സമൂഹങ്ങളുടെയും ജീവിതത്തിൽ നേരിട്ട് ഇടപെടുകയും ചെയ്യുന്ന വ്യക്തിയാണ് ദൈവം. അവിടുന്ന് നമ്മോട് വ്യക്തി ബന്ധത്തിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നു. "നീ





എന്റേതാണ്" എന്നു പറയുന്ന അവിടുത്തോട് "അങ്ങാണ് എന്റെ ദൈവം, ഞാൻ അങ്ങയുടേതുമാത്രമാണ്" എന്നു പറയാൻ ഓരോരോ വ്യക്തിക്കും കഴിയണം.

വാഗ്ദത്തഭൂമി കൈവശപ്പെടുത്താൻ യുദ്ധം ചെയ്യുക ആവശ്യമായിരുന്നു. ദൈവം സൗജന്യമായി നല്കുന്ന ദാനം സ്വീകരിക്കാൻ വ്യക്തിയും സമൂഹവും ഒരുങ്ങിയിരിക്കണം, അവിടുത്തെ കല്പനയനുസരിച്ചു ജീവിക്കണം. "എല്ലാവരും ബലം പ്രയോഗിച്ച് അതിൽ (ദൈവരാജ്യത്തിൽ പ്രവേശിക്കുന്നു" (ലൂക്കാ 16, 16). വാഗ്ദത്ത ഭൂമി കൈവശമാക്കൽ ഒരു വിശുദ്ധ യുദ്ധത്തിന്റെ ശൈലിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇന്നു നാം ദൈവരാജ്യം കൈവശമാക്കാൻ വേണ്ടി യുദ്ധം ചെയ്യേണ്ടത് ഏതെങ്കിലും ജനയതയ്ക്കോ മതത്തിനോ എതിരായിട്ടല്ല, ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കു വിരുദ്ധമായി നില്ക്കുന്ന ശക്തികളോടാണ് (എഫേ 6, 10-17).

**1, 9-18 നേതാക്കന്മാരുടെ നിയമനം** : ഹോറെബിൽ നിന്നു പുറപ്പെടാനുള്ള കല്പനയെക്കുറിച്ചു പ്രതിപാദിച്ചതിനുശേഷം യാത്രാവിവരണത്തിനു മുമ്പേ ജനനേതാക്കന്മാരെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ചു വിവരിക്കുന്നു. പിതാക്കന്മാർക്കു നല്കിയ വാഗ്ദാനം മുഖ്യമായും രണ്ടു ഘടകങ്ങൾ ഉൾക്കൊള്ളുന്നു. 1. സ്വന്തമായൊരു ദേശം, 2 അസംഖ്യം സന്തതികൾ. അതിൽ രണ്ടാമത്തെ ഘടകം പൂർത്തിയായി എന്ന് 1.10ൽ എടുത്തുകാട്ടുന്നു. ഈ വലിയ ജനത്തെ ഒറ്റയ്ക്കു നയിക്കുക അസാധ്യമായതിനാലാണ നേതാക്കന്മാരെ തിരഞ്ഞെടുക്കാൻ മോശ ജനത്തോട് ആവശ്യപ്പെടുന്നത്.

ഈ നേതാക്കന്മാർക്കു പ്രധാനമായി രണ്ടു ദൗത്യമുണ്ട്. 1. യുദ്ധത്തിൽ നയിക്കുക. 2. നീതി നിർവ്വഹിക്കുക. ആയിരങ്ങൾ, നൂറുകൾ, അമ്പതുകൾ, പത്തുകൾ എന്ന വിഭജനം സൈന്യത്തിലെ വിവിധ ഗണങ്ങളെ സൂചിപ്പിക്കുന്നു. വാഗ്ദത്ത ഭൂമിയ്ക്കു വേണ്ടിയുള്ള പോരാട്ടത്തിൽ ഇസ്രായേൽ സൈന്യത്തെ നയിക്കുകയാണ് അവരുടെ കർത്തവ്യം. 16-17 വാക്യങ്ങളിൽ നേതാക്കന്മാരെ ന്യായാധിപന്മാരായി ചിത്രീകരിച്ച് അവരുടെ കടമകൾ ഏവയെന്ന് എടുത്തുകാട്ടുന്നു. നീതി നിർവ്വഹണത്തിൽ നിഷ്പക്ഷത പാലിക്കണമെന്നും പ്രത്യേകം ഉദ്ബോധിപ്പിക്കുന്നുണ്ട്.

പുറ 18, 13-27ൽ അമ്മായിയപ്പനായ ജെത്രോയുടെ നിർദ്ദേശം അനുസരിച്ചാണ് മോശ ന്യായാധിപന്മാരെ നിയമിച്ചത്. സംഖ്യ 11ൽ കർത്താവിന്റെ നിർദ്ദേശം അനുസരിച്ച് ന്യായാധിപന്മാരെ തിരഞ്ഞെടുക്കുന്നു. ഇവിടെ മോശ സ്വന്തം തീരുമാനപ്രകാരമാണ് അവരെ തിരഞ്ഞെടുക്കാൻ ജനത്തോട് ആവശ്യപ്പെട്ടത്. ഒരേ സംഭവത്തിന്റെ വ്യത്യസ്ത കാഴ്ചപ്പാടുകളിലുള്ള വിവരണങ്ങളാണിത്. അനുദിന ജീവിതസാഹചര്യങ്ങൾക്കനുസൃതം ആവശ്യമായ തീരുമാനമെടുക്കാൻ മനുഷ്യന്റെ ബുദ്ധിയെയും ഇഛാശക്തിയെയും പ്രചോദിപ്പിക്കുന്ന ദൈവത്തിന്റെ പ്രവർത്തനത്തിന് നിയമാവർത്തന ഗ്രന്ഥകാരൻ ഊന്നൽ നല്കിയിരിക്കുന്നു.

**വിചിന്തനം :** അധികാരികൾ എത്രതന്നെ പ്രഗത്ഭരായിരുന്നാലും എല്ലാ കാര്യങ്ങളും തനിച്ചു നടത്താൻ ശ്രമിക്കുമ്പോൾ പരാജയം നിശ്ചയമാണ്. പൊതുജനാഭിപ്രായത്തെ മാനിക്കാനും അധികാരം പങ്കുവയ്ക്കാനും ഏത് അധികാരിക്കും കടമയു്. മാത്രമല്ല, അധികാരശ്രേണിയെ മാനിക്കുകയും ചെയ്യണം. ഓരോ തലത്തിലുള്ളവർക്കും അവരവരുടെ ഉത്തരവാദിത്വവും സ്വാതന്ത്ര്യവും ഉായിരിക്കണം. അത്യാവശ്യമില്ലാതെ കീഴ്ഘടകങ്ങളുടെ പ്രവർത്തനങ്ങളിൽ മേല്ഘടകങ്ങൾ ഇടപെടുന്നത് ദോഷഫലങ്ങൾ ഉളവാക്കും. കുടുംബത്തിലും രാഷ്ട്രത്തിലും സഭയിലും സന്യാസ സമൂഹങ്ങളിലും എല്ലാം അനുവർത്തിക്കേ ഒരു പ്രവർത്തന ശൈലിയാണ് മോശയുടെ തീരുമാനത്തിൽ നിന്നു ലഭ്യമാകുന്നത്.

**1, 19-46 കാദെശിലെ പരാജയം :** കർത്താവിന്റെ ശക്തമായ സംരക്ഷണത്തിൻ കീഴിൽ, തങ്ങൾ തന്നെ തിരഞ്ഞെടുത്ത നേതാക്കന്മാരുടെ പിന്നാലെ, ഹോറെബിൽ നിന്നു കാനാൻ ദേശം ലക്ഷ്യമാക്കി പടനീക്കം നടത്തിയ ജനം എന്തുകൊ് വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ കഴിയാതെ നാല്പതു വർഷം മരുഭൂമിയിൽ ചുറ്റിത്തിരിയേി വന്നു എന്ന് ഈ വാക്യങ്ങളിൽ വിശദീകരിക്കുന്നു. സംഖ്യ 13-14 (ബൈ. തീ.8, P43-50)ൽ ഈ സംഭവങ്ങളുടെ കൂടുതൽ വിശദമായ വിവരണം കാണാം. കർത്താവിന്റെ കല്പനയെ ധിക്കരിക്കുന്നവർ വലിയ ശിക്ഷയനുഭവിക്കേിവരും, കർത്താവിന്റെ സംരക്ഷണമില്ലെങ്കിൽ പരാജയം നിശ്ചമാണ്, കർത്താവിനോടുള്ള തെറ്റായ നിലപാട് വാഗ്ദത്തഭൂമിയിൽ പ്രവേശം നിഷേധിക്കും, എന്നിങ്ങനെയുള്ള അടിസ്ഥാന സത്യങ്ങളാണ് ഇവിടെ ചരിത്രവിസ്തുതകളുടെ വെളിച്ചത്തിൽ അവതരിപ്പിക്കുന്നത്.





കഴിഞ്ഞ കാലത്തെ അനുഭവങ്ങളെക്കുറിച്ച് മോശ നല്കിയ വിശദീകരണങ്ങളൊന്നും (1, 29-31) അവരുടെ മനസ്സുമാറ്റാൻ പര്യാപ്തമായില്ല. കർത്താവിന്റെ കരുണാർദ്രമായ സ്നേഹത്തെ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്നതാണ് ''പിതാവ് പുത്രനെ എന്ന പോലെ നിങ്ങളെ വഹിച്ചിരിക്കുന്നു'', ''നിങ്ങൾക്കു കൂടാരമടിക്കുന്നതിനു സ്ഥലം അന്വേഷിച്ചുകൊ് അവിടുന്നു നിങ്ങൾക്കു മുമ്പേ പോയിരുന്നു'' എന്നിങ്ങനെയുള്ള പ്രസ്താവനകൾ. ഇസ്രായേൽ ചരിത്രത്തിൽ അനേകം തവണ ആവർത്തിക്കപ്പെടുന്നതാണ് കർത്താവിന്റെ സ്നേഹത്തിലും പരിപാലനയിലുമുള്ള അവിശ്വാസം.

അവിശ്വസ്തരായ ജനത്തിന്റെ മേൽ അവിടുന്ന് ശിക്ഷാവിധി പ്രസ്താവിച്ചു (1, 32-40). ഒരു ശാപമായി ശിക്ഷാവിധി അവതരിപ്പിക്കുന്നതിനാൽ അതിനു മാറ്റമില്ല എന്നു വ്യക്തമാകുന്നു. അവിശ്വസ്തരായവരെ ''ദുഷിച്ച തലമുറ'' എന്നാണ് വിശേഷിപ്പിക്കുന്നത് (മത്താ: 12, 39). ചെന്നു കൈവശപ്പെടുത്താൻ വിസമ്മതിച്ച ഭൂമിയിൽ കർത്താവ് അവർക്ക് പ്രവേശനം നിഷേധിച്ചു. ശിക്ഷാവിധി കേട്ടു ഭയന്ന ജനം യുദ്ധം ചെയ്യാൻ തയ്യാറായി (1, 41-46). പക്ഷേ, അവസരം കടന്നുപോയത് അവർ മനസ്സിലാക്കിയില്ല. ''കർത്താവു നിങ്ങളോടുകൂടെ ഉായിരിക്കുകയില്ല'' എന്ന ഭീകരമായ താക്കീതു ഗൗനിക്കാതെ ഔദ്ധത്യത്തോടെ യുദ്ധത്തിനു പോയവർ തോറ്റോടി. പരാജിതരുടെ നിലവിളി കർത്താവു കേട്ടില്ല എന്നതു വലിയൊരു പാഠം തന്നെ.

**വിചിന്തനം :** ജീവിതത്തിലെ പ്രതിസന്ധികളിലാണ് വിശ്വാസത്തിന്റെ മാറ്റു തെളിയുന്നത്. മാനുഷികമായ കാഴ്ചപ്പാടിൽ മറികടക്കാൻ അസാധ്യമെന്നു തോന്നുന്ന പ്രതിസന്ധികളിലും കർത്താവിൽ വിശ്വസിച്ചു മുന്നേറുന്നവർ വിജയം വരിക്കുന്നു. മരുഭൂമിയിൽ മരണമടഞ്ഞവരുടെ അടുത്ത തലമുറയ്ക്കു കാനാൻദേശം നിഷ്പ്രയാസം കീഴടക്കാൻ കഴിഞ്ഞു. ക്ലേശങ്ങളും പ്രതിസന്ധികളും കർത്താവിലുള്ള വിശ്വാസം ഏറ്റുപറയാനായി നല്കപ്പെടുന്ന അവസരങ്ങളാ

ണ്.

ഭീരുത്വവും ഔദ്ധത്യവും ഒരുപോലെ കുറ്റകരമത്രെ. കർത്താവു നല്കുന്ന അവസരം പാഴാക്കിക്കളഞ്ഞാൽ പിന്നീടു ലഭിച്ചെന്നു വരില്ല. ഏതു പ്രവൃത്തിയും തുടങ്ങുന്നതിനു മുമ്പേ അതു കർത്താവിനു ഹിതകരമാണോ എന്ന് ആരായാൻ ഓരോരുത്തർക്കും കടമയു്. വ്യക്തമാക്കപ്പെട്ട തിരുഹിതത്തിനു വിരുദ്ധമായ സംരംഭങ്ങളിൽ തലയിട്ടതിനുശേഷം പരാജയപ്പെടുമ്പോൾ വിലപിച്ചിട്ടു കാര്യമില്ല. വ്യക്തികളുടെയും സമൂഹങ്ങളുടെയും പല പ്രസ്ഥാനങ്ങളും ഈ കാഴ്ചപ്പാടിൽ വെളിച്ചത്തിൽ വിലയിരുത്തേതു്.

## a. കടന്നുപോകൽ 2, 1-23

കർത്താവിനോടു മറുതലിച്ചഒരു തലമുറ മുഴുവൻ മരിച്ചു തീരുന്നതുവരെ ഇസ്രായേൽ ജനം മരുഭൂമിയിലൂടെ അലഞ്ഞതിന്റെ ചരിത്രം ചുരുക്കമായി ഇവിടെ പ്രതിപാദിക്കുന്നു. സംഖ്യ 15-20 അദ്ധ്യയങ്ങളിൽ ഈ കാലഘട്ടത്തിന്റെ ചരിത്രം വിശദമായി അവതരിപ്പിച്ചിട്ടു്. ഇരുപതും അതിനു മേലും വയസ് പ്രായമുള്ള പുരുഷന്മാരാണ് യുദ്ധം ചെയ്യാൻ വിസമ്മതിച്ചു കുറ്റക്കാരായിത്തീർന്നത്. അവരിൽ മോശ, ജോഷ്വാ, കാലെബ്, എന്നിവരൊഴികെ ബാക്കിയെല്ലാവരും 38 വർഷം കൊു മരിച്ചു മണ്ണടിഞ്ഞു (2, 14).

അവിശ്വസ്തതയ്ക്കു ശിക്ഷയായി കർത്താവു നിശ്ചയിച്ച അലച്ചിലിന്റെ കാലം പൂർത്തിയായപ്പോൾ (2, -3) അവർ വീും വാഗ്ദത്തഭൂമി ലക്ഷ്യം വച്ചു യാത്ര തുടങ്ങി. തങ്ങൾക്ക് അവകാശമായി നല്കപ്പെട്ട പ്രദേശത്ത് എത്തുന്നതിന് ഏദോമ്യർ, മൊവാബ്യർ, അമോര്യർ എന്നീ ജനതകളുടെ നാട്ടിലൂടെ കടന്നുപോകേിയിരുന്നു. അവരുമായി യുദ്ധം ചെയ്യാനോ ഏതെങ്കിലും തരത്തിൽ അവരെ പ്രകോപിപ്പിക്കാനോ ഇസ്രായേല്യർക്ക് അനുവാദമില്ല. രു കാരണങ്ങളാണ് ഇതിനു നല്കിയിരിക്കുന്നത്. 1. അവർ ഇസ്രായേല്യരുടെ സഹോദരങ്ങളാണ്. 2. കർത്താവ് അവർക്ക് അവകാശമായി നല്കിയിരിക്കുന്ന ഭൂമിയിലാണ് അവർ വസിക്കുന്നത്.

യാക്കോബിന്റെ സഹോദരൻ ഏസാവിന്റെ സന്തതികളാണ് ഏദോമ്യർ. അവരുടെ ദേശത്തെ സെയിർ എന്നും ഏദോം എന്നും





വിളിക്കുന്നു. അബ്രാഹത്തിന്റെ സഹോദരപുത്രനായ ലോത്തിന്റെ സന്തതികളാണ് മൊവാബ്യരും അമ്മോന്യരും (ഉൽപ. 19, 30-36). അവജ്ഞയോടെയാണ് ഇസ്രായേൽക്കാർ അവരെ വീക്ഷിച്ചിരുന്നതെങ്കിലും കർത്താവ് അവർക്കും ഭൂമിയും സംരക്ഷണവും നല്കുന്നു.

ഏദോമ്യരുടെ നാട്ടിലൂടെ കടന്നുപോകുമ്പോൾ ആവശ്യമായതെല്ലാം വില കൊടുത്തു വാങ്ങണം എന്ന നിർദ്ദേശം (2, 6) ഇസ്രായേൽക്കാരും ഏദോമ്യരും തമ്മിൽ നിലനില്ക്കേ സൗഹൃദത്തെയും സമാധാനത്തെയും സൂചിപ്പിക്കുന്നു. മറ്റു രു ജനതകളെ സംബന്ധിച്ചും ഇതേ നിലപാട് ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ സംഖ്യാപുസ്തകത്തിലെ വിവരണത്തിൽ ഇതിൽ നിന്ന് വ്യത്യസ്തമായൊരു ചിത്രമാണ് ലഭിക്കുക. ഏദോമ്യർ വഴി തടയുക മാത്രമല്ല യുദ്ധത്തിനു വരുകയും ചെയ്തു (സംഖ്യ 20, 21). അയൽ ജനതകളുമായി എന്നും പടവെട്ടി കഴിയേി വന്ന ഇസ്രായേലിന്റെ ചരിത്രത്തിന്റെ പ്രതിഫലനം സംഖ്യാപുസ്തകത്തിലെ വിവരണത്തിൽ കാണാം. എല്ലാവരോടും സൗമ്യതയിലുംസൗഹൃദത്തിലും കഴിയണം എന്ന ആദർശമാണ് നിയമാവർത്തന പുസ്തകത്തിലെ വിവരണത്തിലുള്ളത്. മരുഭൂമിയിലൂടെ അലഞ്ഞു നടന്ന കാലം മുഴുവൻ ദൈവികപരിപാലനയുടെ കാലഘട്ടമായിരുന്നു എന്ന് 2, 7ൽ തുടർന്നു വിവരിക്കുന്നു (8, 4:29,5).

ചാവുകടലിന്റെ ചുറ്റുമായി വാസമുറപ്പിച്ചിരുന്ന പുരാതന ജനതകളെക്കുറിച്ച് ചില വിവരങ്ങൾ 2, 10-12, 20-23 വാക്യങ്ങളിൽ നല്കിയിരിക്കുന്നു. അനാക്കിമിനെ കുറിച്ച് സംഖ്യ 13, 23ൽ നാം കു കഴിഞ്ഞു. (തീർത്ഥാടനം 8, പേജ് 44-46). ഏമ്യർ, റഫായിം, അനാക്കിം, സാസുമ്മി എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്നത് അതികായന്മാരും ധീരയോദ്ധാക്കളുമായ ഏതോ പുരാതന ജനതയായിരുന്നു. പശ്ചിമേഷ്യുടെ പല ഭാഗത്തും വാസമുറപ്പിച്ചിരുന്ന ഹൂര്യർ (HUrrians) ആണ് ഹോര്യർ എന്നു കരുതപ്പെടുന്നു. എത്ര ശക്തരും അതികായന്മാരുമാണെങ്കിലും അവരെല്ലാം ചരിത്രനിയന്താവായ കർത്താവിന്റെ അധീനതയിലാണെന്നും അവിടുന്നാണ് ഓരോ ജനതയ്ക്കും ദേശം വിഭജിച്ചു കൊടുക്കുന്നതെന്നും ഈ ചരിത്രസൂജനകളിലൂടെ പഠിപ്പിക്കുന്നു.

**വിചിന്തനം** : സഹോദരനാൽ വഞ്ചിതനായി അനുഗ്രഹം നഷ്ടപ്പെട്ട ഏസാവിന്റെയും മ്ലേച്ഛതയിൽ മുഴുകിയ ലോത്തിന്റെയും മക്കൾ സ്വന്തമായ ഭൂമിയിൽ വസിച്ചപ്പോൾ അബ്രാഹത്തിന്റെയും യാക്കോബിന്റെയും സന്തതികളായ ഇസ്രായേൽക്കാർ വാഗ്ദത്തഭൂമിയെ ലക്ഷ്യം വച്ച് മരുഭൂമിയിൽ അലയുകയായിരുന്നു. വഞ്ചനയിലൂടെ നേടുന്ന അനുഗ്രഹം ശാശ്വതമായ അനുഗ്രഹമായിരിക്കുകയില്ല. ആരും ആരെയും ഉത്ഭവത്തിന്റെയും പൂർവ്വികരുടെയും പേരിൽ അപഹസിക്കുന്നതു ശരിയല്ല. കർത്താവ് എല്ലാവരുടെയും ദൈവമാണ്, ഓരോരുത്തർക്കും ആവശ്യമായതു നൽകി സംരക്ഷിക്കുന്നു. പ്രത്യേകമായ തിരഞ്ഞെടുപ്പിന്റെ പേരിൽ അഹങ്കരിക്കാനോ അവകാശവാദം മുഴക്കാനോ ആർക്കും അർഹതയില്ല.

## C. വിജയത്തിന്റെ തുടക്കം 2, 24-3, 22

വാഗ്ദത്തഭൂമി പടവെട്ടിപ്പിടിക്കാൻ തുടങ്ങുന്നതിന്റെ ചരിത്രമാണ് തുടർന്നു വിവരിക്കുന്നത്. ജോർദ്ദാൻ നദിയുടെ കിഴക്കുഭാഗത്ത്, അമോര്യരാജാക്കന്മാരായ സിഹോന്റെയും ഓഗിന്റെയും രാജ്യങ്ങൾ ഇസ്രായേൽക്കാർക്കു കർത്താവു നൽകിയ ഭൂമിയുടെ ഭാഗമാണ്. ഈ രു രാജാക്കന്മാരുമായി നടത്തിയ യുദ്ധങ്ങൾ സംഖ്യ 21, 21-35ലും അവരിൽ നിന്നു പിടിച്ചടക്കിയ ഭൂമി റൂബെൻ-ഗാദ് ഗോത്രങ്ങൾക്കും മനാസ്സെയുടെ അർദ്ധഗോത്രത്തിനുമായി വിഭജിച്ചു കൊടുക്കുന്നത് സംഖ്യ 32ലും വിവരിച്ചിട്ടു് (തീ. 8, പേജ് 67-69; 90-91)

**2, 24-25 യുദ്ധം തുടങ്ങാൻ കല്പന** : ഇസ്രായേലിന്റെ സൈന്യാധിപനായി യാഹ്വേ ഇവിടെ പ്രത്യക്ഷപ്പെടുന്നു. പടപുറപ്പാടിനുള്ള കൽപ്പന അവിടുന്നാണ് നൽകുന്നത്. ഇസ്രായേൽക്കാർക്ക് ഏൽപ്പിച്ചുകൊടുത്തിരിക്കുന്ന രാജ്യം അവർ യുദ്ധം ചെയ്തു കീഴടക്കിയാൽ മതി. "ആകാശത്തിൻ കീഴുള്ള സകല ജനതകളും" എന്ന പ്രയോഗം ചുറ്റുപാടുമുള്ള ജനതകളെന്നേ അർത്ഥമാക്കുന്നുള്ളു (നിയ 28, 10). ജനതകളിൽ കർത്താവ് ഭയം ജനിപ്പിക്കുന്നതിനാൽ ഇസ്രായേൽക്കാർക്ക് യുദ്ധം എളുപ്പവും വിജയം സുനിശ്ചിതവുമായിരിക്കും.

**2, 26-37 സീഹോന്റെ മേൽ വിജയം** : യുദ്ധത്തിനു പുറപ്പെടാൻ കൽപ്പന ലഭിച്ചിട്ടും സമാധാന സന്ദേശവുമായാണ് മോശ ദൂതന്മാരെ അയയ്ക്കുന്നത്. ഈജിപ്തിൽ നിന്നുള്ള മോചനത്തിൽ ഫറവോയുടെ നിലപാടും ഇവിടെ ചിത്രീകരിക്കുന്ന സീഹോൻ രാജാവിന്റെ നിലപാടും തമ്മിൽ സാമ്യമു്. ഇരുവരും കർത്താവിന്റെ ദൂതന്മാർ വഴി ലഭിച്ച കൽപന നിരസിച്ചു. ദൈവഹിതത്തിനെതിരായ ഓരോ തീരുമാനവും ഇരുവരുടെയും ഹൃദയത്തെ കൂടുതൽ കൂടുതൽ കഠിനമാക്കി. മനുഷ്യന്റെ സ്വതന്ത്രമായ തീരുമാനം ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിലേക്കു നയിക്കുന്നു എന്ന പാഠമാണ് ഇതിൽ നിന്നു ലഭിക്കുന്നത്.

തന്റെ രാജ്യത്തിലൂടെ കടന്നുപോകാൻ മാത്രം അനുവാദം ചോദിച്ച ഇസ്രായേല്യർക്കെതിരേ സീഹോൻ യുദ്ധത്തിനു വന്നു. അത് ഇസ്രായേൽക്കാരുടെ ആദ്യവിജയത്തിൽ കലാശിച്ചു. "കർത്താവ് ഏൽപിച്ചു തന്നു" എന്ന് അഞ്ചു തവണ (2, 24. 30, 31. 33. 36) ആവർത്തിക്കുന്നതിലൂടെ ഇസ്രായേലിന്റെ വിജയം ദൈവത്തിന്റെ ദാനമാണെന്ന് ഊന്നിപ്പറയുന്നു. പുരാതന കാലത്ത് മധ്യപൗരസ്ത്യ ദേശത്തു നിലനിന്നിരുന്ന വിശുദ്ധയുദ്ധത്തിന്റെ നിയമപ്രകാരമാണ് കീഴടക്കിയ ജനതയെ ഒന്നൊഴിയാതെ കൊന്നൊടുക്കിയത്. ഇത് പ്രതികാരബുദ്ധിയുടെയോ രക്തദാഹത്തിന്റെയോ പ്രകടനമല്ല, കർത്താവിനർപ്പിക്കുന്ന ബലിയാണ് എന്ന് കരുതിയിരുന്നു. ഇന്നു തികച്ചും കിരാതമായി തോന്നാവുന്ന ഈ പ്രവർത്തന ശൈലി അന്നത്തെ മനുഷ്യന്റെ വിശ്വാസവും കാഴ്ചപ്പാടും അനുസരിച്ചുവേണം വിലയിരുത്താൻ. കാലക്രമത്തിൽ ഈ കാഴ്ചപ്പാടുകൾക്കു മാറ്റം വരുന്നതുകാണാം. സാർവ്വലൗകിക സാഹോദര്യത്തെയും ശത്രുസ്നേഹത്തെയും സംബന്ധിച്ച പാഠങ്ങൾ സാവധാനമാണ് നല്കപ്പെട്ടത്.

**3, 1-11 ഓഗിന്റെ മേൽ വിജയം** : ഇവിടെയും ഇസ്രായേൽക്കാരല്ല യുദ്ധം തുടങ്ങുന്നത്. തങ്ങളെ ആക്രമിക്കാൻ വന്നവരെ എതിർത്തു തോല്പിച്ച് അവരുടെ രാജ്യം കീഴടക്കുകയാണ് അവർ ചെയ്തത്. അതികായന്മാരെ പരാജയപ്പെടുത്തി, ഉയർന്ന കോട്ടകളാൽ സുരക്ഷിതമാക്കപ്പെട്ടിരുന്ന പട്ടണങ്ങൾ നിഷ്പ്രയാസം പിടിച്ചടക്കാൻ ഇസ്രായേൽക്കാർക്കു കഴിഞ്ഞു. കാരണം കർത്താവ് അവരുടെ പക്ഷത്തുായിരുന്നു. ഓഗിന്റെ കട്ടിലിനെ കുറിച്ചുള്ള ഐതിഹ്യം (3, 11) ഈ സത്യത്തിലേക്കാണ് വിരൽ ചൂുന്നത്.

**3, 12-22 ജോർദ്ദാനു കിഴക്ക് അവകാശം** : അർണോൺ നദി മുതൽ ഹെർമോൺ മല വരെയുള്ള വിശാലമായ ബൂപ്രദേശം റൂബെൻ, ഗാദ് എന്നീ ഗോത്രങ്ങൾക്കും മനസ്സെയുടെ ഗോത്രത്തിലെ യായീർ, മാക്കീർ എന്നീ രു കുലങ്ങൾക്കുമായി വീതിച്ചുകൊടുത്തു. നിഷ്കൃഷ്ടമായ അർത്ഥത്തിൽ ഈ പ്രദേശം വാഗ്ദത്തഭൂമിക്കു പുറത്തായിരുന്നു. വളരെ ചുരുങ്ങിയ കാലത്തേക്കു മാത്രമേ ഇസ്രായേൽക്കാർക്ക് ഇതു കൈവശം വയ്ക്കാൻ സാധിച്ചുള്ളൂ. ജോർദ്ദാനു കിഴക്ക് അവകാശം കിട്ടിയവർ മറ്റു ഗോത്രങ്ങളുടെ അവകാശഭൂമി പിടിച്ചടക്കാൻ സഹായിക്കണമെന്ന് 3, 18-22ൽ നിർദ്ദേശിച്ചിരിക്കുന്നു.

**വിചിന്തനം** : "നിങ്ങളുടെ ദൈവമായ കർത്താവായിരിക്കും നിങ്ങൾക്കു വേി യുദ്ധം ചെയ്യുന്നത്" (3, 22) എന്ന വാഗ്ദാനം എക്കാലത്തും പ്രത്യാശയുടെ ഉറവിടമാണ്. ജീവിതായോധനത്തിൽ, ദൈവരാജ്യത്തിനുവേിയുള്ള യത്നങ്ങളിൽ കർത്താവു കൂടെയുായിരിക്കും. ധാർമ്മികമൂല്യങ്ങളുടെ തകർച്ചയക്കു മുമ്പിൽ നിസ്സഹായരായി നിന്നു വിലപിക്കുകയില്ല, കർത്താവു കൂടെയു് എന്ന ബോധ്യത്തോടെ മൂല്യങ്ങളുടെ പുനഃസ്ഥാപനത്തിനുവേി ധർമ്മയുദ്ധത്തിന് ഇറങ്ങിത്തിരിക്കുകയാണ് വേത് എന്ന് ഈ വാഗ്ദാനം അനുസ്മരിപ്പിക്കുന്നു.

## d. മോശയുടെ യാചനയും ദൈവത്തിന്റെ മറുപടിയും 3, 23-29

ജോർദ്ദാനു കിഴക്കു നേടിയ വിജയങ്ങൾ ദൈവം നല്കിയ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നതിന്റെ തുടക്കമായിരുന്നു. അവിടുത്തെ ശക്തമായ പ്രവർത്തനങ്ങൾ ക മോശ വാഗ്ദത്ത ഭൂമിയിലേക്കുള്ള തീർത്ഥാടനത്തിന്റെ അവസാനം കാണാൻ ആഗ്രഹിച്ചു. ദൈവം തന്റെ ജനത്തിനവു നല്കാൻ പോകുന്ന വിശിഷ്ടമായ ഭൂമിയിൽ പ്രവേശിക്കാൻ അനുവാദത്തിനുവേി തീക്ഷ്ണമായി പ്രാർത്ഥിച്ചു. "എന്റെ നാഥനായ യാഹ്‌വേ" എന്നാണ് "ദൈവമായ കർത്താവേ" എന്നു വിവർത്തനം ചെയ്തിരിക്കുന്ന ഹീബ്രുവാക്കുകളുടെ അർത്ഥം. ദൈവവും മനുഷ്യനും തമ്മിലുള്ള ഗാഢമായ സ്നേഹബന്ധം ഈ അഭിസംബോധനയിൽ പ്രകടമാകുന്നു. "അബ്ബാ" എന്ന യേശുവിന്റെ വിളിയിൽ മാത്രമാണ് ഇത് കൂടുതൽ പൂർണ്ണമാ





കുന്നത്. ദൈവത്തിന്റെ അതുല്ല്യമായ ശക്തിയെയും കരുണാർദ്രമായ സ്നേഹത്തെയും പുകഴ്ത്തിക്കൊ് മോശ നടത്തിയ തീവ്രമായ പ്രാർത്ഥന അതേപടി സ്വീകരിക്കപ്പെട്ടില്ല.

എന്തുകൊ് മോശയ്ക്ക് വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല എന്ന് ഇവിടെ വ്യമാക്കുന്നു. താൻ നയിച്ച ജനത്തിന്റെ പാപത്തിന് കൂട്ടുത്തരവാദിയായതാണ് കാരണം. മാറ്റമില്ലാത്ത ദൈവനിശ്ചയമായിരുന്നു വാഗ്ദത്തഭൂമിക്കു പുറത്തുവച്ച് മോശ മരിക്കണം എന്നത്. ഗദ്സെമെനിലെ യേശുവിന്റെ പ്രാർത്ഥനയോട് (ലൂക്കാ 22, 24) ഇതിന് സാമ്യമു്. യേശുവിന്റെ പ്രാർത്ഥനയും അതേപടി സ്വീകരിക്കപ്പെട്ടില്ലല്ലോ (ഹെബ്രാ 5, 7-8).

വാഗ്ദത്തഭൂമി അകലെ നിന്ന് നോക്കിക്ക് തൃപ്തിയടയാൻ മോശയ്ക്ക് അനുവാദം ലഭിച്ചു; അങ്ങോട്ട് ജനതയെ നയിക്കാൻ തന്റെ അനുഗാമിയായി ജോഷ്വായെ നിയോഗിക്കാൻ നിർദ്ദേശവും. മോശയുടെ മരണത്തെക്കുറിച്ചുള്ള മുന്നറിയിപ്പാണ് 3, 27-28ലുള്ളത്. മരണത്തെക്കുറിച്ചുള്ള വിവരണം 34, 1-5ൽ കാണാം.

**വിചിന്തനം** : പ്രാർത്ഥനയുടെ ഉത്തമമായൊരു മാതൃക മോശയുടെ യാചനയിൽ കാണാം. കർത്താവിലുള്ള ദൃഢമായ വിശ്വാസവും അവിടത്തോടുള്ള അഗാധമായ സ്നേഹവും ഇവിടെ തെളിയുന്നു. എന്റെ നാഥനായ യാഹ്‌വേ എന്ന വിളിയിൽ കർത്താവാണ് തന്റെ സർവ്വസ്വവും എന്നും അവിടുന്ന് ശക്തനാണെന്നും ഏറ്റുപറയുന്നു. തന്റെ ആഗ്രഹം യാതൊരു മടിയും മറയും കൂടാതെ തിരുമുമ്പിൽ ഉണർത്തിക്കുകയും തിരുഹിതത്തിനു വഴങ്ങാൻ തയ്യാറായിരിക്കുകയും ചെയ്യുന്നതാണ് യാചനാ പ്രാർത്ഥന. ചോദിക്കുന്ന കാര്യങ്ങളെല്ലാം അതേപടി ലഭിക്കണമെന്നില്ല. എന്തുകിട്ടിയാലും അതു യാചകന്റെ നന്മയ്ക്കു വേിയാണെന്നുള്ള വിശ്വാസത്തോടെ സ്വീകരിക്കണം. 'ഞാൻ നയിക്കുന്ന ജനത്തെ ഞാൻ തന്നെ ലക്ഷ്യത്തിലെത്തിക്കണം' എന്ന് ഒരു നേതാവും ശഠിക്കേതില്ല. കർത്താവു നിശ്ചയിക്കുന്ന അനുഗാമിയെ ഉത്തരവാദിത്വം ഏല്പിച്ച് വഴിമാറാൻ നേതാവു തയ്യാറായിരിക്കണം, മോശ ജോഷ്വായ്ക്കും, സ്നേപകൻ യേശുവിനും വഴിമാറിയതുപോലെ. ജനം ദൈവത്തിന്റേതാണ്. അവർക്കു രക്ഷ നല്കുന്നതു ദൈവമാണ്. തങ്ങളെ ഏല്പിച്ചിരി

ക്കുന്ന ദൗത്യം വിശ്വസ്തതയോടെ നിറവേറ്റുക മാത്രമേ നേതാക്കന്മാർ ചെയ്യേതുള്ളൂ. (ലൂക്കാ 17, 10).

### 3. വിശ്വസ്തത പാലിക്കാൻ ആഹ്വാനം 4, 1-43

കർത്താവ് തങ്ങൾക്കുവേി ചെയ്ത വലിയ കാര്യങ്ങൾ ചുരുക്കമായി പ്രതിപാദിച്ചതിനുശേഷം ഉടമ്പടിയിലൂടെ വെളിപ്പെടുത്തപ്പെട്ട തിരുഹിതം പൂർണ്ണമായി അനുസരിക്കാൻ മോശ ജനത്തെ ഉദ്ബോധിപ്പിക്കുന്നു. ആദ്യ പ്രഭാഷണത്തിന്റെ ഉപസംഹാരമായി കരുതാവുന്ന ഈ അദ്ധ്യായത്തിൽ നിയമാവർത്തന പുസ്തകത്തിലെ പ്രധാന ആശയങ്ങളുടെ രത്നച്ചുരുക്കം കാണാം. അവിശ്വസ്തതയ്ക്കു ശിക്ഷയായി പ്രവാസവും മാനസാന്തരത്തിനു സമ്മാനമായി മടങ്ങിവരവും അവതരിപ്പിക്കുന്നതിനാൽ (4, 26-30) ഈ അദ്ധ്യാം പ്രവാസകാലത്തു രചിക്കപ്പെട്ടതായി കരുതുന്നവരു്. എന്നാൽ പ്രവാസികൾക്കുമാത്രമല്ല, ഏതു കാലത്തു ജീവിക്കുന്നവർക്കും പ്രസക്തമായ പഠനങ്ങളാണ് ഇവിടെ നല്കിയിരിക്കുന്നത്.

#### a. കേൾക്കുക, അനുസ്മരിക്കുക, അനുസരിക്കുക 4, 1-14.

"ആകയാൽ ഇപ്പോൾ ഇസ്രായേലേ കേൾക്കുക" എന്ന മുഖവുരയോടെയാണ് ഉപസംഹാരം ആരംഭിക്കുന്നത്. പി.ഒ.സി. വിവർത്തനത്തിൽ കേൾക്കുക എന്ന അർത്ഥമുള്ള "ഷ്മാ" എന്ന ഹീബ്രു വാക്ക് "അനുസരിക്കുക" എന്നാണ് വിവർത്തനം ചെയ്തിരിക്കുന്നത്. "ആകയാൽ" എന്നത് വിട്ടുകളയുകയും ചെയ്തിരിക്കുന്നു. ദൈവം അദൃശ്യനാണെന്നും തന്റെ കല്പനകളിലൂടെ വെളിപ്പെടുത്തപ്പെട്ട തിരുഹിതം അനുസരിച്ചാൽ മാത്രമേ അവിടുത്തെ അറിയാൻ കഴിയൂ എന്നും "കേൾക്കുക" എന്ന പദം സൂചിപ്പിക്കുന്നു. ഹോറെബിലെ അനുഭവത്തെക്കുറിച്ചുള്ള വിവരണത്തിൽ (4, 10-13) ഇതു കൂടുതൽ വ്യക്തമാക്കുന്നു്. "ഇസ്രായേലേ, കേൾക്കുക" എന്ന മുഖവുരയോടെയാണ് ഏറ്റം പ്രധാനപ്പെട്ട കല്പന (6, 4-5) അവതരിപ്പിക്കുന്നത്. ഇസ്രായേൽക്കാർ ദിനംതോറും പലതവണ ഉരുവിടുന്ന പ്രാർത്ഥനയും വിശ്വാസപ്രമാണവുമാണിത്. "ആകയാൽ ഇപ്പോൾ" എന്ന മുഖവുര തുടർന്നു പറയാൻ പോകുന്ന കാര്യങ്ങളഎ ഇതുവരെ പറഞ്ഞവയുമായി ബന്ധിപ്പിക്കുന്നു. തങ്ങൾക്കുവേി ദൈവം ചെയ്ത





വലിയ കാര്യങ്ങളുടെ പശ്ചാത്തലത്തിലാണ് അനുസരണം ആവശ്യപ്പെടുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു.

പ്രമാണങ്ങൾ അനുസരിക്കേതിന് അഞ്ചു കാരണങ്ങൾ 4, 1-8ൽ എടുത്തുകാട്ടുന്നു്. 1. അവ കർത്താവു നല്കിയ പ്രമാണങ്ങളാണ്. മോശയാണ് പഠിപ്പിക്കുന്നതെങ്കിലും സ്വന്തം ഹിതമല്ല, കർത്താവായ ദൈവത്തിന്റെ ഹിതമാണ് പ്രമാണങ്ങൾ. കർത്താവ് ആരെന്നും തങ്ങൾക്കുവേി എന്തു ചെയ്തെന്നും കറിഞ്ഞ അവർ അവിടുത്തെ തിരുഹിതം അനുസരിച്ചു ജീവിക്കാൻ കടപ്പെട്ടിരിക്കുന്നു. 2. പ്രമാണങ്ങൾ ജീവദായകമാണ്. കർത്താവിന്റ പ്രമാണങ്ങൾ അനുസരിച്ച് അവിടുത്തോടു ചേർന്നു നിന്നതുകൊാണ് ജനം ഇന്നും ജീവിക്കുന്നത്. അനുസരിക്കാത്തവർ മരുഭൂമിയിൽവച്ചു മരണമടഞ്ഞു. അനുസരണക്കേട് മരണവും നാശവുമാണ് വരുത്തിവയ്ക്കുക. 3. വാഗ്ദത്തഭൂമി അവകാശമായി അനുഭവിക്കാൻ അനുസരണം ആവശ്യമാണ്. ദൈവം സൗജന്യമായി നല്കുന്ന ദാനമാണ് ഭൂമി. അവിടുത്തെ ഹിതം അനുസരിക്കുന്നിടത്തോളം കാലം മാത്രമേ അവർക്ക് അവിടെ വസിക്കാൻ കഴിയൂ. വാഗ്ദത്തഭൂമിയിൽനിന്ന് അകലെപ്രവാസികളായി കഴിയുകയായിരിക്കും അനുസരണക്കേടിനുള്ള ശിക്ഷ. 4. അനുസരണം ജ്ഞാനവും വിവേകവും നല്കി ഇതരജനതകളുടെ മുമ്പിൽ അവരെ മഹത്വമുള്ളവരാക്കും. ദൈവത്തെ അടുത്തറിയുകയും അവിടുത്തെ ഹിതമനുസരിച്ചു ജീവിക്കുകയും ചെയ്യുന്നു എന്നതാണ് ഇസ്രയേൽ ജനത്തെ മറ്റു ജനതകളിൽനിന്നും വ്യത്യസ്തരാക്കുന്നത്. 5. കർത്താവു നല്കുന്ന പ്രമാണങ്ങൾ നീതിയുക്തമാണ്. അത് ജനത്തെ ദൈവത്തിന് സ്വീകാര്യരാക്കും. സാമൂഹ്യബന്ധങ്ങളിൽ നീതി നിലനിർത്താൻ സഹായിക്കുകയും ചെയ്യും.

ജീവിതത്തിനു മാർഗ്ഗദർശിയായി വെളിപ്പെടുത്തപ്പെട്ട തിരുഹൃദയത്തെ കല്പനകൾ, പ്രമാണങ്ങൾ, ചട്ടങ്ങൾ, നിയമങ്ങൾ എന്നിങ്ങനെ പല വാക്കുകളിലൂടെ ്വതരിപ്പിക്കുന്നു്. എല്ലാറ്റിന്റെയും പൊതുവായ അർത്ഥം ഒന്നുതന്നെയാണെങ്കിലും ഹീബ്രുമൂലത്തിൽ ഓരോന്നിനും പ്രത്യേക ഊന്നലുകളു്. വിവർത്തനത്തിൽ ഒരേ ഹീബ്രുപദത്തിന് എപ്പോഴും ഒരേ മലയാളപദമല്ല ഉപയോഗിച്ചിരിക്കുന്നത്. എങ്കിലും നാലു പ്രധാന പദങ്ങൾ അറിഞ്ഞിരിക്കുന്നത് ഉപകാ

രപ്രദമാണ്.

1. ഹുക്കിം, കല്ലിലോ, തടിയിലോ കൊത്തിവയ്ക്കുക എന്ന് അർത്ഥമുള്ള ക്രിയാധാതുവിൽ നിന്നാണ് ഈ പദത്തിന്റെ ഉത്ഭവം. രാജാക്കന്മാരുടെ കല്പനകൾ ഏവർക്കും കാണത്തക്കവിധത്തിൽ പൊതുസ്ഥലങ്ങളിൽ കൊത്തിവച്ചിരുന്നു. ''ചട്ടങ്ങൾ'' എന്നാണ് ഈ പദം വിവർത്തനം ചെയ്തിരിക്കുന്നതെങ്കിലും ''ശാസനങ്ങൾ'' എന്ന പദം അർത്ഥം കൂടുതൽ വ്യക്തമാക്കാൻ സഹായിക്കും. കർത്താവിന്റെ കല്പനകൾക്കു മാറ്റമില്ല എന്ന് ഈ പദം സൂചിപ്പിക്കുന്നു.

2. മിഷ്പാത്തിം. നീതിനിർവ്വഹണത്തിനായി കോടതിയിൽ പ്രസ്താവിക്കുന്ന ന്യായവിധികളെയാണ് ഈ പദം സൂചിപ്പിക്കുന്നത്. ന്യായാധിപനായ കർത്താവ് പ്രസ്താവിച്ചിരിക്കുന്ന വിധി വാചകങ്ങളാണ് അവിടുത്തെ കല്പനകൾ. അവയുടെ വെളിച്ചത്തിലായിരിക്കണം തീരുമാനങ്ങൾ എടുക്കുന്നത്. അനുദിനജീവിതത്തിന് മാർഗ്ഗദരിശിയാണ് കർത്താവിന്റെ കല്പനകൾ.

3. മിസ്വോത്ത്. കല്പിക്കുക എന്ന ക്രിയാധാതുവിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. എന്തു ചെയ്യണം, എന്തു ചെയ്യരുത് എന്ന് അധികാരമുള്ളയാൾ നല്കുന്ന കല്പനയെ സൂചിപ്പിക്കുന്ന പദമാണിത്. ദൈവത്തിന്റെ പരമാധികാരത്തിലേക്കും അനുസരിക്കാനുള്ള ജനത്തിന്റെ കടമയിലേക്കും ഈ പദം ശ്രദ്ധ ക്ഷണിക്കുന്നു.

4. ഏദോത്ത് : സാക്ഷ്യം എന്നാണ് ഈ പദത്തിന്റെ അർത്ഥം. കല്പന, പ്രമാണം എന്നും ഇതു വിവർത്തനം ചെയ്യാറുണ്ട്. പത്തു പ്രമാണങ്ങളെയാണ് ഈ പദം മുഖ്യമായും അർത്ഥമാക്കുന്നത്. താൻ ഇസ്രായേൽ ജനവുമായി ഉടമ്പടി ചെയ്തിരിക്കുന്നു എന്നതിന്റെ ദൃശ്യമായ സാക്ഷ്യം അഥവാ തെളിവാണ് കല്പനകകളിൽ ദൈവം തന്നെ എഴുതിയ പത്തു പ്രമാണങ്ങൾ. ഇവയ്ക്കു പുറമേ ദൈവിക വെളിപാടിനെ മുഴുവൻ സൂചിപ്പിക്കുന്ന ''തോറാ'' എന്ന പദവും നിയമം എന്നു വിവർത്തനം ചെയ്യാറുണ്ട്.

അനുസരണത്തിന്റെ വിവിധ വശങ്ങൾ സൂചിപ്പിക്കുന്നതാണ് കേൾക്കുക, അനുഷ്ഠിക്കുക, പ്രവർത്തിക്കുക, കർത്താവിനോടു ചേർന്നു നില്ക്കുക എന്നീ പദങ്ങൾ. കർത്താവിന്റെ കല്പനകൾ





കേട്ട്, അവിടുത്തെ തിരുഹിതം അറിഞ്ഞ്, അതനുസരിച്ചു പ്രവർത്തിച്ചുകൊ് അവിടുത്തോട് ചേർന്നു നില്ക്കണം. സ്നേഹത്തിൽ നിന്നുരുത്തിരിയുന്ന വിധേയത്വമാണ് ഇവയിലൂടെ ആവശ്യപ്പെടുന്നത്.

ഒന്നും കൂട്ടിച്ചേർക്കുകയോ എടുത്തുകളയുകയോ അരുത് (4,2) എന്ന കല്പന ഉടമ്പടിയുടെ ഭാഗമാണ്. ഇരുകൂട്ടരും അംഗീകരിച്ച നിബന്ധനകളിൽ ഏകപക്ഷീയമായി മാറ്റം വരുത്തരുത് എന്ന് ഇത് അനുശാസിക്കുന്നു. മോശയ്ക്കുശേഷം ഇസ്രായേലിൽ നല്കപ്പെട്ട നിയമങ്ങളെല്ലാം ഈ ആദ്യ നിയമസംഹിതയുടെ വിശദീകരണവും കാലാനുസൃതമായ വ്യാഖ്യാനവും മാത്രമായി പരിഗണിക്കണം. ''നിയമത്തിൽ നിന്നു വള്ളിയോ പുള്ളിയോ മാറുകയില്ല'' (മത്താ 5, 18) എന്ന് യേശു പ്രഖ്യാപിച്ചപ്പോൾ ഈ സത്യം എടുത്തുപറയുകയായിരുന്നു.

ഉടമ്പടി ലംഘിക്കുന്നവർക്കുള്ള ശിക്ഷയിലേക്കാണ് ''ബാൽപെയോർ'' സംഭവം (4, 3) ശ്രദ്ധ ക്ഷണിക്കുന്നത് (സംഖ്യ 25, 1–5). കാനാൻകാരികളാൽ വശീകരിക്കപ്പെട്ട് വിഗ്രഹാരാധനയിൽ മുഴുകിയവർ കൊല്ലപ്പെട്ടു. കാനാനിൽ പ്രവേശിക്കുമ്പോൾ പ്രലോഭനം വീും ഉാകുമെന്നും അതിനാൽ ജാഗ്രത പാലിക്കണമെന്നും ഇതിലൂടെ അവരെ അനുസ്മരിപ്പിക്കുന്നു. തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് ഉത്തരമരുളുന്ന ദൈവമായ കർത്താവ് ഇസ്രായേലിനു സമീപസ്ഥനാണ് (4, 7). ദൈവത്തിന്റെ സാമീപ്യം ഇസ്രായേലിനെ മഹത്വമണിയിക്കുന്നു, അവർക്കു ധൈര്യവും പ്രത്യാശയും പ്രദാനം ചെയയ്യുന്നു.

ഹോറെബിലെ അനുഭവത്തെക്കുറിച്ചാണ് 4, 9–14ൽ പ്രതിപാദിക്കുന്നത്. പിതാക്കന്മാർ മക്കളോട് ഇതിനെക്കുറിച്ച് പറയണം. തലമുറതോറും ഇത് അനുസ്രിക്കപ്പെടണം. കാരണം ഹോറെബിൽ വച്ചാണ് അവർ കർത്താവിന്റെ ഭീതിദമായ സാന്നിധ്യം അനുഭവിച്ചറിയുകയും അവിടുത്തെ സ്വരം ശ്രവിക്കുകയും ചെയ്തത് (പുറ 19). ജനത്തെ വിളിച്ചു കൂട്ടുക എന്ന കല്പനയിൽ (4, 10) ഇസ്രായേൽ ജനത്തിന്റെ ഒരു പ്രത്യേകത ദൃശ്യമാകുന്നു. ''കഹാൽ'' എന്ന ഹീബ്രു പദമാണ് ഇവിടെ ഉപയോഗിക്കുന്നത്. സ്വന്തം താല്പര്യമനുസരിച്ച്

ഒന്നിച്ചുവന്നവരല്ല, ദൈവം പ്രത്യേകമായി വിളിച്ചുകൂട്ടിയവരുടെ സമൂഹമാണ് ഇസ്രായേൽ എന്ന് ഈ പദം സൂചിപ്പിക്കുന്നു.

ദൈവത്തിന്റെ സാന്നിധ്യം ശക്തിയും ധൈര്യവും പകരുക മാത്രമല്ല ഭയം ജനിപ്പിക്കുകയും ചെയ്യുന്നു. പഴയനിയമത്തിലും പുതിയ നിയമത്തിലും ഒരുപോലെ പ്രാധാന്യമുള്ള ഒന്നാണ് ദൈവഭയം (സങ്കീ. 111, 10; സുഭാ 8, 13; സഭാ 12, 13; പ്രഭാ 1, 1116; ജറെ 2, 19;32, 40; 2 കോറി 5, 11; 7, 1.15; ഫിലി 2, 12). പലപ്പോഴും ഇതിനെ "ദൈവഭക്തി" എന്നു വിവർത്തനം ചെയ്യാറു്. ദൈവത്തോടുള്ള സ്നേഹവും വൈകാരികമായ അടുപ്പവും സൂചിപ്പിക്കാൻ ഭക്തി എന്ന പദം സഹായിക്കും. എന്നാൽ "ഭയം" കൂടുതൽ ധ്വനികളുള്ള പദമാണ്. പരിശുദ്ധനായ ദൈവത്തിന്റെ സാന്നിധ്യത്തിൽ പാപിയായ മനുഷ്യനുാകുന്ന വികാരമാണ് ഭയം. അതിൽ ആദരവും വിനയവും വിധേയത്വവും എല്ലാം ഉൾച്ചേർന്നിരിക്കുന്നു. ഹോറെബിലെ അഗ്നിയും മേഘവും അന്ധകാരവും ഇടിമുഴക്കവും എല്ലാം ഈ സത്യം ജനഹൃദയത്തിൽ ആഴത്തിൽ പതിക്കാൻ സഹായിച്ചു.

കർത്താവിന്റെ ശബ്ദം മാത്രം കേട്ടു, രൂപം കില്ല (4, 12) എന്ന പ്രസ്താവന രു കാര്യങ്ങൾ സൂചിപ്പിക്കുന്നു. 1. ദൈവം അദൃശ്യനാണ്. അവിടുത്തേക്കു രൂപമില്ല. അതിനാൽ അവിടുത്തെ പ്രതിരൂപമായി ഒരു വിഗ്രഹവും നിർമ്മിക്കരുത് എന്ന് 4, 15-31ൽ തുടർന്ന് അനുശാസിക്കുന്നു്. 2. കർത്താവിന്റെ പ്രമാണങ്ങൾ അനുസരിക്കുന്നതിലൂടെ മാത്രമേ അവിടുത്തെ അറിയാൻ കഴിയൂ. കാരണം തന്റെ കല്പനകളിലൂടെയമാണ് ദൈവം ജനമദ്ധ്യത്തിൽ സന്നിഹിതനായിരിക്കുന്നത്. ഉടമ്പടിയുടെ പത്തുപ്രമാണങ്ങൾ ജനംതന്നെ കർത്താവിൽനിന്നു നേരിട്ടു കേട്ടതാണെന്ന് ഇവിടെ എടുത്തു പറയുന്നു. മറ്റു കല്പനകളെല്ലാം ഈ പ്രമാണങ്ങളുടെ വിശദീകരണങ്ങളാണ്. പ്രമാണങ്ങൾ രു കല്പലകകളിൽ എഴുതിയത് എന്തിനുവേി എന്നതിൽ അഭിപ്രായവ്യത്യാസമു്. ഒരു പലകയിൽ മുഴുവൻ എഴുതാൻ കഴിയാത്തതിനാലാണ് എന്നാണ് പൊതുധാരണ. എന്നാൽ മധ്യപൗരസ്ത്യദേശത്തെ ഉടമ്പടികളുടെ പശ്ചാത്തലത്തിൽ മറ്റൊരു വ്യാഖ്യാനസാധ്യതയു്. ഉടമ്പടിയുടെ രു പകർപ്പുകൾ എടുത്ത്, ചക്രവർത്തിയും സാമന്തനും ഓരോ കോപ്പി സൂക്ഷിക്കുക പതിവായിരുന്നു. അതുപോലെ പ്രമാണങ്ങളുടെ രു പകർപ്പുകലാണ് ഇവിടെ സൂചിപ്പിക്കുന്നത് എന്നും കരുതാനാവും. ഉടമ്പടിയുടെ നിബന്ധനകളാണ് ഇവ എന്നു സൂചിപ്പിക്കാൻ രു പകർപ്പുകൾ സഹായിക്കും.





**വിചിന്തനം** : എനിക്കുവേി ദൈവം ചെയ്ത കാര്യങ്ങൾ ഏവയെന്ന് എനിക്കറിയാമോ? ഞാൻ അവയെക്കുറിച്ചു ചിന്തിക്കാറുാേ? കർത്താവിന്റെ കല്പനയനുസരിച്ചു ജീവിച്ചാൽ മാത്രമേ അവിടുത്തോടു ചേർന്നു നില്ക്കാൻ കഴിയൂ എന്ന ബോധ്യം എനിക്കുാേ? (യോഹ 14, 23).

## b. വിഗ്രഹാരാധനയരുത് 4, 15-31

പത്തു പ്രമാണങ്ങളുടെ മാഹാത്മ്യവും അവ അനുസരിക്കേതിന്റെ ആവശ്യകതയും എടുത്തുകാട്ടിയതിനുശേഷം അവയിൽ ഒന്നിലേക്കു മോശ ശ്രദ്ധതിരിക്കുന്നു. ദൈവമായ കർത്താവ് ഒരുവൻ മാത്രമേയുള്ളൂ, അവനെ മാത്രമേ ആരാധിക്കാവൂ എന്ന പ്രമാണത്തിന്റെ വിശദീകരണമാണ് 15-24 വാക്യങ്ങൾ. കർത്താവിന്റേതായി മാറ്റിവയ്ക്കപ്പെട്ടതിനാലാണ് ഇസ്രയേൽ വിശുദ്ധജനമായിരിക്കുന്നത് (പുറ 19, 5-6). കർത്താവിൽ നിന്നകന്നാൽ ഈ പദവി അവർക്കു നഷ്ടപ്പെടും. അതിനാലാണ് വിഗ്രഹാരാധന അവരെ അശുദ്ധരാക്കും എന്നു പറയുന്നത്. (4, 18:25). ആകാശഗോളങ്ങളെ എല്ലാ ജനതകൾക്കും വേി നല്കിയിരിക്കുന്നു (4,19) എന്ന പ്രസ്താവന അവയെ ഇതര ജനതകൾക്ക് ആരാധനാവസ്തുവായി നല്കിയിരിക്കുന്നു എന്നല്ല, എല്ലാവർക്കും പ്രകാശം നല്കാനും കാലഋതുക്കൾ നിർണ്ണയിക്കാനുംവേി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (ഉൽപ 1, 14) എന്നാണ് അർത്ഥമാക്കുക.

ഈജിപ്തിലെ അടിമത്തത്തിന്റെ കാഠിന്യത്തെ സൂചിപ്പിക്കുന്നതാണ് ഇരുമ്പു ചൂളയുടെ പ്രതീകം (4, 20). ഇരുമ്പുരുക്കുന്നതിനുവേി ഉപയോഗിച്ചിരുന്ന ചൂളയാണ് ഇവിടെ വിവക്ഷിക്കുന്നത്. അന്ന് അറിയപ്പെട്ടിരുന്നതിൽ ഏറ്റം ചൂടുകൂടിയതാണ് ഇരുമ്പു ചൂള. അതിൽ ഇരുമ്പൈരും കരിയും ഇട്ട് തീ കത്തിക്കും. തീ ആളിക്കത്താൻ വേി കുഴലുകളിലൂടെ ചൂളയിലേക്കു കാറ്റു കടത്തിവിടും. അതു

ഗ്രമായ ചൂടിൽ ഉരുകുന്ന ഇരുമ്പിന്റേതുപോലെയായിരുന്നു ഫറവോയുടെ അടിമത്തത്തിൽ ഇസ്രായേല്കാരുടെ അവസ്ഥ. കർത്താവിന്റെ കല്പന അണുവിടപോലും മാറ്റം കൂടാതെ അനുസരിക്കേണ്ടതിന്റെ ആവശ്യകതയാണ് മോശയുടെ അനുഭവത്തിലൂടെ (4, 21-22; 23-29) അനുസ്മരിപ്പിക്കുന്നത്. പൂർണ്ണമായ വിശ്വസ്തത പാലിക്കാത്തവർക്കു വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാനോ വസിക്കാനോ സാധിക്കുകയില്ല എന്ന് ഇതിലൂടെ പഠിപ്പിക്കുന്നു.

"കർത്താവ് ദഹിപ്പിക്കുന്ന അഗ്നിയാണ്" (4, 24) എന്ന പ്രസ്താവന അവിടുത്തെ ഭയപ്പെടേണ്ടതിന്റെ ആവശ്യകത എടുത്തുകാട്ടുന്നു. ഇരുമ്പുചൂളയേക്കാൾ ഭയാനകമായിരിക്കും കർത്താവിന്റെ അഗ്നി. ദൈവത്തിനു തുല്യനായ മറ്റാരുമില്ലെന്നും മറ്റാരുമായി അവിടുന്ന് തന്റെ അവകാശം പങ്കുവയ്ക്കുകയില്ലെന്നും സൂചിപ്പിക്കുന്നതാണ് "അസഹിഷ്ണു" എന്ന വിശേഷണം. ഈ പദത്തെ അസൂയാലു" എന്നും വിവർത്തനം ചെയ്യാറുണ്ട്. സത്യവും അസത്യവും തമ്മിലും, അന്ധകാരവും പ്രകാശവും തമ്മിലും പൊരുത്തപ്പെടാനാവില്ലല്ലോ. കർത്താവുമായി ഉടമ്പടിയിലേർപ്പെട്ടവർ മറ്റാരെയും ദൈവമായി അംഗീകരിക്കുകയോ ആരാധിക്കുകയോ അരുതെന്നും ഈ വിശേഷണങ്ങളിലൂടെ ശക്തമായ താക്കീത നല്കുന്നു.

വിഗ്രഹാരാധനയിലൂടെ ഉടമ്പടി ലംഘിച്ചാൽ സംഭഴിക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് 4, 25-28ൽ താക്കീതു നല്കുന്നു. അവർ വാഗ്ദത്തഭൂമി നഷ്ടപ്പെട്ട്, വിദേശത്ത് അടിമകളായി കഴിയേണ്ടി വരും. വിഗ്രഹാരാധന മറ്റു തിന്മകളിലേക്കു നയിക്കും എന്നും ഇവിടെ സൂചനയുണ്ട് (4, 25). അക്രമവും അനീതിയും മറ്റു മ്ലേച്ഛതകളും എല്ലാം കർത്താവിൽ നിന്ന് അകലുന്നതിന്റെ ഫലമാണ്.

വാഗ്ദത്തഭൂമിയിൽ നിന്നു പുറത്താക്കപ്പെട്ടാലും പൂർണ്ണഹൃദയത്തോടെ അനുതപിച്ചു കർത്താവിലേക്കു പിന്തിരിഞ്ഞാൽ അവിടുത്തെ കൃപാകടാക്ഷം വീണ്ടും അവർക്ക് ലക്ഷിക്കുമെന്ന് 4, 26-31ൽ അനുസ്മരിപ്പിക്കുന്നു. കർത്താവിന്റെ കാരുണ്യത്തിലാണ് മടക്കയാത്രയ്ക്കുള്ള പ്രതീക്ഷ ഊന്നി നില്ക്കുന്നത് (നിയ 30, 1-10). ജനം അവിശ്വസ്തരായാലും കർത്താവു വിശ്വസ്തനായിരിക്കും. തന്റെ വാഗ്ദാനങ്ങൾ അവിടുന്ന് റദ്ദാക്കുകയില്ല. പാപികളുടെ നാശമല്ല, മാനസാന്തരമാണ് ശിക്ഷകളുടെ ലക്ഷ്യം എന്നും ഈ വാഗ്ദാനത്തിലൂടെ എടുത്തുകാട്ടുന്നു.





**വിചിന്തനം** : ദൈവമല്ലാത്ത മറ്റെന്തിനെയെങ്കിലും ആരാധിക്കുന്നതാണ് വിഗ്രഹാരാധന. അത് പ്രതിമയോ വ്യക്തിയോ വസ്തുക്കളോ ആശയങ്ങളോ ആകാം. ഇപ്രകാരമുള്ള വിഗ്രഹാരാധന അനീതിയിലേക്കും അക്രമത്തിലേക്കും, ആത്യന്തികമായി നാശത്തിലേക്കും നയിക്കുന്നു എന്നതിന് ലോകചരിത്രവും വ്യക്തികളുടെയും സമൂഹങ്ങളുടെയും അനുഭവവും സാക്ഷ്യം നല്കുന്നു. പണം, സുഖഭോഗങ്ങൾ, പ്രശസ്തി, അധികാരം തുടങ്ങി അനേകം വിഗ്രഹങ്ങൾ ഇന്നു സമൂഹത്തിന്റെ ഏതെല്ലാം തലങ്ങളിൽ പ്രഷ്ഠിക്കപ്പെട്ടിരിക്കുന്നു എന്നു ചിന്തിക്കുന്നത് ഉപകാരപ്രദമാണ്.

വിഗ്രഹമുണ്ടാക്കരുത് എന്നു കല്പിച്ച ദൈവം തന്റെ തന്നെ പ്രതിഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു (ഉൽപ 1, 27). ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയും കാര്യസ്ഥനും ആയിരിക്കേണ്ട മനുഷ്യൻ മറ്റെന്തിനെയെങ്കിലും ആരാധിക്കുമ്പോൾ തന്റെ മഹത്വം അടിയറവയ്ക്കുന്നു. ദൈവത്തെ അംഗീകരിച്ച് ആരാധിക്കാത്തവർ മനുഷ്യനിലെ ദൈവത്തെയും കാണുന്നില്ല.

### c. ഇസ്രായേൽ ഒരു പ്രത്യേക ജനത 4, 32-40

ഇസ്രായേൽ ജനത്തിന്റെയും കർത്താവായ ദൈവത്തിന്റെയും സവിശേഷതകളും ഇരുവരും തമ്മിലുള്ള ബന്ധത്തിന്റെ പ്രത്യേകതകളും എടുത്തുപറഞ്ഞ്, ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിക്കാൻ വീണ്ടും ശക്തമായി ആഹ്വാനം ചെയ്തുകൊണ്ടാണ് മോശയുടെ ആദ്യപ്രഭാഷണം സമാപിക്കുന്നത്. ദൈവത്തിന്റെ ശബ്ദം നേരിട്ടുകേൾക്കുകയും തിരുഹിതം അവർക്കു വെളിപ്പെടുത്തുകയും ചെയ്തു എന്നതാണ് ഇസ്രായേൽ ജനത്തിന്റെ പ്രത്യേകത. ഒരുപറ്റം അടികളെ ശക്തമായൊരു സാമ്രാജ്യത്തിന്റെ പിടിയിൽനിന്ന് അത്ഭുതകരമായി മോചിപ്പിച്ചു എന്നതത്രേ കർത്താവായ ദൈവത്തിന്റെ സവിശേഷത. മാനവചരിത്രത്തിൽ ഇതുപോലൊരു സംഭവം ഉണ്ടായിട്ടില്ല എന്ന് പ്രത്യേകം അനുസ്മരിപ്പിക്കുന്നു.

വിമോചകനായ യാഹ്‌വേ അല്ലാതെ മറ്റൊരു ദൈവമില്ല എന്ന

പ്രഖ്യാപനത്തിൽ (4, 35, 39) ഏകദൈവവിശ്വാസത്തിന്റെ ഏറ്റം വ്യക്തമായ പ്രകടനം കാണാം. അനേകം പ്രതിസന്ധികളിലൂടെയും പരാജയങ്ങളിലൂടെയും കടന്നുപോയിട്ടും ഇസ്രായേൽ ഒരു ജനതയായി നിലനില്ക്കുന്നു എന്നത് ഈ വിശ്വാസസത്യത്തിന്റെ പ്രത്യക്ഷമായൊരു തെളിവാണ്.

സ്നേഹം ഒന്നുമാത്രമാണ് ഇസ്രായേലിനെ തിരഞ്ഞെടുത്തു മോചിപ്പിക്കാനും അവരുമായി ഉടമ്പടി ബന്ധത്തിലേർപ്പെടാനും ദൈവത്തെ പ്രേരിപ്പിച്ച ശക്തി. അബ്രാഹത്തിന്റഎ വിളി മുതൽ വെളിപ്പെട്ട ഈ സ്നേഹം പുറപ്പാടു സംഭവത്തിൽ അതിന്റെ ഉച്ചകോടിയിലെത്തി നില്ക്കുന്നു. ഈജിപ്തിൽ നിന്നുള്ള മോചനം, സീനായ് ഉടമ്പടി, വാഗ്ദത്തഭൂമി കൈയ്യടക്കൽ എന്നീ മൂന്നു മുഹൂർത്തങ്ങൾ ഉൾക്കൊള്ളുന്നതാണ് പുറപ്പാടു സംഭവം. ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് നിയമാവർത്തന പുസ്തകത്തിൽ ഇവിടെയാണ് (4, 37) ആദ്യമായി സൂചിപ്പിക്കുന്നത്. ഈ പ്രമേയം വീും പലതവണ ആവർത്തിക്കുന്നു് (7, 8-9, 13; 10, 15; 23, 5). ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ ജനം അവിടുത്തെ പ്രമാണങ്ഹൾ അനുസരിച്ചുകൊ് പ്രതിസ്നേഹം പ്രകടിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു (നിയ 5, 10; 6, 5; 7, 9; 10, 12; 11, 1; 13, 3; 19, 9; 30, 6). വാഗ്ദത്തഭൂമിയിലുള്ള അവരുടെ വാസം ഈ പ്രതിസ്നേഹത്തെ ആശ്രയിച്ചിരിക്കും.

**വിചിന്തനം** : അടിമകൾക്കു വിടുതലും വീടില്ലാത്തവർക്കും വീടും നാടില്ലാത്തവർക്കു നാടും നല്കുന്നതിലൂടെയാണ് ദൈവത്തിന്റെ സ്നേഹം വെളിപ്പെട്ടത്. ആദ്യം അവിടുന്നു നമ്മെ സ്നേഹിച്ചതിനാൽ നാമും അവിടുത്തെ സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു (1യോഹ 4, 19). അനുഭവിച്ചറിഞ്ഞ ദൈവസ്നേഹത്തിന് അനുയോജ്യമായിരിക്കണം നമ്മുടെ പ്രതിസ്നേഹം (1യോഹ 4, 11. 20-21ച 3, 17-18). ദൈവം എന്നെ സ്നേഹിക്കുന്നുവെന്ന് എനിക്കു ബോധ്യമുാേ? അഗതികൾക്കും അശരണർക്കും ദൈവസ്നേഹം അനുഭവിച്ചറിയാൻ സഹായകമാണോ എന്റെ ജീവിതവും പ്രവൃത്തികളും?

**d അഭയ നഗരങ്ങൾ 4, 41-43**

മോശയുടെ ഒന്നും രും പ്രഭാഷണങ്ങൾക്കു മധ്യേ ഒരു ഇടവേളയെന്ന നിലയിൽ ജോർദ്ദാനു കിഴക്ക് നിശ്ചയിച്ചിരിക്കുന്ന മൂന്ന് അഭയനഗരങ്ങളെ കുറിച്ചു പ്രതിപാദിക്കുന്നു. കുറ്റക്കാരനല്ലാത്ത കൊലാളിക്ക് പ്രതികാരകനിൽനിന്ന് ഓടിയൊളിക്കാനുള്ള നഗരങ്ങളെക്കുറിച്ച് നിയ 19ൽ വിശദമായി പ്രതിപാദിക്കുന്നു്. സംഖ്യ 35, 9-14ൽ ഇതിനെക്കുറിച്ചു നാം കു കഴിഞ്ഞു (തീ. 8, പേജ് 93).





## ചോദ്യങ്ങൾ

1. "നിയമാവർത്തനം" എന്ന പേരിൽ നിന്ന് പുസ്തകത്തിന്റെ സ്വഭാവത്തെയും ഉള്ളടക്കത്തെയും കുറിച്ച് എന്ത് ഉൾക്കാഴ്ചയാണ് ലഭിക്കുന്നത്? കൂടുതൽ മെച്ചമായൊരു പേരു നിർദ്ദേശിക്കാമോ?

2. മധ്യപൗരസ്ത്യ ദേശത്തു പ്രചാരത്തിലിരുന്ന അന്താരാഷ്ട്ര ഉടമ്പടികളുടെ മാതൃകയിലാണ് നിയമാവർത്തന പുസ്തകം രചിച്ചിരിക്കുന്നത് എന്നു പറയുന്നതെന്തുകൊ്? വിശദീകരിക്കുക.

3. ഈ പുസ്തകത്തിൽ മോശ ഒരു പ്രവാചകനായി പ്രത്യക്ഷപ്പെടുന്നു. വിശദീകരിക്കുക.

4. തോറാ എന്നാൽ എന്ത്?

5. യാത്രാവിവരണത്തിൽ കർത്താവ് സൈന്യാധിപനായി പ്രത്യക്ഷപ്പെടുന്നു. വ്യക്തമാക്കുക.

6. നേതാക്കന്മാരുടെ നിയമനത്തെക്കുറിച്ചുള്ള പുറ, സംഖ്യ, നിയ എന്നീ പുസ്തകത്തിലെ വിവരണങ്ങൾ താരതമ്യം ചെയ്യുക.

7. കാദെശിലെ പരാജയത്തെ എപ്രകാരമാണ് മോശ വിധീകരിക്കുന്നത്? എന്തു പാഠമാണ് അതിൽ നിന്നു ലഭിക്കുന്നത്?

8. ഏദോം, മൊവാബ്, അമ്മോൻ എന്നീ ജനതകളെ ആക്രമിക്കാൻ ഇസ്രായേലിനെ അനുവദിക്കാതിരുന്നത് എന്തുകൊ്? എന്തു സന്ദേശമാണ് ഇതിൽനിന്നു ലഭിക്കുന്നത്?

9. സീഹോന്റെ ഹൃദയകാഠിന്യത്തിൽ നിന്ന് എന്തു പ്രായോഗികപാഠമാണ് നിങ്ങൾക്കു ലഭിക്കുന്നത്?

10. മോശയ്ക്കു വാഗ്ദത്തഭൂമിയിൽ പ്രവേശനം ലഭിക്കാതിരുന്നതിന് എന്തു വിശദീകരണമാണ് ഇവിടെ നല്കുന്നത്? വ്യത്യസ്തമായ വിശ

ദീകരണങ്ങൾ ബൈബിളിലുണ്ടോ? എന്ത്?

11. മോശയുടെ പ്രാർത്ഥനയും അതിനുലഭിച്ച ഉത്തരവും പ്രാർത്ഥനയെ കുറിച്ച് എന്തു പാഠമാണ് നല്കുന്നത്?

12. 4, 1-14 പ്രമാണങ്ങൾ അനുസരിക്കേതിന് അഞ്ചു കാരണങ്ങൾ എടുത്തുകാട്ടിയിരിക്കുന്നു. ഏവ?

13. നിയമത്തെ സൂചിപ്പിക്കുന്ന അഞ്ച് ഹീബ്രുപദങ്ങൾ ഇവിടെ ചർച്ച ചെയ്തിരിക്കുന്നു. ഏവ? ഓരോന്നിന്റെയും അർത്ഥവും ധ്വനികളും വ്യക്തമാക്കുക.

14. ദൈവഭയം എന്നാൽ എന്ത്? എന്തുകൊണ്ട് ദൈവത്തെ ഭയപ്പെടണെ എന്നു പറയുന്നത്?

15. ഇസ്രായേലിനെ ഇതരജനതകളിൽ നിന്നു വ്യത്യസ്തമാക്കുന്നതെന്ത്?

**ചർച്ചയ്ക്ക്** : 1. എന്താണ് വിഗ്രഹം? വിഗ്രഹാരാധനയെന്നാൽ എന്ത്? എന്തുകൊണ്ട് വിഗാരഹാരാധന മുടക്കിയിരിക്കുന്നത്? ഇന്നു വിഗ്രഹാരാധന നടക്കുന്നുണ്ടോ? എങ്ങിനെ? ഏതെല്ലാം തലങ്ങളിൽ? അതുമൂലം ഉാകുന്ന ഭവിഷ്യത്തുകൾ ഏവ?

2. കർത്താവു നിങ്ങൾക്കുവേി ചെയ്ത വലിയകാര്യങ്ങൾ ഏവ? അനുസ്മരിക്കുക, പങ്കുവയ്ക്കുക.

**പ്രാർത്ഥന** : "ഞാൻ ജീവിച്ചിരിക്കാനും അങ്ങയുടെ വചനം അനുസരിക്കാനും ഈ ദാസന്റെ മേൽ കൃപ ചൊരിയണമേ" സങ്കീ. 119, 17



# II ഉടമ്പടി - അടിസ്ഥാന തത്ത്വങ്ങൾ

**4, 44-11, 32**

നിയമാവർത്തന പുസ്തകത്തിന്റെ കേന്ദ്രമായ രാം പ്രഭാഷണം (4, 44-28, 68) ഉടമ്പടിയുടെ നിബന്ധനകൾ സമഗ്രമായി അവതരിപ്പിക്കുന്നു. സ്ഥലകാലങ്ങളെക്കുറിച്ചുള്ള സൂചന നല്കുന്ന ആമുഖത്തിനുശേഷം (4, 44-49) പ്രഭാഷണം രു ഭാഗമായി തിരിച്ചിരിക്കുന്നു. ആദ്യഭാഗത്ത് (5-11) ഉടമ്പടിയുടെ അടിസ്ഥാനതത്ത്വങ്ങൾ അവതരിപ്പിക്കുന്നു. രാം ഭാഗത്ത് (12-28) നിയമങ്ങൾ വിശദമായി പ്രതിപാദിക്കുന്നു. മധ്യപൗരസ്ത്യ ദേശത്തു പ്രചാരത്തിലിരുന്ന അന്താരാഷ്ട്ര ഉടമ്പടികളുടെ പൊതു സ്വഭാവം ഇവിടെ ദൃശ്യമാണ്. ചരിത്രപരമായ ഉപക്രമത്തിനുശേഷം സാമന്തർ ഉടമ്പടിയുടെ നിബന്ധനകൾ അനുസരിക്കേതിന്റെ ആവശ്യകത വ്യക്തമാക്കുന്ന പൊതുതത്ത്വങ്ങളും തുടർന്നു നിബന്ധനകളുടെ വിശദരൂപവും അവതരിപ്പിക്കുക ആ ഉടമ്പടികളിൽ പതിവായിരുന്നു.

രാം പ്രഭാഷണത്തിന്റെ ആദ്യഭാഗമാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. ഇസ്രായേൽ ജനത്തെ അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ച് അനുസ്മരിപ്പിച്ചുകൊ് കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടും വിശ്വസ്തത പാലിക്കാൻ തീക്ഷ്ണമായി ഉദ്ബോധിപ്പിക്കുന്ന ഉപദേശങ്ങളാണ് ഈ ഭാഗത്തുള്ളത്. തുടർന്നു വരുന്ന നിയമസംഹിതയുടെ ദൈവശാസ്ത്രപരമായ അടിസ്ഥാനം ഇവിടെ ഉറപ്പിക്കുന്നു. സാനായ് ഉടമ്പടിയെക്കുറിച്ചു ഹ്രസ്വമായി പ്രതിപാദിച്ചുകൊണ്ട് (5,1-5) പ്രഭാഷണം ആരംഭിക്കുന്നത്. നിയമങ്ങളുടെ രത്നചുരുക്കമായ പത്തു പ്രമാണങ്ങൾ (5, 6-21) അവതരിപ്പിച്ചതിനുശേഷം കർത്താവിനോട് വിനയാന്വിതമായ വിശ്വസ്തതയും സ്നേഹോഷ്മളമായ അനുസരണവും പാലിക്കാൻ വിവിധങ്ങളായ കാരണങ്ങൾ എടുത്തുകാട്ടുന്നു (6-11). വികാരനിർഭരമായ ഉപദേശത്തിന്റെ ശൈലിയാണ് ഈ ഭാഗത്തു നികച്ചു നില്ക്കുന്നത്.

ഈ പ്രഭാഷണത്തിലുടനീളം "നീ", "നിങ്ങൾ" എന്ന് മാറിമാറി

ഉപയോഗിച്ചിട്ടു്. ജനത്തെ ഒന്നടങ്കം അഭിസംബോധന ചെയ്യുന്നതിനാൽ ബഹുവചാനവും ഓരോ വ്യക്തിയെയും നേരിട്ടു സ്പർശിക്കുന്നതിനാൽ ഏകവചനവും ുപയോഗിച്ചിരിക്കുന്നതായി കരുതാം. അഭിസംബോധനയിൽ ഏകവചനവും ബഹുവചനവും മാറിമാറി ഉപയോഗിക്കുക ഹീബ്രുഭാഷയിൽ പതിവാണെന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ''ഇന്ന്'' എന്ന കാലസൂചന അനേകം തവണ ആവർത്തിക്കുന്നു്. ഇവിടെ പറയുന്ന കാര്യങ്ങൾ സ്ഥലകാലപരിമിതികൾക്കപ്പുറം എന്നും പ്രസക്തവും പ്രധാനവുമാണെന്ന് ഇതു സൂചിപ്പിക്കുന്നു. ഈ വചനങ്ങൾ കേൾക്കുകയോ വായിക്കുകയോ ചെയ്യുമ്പോഴെല്ലാം ''ഇന്ന്'' ആണ്. എക്കാലത്തും ജീവിച്ചിരിക്കുന്ന എല്ലാ അനുവാചകരെയുമാണ് ഈ വചനങ്ങൾ അഭിസംബോധന ചെയ്തിരിക്കുന്നത്.

ഇവിടെ അവതരിപ്പിക്കുന്ന പല കാര്യങ്ങളും മുൻ അധ്യായങ്ങളിലോ മറ്റു പല പുസ്തകങ്ങളിലോ നാം കു കഴിഞ്ഞതാണ്. അതിനാൽ പുതുതായി പറയുന്നവയ്ക്കു മാത്രമേ വിശദീകരണം നല്കുന്നുള്ളൂ.

### 1. ആമുഖം 4, 44–49

''മോശ ഇസ്രായേൽ മക്കൾക്കു കൊടുത്ത നിയമമാണിത്'' (4, 44) എന്ന ആദ്യവാകംയ പ്രഭാഷണത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു. പുസ്തകത്തിന്റെ ആദ്യവാക്യത്തിനോട് (1, 1) ഇതിനുള്ള സാമ്യം സ്പഷ്ടമാണ്. മോശയുടെ വാക്കുകളെ ഇവിടെ ''നിയമം'' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ''തോറാ'' എന്ന പദമാണ് നിയമം എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. അതിനെ വീും ഏദോത്ത്, ഹുക്കിം, മിഷ്പാത്തിം എന്നു വിശദീകരിക്കുന്നു. ഈ നാലു പദങ്ങളുടെയും അർത്ഥസവിശേഷതകൾ നാം കഴിഞ്ഞ അധ്യായത്തിൽ ക താ ണ്.

ബേത്പെയോറിനെതിരെയുള്ള താഴ്വരയിൽ വച്ചാണ് മോശ സംസാരിച്ചത് എന്ന വിശദീകരണം (4, 45) പ്രഭാഷണത്തിന്റെ സ്ഥലത്തെ 1,1ൽ കതിനേക്കാൾ കൂടുതൽ കൃത്യമായി നിർവ്വചിക്കുന്നു. മൊവാബ്യസ്ത്രീകളുടെ പ്രലോഭനത്തിനു വഴങ്ങി ഇസ്രയേല്ക്കാർ വിഗാരഹാരാധനയിൽ ഏർപ്പെട്ട സ്ഥലമാണ് (നിയ 4, 3; സംഖ്യ 25) ഇവിടെ വിവക്ഷിക്കുന്നത്. ഇത് ''ബാൽപെയോർ'' എന്നും അറിയപ്പെടുന്നു. ആമോര്യ രാജാക്കന്മാരുടെ മേൽ നേടിയ വിജയത്തെക്കുറിച്ച് 1, 4; 2, 26–3, 11ൽ പ്രതിപാദിച്ചതാണ്. വാഗ്ദാനങ്ങളുടെ പൂർത്തീകരണം കുതുടങ്ങിയ ജനത്തോടാണ് മോശ നിയമങ്ങളെക്കുറിച്ചു സംസാരിക്കുന്നത്. കർത്താവ് തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനായിരിക്കുന്നതുപോലെ ജനവും അവിടുത്തോട് വിശ്വസ്തരായിരിക്കണം എന്ന് ഈ ആമുഖത്തിലൂടെ ഉദ്ബോധിപ്പിക്കുന്നു.





### 2. അടിസ്ഥാനപ്രമാണങ്ങൾ 5, 1–33

ദൈവത്തോടും സഹജീവികളോടുമുള്ള ബന്ധത്തെ നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന അടിസ്ഥാന പ്രമാണങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഹോറെബിലെ അനുഭവത്തിലേക്കു ശ്രദ്ധ ക്ഷണിച്ചതിനു ശേഷം (5, 1–5) ഉടമ്പടിയുടെ പ്രമാണങ്ങളായ പത്തു കല്പനകൾ (5, 6–21) വിവരിക്കുന്നു. ഈ പത്തു പ്രമാണങ്ങളുടെ പ്രത്യേകതയും മറ്റു നിയമങ്ങളിൽ നിന്ന് അവയ്ക്കുള്ള വ്യത്യാസവും തുടർന്ന് (5, 22–23) അവതരിപ്പിച്ചുകൊ് പ്രമാണങ്ങൾ അനുസരിക്കാൻ ഉദ്ബോധിപ്പിക്കുന്നു.

**a. ഹോറെബിലെ ഉടമ്പടി 5, 1–5 :** ഇസ്രായേൽ ജനത്തെ മുഴുവൻ അഭിസംബോധന ചെയ്തുകൊാണ് മോശ സംസാരിക്കുന്നത്. കേൾക്കുക, പഠിക്കുക, ശ്രദ്ധിക്കുക, അനുഷ്ഠിക്കുക എന്നിങ്ങനെ നാല് ആഹ്വാനങ്ങൾ തുടർന്ന് അവതരിപ്പിക്കാൻ പോകുന്ന പ്രമാണങ്ങളുടെ പ്രാധാന്യം എടുത്തു കാട്ടുന്നു. ''ഇസ്രായേലേ കേൾക്കുക'' എന്ന ആമുഖവാക്യം പുസ്തകത്തിന്റെ പല പ്രധാന ഭാഗങ്ങളുടെയും തുടക്കത്തിൽ ആവർത്തിച്ചിട്ടു്. (6, 4; 9, 1; 20, 3; 27, 9). ദൈവവും ഇസ്രായേലും തമ്മിലുള്ള പ്രത്യേക ബന്ധത്തിന്റെ അടിത്തറ ഉറപ്പിച്ച സംഭവമാണ് സീനായ് ഉടമ്പടി. അതു പുകാലത്തു നടന്ന ഒരു സംഭവമല്ല, എന്നും പ്രസക്തവും പ്രധാനവുമായ ഒരു യാഥാർത്ഥ്യമാണെന്ന് ഇവിടെ ഊന്നിപ്പറയുന്നു. ''പിതാക്കന്മാരോടല്ല, നമ്മോടാണ് ഉടമ്പടി ചെയ്തത്'' (5, 3). ഹോറെബു മലയിൽ, ജ്വലിക്കുന്ന അഗ്നിയുടെ മധ്യത്തിൽ പ്രത്യക്ഷപ്പെട്ട ദൈവത്തിന് അഭിമുഖമായി

നിന്ന ജനത്തിൽ പിൻതലമുറകളെല്ലാം ഉൾച്ചേർന്നിരുന്നു. ഇത് കഴി ഞ്ഞുപോയ ഒരു സംഭവത്തിന്റെ അനുസ്മരണം മാത്രമല്ല, അതിന്റെ സജീവമായ പുനരാവിഷ്കരണവുമാണ്. ലിറ്റർജിയുടെ സ്വഭാവമുള്ള ഉടമ്പടി നവീകരണത്തിന്റെ ശൈലിയിലാണ് ഉടമ്പടിയെയും പ്രമാണ ങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്നത്.

**പത്തു പ്രമാണങ്ങൾ 5, 6–21 :** ഇസ്രായേൽ ജനത്തിന്റെ ജീവിത ത്തിന്റെ സകല മേഖലകളിലും മാർഗ്ഗനിർദ്ദേശം നല്കുന്ന അടിസ്ഥാന പ്രമാണങ്ങളാണ് പത്തു കല്പനകൾ. അവരുടെ നിയമസംഹിതക ളുടെ മുഴുവൻ സാരസംഗ്രവും സ്രോതസുമാണിത്. മറ്റു നിയമങ്ങ ളെല്ലാം ഈ പ്രമാണങ്ങളുടെ വിശദീകരണമോ സ്ഥലകാല പരിസ്ഥി കൾക്കനുസൃതമായ പ്രായോഗിക വ്യാഖ്യാനങ്ങളോ ആണ്. പുറ 20, 1–17ൽ പത്തു പ്രമാണങ്ങൾ വിശദമായി നാം ചർച്ച ചെയ്തു കഴി ഞ്ഞു. (തീ. 6 പേജ് 22–31). രു പട്ടികകളും തമ്മിൽ കാതലായ വ്യത്യാസമില്ല. അതിനാൽ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രമേ ഇവിടെ എടുത്തുകാട്ടാൻ ശ്രമിക്കുന്നുള്ളൂ.

ദൈവവും ജനവും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്ന വയാണ് ആദ്യത്തെ മൂന്ന് പ്രമാണങ്ങൾ. ബാക്കി ഏഴു പ്രമാണ ങ്ങളും ജനങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. നിയമദാതാവായ ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തിക്കൊ ാണ് നിയമങ്ങൾ നല്കിയിരിക്കുന്നത്. ഇസ്രായേൽ ജനത്തെ അട മത്തത്തിൽ നിന്നു മോചിപ്പിക്കുകയും അവരുമായി ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്ത യാഹ്‌വേ മാത്രമാണ് ദൈവം. അവിടുത്തെ മാത്രമേ അവർ ആരാധിക്കാവൂ. വിമോചകനും രക്ഷകനുമായ കർത്താവല്ലാതെ മറ്റൊരു ദൈവമില്ല എന്ന അടിസ്ഥാന സത്യമാണ് ഒന്നാം പ്രമാണത്തിൽ അവതരിപ്പിക്കുന്നത്. ഇത് മറ്റെല്ലാ പ്രമാണ ങ്ങൾക്കും അടിസ്ഥാനമായി നില്ക്കുന്നു.

സാബത്താചരണത്തിന് ഇവിടെ ഊന്നൽ നല്കുന്ന കാരണം (5, 15) പുറപ്പാട് പുസ്തകത്തിലേതിൽ നിന്നു വ്യത്യസ്തമായാണ് (പുറ 20, 11). ആറുദിവസംകൊു സൃഷ്ടികർമ്മം പൂർത്തിയാക്കിയ ദൈവം ഏഴാം ദിവസം വിശ്രമിച്ചു. അതിനാൽ നീയും ഏഴാം ദിവസം വിശ്ര മിക്കണം എന്നു പുറപ്പാടു പുസ്തകത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. ഇവി





ടെയാകട്ടെ, പുറപ്പാടു സംഭവത്തിലേക്കാണ് ശ്രദ്ധതിരിക്കുന്നത്. ഈജി പ്തിലെ അടിമത്തത്തിൽ നിന്നു ദൈവം നല്കിയ മോചനത്തെ അനു സ്മരിച്ചുകൊ് വിശ്രമിക്കുകയും അദ്ധ്വാനിക്കുന്ന സകലർക്കും വിശ്രമം നല്കുകയും ചെയ്യണം എന്നു കല്പിച്ചിരിക്കുന്നു. ആരും അദ്ധ്വാനത്തിന് അടിമയാകരുത്; ആരേയും അടിമയാക്കുകയും അരുത് എന്ന് സാബത്താചരണത്തെ സംബന്ധിച്ച പ്രമാണം ഉദ്ബോധിപ്പി ക്കുന്നു. വിമോചനത്തിന്റെ ദിവസമാണ് ഏഴാം ദിവസമായ സാബ ത്ത്.

പുറപ്പാടു പുസ്തകത്തിലെ പട്ടികയിൽ ''മോഹിക്കരുത്'' എന്ന ഒറ്റ പ്രമാണത്തിൽ അയല്ക്കാരന്റെ ഭാര്യയെയും, അടിമകളെയും, മൃഗങ്ങളെയും, വസ്തുക്കളെയും എല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു (പുറ 20, 17). ഇവിടെ ഭാര്യയെ വസ്തുക്കളിൽ നിന്ന് വേർതിരിച്ച് ''മോഹിക്കരുത്'' എന്ന കല്പന രു പ്രമാണങ്ങളായി അവതരിപ്പി ക്കുന്നു (നിയ 5, 20–21). വ്യക്തികളെയും വസ്തുക്കളെയും വേർതി രിച്ചു കാണുന്ന ഈ കാഴ്ചപ്പാട് സ്ത്രീയുടെ വ്യക്തിത്വത്തിന് കൂടു തൽ മാന്യതയും പ്രാധാന്യവും നല്കുന്നു.

**വിചിന്തനം :** സീനായ് ഉടമ്പടിയിലൂടെ നല്കപ്പെട്ട പത്തു പ്രമാണ ങ്ങൾ ഇസ്രായേൽ ജനത്തിനു മാത്രമല്ല, സകല ജനതകൾക്കും രക്ഷ നല്കാൻ ആഗ്രഹിക്കുന്ന ദൈവത്തിന്റെ തിരുഹിതമാണ് വെളിപ്പെടു ത്തുന്നത്. യഥാർത്ഥമായ സ്വാതന്ത്ര്യവും സംരക്ഷണവും സുരക്ഷി തത്വവും ഏവർക്കും ഉറപ്പുവരുത്താൻ ഈ അടിസ്ഥാന പ്രമാണങ്ങൾ പാലിച്ചേ മതിയാവൂ. ഇവയിൽ ഏതെങ്കിലും അവഗണിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്ന വ്യക്തികൾക്കും സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കും നിലനില്പുാവുകയില്ല. അന്യരുടെ അവകാശ ങ്ങളെ മാനിക്കാത്തവർക്കു സ്വന്തം അവകാശങ്ങളും ഉറപ്പുവരുത്താൻ കഴിയുകയില്ല. മനുഷ്യാവകാശസംരക്ഷണത്തിനായി ശബ്ദമുയർത്തു ന്നവരും, സ്പഷ്ടമായ അനീതികൾക്കും അക്രമങ്ങൾക്കും മുന്നിൽ സ്വന്തം സുരക്ഷിതത്വത്തിനുവേി നിശബ്ദത പാലിക്കുന്നവരും ഈ അടിസ്ഥാന സത്യം അനുസ്മരിക്കണം.

**c. നിയമം മോശ വഴി 5, 22–33 :** ജനം കേൾക്കെ ദൈവം അരുളി ച്ചെയ്ത പ്രമാണങ്ങൾ അവിടുന്നു തന്നെ കല്പലകകളിൽ എഴുതി

മോശയെ ഏല്പിച്ചു. ''അവിടുന്ന് ഇതിൽ കൂടുതൽ ഒന്നും പറഞ്ഞില്ല'' എന്ന മോശയുടെ പ്രസ്താവന പത്തു പ്രമാണങ്ങളുടെ അതുല്യപ്രാധാന്യം എടുത്തു കാട്ടുന്നു. ലോകചരിത്രത്തെ ഇത്രമാത്രം സ്വാധീനിച്ചിട്ടുള്ള നിയമസംഹിതകൾ വേറെ ഇല്ല. ജനജീവിതത്തെ സമഗ്രമായി നിയന്ത്രിക്കാൻ പര്യാപ്തമായ പ്രമാണങ്ങളുടെ സംക്ഷിപ്ത രൂപമാണിത്.

ദൈവികസാന്നിധ്യത്തിൽ ഭയന്നുവിറച്ച ജനം മോശയെ തങ്ങളുടെ മധ്യസ്ഥനായി നിശ്ചയിച്ചു. ഇനിയും കർത്താവിന്റെ മുമ്പിൽ നില്ക്കുകയും അവിടുത്തെ സ്വരം ശ്രവിക്കുകയും ചെയ്താൽ തങ്ങൾ മരിച്ചുപോകും എന്ന ഭയമാണ് അവരെ ഇതിനു പ്രേരിപ്പിച്ചത്. കർത്താവ് പറയുന്ന കാര്യങ്ങൾ കേൾക്കുകയും അവ ജനത്തെ അറിയിക്കുകയും ചെയ്യുന്നതിനുവേിയാണ് മോശയെ മധ്യസ്ഥനാക്കിയത് (5, 27). ജനത്തിന്റെ ഈ അഭ്യർത്ഥന കർത്താവ് അംഗീകരിച്ചു (5, 30-31). മോശയുടെ മാധ്യസ്ഥ്യത്തെക്കുറിച്ചുള്ള ഈ പരാമർശങ്ങളിലൂടെ പത്തുപ്രമാണങ്ങളും മറ്റു നിയമങ്ങളും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു.

ഈ പശ്ചാത്തലത്തിൽ കർത്താവിന്റെ ഹൃദയത്തിലേക്ക് ഒന്ന് എത്തിനോക്കാൻ അവസരം ലഭിക്കുന്നു (5, 28-29). തന്റെ പ്രമാണങ്ങളെ അനുസരിക്കാനുള്ള ജനത്തിന്റെ സന്നദ്ധതയിൽ ആനന്ദിക്കുന്ന ദൈവം അവർ എന്നും ഇതുപോലെ വിധേയത്വമുള്ളവരായിരിക്കണം എന്ന് ആഗ്രഹിക്കുന്നു. തലമുറകളിലൂടെ അവർക്കു ശാശ്വതമായ നന്മയുാകണം എന്നതുമാത്രമാണ് അവിടുത്തെ താല്പര്യം. പ്രമാണങ്ങളുടെയെല്ലാം ലക്ഷ്യവും അതുതന്നെ. വാഗ്ദത്തഭൂമിയിൽ ദീർഘകാലം വസിക്കുക എന്നതാണ് അവരെ സംബന്ധിച്ചിടത്തോളം പരമമായ നന്മ. അതിനായി പ്രമാണങ്ങൾ കണിശമായി പാലിക്കണം എന്ന് മോശ ജനത്തെ വീും ഉദ്ബോധിപ്പിക്കുന്നു (5, 32-33).

വിചിന്തനം : ദൈവത്തിന്റെ കരുണാർദ്രവും രക്ഷകരവുമായ സ്നേഹമാണ് പ്രമാണങ്ങളിലൂടെ പ്രകടമാകുന്നത്. ഒന്നൊഴിയാതെ എല്ലാ പ്രമാണങ്ങളും ഇസ്രായേൽ മാത്രമല്ല, സകല ജനതകളുടെയും നന്മക്കായി നല്കപ്പെട്ടിരിക്കുന്നു. എല്ലാവരും അതനുസരിച്ച് യഥാർത്ഥ വാഗ്ദത്ത ഭൂമിയായ സ്വർഗ്ഗരാജ്യത്തിൽ ശാശ്വതമായ ശാന്തിയും





സന്തോഷവും അനുഭവിക്കണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.

### 3. സുപ്രധാന കല്പന 6, 1-25

ഇസ്രായേൽ ജനത്തിനു നല്കപ്പെട്ട അനേകം നിയമങ്ങളുടെ അടിസ്ഥാനവും ഉറവിടവുമായി നില്ക്കുന്ന ഏറ്റം പ്രധാനപ്പെട്ട പ്രമാണത്തെക്കുറിച്ചാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഒന്നാം പ്രഭാഷണത്തിന്റെ അന്ത്യത്തിൽ നല്കിയ ഉപദേശത്തിലെ (4, 1-40) പലകാര്യങ്ങളും ഇവിടെ കൂടുതൽ ശക്തമായി ആവർത്തിക്കുന്നു ്.

**a. ആഹ്വാനം 6, 1-3 :** നിയമങ്ങൾ അനുസരിക്കാനുള്ള ഈ ആഹ്വാനം പത്തുപ്രമാണങ്ങളെക്കുറിച്ചുള്ള പ്രതിപാദനത്തിന്റെ ഉപസംഹാരവും തുടർന്നുവരുന്ന ഉപദേശങ്ങളുടെ ആമുഖവുമായി നിലകൊള്ളുന്നു. 4, 1-8ൽ അവതരിപ്പിച്ച ആശയങ്ങൾതന്നെ ഇവിടെ ചുരുക്കി പറഞ്ഞിരിക്കുന്നു. നിയമം അനുസരിക്കുന്നതിനു പ്രേരകമായി ''സന്താന പുഷ്ടി'' എന്ന ഘടകം ഇവിടെ പുതുതായി ചേർത്തിട്ടു്. വാഗ്ദത്ത ഭൂമിയിൽ വാസമുറപ്പിക്കുമ്പോൾ അനുഷ്ഠിക്കുന്നതിനായി ജനത്തെ പഠിപ്പിക്കാൻ കർത്താവു മോശയ്ക്കു നല്കിയ കല്പനകളാണ് ഇവ.

**b. അവിഭക്തസ്നേഹം 6, 4-9 :** നിയമാവർത്തന പുസ്തകത്തിന്റെ എന്നല്ല, പഴയനിയമത്തിന്റെ മുഴുവൻ കാതലായി ഈ വാക്യങ്ങളെ പരിഗണിക്കാം. ഇസ്രായേലിന്റെ വിശ്വാസപ്രമാണവും ഏറ്റം സംക്ഷിപ്തമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

''നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്'' (6, 4) എന്ന പ്രഖ്യാപനം വിശ്വാസസത്യങ്ങളുടെ മുഴുവൻ അടിസ്ഥാനമായി നില്ക്കുന്ന ഒരു സൂത്രവാക്യമാണ്. ''നിങ്ങൾ എന്റെ ജനമായിരിക്കും'' എന്ന ഉടമ്പടിയുടെ വാഗ്ദാനത്തിനു ജനം നല്കുന്ന മറുപടിയാണിത് : ''അങ്ങാണ് ഞങ്ങളുടെ ദൈവം''. ദൈവത്തിന്റെ ഏകത്വവും ഏകദൈവത്തോട് ഇസ്രായേലിനുള്ള ബന്ധവും പരസ്യമായി ഏറ്റുപറയുന്ന ഏറ്റം സംക്ഷിപ്തമായ വിശ്വാസപ്രഖ്യാപനമാണിത്.

നിയമത്തിന്റെ മുഴുവൻ കാതലാണ് ദൈവമായ കർത്താവിനെ സ്നേഹിക്കണം എന്ന പ്രമാണം (6, 5). ''പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും കൂടെ'' എന്ന വിശേഷണ

ങ്ങൾ ആ സ്നേഹത്തിന്റെ സ്വഭാവത്തെ വ്യക്തമാക്കുന്നു. ബുദ്ധിയും ഇച്ഛാശക്തിയും മറ്റെല്ലാ കഴിവുകളും മുഴുവനായി ഉൾക്കൊള്ളുന്ന താവണം ദൈവത്തിനു നല്കുന്ന സ്നേഹം. തങ്ങളെ സ്നേഹിക്കുകയും സ്വന്തമായി തിരഞ്ഞെടുക്കുകയും ചെയ്ത ദൈവത്തിന്റെ സ്നേഹത്തിനു ജനം നല്കുന്ന മറുപടി അവിഭക്ത ഹൃദയമായിരിക്കണം. 6-9 വാക്യങ്ങൾ ഈ പ്രമാണത്തിന്റെ പ്രാധാന്യത്തെ വീം എടുത്തുകാട്ടുന്നു. "വചനങ്ങൾ ഹൃദയത്തിലുായിരിക്കണം" എന്ന നിർദ്ദേശം വ്യക്തിയുടെ സകല തീരുമാനങ്ങളും ദൈവത്തോടുള്ള സ്നേഹത്താൽ പ്രചോദിതമായിരിക്കണം എന്നു പഠിപ്പിക്കുന്നു. ഈ പ്രമാണം തലമുറകളിലൂടെ കൈമാറപ്പെടണം, എല്ലാവരെയും അറിയിക്കണം. എപ്പോഴും ധ്യാനിക്കുന്ന വിഷയവും ജീവിതത്തിന്റെ സകല വ്യാപാരങ്ങളെയും നിയന്ത്രിക്കുന്ന പ്രേരകശക്തിയും മക്കൾക്കു നല്കുന്ന ഏറ്റം വലിയ സമ്പത്തും ദൈവത്തോടുള്ളസ്നേഹമായിരിക്കണം. കാലക്രമത്തിൽ ഭക്തരായ യഹൂദർ ഇതിനെ അക്ഷരാർത്ഥത്തിൽ മനസ്സിലാക്കി. തദ്ഫലമായി ഈ പ്രമാണവും മറ്റു ചി ബൈബിൾ വാക്യങ്ങളും (പുറ 13, 1-16; നിയ 6, 4-9; 11, 13-21) ചെറിയ തുകൽച്ചുരുളുകളിൽ എഴുതി ചിമിഴിലാക്കി നെറ്റിയിലും ഇടത്ത് കൈത്തയിലും കെട്ടുന്ന പതിവ് നിലവിൽ വന്നു. ഇന്നും ഇപ്രകാരം ചെയ്യുന്ന വ രു ് .

**വിചിന്തനം** : ഏറ്റം പ്രധാനപ്പെട്ട നിയമം ഏത് എന്ന നിയമജ്ഞന്റെ ചോദ്യത്തിന് ഈ പ്രമാണം ഉദ്ധരിച്ചുകൊാണ് യേശു മറുപടി നല്കിയത്. അതേ സമയം "നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക" (മത്താ 22, 36-40) എന്ന പ്രമാണം ഇതിനു തുല്ല്യമാണ് എന്നു കൂട്ടിച്ചേർത്തുകൊ് ഹൃദയം പൂർണമായി ദൈവത്തിനു സമർപ്പിക്കുന്നത് സഹോദരനെ അവഗണിച്ചുകൊായിരിക്കരുത് എന്നു പഠിപ്പിച്ചു. ദൈവസ്നേഹവും പരസ്നേഹവും ഒരേ നാണയത്തിന്റെ ഇരു വശങ്ങളാണ് എന്ന കാര്യം സൗകര്യപൂർവ്വം വിസ്മരിക്കുന്നതിനെതിരേയുള്ള ശക്തമായൊരു താക്കീതാണിത്. ദൈവവിശ്വാസികളും ഭക്തരും എന്ന് അഭിമാനിക്കുന്നവർക്ക് സംഭവിക്കാവുന്ന ഒരു വലിയ വിപത്തിലേക്കാണ് ഇത് ശ്രദ്ധ തിരിക്കുന്നത് (1 യോഹ 4, 10-11. 20-21; 3, 17-18).





**c. അനുസ്മരിക്കുക 6, 10-19** : വാഗ്ദത്തഭൂമിയിൽ വാസമുറിപ്പിക്കുമ്പോൾ നേരിടാൻ പോകുന്ന പ്രലോഭനങ്ങളിലേക്കും അതിനെ ചെറുത്തു നില്ക്കാനുള്ള മാർഗ്ഗങ്ങളിലേക്കും അടുത്തതായി ശ്രദ്ധ തിരിക്കുന്നു. നാടോടികളായിരുന്നവർ സമ്പന്നരാകുമ്പോൾ അടിമത്തത്തിൽ നിന്നു തങ്ങളെ മോചിപ്പിക്കുകയും മരുഭൂമിയിൽ വച്ചു മന്ന നല്കി പരിപാലിക്കുകയും ചെയ്ത കർത്താവിനെ വിസ്മരിക്കാനും കാനാൻകാരുടെ ദൈവങ്ങളെ ആരാധിക്കാനും പ്രലോഭനമുാകും. കഴിഞ്ഞകാലത്തെ അനുഭവങ്ങളെ അനുസ്മരിപ്പിക്കുകയാണ് ഈ പ്രലോഭനത്തെ ചെറുത്തു നില്ക്കാനുള്ള മാർഗ്ഗം. ഇപ്പോഴത്തെ സമൃദ്ധി കർത്താവു നല്കിയ ദാനമാണെന്നും അനുസ്മരിക്കണം. അല്ലെങ്കിൽ ഇവയുടെയെല്ലാം നഷ്ടവും സമൂലനാശവും ആയിരിക്കും ഫലം (6, 15; 28, 15-66) എന്ന താക്കീത് ബാബിലോൺ പ്രവാസകാലത്ത് ഒരു യഥാർത്ഥ്യമായിത്തീർന്നു.

മാസായിലെ അനുഭവം (പുറ 17, 1-7; സംഖ്യ 20, 1-13) ഉദ്ധരിച്ചുകൊ് പ്രമാണങ്ങൾ പാലിക്കാൻ വീം ഉദ്ബോധിപ്പിക്കുന്നു (6, 16-19). പിതാക്കന്മാരുടെ അനുഭവം പിൻതലമുറകൾക്ക് പാഠമായിരിക്കണം. അസാധാരണവും അത്ഭുതകരവുമായ പ്രവൃത്തികളിലൂടെ തന്റെ ശക്തിയും തങ്ങളോടുള്ള സ്നേഹവും പ്രകടമാക്കാൻ ദൈവത്തെ നിർബന്ധിക്കുന്നതിനെയാണ് "പരീക്ഷിക്കുക" എന്നതുകൊ് ഇവിടെ (6, 16) അർത്ഥമാക്കുന്നത്. ഇപ്രകാരം ദൈവത്തെ പരീക്ഷിക്കുന്നവർക്കു ലഭിക്കുന്ന അടയാളം അവരുടെ മേൽ പതിക്കുന്ന ശിക്ഷയായിരിക്കും. ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന രു വാക്യങ്ങൾ ഉദ്ധരിച്ചുകൊാണ് യേശു പ്രലോഭകനു മറുപടി നല്കിയത് (6, 13 മത്താ 4, 10; 6, 16 മത്താ 4, 7).

**വിചിന്തനം** : ഭൗതികസമ്പത്ത് ദൈവത്തെ മറക്കാൻ പ്രേരിപ്പിക്കുന്ന വലിയൊരു ശക്തിയാണ്. ധനവും അതു നല്കുന്ന സുഖസൗകര്യങ്ങളും തന്റെ തന്നെ നേട്ടവും തനിക്ക് അവകാശപ്പെട്ടതും ആണെന്ന് ധനികൻ ധരിച്ചുവശാകുന്നു. ധനമുാകുമ്പോൾ പിന്നെ ദൈവത്തിന്റെ ആവശ്യമില്ലെന്നും കരുതിപ്പോകുന്നു. എന്നാൽ ഉറവിടങ്ങൾ മറക്കുന്നതും ധനത്തെ ദൈവമായി കരുതുന്നതും അപകടകരമാണ് (മത്താ 6, 24; 19, 23-24)

**d. പഠിപ്പിക്കുക 6, 20-25 :** കർത്താവിന്റെ സ്നേഹത്തെയും അവിടുത്തെ കല്പനകളെയും കുറിച്ച് മക്കളെ പഠിപ്പിക്കാനുള്ള മാതാപിതാക്കന്മാരുടെ ഉത്തരവാദിത്വത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. രക്ഷാചരിത്രത്തിന്റെ ഒരു സംക്ഷിപ്തരൂപം ഇവിടെ കാണാം. 26, 5-9ൽ ഈ ചരിത്രം അല്പം കൂടി വിശദമായി അവതരിപ്പിക്കുന്നു ്. കർത്താവു ചെയ്ത രക്ഷാകരപ്രവൃത്തികളെ അനുസ്മരിച്ചുകൊ് അവിടുത്തെ പ്രമാണങ്ങൾ പാലിക്കണം. കർത്താവിന്റെ കല്പനകൾ പാലിക്കുന്നവർ നീതിയുള്ളവരായിരിക്കും (6, 25) എന്ന് പ്രത്യേകം എടുത്തു പറയുന്നു. തന്റെ മേൽ മറ്റുള്ളവർക്കുള്ള ന്യായമായ അവകാശങ്ങളെ മാനിക്കുന്നവനാണ് നീതിമാൻ. ഇത് ദൈവത്തോടും സഹജീവികളോടുമുള്ള ബന്ധത്തിൽ പ്രകടമാകുന്നു (നിയ 24, 13; എസെ 18, 5-9).

**വിചിന്തനം :** മാതാപിതാക്കന്മാർ മക്കൾക്കു നല്കുന്ന ഏറ്റം വലിയ സമ്പത്താണ് ഈ അറിവും അവബോധവും, അഥവാ വിശ്വാസത്തിലും സ്നേഹത്തിലുമുള്ള പരിശീലനം.

## 4. ഇസ്രായേലും ഇതര ജനതകളും 7, 1-26

കർത്താവും ഇസ്രയേൽ ജനവും തമ്മിലുള്ള പ്രത്യേക ബന്ധത്തിന്റെ വെളിച്ചത്തിൽ ഇസ്രായേൽക്കാർ കാനായിൽ വസിക്കുന്ന ഇതര ജനതകളോടു സ്വീകരിക്കേ നിലപാടിലേക്ക് വി. ഗ്രന്ഥകാരൻ ശ്രദ്ധതിരിക്കുന്നു. 7, 1-5. 17-26 കാനാൻകാരെയും അവരുടെ ആരാധനാ വസ്തുക്കളെയും ഉന്മൂലനം ചെയ്യേതിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഇതിനു മധ്യേ 7, 6-16ൽ ഇപ്രകാരമൊരു കല്പനയുടെ അടിസ്ഥാനകാരണം എടുത്തു കാട്ടുന്നു.

**a. ജനതകളും അവരുടെ വിഗ്രഹങ്ങളും 7, 1-5 :** ഇസ്രായേൽക്കാർക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന കാനാൻദേശത്തു വസിക്കുന്ന ഏഴു ജനതകളുടെ പേര് 7, 1ൽ എടുത്തുപറയുന്നു്. ഇതുപോലുള്ള പട്ടികകൾ അനേകം തവണ ബൈബിളിൽ ആവർത്തിക്കുന്നതുകാണാം (ഉൽപ 15, 19-22; പുറ 3, 8; 34, 11; സംഖ്യ 13, 28-29). ഏഴ് ഒരു പ്രതീകാത്മക സംഖ്യ ആയതിനാൽ കാനാൻ ദേശത്തു വസിക്കുന്ന എല്ലാ ജനതകളും എന്ന അർത്ഥമാണ് ഇതിൽ നിന്നു





ലഭിക്കുക. അവർ ഇസ്രായേൽക്കാരേക്കാൾ ശക്തരാണെന്നും കർത്താവാണ് അവരെ പരാജയപ്പെടുത്താൻ ശക്തി നല്കുന്നതെന്നും അനുസ്മരിപ്പിച്ചതിനു ശേഷം അവരോടു സ്വീകരിക്കേ നിലപാട് വ്യക്തമാക്കുന്നു.

"നിശ്ശേഷം നശിപ്പിക്കണം" എന്നു വിവർത്തനം ചെയ്തിരിക്കുന്ന 'ഹറെം' എന്ന ഹീബ്രുവാക്കിന് "പൂർണ്ണമായി സമർപ്പിക്കുക" എന്നാണ് അർത്ഥം. കർത്താവ് ഏല്പിച്ചുതന്നതാകയാൽ അവരെ സമ്പൂർണ്ണദഹനബലിയായി കർത്താവിനു സമർപ്പിക്കണം എന്ന സൂചനയാണ് ഈ പദത്തിലുള്ളത്. വിജയം നേടുന്നത് കർത്താവാകയാൽ കൊള്ളമുതൽ അവിടുത്തെ അവകാശമാണ്. അവരുമായി യാതൊരുവിധ ബന്ധത്തിലും ഏർപ്പെടാൻ പാടില്ല എന്ന് തുടർന്ന് അനുശാസിക്കുന്നു. ഇസ്രായേൽക്കാർ വിഗ്രഹാരാധനയിലേക്കു വശീകരിക്കപ്പെടും എന്നതാണ് ഈ വിലക്കിനു കാരണം. അതിനാൽത്തന്നെ അവരുടെ ബലിപീഠങ്ങളും വിഗ്രഹങ്ങളും നശിപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. കാനാൻകാർ ആരാധിച്ചിരുന്ന മാതൃദേവതയാണ് അഷേറാ. അവളെ ബാൽദേവന്റെ മാതാവായും ഭാര്യയായും ചിത്രീകരിക്കുന്ന വ്യത്യസ്ത കാഴ്ചപ്പാടുകൾ നിലവിലിരുന്നു. അവളുടെ ബഹുമാനാർത്ഥം നാട്ടിനിർത്തിയ തൂണുകളാണ് സ്തൂപങ്ങൾ.

**b. സ്നേഹം - വിശ്വസ്തത - അനുഗ്രഹം 7.6-16 :** ഇതര ജനതകളിൽ നിന്ന് ഇസ്രായേലിനുള്ള വ്യത്യാസത്തെക്കുറിച്ച് അടുത്തതായി പ്രതിപാദിക്കുന്നു. "കാരണം നിങ്ങളുടെ ദൈവമായ കർത്താവിന് നിങ്ങൾ വിശുദ്ധജനമാണ്" എന്ന പ്രസ്താവനയിലെ ആദ്യത്തെ വാക്ക് മലയാള വിവർത്തനത്തിൽ വിട്ടുകളഞ്ഞിട്ടു്. കാനാൻ നിവാസികളോടും അവരുടെ ആരാധനാവസ്തുക്കളോടും സ്വീകരിക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന നിലപാടിന്റെ അടിസ്ഥാനകാരണം ഇസ്രായേൽ ജനത്തിന്റെ പ്രത്യേക പദവിയാണ്. തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധജനം എന്ന ആശയം പുറ 19, 5-6ല്ഢ വിശദമായി കുകഴിഞ്ഞു. ഇസ്രായേലിന്റെ അംഗസംഖ്യയോ ശക്തിയോ അല്ല, കർത്താവിന്റെ സ്നേഹവും അവിടുന്ന് പിതാക്കന്മാരോടു ചെയ്ത വാഗ്ദാനവുമാണ് തിരഞ്ഞെടുപ്പിന്റെയും വിമോചനത്തിന്റെയും അടിസ്ഥാനം.

അടിമകളെ വിലകൊടുത്തു വാങ്ങുന്നതിനെ സൂചിപ്പിക്കാൻ

ഉപയോഗിക്കുന്ന ഹീബ്രുവാക്കാണ് ഫറവോയുടെ കൈയിൽ നിന്നു ''രക്ഷിച്ചു'' എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. വീടെടുക്കുക എന്നും ഇതിന് അർത്ഥമുണ്ട്. എന്നാൽ കർത്താവ് ഇസ്രായേലിനെ ഫറവോയ്ക്കു വിലകൊടുത്തു വാങ്ങിയതല്ല, ശക്തമായ കരത്താൽ ഫറവോയെ തോല്പിച്ച് മോചിപ്പിച്ചതാണ്. പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽ നിന്ന് യേശുക്രിസ്തു മനുഷ്യവർഗ്ഗത്തെ രക്ഷിച്ചതിന്റെ ഒരു മുന്നോടിയും പ്രതീകവുമായിരുന്നു ഈജിപ്തിൽ നിന്നുള്ള മോചനം. ഗ്രീക്കിൽ രണ്ടു പ്രവർത്തനങ്ങൾക്കും ഒരേ വാക്കാണ് ഉപയോഗിക്കുന്നത്.

ആയിരം തലമുറകൾ എന്ന പ്രയോഗം (7, 9) കർത്താവിന്റെ സ്നേഹം അനന്തമാണെന്നു സൂചിപ്പിക്കുന്നു. ''അചഞ്ചലമായ സ്നേഹം'' എന്നു വിവർത്തനം ചെയ്യുന്ന ''ഹെസെദ്'' എന്ന ഹീബ്രു വാക്ക് ഉടമ്പടിയിലൂടെ ഉറപ്പിക്കപ്പെട്ട അന്താരാഷ്ട്ര ബന്ധങ്ങളിൽ നിലനിന്നു കൊള്ളേണ്ട വിശ്വസ്തതയെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്നു. എന്നാൽ കർത്താവു ചെയ്ത ഉടമ്പടി സൗജന്യവും അവിടുത്തെ കാരുണ്യത്തിൽ നിന്നു രൂപം കൊണ്ടതുമാകയാൽ ഈ പദം കർത്താവിന്റെ കരുണാർദ്രവും അചഞ്ചലവുമായ സ്നേഹത്തെ സൂചിപ്പിക്കുന്നു. ജനം ഉടമ്പടി ലംഘിച്ചതിനാൽ അതു പാലിക്കാൻ കർത്താവിനു കടമയില്ലാതിരുന്നിട്ടും അവിടുന്നു വിശ്വസ്തത പാലിക്കുന്നു. ഹോസിയാ പ്രവാചകനാണ് ഈ സത്യം ഏറ്റം വ്യക്തമായി അവതരിപ്പിച്ചത്. അതിനുശേഷം ''ഹെസെദ്'' എന്ന പദം കർത്താവിന്റെ കാരുണ്യത്തെയും ദയയെയുമാണ് മുഖ്യമായും സൂചിപ്പിക്കുക. ദൈവം വിശ്വസ്തനാണ് എന്ന പ്രസ്താവന അവിടുന്ന് വാക്കുപാലിക്കും, അവിടുത്തെ വിശ്വസിക്കാം എന്നു സൂചിപ്പിക്കുന്നു.

മാനുഷികമായ ബലഹീനതയാൽ സംഭവിക്കാവുന്ന വീഴ്ചകളല്ല, മനഃപൂർവ്വം കർത്താവിനെ ധിക്കരിക്കുകയും നിഷേധിക്കുകയും അവഗണിക്കുകയും ചെയ്യുന്നതിനെയാണ് ''വെറുക്കുക'' എന്ന പദം സൂചിപ്പിക്കുന്നത്. വിഗ്രഹാരാധന ഇപ്രകാരമുള്ള വെറുപ്പിന്റെ പ്രകടനമാണ്. അത് വ്യക്തികളുടെയും ജനസമൂഹത്തിന്റെയും നാശത്തിനു കാരണമാകും എന്ന് 7, 10-11ൽ ശക്തമായി ഉദ്ബോധിപ്പിക്കുന്നു.





കർത്താവിനോടു വിശ്വസ്തത പാലിക്കുന്നവർക്കു ലഭിക്കുന്ന അനുഗ്രഹങ്ങളാണ് 7, 12-16ൽ വിവരിക്കുന്നത്. നാടിന്റെ ഫലപുഷ്ടിയും സമ്പൽസമൃദ്ധിയും വിശ്വസ്തർക്കു കർത്താവു നല്കുന്ന ദാനമാണ്, ബാൽദേവന്റെയും അഷേറാ ദേവതയുടെയും അനുഗ്രഹമല്ല എന്ന് ഊന്നിപ്പറയുന്നു. അനുഗ്രഹങ്ങളെക്കുറിച്ച് 11, 8-25; 28, 1-14; 30, 1-10ൽ കൂടുതൽ വിശദമായി പ്രതിപാദിക്കുന്നു്.

**c. നിർഭയം യുദ്ധം ചെയ്യുക 7, 17-26 :** ഈജിപ്തിൽ വച്ചു ഫറവോയ്ക്കെതിരേ കർത്താവു ചെയ്ത ശക്തമായ ശിക്ഷാനടപടികളെ അനുസ്മരിപ്പിച്ചുകൊണ്ട്, കാനാൻകാർക്കെതിരേ നിർഭയം യുദ്ധം ചെയ്യാൻ മോശ ജനത്തോട് ആഹ്വാനം ചെയ്യുന്നു. തങ്ങളുടെ മധ്യേയുള്ള കർത്താവുതന്നെ ആയിരിക്കും അവരെ യുദ്ധത്തിൽ നയിക്കുന്നതും വിജയം നൽകുന്നതും. കർത്താവയയ്ക്കുന്ന കടന്നലുകളെ (7, 20) അക്ഷരാർത്ഥത്തിൽ മനസിലാക്കാവുന്നതാണ്. പ്രകൃതിയുടെ നാഥനായ കർത്താവിന്റെ ആജ്ഞാനുവർത്തികളാണ് സകല ജീവജാലങ്ങളും. ഈജിപ്തിലെ മഹാമാരികളെപ്പോലെ ഒന്നായിരിക്കാം ഇവിടെ വിവക്ഷിക്കുന്നത്. എന്നാൽ സൈന്യത്തിന്റെ, പ്രത്യേകിച്ചും ഈജിപ്തുസേനയുടെ പ്രതീകമായി കടന്നലുകളെ കാണുന്നവരുണ്ട് (ഏശ 7, 18 തീ. 6, പേജ് 40). ശത്രുക്കളുടെ ആക്രമണവും ആഭ്യന്തരകലാപങ്ങളുംവഴി ബലഹീനമാക്കപ്പെട്ട ജനതകളെയായിരിക്കും ഇസ്രായേൽ കുമുട്ടുക എന്ന് ഇതു സൂചിപ്പിക്കുന്നു. ഏതു വ്യാഖ്യാനം സ്വീകരിച്ചാലും, ഇസ്രായേലിനു വിജയം വരിക്കാനുള്ള സാഹചര്യങ്ങൾ കർത്താവു തന്നെ ഒരുക്കും എന്ന അടിസ്ഥാന വിശ്വാസമാണ് ഇതിനു പിന്നിലുള്ളത്.

കാനാൻകാരെയെല്ലാം ഒന്നിച്ചു നശിപ്പിക്കാനോ രാജ്യം മുഴുവൻ കീഴടക്കാനോ ഇസ്രായേല്ക്കാർക്കു പെട്ടെന്നു കഴിഞ്ഞില്ല എന്ന് 7, 22ൽ സൂചിപ്പിക്കുന്നു. അതിനു പ്രായോഗികമായ ഒരു കാരണവും എടുത്തു കാട്ടുന്നു. വിഗ്രഹങ്ങൾ നശിപ്പിക്കണമെന്ന് 7, 5ൽ പറഞ്ഞത് 7, 25ൽ വീണ്ടും ആവർത്തിക്കുന്നു. ആരാധകൻ ആരാധനാ വിഷയത്തെ അനുകരിക്കാൻ ശ്രമിക്കും. ശാപഗ്രസ്തമായ വിഗ്രഹങ്ങളെ ആരാധിക്കുന്നവർ അവയെപ്പോലെ ശപിക്കപ്പെട്ടവരായിത്തീരും എന്ന താക്കീത് വിഷയത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുന്നു.

**വിചിന്തനം :** ഇസ്രായേൽജനത്തെ ഒരു പ്രത്യേക ദൗത്യത്തിനായി തിരഞ്ഞെടുത്ത കർത്താവ് ജാതിയുടെയും വർഗ്ഗത്തിന്റെയും രാജ്യത്തിന്റെയും എല്ലാം പരിധികൾ മറികടന്ന് സകല മനുഷ്യരെയും സ്നേഹിക്കുന്നു. ഏറ്റം ചെറിയവരും എളിയവരും നിർദ്ധനരും മർദ്ദിതരുമാണ് ഈ സ്നേഹത്തിന്റെ പ്രത്യേക അവകാശികൾ. "ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടെതാണ്" (ലൂക്കാ 6, 20) എന്ന യേശുനാഥന്റെ പ്രഖ്യാപനത്തിൽ ഈ പ്രത്യേക സ്നേഹവും തിരഞ്ഞെടുപ്പും തെളിഞ്ഞു നില്ക്കുന്നു. അതിനാൽ ഇസ്രായേല്ക്കാർക്കെന്നല്ല, ഒരു ജനതയ്ക്കും തങ്ങൾ മാത്രമാണ് തിരഞ്ഞെടുക്കപ്പെട്ടവർ എന്ന് അഹങ്കരിക്കാൻ അവകാശമില്ല.

കാനാൻകാരെ ഉന്മൂലനം ചെയ്യാനുള്ള കല്പന പ്രത്യേകിച്ചും യേശു ശിഷ്യർക്ക് തികച്ചും അരോചകവും അസ്വീകാര്യവുമായി തോന്നാം. എന്നാൽ ഈ കല്പനയെക്കുറിച്ച് ചില കാര്യങ്ങൾ ഓർത്തിരിക്കുന്നത് ഇതിന്റെ അർത്ഥം ഗ്രഹിക്കാൻ സഹായിക്കും.

1. തദ്ദേശവാസികളെ നശിപ്പിക്കുക എന്നതിനേക്കാൾ വിഗ്രഹാരാധന ഇല്ലായ്മ ചെയ്യുക എന്നതാണ് ഈ കല്പനയുടെ മുഖ്യലക്ഷ്യം. 2. ഇസ്രായേൽ ജനം നിരന്തരം നേരിട്ടുകൊിരുന്ന ഒരു അപകടമാണ് വിഗ്രഹാരാധന. സോളമന്റെയും ആഹാബിന്റെയും അനുഭവങ്ങൾ ഉദാഹരണമത്രേ. വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും അടിത്തറയിളക്കുന്ന ഈ വിഗ്രഹാരാധനയ്ക്കെതിരെയാണ് പ്രവാചകന്മാർ മുഖ്യമായും ശബ്ദമുയർത്തിയത്. 3. ബാബിലോണിൽ പ്രവാസികളായി കഴിയുന്ന ജനത്തോടാണ് നിയമാവർത്തനഗ്രന്ഥകാരൻ പ്രസംഗിക്കുന്നത്. വിജാതീയരുമായുള്ള വേഴ്ചയുടെയും വിഗ്രഹാരാധനയുടെയും തിക്തഫലം അനുഭവിച്ചറിഞ്ഞവരാണ് ശ്രോതാക്കൾ. കാനാൻകാരെ ഉന്മൂലനം ചെയ്യുകയും അവരുമായി വിവാഹബന്ധത്തിൽ ഏർപ്പെടാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഈ ദുരന്തം സംഭവിക്കുകയില്ലായിരുന്നു എന്ന് അവരെ ഉദ്ബോധിപ്പിക്കുന്നു. ഇത് ഒരു കല്പനയെന്നതിലുപരി ഇസ്രായേലിന്റെ തനിമയെയും ദൗത്യത്തെയും കുറിച്ചുള്ള ദൈവശാസ്ത്രപരമായ ഒരു വിചിന്തനമാണ്. 4. ഈ കല്പന ഒരിക്കലും അക്ഷരാർത്ഥത്തിൽ നടപ്പാക്കപ്പെട്ടില്ല. എന്നാൽ പ്രവാസത്തിനുശേഷം വിജാതീയരുമായുള്ള





വിവാഹബന്ധം കർശനമായി നിരോധിക്കുകയും നടന്ന വിവാഹങ്ങൾ റദ്ദാക്കുകയും ചെയ്തിരുന്നു (എസ്രാ 9-10; നെഹെ 13, 23-27) 5. പ്രത്യക്ഷത്തിൽ അസ്വീകാര്യമെന്നു തോന്നാമെങ്കിലും തികച്ചും ശ്രദ്ധേയമായൊരു സത്യം ഈ കല്പനയിലൂടെ പഠിപ്പിക്കുന്നു്. മതസൗഹാർദ്ദത്തിന്റെയും സാംസ്കാരികാനുരൂപണത്തിന്റെയും പേരിൽക്രൈസ്തവ വിശ്വാസത്തിലും ധാർമ്മികതയിലും മായം ചേർക്കാതിരിക്കാൻ പ്രത്യേക ജാഗ്രത ആവശ്യമാണ്.

### 5. ചരിത്രം നല്കുന്ന പാഠം. 8, 1-10, 11

വാഗ്ദത്തഭൂമിയിൽ വാസമുറപ്പിക്കുമ്പോൾ കർത്താവിനോടുള്ള വിശ്വസ്തതയ്ക്കു വിരുദ്ധമായി ബാഹ്യശക്തികളിൽ നിന്നുാകാവുന്ന പ്രലോഭനങ്ങളും അവയ്ക്കുള്ള പ്രതിവിധിയുമാണ് കഴിഞ്ഞ അദ്ധ്യായത്തിൽ ചർച്ച ചെയ്തത്. എന്നാൽ വിഗ്രഹാരാധകരെ ഉന്മൂലനം ചെയ്യുകയും വിഗ്രഹങ്ങൾ തച്ചുടയ്ക്കുകയും ചെയ്തതുകൊുമാത്രം വിശ്വാസം സംരക്ഷിക്കപ്പെടണമെന്നില്ല. കർത്താവിനോടും അവിടുത്തെ ഉടമ്പടിയോടുമുള്ള വിശ്വസ്തതയ്ക്കു ഭീഷണിയാകാവുന്ന മറ്റുര് അപകടങ്ങളിലേയ്ക്ക് മോശ അടുത്തതായി ശ്രദ്ധതിരിക്കുന്നു. മരുഭൂമിയുടെ വറുതിയിൽ നിന്ന് കാനാൻദേശത്തിന്റെ സമൃദ്ധിയിലേക്കു കടന്നു വരുമ്പോൾ ഉാകാവുന്ന സ്വയംപര്യാപ്തതാ മനോഭാവമാണ് ഒരപകടം. നാല്പതു വർഷക്കാലം തങ്ങളെ മരുഭൂമിയിൽ കർത്താവു സംരക്ഷിച്ചതിന്റെ ഓർമ്മ നിലനിർത്തുന്നത് ഇതിനു പ്രതിവിധിയായിരിക്കും.

തങ്ങൾ മറ്റുള്ളവരേക്കാൾ മെച്ചപ്പെട്ടവരാണെന്നും തങ്ങളുടെ നീതി നിമിത്തമാണ് കാനാൻദേശം കൈവശപ്പെടുത്താൻ കഴിഞ്ഞതെന്നും ഉള്ള അഹങ്കാരമാണ് രാമത്തെ അപകടം. സീനായ് മുതൽ മൊവാബു വരെയുള്ള യാത്രയുടെ ചരിത്രം എടുത്തുകാട്ടിക്കൊ് ഇതിനു മറുപടി നല്കുന്നു. അവിശ്വസ്തതയുടെയും അനുസരണക്കേടിന്റെയും ചരിത്രമായിരുന്നു അത്. ഇസ്രായേൽ ഒരു ജനതയായി തുടരുന്നതും ബാഗ്ദത്തഭൂമിയിൽ വാസമുറപ്പിക്കുന്നതും കർത്താവിന്റെ കരുണാർദ്രവും ക്ഷമിക്കുന്നതുമായ സ്നേഹം ഒന്നുകൊുമാത്രമാണെന്ന് അവരുടെതന്നെ ചരിത്രം നല്കുന്ന പാഠങ്ങൾ ഉദ്ധരിച്ചുകൊ് സമർത്ഥിക്കുന്നു. വിശ്വസ്തതയ്ക്കുള് ആഹ്വാന

മാണ് ഈ ബാഗത്തും നിറഞ്ഞു നില്ക്കുന്നത്. പ്രവാസത്തിൽ കഴിയുന്നവർക്ക് ഈ ഉപദേശങ്ങളുടെ പൊരുൾ ഗ്രഹിക്കുക എളുപ്പമായിരുന്നു.

**a. മരുഭൂമിയിലെ സംരക്ഷണം 8, 1–5 :** ഇസ്രായേൽ ജനം മരുഭൂമിയിൽ ചിലവഴിച്ച നാല്പതു വർഷത്തെ അനുഭവങ്ങളിൽ നിന്ന് നാലു പാഠങ്ങൾ ഇവിടെ എടുത്തുകാട്ടുന്നു.

**i. എളിമ (8, 2–3):** അന്നന്നു വേ ആഹാരത്തിനായി കർത്താവിൽ മാത്രമാണ് അവർക്ക് ആശ്രയമുായിരുന്നത്. ദിനംതോറും കർത്താവു നല്കിയ മന്നായും പാറയിൽ നിന്നൊഴുക്കിയ കുടിനീരും (8, 15–16) തങ്ങളുടെ നിസ്സഹായാവസ്ഥയെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തി. ഈ ആശ്രയബോധം അവർക്ക് എന്നും ഉായിരിക്കണം.

**ii. പരീക്ഷണം :** ഏതു സാഹചര്യത്തിലും ജനം കർത്താവിനോടു വിശ്വസ്തത പാലിക്കുമോ എന്നറിയാനുള്ള പരീക്ഷണമായിരുന്നു മരുഭൂമിയിലെ ക്ലേശങ്ങൾ. കഷ്ടപ്പാടുകളുടെ മൂശയിൽ ഉരുകുമ്പോഴാണല്ലോ വിശ്വസ്തതയുടെ മാറ്റു തെളിയുന്നത്.

**iii. ശിക്ഷണം :** കുട്ടികളുടെ സ്വഭാവരൂപവത്ക്കരണത്തിന് ശാസനയും ശിക്ഷണവും ആവശ്യമാണ്. ചോദിക്കുന്നതും ആഗ്രഹിക്കുന്നതും എല്ലാം ഉടനെ ലഭിക്കുന്ന കുട്ടികൾ സ്വാർത്ഥമതികളും താന്തോന്നികളുമായി വളരാൻ സാധ്യതയു്. ഇസ്രായേലിന്റെ ശൈശവകാലത്ത് കർത്താവ് അവരെ പിതാവു പുത്രനെയെന്നപോലെ മരുഭൂമിയിൽ വച്ചു പരിശീലിപ്പിക്കുകയായിരുന്നു (8, 4). ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ പ്രാഥമികാവശ്യങ്ങൾ പോലും കർത്താവു നല്കുന്ന ദാനമാണെന്നും ഒന്നും തങ്ങൾക്ക് സ്വാഭാവികമായി അവകാശപ്പെട്ടതല്ലെന്നും അവരെ പഠിപ്പിക്കുന്നതായിരുന്നു മരുഭൂമിയിലെ അലച്ചിലിന്റെ കാലം.

**iv. അപ്പംകൊു മാത്രമല്ല :** കല്ലുകളെ അപ്പമാക്കി മാറ്റി വിശപ്പടക്കാൻ ആവശ്യപ്പെട്ട പ്രലോഭകനോട് ഈ വാക്യം (8, 3) ഉദ്ധരിച്ചുകൊാണ് യേശു മറുപടി പറഞ്ഞത് (മത്താ 4, 4). ഭൗതികാവശ്യങ്ങൾക്കു തൃപ്തിവന്നാലും മനുഷ്യമനസ്സ് സംതൃപ്തമാവുകയില്ല.





"ദൈവത്തിന്റെ നാവിൽ നിന്ന് പുറപ്പെടുന്ന ഓരോ വാക്കും" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കുകളുടെ വാച്യാർത്ഥം "ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്നതെല്ലാം" എന്നാണ്. ദൈവത്തിൽ നിന്നു ലഭിക്കാത്തതായി ഒന്നുമില്ല. അവിടുത്തെ വചനമാണ് എല്ലാം സൃഷ്ടിച്ചത്. ആ വചനമാണ് ജീവൻ നല്കുന്നതും നിലനിർത്തുന്നതും. എഴുതപ്പെട്ട വചനമാണ് ബൈബിൾ. ഉടമ്പടിയുടെ നിയമങ്ങളെ വചനങ്ങൾ എന്നാണ് വിശേഷിപ്പിക്കുക. മാംസം ധരിച്ച വചനമാണല്ലോ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമായ യേശുക്രിസ്തു. ഭൗതികസമ്പത്തിന് അടിമയാകാതിരിക്കാനും ദൈവത്തെ ജീവന്റഎ കേന്ദ്രവും ലക്ഷ്യവുമായിക്ക് അവിടുത്തെ വചനത്തിൽ ആശ്രയിച്ച് ജീവിക്കാനും മരുഭൂമിയിലെ വാസം അവരെ പഠിപ്പിച്ചു.

**വിചിന്തനം :** ജീവിതത്തിലുാകുന്ന ക്ലേശങ്ങളെ, അവ കഠിനവും ദീർഘകാലം നീുനില്ക്കുന്നതുമാണെങ്കിലും, കർത്താവിൽ മാത്രം ആശ്രയിക്കാനും അവിടുത്തോടുള്ള വിശ്വസ്തതയും സ്നേഹവും ഏറ്റു പറയാനുമുള്ള അവസരങ്ങളായി പരിഗണിക്കണം. ക്ലേശങ്ങൾക്കു മധ്യത്തിലും അവിടുത്തെ കൃപയും സംരക്ഷണവും അനുഭവിച്ചറിയാൻ കഴിയും.

**b. സമ്പത്തിന്റെ പ്രലോഭനം 8, 6–20 :** കർത്താവു നല്കുന്ന ദേശത്തിന്റെ സമൃദ്ധി ജനത്തിന് ഒരു കെണിയായി ഭവിച്ചേക്കാമെന്നും അതിനാൽ നിരന്തരം ജാഗ്രത പാലിക്കണമെന്നും അടുത്തതായി അനുസ്മരിപ്പിക്കുന്നു. ര് അപകടങ്ങളാണ് മോശ ഇവിടെ ചൂിക്കാട്ടുന്നത്.

1. **അഹങ്കാരം :** സമ്പത്തും സമൃദ്ധിയും സ്വന്തം ശക്തിയാൽ നേടിയെടുത്തതാണ് എന്ന ചിന്തയാണ് ആദ്യത്തെ അപകടം. ദാരിദ്ര്യത്തിലും ക്ലേശത്തിലും കർത്താവിൽ ആശ്രയിക്കുക പ്രായേണ എളുപ്പവും സ്വാഭാവികവുമായിരുന്നു. എന്നാൽ എല്ലാറ്റിലും സമൃദ്ധിയുാകുമ്പോൾ തങ്ങൾ എല്ലാം തികഞ്ഞവരാണ് എന്ന ചിന്ത കടന്നുവരുക സ്വാഭാവികമത്രേ. ദൈവം ഏറ്റം അധികം വെറുക്കുന്ന തിന്മയാണ് അഹങ്കാരം. ഇതു മനുഷ്യനെ ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നും അകറ്റുന്നു.

2. **ദൈവത്തെ വിസ്മരിക്കൽ** : സ്വന്തം ശക്തിയിൽ മാത്രം ആശ്രയിക്കുകയും എല്ലാം തന്റേതന്നെ നേട്ടമാണെന്നു കരുതുകയും ചെയ്യുന്നവരുടെ ചിന്തയിൽ കർത്താവിനു സ്ഥാനമില്ലാതാകുന്നു. വാഗ്ദത്ത ഭൂമിയുടെ സമൃദ്ധിയിൽ ആവശ്യങ്ങളെല്ലാം നിറവേറ്റി കഴിയുമ്പോൾ സമ്പത്തും സമ്പത്തു നേടാനുള്ള ശക്തിയും ദൈവം നല്കിയ ദാനമാണെന്നു മറന്നുപോകാനുള്ള സാധ്യതയിലേക്കു മോശ ശ്രദ്ധ ക്ഷണിക്കുന്നു. ഈ അപകടങ്ങൾ ഒഴിവാക്കാൻ രു പ്രതിവിധികൾ നിർദ്ദേശിച്ചിരിക്കുന്നു. 1. കഴിഞ്ഞ കാലങ്ങൾ അനുസ്മരിക്കുക. മരുഭൂമിയിലൂടെയുള്ള പ്രയാണം ഇവിടെ കൂടുതൽ പ്രസക്തമാകുന്നു. 2. ശിക്ഷയെക്കുറിച്ച് ബോധവാന്മാരാകുക. കർത്താവിനെ വിസ്മരിച്ചാൽ അവിടുന്നു നല്കുന്ന ദാനങ്ങളെല്ലാം പിൻവലിക്കപ്പെടും. ''ദൈവജനം'' എന്ന പ്രത്യേകപദവി നഷ്ടപ്പെട്ട് ഇസ്രായേൽക്കാർ ഇതരജനതകളെപ്പോലെ ആയിത്തീരും.

**വിചിന്തനം** : സമ്പത്തിന്റെ പ്രലോഭനങ്ങളെക്കുറിച്ചുള്ള താക്കീതുകൾ പുതിയ നിയമത്തിൽ കൂടുതൽ ശക്തമായി നൽകിയിട്ടു് (മത്താ 6, 24: മർക്കോ 10, 24-25; ലൂക്കാ 12, 21; 16, 25; 1തിമോ 6, 10.17). ധനമോഹത്തെ വിഗ്രഹാരാധനയായിട്ടാണ് വി. പൗലോസ് ചിത്രീകരിച്ചിരിക്കുന്നത് (എഫേ 5, 5; കൊളോ 3, 5). ഭൗതികസമ്പത്തു നല്കുന്ന സുരക്ഷിതത്വബോധവും സ്വയം പര്യാപ്തതയും മനുഷ്യനെ അഹങ്കാരത്തിലേക്കും നാശത്തിലേക്കും നയിക്കും എന്നത് എന്നത്തേക്കാളേറെ ഇന്ന് വ്യക്തികളുടെയും രാഷ്ട്രങ്ങളുടെയും അനുഭവങ്ങളിലൂടെ തെളിഞ്ഞുകൊിരിക്കുന്നു. ''അന്നന്നു വേുന്ന ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ'' എന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ ഭൗതികസമ്പത്തിന് അടിമയാകാതെ കർത്താവിൽ നിരന്തരം ആശ്രയിക്കാനും ആവശ്യമനുഭവിക്കുന്നവരുമായി സമ്പത്തു പങ്കുവയ്ക്കാനും യേശുനാഥൻ ഉദ്ബോധിപ്പിക്കുകയായിരുന്നു.

**c. വിജയം കർത്താവിന്റെ ദാനം 9, 1-6** : വാഗ്ദത്തഭൂമിയ്ക്കു വേിയുള്ള പോരാട്ടത്തിൽ നേടുന്ന വിജയം പോലും ഒരു പ്രലോഭനമായിത്തീരാം എന്ന് ഇവിടെ അനുസ്മരിപ്പിക്കുന്നു. കർത്താവിന്റെ സഹായത്താലാണ് വിജയം ലഭിച്ചത് എന്ന് അംഗീകരിക്കുമ്പോഴും ഈ അപകടം നിലനില്ക്കുന്നു. കാരണം തങ്ങൾ മറ്റുള്ളവരെക്കാൾ വിശുദ്ധരും നീതിമാന്മാരും ആയതിനാലാണ് കർത്താവു തങ്ങളെ സംരക്ഷിക്കുകയും വിജയത്തിലേക്കു നയിക്കുകയും ചെയ്തത് എന്ന ധാരണയിലാണ് അപകടം പതിയിരിക്കുന്നത്. അഹങ്കാരത്തിന്റെ കൂടുതൽ നിഗൂഢമായ ഒരു ഭാവമാണിത്.





കാനാൻകാരുടെമേൽ വിജയം നേടാൻ കഴിഞ്ഞതിന് രു വിശദീകരണങ്ങൾ നല്കിയിരിക്കുന്നു. 1. തദ്ദേശവാസികളുടെ ദുഷ്ടത. വിഗ്രഹാരാധനയും അധാർമ്മിക ജീവിതവും മൂലം ജീവിക്കാനുള്ള അവകാശംതന്നെ അവർക്കു നഷ്ടമായിരിക്കുന്നു (ഉൽപ 15, 16). 2. പിതാക്കന്മാർക്കു നല്കിയ വാഗ്ദാനം. തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തത പാലിക്കുന്നതിനാലാണ് കർത്താവ് അവർക്കു ദേശം നല്കുന്നത്. ഈ കാരണങ്ങളാൽ വിജയത്തിന്റെ പേരിൽ അഹങ്കരിക്കാൻ അവർക്ക് ഒരു ന്യായവുമില്ല.

**വിചിന്തനം** : തങ്ങൾ വിശുദ്ധരായണെന്ന് അഭിമാനിക്കുന്നവർ നേരിടുന്ന വലിയൊരു പ്രലോഭനമാണ് ഇവിടെ ചിന്താവിഷയമായത്. ജീവിതത്തിലുാകുന്ന നേട്ടങ്ങളൊന്നും, അത് ഭൗതികമോ ആധ്യാത്മികമോ ആകട്ടെ, തങ്ങളുടെ വിശ്വസ്തതയ്ക്കും വിശുദ്ധജീവിതത്തിനും ലഭിക്കുന്ന സമ്മാനങ്ങളല്ല, ദൈവം സൗജന്യമായി നല്കുന്ന ദാനങ്ങൾ മാത്രമാണെന്ന് മനസ്സിലാക്കി എളിമയോടെ സ്വീകരിക്കാനും നന്ദി നിറഞ്ഞ ഹൃദയത്തോടെ കർത്താവിനെ സ്തുതിക്കാനും തയ്യാറാകണം.

**d. അവിശ്വസ്തതയുടെ ചരിത്രം 9, 7-10, 11** : തങ്ങളുടെ ചരിത്രത്തിലേക്കു പിന്തിരിഞ്ഞുനോക്കുമ്പോൾ അഭിമാനിക്കാനോ അഹങ്കരിക്കാനോ യാതൊന്നുമില്ല എന്ന് മോശ തുടർന്ന് അനുസ്മരിപ്പിക്കുന്നു. ഹോറെബിൽ വച്ച് കർത്താവ് ഉടമ്പടി സ്ഥാപിച്ച നിമിഷത്തിൽത്തന്നെ ജനം അതു ലംഘിച്ചു. മോശയുടെ മാധ്യസ്ഥ്യം ഒന്നുകൊു മാത്രമാണ് കർത്താവ് അവരോട് ക്ഷമിക്കുകയും വീും ഉടമ്പടി പുതുക്കുകയും ചെയ്തത്. മോശ പ്രമാണപ്പലകകൾ തകർത്തത് ഉടമ്പടിലംഘിക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ പ്രകടമായ അടയാളമായിരുന്നു, കർത്താവ് വീും പ്രമാണങ്ങൾ എഴുതിക്കൊടുത്തത് ഉടമ്പടി വീും ഉറപ്പിച്ചതിന്റെയും. ഈ സംഭവങ്ങൾ പുറപ്പാട് 32-34ൽ വിശദമായി പ്രതിപാദിച്ചിട്ടു്. (ബൈ. തീ. 6 പേജ്

45-49).

ഹോറെബിലെ ഉടമ്പടി ലംഘനം ഇസ്രായേൽ ചരിത്രത്തിലെ ഒറ്റപ്പെട്ട സംഭവമല്ല. പിറുപിറുപ്പിന്റെയും അവിശ്വസ്തതയുടെയും ഒരു പരമ്പര തന്നെയാണ് ആ ചരിത്രമെന്ന് 9, 22-24ൽ ഉദാഹരണസഹിതം മോശ സമർത്ഥിക്കുന്നു. കർത്താവിനെതിരെ പിറുപിറുത്തതിന്റെ പ്രിൽ അവിടുത്തെ കോപാഗ്നിക്കു ജനം ഇരയായ സംഥലമാണ് തബേരാ (സംഖ്യ 11, 1-3, 11, 5.34). ജലത്തിനു വേി കർത്താവിനെ പരീക്ഷിച്ച സ്ഥലമാണ് മാസാ (പുറ. 17, 1-7) കിബ്രാത്ത് ഹത്തവായിൽവെച്ച് അവർ മാംസത്തിനു വേി മുറവിളികൂട്ടി (സംഖ്യ 13-14, നിയ 1, 19-46) കാദെശിലെ കലാപത്തെക്കുറിച്ചു പലതവണ പ്രതിപാദിച്ചു കഴിഞ്ഞു. (സംഖ്യ 13-14; നിയ 1, 19-46). ''ഞാൻ നിങ്ങളെ അറിയാൻ തുടങ്ങിയ നാൾ മുതൽ കർത്താവിനെ അനുസരിക്കാത്ത ധിക്കാരികളാണ് നിങ്ങൾ'' (9, 24) എന്ന ആരോപണം ജനത്തിന് ദൈവതിരുമുമ്പിൽ അഹങ്കരിക്കാനുള്ള പഴുതടയ്ക്കുന്നു. അവരുടെ നീതിയല്ല, ദൈവത്തിന്റെ വിശ്വസ്തതയും സ്നേഹവും മാത്രമാണ് അവരുടെ നിലനില്പിന് ആധാരം.

## 6. വിശ്വസ്തത പാലിക്കാൻ ആഹ്വാനം 10, 12-11, 32

കർത്താവിന്റെ മുമ്പിൽ അവകാശവാദത്തിനോ അഹങ്കാരത്തിനോ സ്ഥാനമില്ല എന്ന് അവിശ്വസ്തതയുടെ ചരിത്രം എടുത്തു കാട്ടി സ്ഥാപിച്ചതിനു ശേഷം മോശ ഇസ്രായേൽ ജനത്തെ കർത്താവിനോടു പൂർണ്ണമായ വിശ്വസ്തത പാലിക്കാൻ ആഹ്വാനം ചെയ്യുന്നു. കർത്താവ് ആരാണെന്നുള്ള അറിവ് അവിടുത്തോടുള്ള സമീപനത്തിൽ നിർണ്ണായകമാണ്. അതിനാൽ അവിടുത്തെ സ്വഭാവസവിശേഷതകളെക്കുറിച്ചുള്ള സൂചനകൾ ഈ ആഹ്വാനത്തിനു ശക്തി പകരുന്നു. വിശ്വസ്തത പാലിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങളും അവിശ്വസ്തതയ്ക്കുള്ള ശിക്ഷകളും വിവരിച്ചുകൊ് ജനത്തെ അനുസരണത്തിനു പ്രേരിപ്പിക്കുന്നു.

**a. കർത്താവ് ആവശ്യപ്പെടുന്നത് 10, 12-22 :** 4, 1ൽ കതുപോലെ ''ആകയാൽ ഇപ്പോൾ'' എന്ന ആമുഖത്തോടെയാണ് ഉപദേശം ആരംഭിക്കുന്നത്. മലയാള വിവർത്തനത്തിൽ ഇത് വിട്ടുകളഞ്ഞിട്ടു്. ഇതുവരെ പറഞ്ഞുവച്ച ചരിത്രസംഭവങ്ങളുടെ പശ്ചാത്തലത്തിലാണ്





തുടർന്നുള്ള ഉപദേശങ്ങൾ മനസ്സിലാക്കേത് എന്ന് ഈ ആമുഖം സൂചിപ്പിക്കുന്നു. കർത്താവ് ആവശ്യപ്പെടുന്നത് എന്താണ് എന്ന് ആലങ്കാരികമായ ഒരു ചോദ്യം ഉന്നയിച്ചതിനു ശേഷം ചോദ്യകർത്താവു തന്നെ മറുപടി പറയുന്നു. മിക്കാ 6, 6-8ൽ ഇപ്രകാരമൊരു അവതരണരീതി കാണാം. ദൈവവുമായുള്ള ബന്ധത്തിൽ അവശ്യം പാലിക്കേ അടിസ്ഥാന മനോഭാവത്തിന്റെ അഞ്ചുവശങ്ങൾ ഇവിടെ (10, 12-13) എടുത്തു കാട്ടുന്നു. 1 കർത്താവിനെ ഭയപ്പെടുക. 2. അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുക. 3. അവിടുത്തെ സ്നേഹിക്കുക. 4. അവിടുത്തെ സേവിക്കുക. 5. പ്രമാണങ്ങൾ അനുസരിക്കുക. 10, 20ൽ ഈ കല്പനകൾ വീും ആവർത്തിക്കുന്നു്.

കർത്താവിനോടുായിരിക്കേ ബഹുമാനവും ആദരവുമാണ് 'ഭയപ്പെടുക' എന്നതുകൊ് മുഖ്യമായും ഉദ്ദേശിക്കുന്നത്. അതിന് ഉപോദ്ബലകമായി അവിടുത്തെ മഹത്വത്തെയും ശക്തിപ്രഭാവത്തെയും കുറിച്ച് 10, 14. 17-18ൽ പ്രതിപാദിക്കുന്നു. സകലത്തിന്റെയും സ്രഷ്ടാവും നാഥനുമാണ് കർത്താവ്. ''ആകാശവും ആകാശങ്ങളുടെ ആകാശവും'' എന്ന പ്രയോഗം ഭൂമിക്കുമേലുള്ള സകലതിനെയും സൂചിപ്പിക്കുന്നു. ''ദൈവങ്ങളുടെ ദൈവം, നാഥന്മാരുടെ നാഥൻ'' എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ഹെബ്രായ ഭാഷയുടെ പ്രത്യേകതകളാണ്. മഹത്തരം, അത്യുന്നതൻ മുതലായ 'അത്യുത്തമപദ'ത്തെ സൂചിപ്പിക്കുന്ന വിശേഷണം (Superlative) ഇല്ലാത്തതിനാലാണ് ഈ പ്രയോഗങ്ങൾ ഉപയോഗിക്കുന്നത്. അതല്ലാതെ പല ദൈവങ്ങളും പല നാഥന്മാരും ഉള്ളതിൽ ഏറ്റം ഉന്നതനാണ് കർത്താവ് എന്ന് ഇത് അർത്ഥമാക്കുന്നില്ല.

കർത്താവിന്റെ മാർഗ്ഗത്തിൽ ചരിക്കുക എന്നാൽ അവിടുത്തെ പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കുക എന്നാണ് അർത്ഥമാക്കുക, കർത്താവിനെ സേവിക്കുക എന്നാൽ അവിടുത്തെ ആരാധിക്കുക എന്നും. എന്നാൽ ഏതാനും ചില കർമ്മാനുഷ്ഠാനങ്ങളിൽ ഒതുങ്ങി നില്ക്കുന്നതല്ല ഈ ആരാധന. അവിടുത്തെ കല്പനകൾ അനുസരിച്ചു ജീവിക്കുമ്പോൾ വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതം മുഴുവൻ ആരാധനയായി മാറുന്നു. ഭയന്ന് അകന്നു നില്ക്കുകയല്ല, സ്നേഹത്തോടെ കർത്താവിനോടു ചേർന്നു നില്ക്കുകയാണ് വേ

തെന്ന് ''സ്നേഹിക്കുക'' എന്ന കല്പനയിൽ നിർദ്ദേശിക്കുന്നു. അങ്ങനെ ഇവിടെ കല്പിക്കുന്ന അഞ്ചുകാര്യങ്ങളും പരസ്പരം വിശദീകരിക്കുകയും പൂരിപ്പിക്കുകയും ചെയ്യുന്നു.

സർവ്വശക്തനായ ദൈവം തങ്ങളെ സ്നേഹിക്കുകയും സ്വന്തം ജനമായി തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു എന്ന അവബോധം അവിടുത്തോടു നന്ദിയും വിധേയത്വവും പുലർത്താൻ ജനത്തെ പ്രേരിപ്പിക്കണം. മനുഷ്യന്റെ സകല വിചാരങ്ങളെയും പ്രവൃത്തികളെയും നിയന്ത്രിക്കുന്ന ഹൃദയത്തിന്റെ ഭാവത്തിനാണ് കല്പനകൾ ഊന്നൽ നല്കുന്നത്. ''ഹൃദയം തുറക്കുവിൻ'' (10, 16) എന്ന ആഹ്വാനം ഇതു കൂടുതൽ വ്യക്തമാക്കുന്നു. ''ഹൃദയപരിഛേദനം സ്വീകരിക്കുവിൻ'' എന്നാണ് ഹീബ്രുമൂലം. ദുഃശാഠ്യക്കാരായിരിക്കുന്നതിന്റെ വിപരീതമാണിത്. കർത്താവിന്റെ കല്പനകൾ സ്വീകരിക്കാനും അതിനു പൂർണ്ണമായി കീഴ് വഴങ്ങാനുമുള്ള സന്നദ്ധതയെ സൂചിപ്പിക്കു മാത്രമല്ല, ശരീരത്തിൽ നടത്തുന്ന പരിഛേദന കർമ്മത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കുകയും ചെയ്യുന്നതാണ് ഈ ആഹ്വാനം (ജറെ 4, 4; അപ്പ 7, 51; റോമാ 2, 25-29; 1 കോറി 7, 15; ഗലാ 6, 15; ഫിലി 3, 3; കൊളോ 2, 11).

സമൂഹത്തിലെ ഏറ്റം അവശതയനുഭവിക്കുന്നവരാണ് അനാഥരും വിധവകളും പരദേശികളും. സ്വന്തമായി നാടോ സംരക്ഷിക്കാൻ ആളോ ഇല്ലാത്തവരെ സ്വന്തമായി പരിഗണിച്ച് പരിപാലിക്കുകയും സംരക്ഷിക്കുകുയം ചെയ്യുന്നവനാണ് കർത്താവായ ദൈവം. കർത്താവിന്റെ ഈ സ്വഭാവസവിശേഷതയെ പരിഗണിച്ചും തങ്ങൾക്കു ലഭിച്ച സംരക്ഷണത്തെ അനുസ്മരിച്ചും കൊ് ഇസ്രായേല്ക്കാർ അഗതികളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യണം എന്നു തുടർന്നുള്ള കല്പന (10, 18-19) പ്രമാണങ്ങളുടെ സാമൂഹികമാനം വെളിപ്പെടുത്തുന്നു.

അവിടുന്നാണ് നിങ്ങളുടെ അഭിമാനം (10, 21) എന്നു വിവർത്തനം ചെയ്തിരിക്കുന്ന ഹീബ്രുവാക്കുകൾക്ക് ''അവിടുന്നാണ് നിങ്ങളുടെ സ്തുതി'' എന്നാണ് അർത്ഥം. കർത്താവിനെ സ്തുതിക്കാൻ, അവിടുത്തെ മാത്രം സ്തുതിക്കാൻ കടപ്പെട്ടവരാണ് ജനം എന്ന് ഇതിലൂടെ ഊന്നിപ്പറയുന്നു. ഈജിപ്തിലും മരുഭൂമിയിലും വച്ച് കർത്താവ്





അവർക്കുവേി ചെയ്ത അത്ഭുതപ്രവൃത്തികൾ സ്തുതിയുടെ വിഷയമായി എടുത്തുകാട്ടുന്നു.

**വിചിന്തനം :** കർത്താവ് മുഖം നോക്കാത്തവനും കൈക്കൂലി വാങ്ങാത്തവനുമാണ്. മനുഷ്യർ പരസ്പരം കല്പ്പിക്കുന്ന നിലയും വിലയും സ്ഥാനമഹിമകളും കർത്താവ് പരിഗണിക്കുന്നില്ല. ഓരോരുത്തരും അവരവരുടെ പ്രവൃത്തികൾക്കനുസൃതമായാണ് വിധിക്കപ്പെടുക. ദൈവത്തോടുള്ള ഭക്തിയും സ്നേഹവും അവശതയനുഭവിക്കുന്ന സഹോദരങ്ങളെ സ്നേഹിക്കാനും കഴിവിനൊത്ത് അവരുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കാനും പ്രേരിപ്പിക്കണം.

**b. അനുഭവങ്ങൾ അനുസ്മരിക്കുക 11, 1-7 :** കർത്താവിനോടു മറുതലിക്കുന്നവർക്കുായ അനുഭവങ്ങൾ നിർത്തിവച്ചുകൊ് വീും അനുസരണത്തിനു പ്രേരിപ്പിക്കുന്നതാണ് ഈ വാക്യങ്ങൾ. ഇസ്രായേൽ ജനത്തെ വിട്ടയയ്ക്കാൻ വിസമ്മതിച്ച ഫറവോ മാത്രമല്ല, ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ലേവീ ഗോത്രത്തിലെ ചില നേതാക്കന്മാരും, അവിടുത്തെ കല്പനകളെ ചോദ്യം ചെയ്തതിനാൽ ശിക്ഷിക്കപ്പെട്ട സംഭവങ്ങളാണ് (സംഖ്യ 16) ഇവിടെ എടുത്തുകാട്ടുന്നത്. കർത്താവ് മുഖം നോക്കാത്തവനാണ് എന്ന പ്രഖ്യാപനത്തിന്റഎ തെളിവുകളാണിത്. ഈജിപ്തിലും മരുഭൂമിയിലുംവച്ച് കർത്താവു ചെയ്ത വലിയ കാര്യങ്ങൾ നേരിട്ട് കറിഞ്ഞവരോടാണ് താൻ സംസാരിക്കുന്നത് എന്ന് മോശ ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നു (7, 3-7). ശൈശവം മുതലേ കർത്താവിന്റെ പ്രവൃത്തികൾ കാണുകയും അവിടുത്തെ സ്വഭാവം അനുഭവിച്ചറിയുകയും ചെയ്തവർ അവ എന്നും ഓർമ്മയിൽ സജീവമായി കാത്തു സൂക്ഷിക്കണം.

**c. അനുഗ്രഹവും ശാപവും 11, 8-32 :** കർത്താവിന്റെ കല്പനകൾ അനുസരിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങളും ലംഘിച്ചാലുാകുന്ന ശിക്ഷകളും എടുത്തുകാട്ടി ഒരിക്കൽ കൂടി ജനത്തെ അനുസരണത്തിനു പ്രേരിപ്പിച്ചുകൊാണ് രാം പ്രഭാഷണത്തിന്റെ ആദ്യഭാഗം അവസാനിക്കുന്നത്. ര് അനുഗ്രഹങ്ങൾ ഇവിടെ വാഗ്ദാനം ചെയ്യുന്നു. 1. വാഗ്ദത്തഭൂമി സ്വന്തമായി അവിടെ ദീർഘകാലം വസിക്കും (11, 8-9. 23-25). 2. ധാരാളം മഴയും സമൃദ്ധമായ വിളവുകളും ലഭിക്കും

(11, 13-15). കല്പനകൾ ലംഘിച്ചാൽ വാഗ്ദത്തഭൂമി നഷ്ടപ്പെടും, വരൾച്ചയും വറുതിയും ഉാകും (11, 16-17).

11, 10-12ൽ ഈജിപ്തുമായി താരതമ്യം ചെയ്തുകൊ് വാഗ്ദത്തഭൂമിയുടെ മേന്മ എടുത്തുകാട്ടുന്നു. നൈൽ നദിയിലെ ജലമാണ് ഈജിപ്തിനെ ഫലഭൂയിഷ്ടമാക്കിയിരുന്നത്. "ക്ലേശിച്ചു നനയ്ക്കേ1യിരുന്നു" (11, 10) എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കുകൾക്ക് "കാലുകൊ് നനയ്ക്കേിയിരുന്നു" എന്നാണ് അർത്ഥം. നദിയിൽ നിന്നു തൊട്ടികളിൽ വെള്ളം കോരിക്കൊുവന്നു നനച്ചിരുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത് എന്നു കരുതുന്നവരു്. ഇതിനായി ഏറെ സമയം നടക്കേിയിരുന്നതിനാലാവാം "കാലുകൊ് നനയ്ക്കുക" എന്നു പറയുന്നത്. കാലുകൊ് പ്രവർത്തിപ്പിക്കുന്ന യന്ത്രം (ചക്രം) ഉപയോഗിച്ചു ജലസേചനം നടത്തിയിരുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത് എന്ന് മറ്റു ചില വ്യാഖ്യാതാക്കൾ കരുതുന്നു. ഏതു വിശദീകരണം സ്വീകരിച്ചാലും ഒരു കാര്യം വ്യക്തമാണ്. എന്നും ലഭിക്കുന്ന നദീജലവും മനുഷ്യപ്രയത്നവുമാണ് ഈജിപ്തിൽ ഫലപുഷ്ടി നല്കിയിരുന്നത്. എന്നാൽ കാനാൻ ദേശത്തിന്റഎ ഫലപുഷ്ടി ദൈവം ആകാശത്തുനിന്നു പൊഴിക്കുന്ന മഴയെ ആശ്രയിച്ചിരിക്കുന്നു. കർത്താവിന്റെ പരിപാലനയ്ക്കും മനുഷ്യന്റെ ആശ്രയത്വത്തിനും ഊന്നൽ നല്കുന്നതാണ് കാനാൻദേശത്തെക്കുറിച്ച് 11, 11-12ൽ നല്കുന്ന വിശദീകരണം.

മഴയും ഫലസമൃദ്ധിയും നല്കുന്നത് കർത്താവാണ്, കാനാൻകാർ ഫലപുഷ്ടിയുടെ ദൈവമായി ആരാധിച്ചിരുന്ന ബാൽ അല്ല എന്ന് 11, 13-17ൽ ഊന്നിപ്പറയുന്നു. കർത്താവിനെ സ്നേഹിക്കുകയും അവിടുത്തെ മാത്രം ആരാധിക്കുകയും ചെയ്താലേ ദേശം ഫലസമൃദ്ധമാവുകയുള്ളു. കാനാൻകാരെ അനുകരിച്ച് ബാലിന്റെ പിറകെ പോയാൽ കർത്താവിന്റഎ കഠിനമായ ശിക്ഷയുാകും. മഴ പെയ്യില്ല; ഭൂമി വിളവു നല്കില്ല; ജനം പട്ടിണികൊ് ചത്തൊടുങ്ങും. പ്രമാണങ്ങൾ അനുസരിക്കാനും അവയെക്കുറിച്ച് നിരന്തരം അനുസ്മരിക്കാനുമുള്ള നിർദ്ദേശങ്ങൾ (11, 18-20) 6, 6-9ൽ നാം കു കഴിഞ്ഞു.

അനുഗ്രഹവും ശാപവും മുന്നിൽ വച്ചിട്ട് തിരഞ്ഞെടുക്കാൻ





ജനത്തെ മോശ ശക്തമായി ◌ുദ്ബോധിപ്പിക്കുന്നു (11, 26-28) 27, 11-28, 68; 30, 15-20ൽ അനുഗ്രഹങ്ങളും ശാപങ്ങളും തിരഞ്ഞെടുപ്പിനുള്ള ആഹ്വാനവും കൂടുതൽ വിശദമായി അവതരിപ്പിക്കുന്നു്. തിരഞ്ഞെടുക്കാൻ ജനത്തിനു സ്വാതന്ത്ര്യമുങ്കെിലും കർത്താവിന്റഎ കല്പനകൾ അനുസരിച്ചുകൊ് അവർ അനുഗ്രഹം തിരഞ്ഞെടുക്കണം എന്നതാണ് മോശയുടെ തീവ്രമായ അഭിലാഷം (11, 31-32).

"നിങ്ങൾക്ക് അജ്ഞാതരായ ദേവന്മാർ" (11, 28) എന്ന പ്രയോഗം കർത്താവുമായുള്ള ജനത്തിന്റെ ബന്ധത്തിന്റെ പ്രത്യേകതയിലേക്കാണ് വിരൽ ചൂുന്നത്. ഈജിപ്തിലെ വിമോചനം മുതൽ അനേകം സംഭവങ്ങളിലൂടെ അവർ അടുത്തറിഞ്ഞ ദൈവമാണ് കർത്താവ്. എന്നാൽ മറ്റു ജനതകൾ ആരാധിക്കുന്ന ദൈവങ്ങളെ അവർ അറിഞ്ഞിട്ടില്ല; അവർക്ക് അറിയാൻ കഴിയുകയുമില്ല. കാരണം അവ ദൈവങ്ങളല്ല, മനുഷ്യന്റെ ഭാവനാ സൃഷ്ടികൾ മാത്രമാണ്.

ഗെരിസിം മലയിൽ അനുഗ്രഹവും ഏബാൽ മലയിൽ ശാപവും സ്ഥാപിക്കണം എന്ന കല്പന (11, 29) അനുഗ്രഹിക്കാനായി ആറു ഗോത്രങ്ങൾ ഗെരിസിം മലയിലും ശപിക്കാനായി ആറു ഗോത്രങ്ങൾ ഏബാൽ മലയിലും നില്ക്കണം എന്ന് 27, 11-13ൽ വിശദീകരിച്ചിട്ടു്. ബലിപീഠം നിർമ്മിക്കുകയും മോശയുടെ വാക്കുകൾ കല്ലിൽ കൊത്തിവയ്ക്കുകയും ചെയ്തുകൊ് ജോഷ്വാ ഈ കല്പന നിറവേറ്റി (ജോഷ്വാ 8, 30-35). കാനാൻ ദേശത്തിന്റെ മധ്യഭാഗത്താണ് ഗെരിസിം ഏബാൽ മലകൾ സ്ഥിചെയ്യുന്നത്. ഏകദേശം ആയിരം മീറ്റർ ഉയരമുള്ള ഈ രു മലകൾ അടുത്തടുത്തായി മുഖാഭിമുഖം എന്നോണം നിലകൊള്ളുന്നു. ഇതുകൊാക്കെ ആയിരിക്കണം ജനത്തെ മുഴുവൻ സ്പർശിക്കുന്ന അനുഗ്രഹവും ശാപവും അവിടെ വച്ച് ഉദ്ഘോഷിക്കണം എന്നു കല്പിച്ചിരിക്കുന്നത്.

ജോർദ്ദാൻ കടന്നുചെന്ന് ദേശം കൈവശപ്പെടുത്തി വസിക്കുവിൻ, കർത്താവിന്റെ കല്പന അനുസരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുവിൻ (11, 31-32) എന്ന ആഹ്വാനം മോശയുടെ പ്രഭാഷണത്തിന്റെ അവസാനമാണെന്നു തോന്നാം. എന്നാൽ ഇതും തുടർന്നുവരുന്ന സുദീർഘമായ നിയമാവലിക്കുള്ള ഒരു ആമുഖം മാത്രമാണ്. ഇതുവരെ പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ കർത്താവിന്റെ നിയമങ്ങൾ

അനുസരിക്കേതിന്റെ ആവശ്യകതയെ ജനഹൃദയത്തിൽ ആഞ്ഞു തറയ്ക്കാൻ വേിയുള്ളവയത്രെ.

**വിചിന്തനം** : വ്യക്തവും ശക്തവുമായ ഭാഷയിൽ വരുംവരായ്കകളെ വിശദമാക്കിക്കൊ്, പ്രമാണങ്ങൾ അവതരിപ്പിക്കുകയും അനുസരിക്കാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുമ്പോഴും ദൈവം മനുഷ്യന്റെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. നിർബന്ധത്തിനു വഴങ്ങിയോ മറ്റു മാർഗ്ഗമില്ലാത്തതിനാലോ അല്ല, നന്ദിയാലും സ്നേഹത്താലും പ്രേരിതമായിട്ടായിരിക്കണം കർത്താവിന്റെ പ്രമാണങ്ങൾ അനുസരിക്കുന്നത്. പഴയ നിയമത്തിലും പുതിയനിയമത്തിലും ഈ സത്യം ഊന്നിപ്പറയുന്നു്. 'ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല... സ്നേഹിതന്മാരെന്നു വിളിച്ചു' (യോഹ 15, 15) എന്നു പറഞ്ഞുകൊ് സ്നേഹത്തിന്റെ പുതിയ പ്രമാണം നല്കിയപ്പോൾ ഈ സത്യത്തിലേക്കാണ് യേശു ശ്രദ്ധ തിരിച്ചത്. അടിമയുടെ സേവനമല്ല, സ്നേഹിതന്റെ വിശ്വസ്തതയാണ് ദൈവം ഓരോ വ്യക്തിയിൽ നിന്നും പ്രതീക്ഷിക്കുന്നത്.

### ചോദ്യങ്ങൾ

1. "ഇന്ന്" എന്ന പദം ഈ ഭാഗത്ത് എത്ര തവണ ഉപയോഗിച്ചിട്ടു്? എന്താണ് ഈ പ്രമേയത്തിന്റെ പ്രാധാന്യം?
2. എന്താണ് ഏറ്റം പ്രധാനപ്പെട്ട കല്പന?
3. പുറപ്പാട്, നിയമാവർത്തന പുസ്തകങ്ങളിൽ കാണുന്ന പത്തു പ്രമാണങ്ങളുടെ പട്ടികകൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ? എന്താണ് ഈ വ്യത്യാസങ്ങളുടെ കാരണം?
4. പത്തു പ്രമാണങ്ങളും ഇതര നിയമങ്ങളും തമ്മിലുള്ള ബന്ധവും വ്യത്യാസവും വിശദീകരിക്കുക.
5. ഇസ്രായേല്ക്കാർ മറ്റു ജനതകളോട് എന്തു നിലപാട് സ്വീകരിക്കണം എന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്? എന്താണിതിന്റെ ലക്ഷ്യം?
6. കാനാൻദേശത്തു വാസമുറപ്പിക്കുന്ന ഇസ്രായേൽജനം നേരിടേിവരുന്ന പ്രലോഭനങ്ങളെക്കുറിച്ച് 7-9 അധ്യായങ്ങളിൽ പ്രതിപാദിക്കുന്നു്. എന്തൊക്കെയാണ് ഈ പ്രലോഭനങ്ങൾ?





7. മരുഭൂമിയിലെ നാല്പതു വർഷത്തിൽ നിന്നു ലഭിച്ച നാലു പാഠങ്ങൾ ഏവ?
8. ഹോറെബു മുതൽ മൊവാബു വരെയുള്ള ഇസ്രായേൽ ചരിത്രം അവിശ്വസ്തതയുടെ ചരിത്രമാണ്. വിശദീകരിക്കുക.
9. കർത്താവ് എന്താണ് ജനത്തിൽ നിന്നാവശ്യപ്പെടുന്നത്? 5-11 അധ്യായങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ അക്കമിട്ട് ചുരുക്കി എഴുതുക.
10. പരദേശികളെ സ്നേഹിക്കുക എന്ന കല്പനയ്ക്ക് രു കാരണങ്ങൾ എടുത്തു കാട്ടിയിരിക്കുന്നു. ഏവ?
11. ദേശത്തിന്റെ ഫലപുഷ്ടിയെ സംബന്ധിച്ച് ഈജിപ്തും കാനാൻദേശവും തമ്മിലുള്ള വ്യത്യാസം എന്ത്? എന്തു സന്ദേശമാണ് ഇതിൽനിന്നു ലഭിക്കുന്നത്?
12. ഉടമ്പടി പാലിച്ചാൽ ലഭിക്കുന്ന അനുഗ്രഹവും ലംഘിച്ചാലുാകുന്ന ശിക്ഷയും ഏവ?

**ചർച്ചയ്ക്ക്** :

1. മോശ ഇന്നു നമ്മോടു സംസാരിക്കുകയാണെങ്കിൽ കർത്താവു ചെയ്ത എന്തെല്ലാം കാര്യങ്ങളായിരിക്കും നമ്മെ അനുസ്മരിപ്പിക്കുക?
2. കർത്താവിനെ സ്നേഹിക്കുക, പരദേശിയെ സ്നേഹിക്കുക എന്നീ കല്പനകൾ വഴി കർത്താവ് എന്താണ് നമ്മോട് ആവശ്യപ്പെടുന്നത്?

**പ്രാർത്ഥന** : സങ്കീർത്തനം 119, 55-68 ഉപയോഗിച്ചു പ്രാർത്ഥിക്കു

# III നിയമസംഹിത

## 12, 1–26, 19

ഇസ്രായേൽ ജനത്തിന്റെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങൾ സുദീർഘമായ ഉപദേശങ്ങളിലൂടെ അടവരയിട്ടുറപ്പിച്ചതിനു ശേഷം അവർ അനുവർത്തിക്കേ നിയമങ്ങൾ വിശദമായി അവതരിപ്പിക്കുന്നു. ഈ അധ്യായങ്ങൾ നിയമാവർത്തന പുസ്തകത്തിന്റെ കേന്ദ്രമാണ് ബൈബിൾ വ്യാഖ്യാതാക്കൾ ഈ ഭാഗത്തെ "നിയമാവർത്തന നിയമസംഹിത" (Deuteronomic Code) എന്നു വിളിക്കാറു്. ഇവിടെ അവതരിപ്പിക്കുന്ന നിയമങ്ങളിൽ അധികപങ്കും ഇതിനു മുമ്പുള്ള മറ്റു ബൈബിൾ ഗ്രന്ഥങ്ങളിൽ കതാണ്. "ഉടമ്പടിയുടെ പുസ്തകം" എന്നപേരിൽ അറിയപ്പെടുന്ന പുറ 20, 12–23, 33ൽ (ബൈ. തീ. 5, 6 – പേജ് 108–111) വിവരിച്ചിരിക്കുന്ന നിയമങ്ങൾ, ലേവ്യർ പുസ്തകത്തിലെ നിയമങ്ങൾ എന്നിവയോട് ഇവയ്ക്ക് അടുത്ത ബന്ധമു്.

ബി. സി. രാം സഹസ്രാബ്ദത്തിൽ മധ്യപൗരസ്ത്യദേശത്തു നിലവിലിരുന്ന നിയമങ്ങളോട് ഇവയിൽ പലതിനും സാമ്യം കാണാം. പ്രത്യേകിച്ച് ര് നിയമസംഹിതകളോടാണ് ഏറ്റം കൂടുതൽ അടുപ്പമുള്ളത്. 1. ഹമ്മുരബിയുടെ നിയമസംഹിത (Code of Hammurabi) ബി.സി. 1728–1686 ബാബിലോൺ ഭരിച്ച ഹമ്മുരബി തന്റെ ഭരണത്തിന്റഎ രാംവർഷം പുറപ്പെടുവിച്ച നിയമസംഹിതയാണിത്. സുദീർഘമായ ഉപക്രമത്തിനും ഉപസംഹാരത്തിനും മദ്ധ്യേ 282 നിയമങ്ങൾ ഉൾക്കൊള്ളുന്ന ഈ നിയമസംഹിത കൊത്തിയ ശിലാസ്തൂപം ഇന്ന് പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. 2. അസ്സീറിയൻ നിയമസംഹിത (Middle Assyrian laws) ബി.സി. 15–ാം നൂറ്റാിൽ പ്രചാരത്തിൽ വന്ന ഈ നിയമസംഹിത പതിനഞ്ചു കളിമൺ ഫലകങ്ങളിലായി ലഭിച്ചിട്ടു്. അസീറിയാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന അസൂർ നഗരത്തിന്റെ നഷ്ടവശിഷ്ടങ്ങൾക്കിടയിൽ നിന്നു ജർമ്മൻ പുരാവസ്തുഗവേഷകരാണ് 1914ൽ ഇവ കത്തിയത്. പല ഫലകങ്ങളും പൊട്ടി അക്ഷരങ്ങൾ നഷ്ടപ്പെട്ടിട്ടു്. ആകെ 112 നിയമങ്ങളാണ് ഗവേഷകന്മാർക്ക് ഈ സംഹിതയിൽ നിന്നു





മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ രു നിയമസംഹിതകളും Ancient Near Eastern Texts - ANET (Ed. by Pritchard, Princerton, New Jersey 1969 PP. 163-197) എന്ന ഗ്രന്ഥത്തിൽ കൊടുത്തിട്ടു്.

മറ്റു നിയമസംഹിതകളുമായി സാമ്യമുങ്കെിലും ഇവിടെ നിയമങ്ങൾ അവതരിപ്പിക്കുമ്പോൾ നല്കിയിർകകുന്ന ഊന്നലുകളിൽ മൂന്നു പ്രത്യേകതകൾ കാണാം. 1. ദിദ്രരോടുള്ള പ്രത്യേക പരിഗണന. 2. ബാഹ്യാനുഷ്ഠാനങ്ങളേക്കാൾ മനോഭാവത്തിനും, കർത്തവ്യനിർവ്വഹണം എന്നതിനേക്കാൾ മനുഷ്യന്റഎ സന്തോഷത്തിനും നല്കുന്ന പ്രാധാന്യം. 3. അനുസരണവും വാഗ്ദത്തഭൂമിയിലെ വാസവും തമ്മിലുള്ള അഭേദ്യബന്ധം. നിയമസംഹിത എന്ന പേരിൽ അറിയപ്പെടുന്നുങ്കെിലും നിയമങ്ങളുടെ ഒരു പട്ടിക മാത്രമല്ല ഈ ഭാഗത്തുള്ളത്. നിയമാവർത്തന പുസ്തകത്തിൽ പൊതുവെ കാണുന്ന ഉപദേശകന്റെ ശൈലി ഇവിടെയും ദൃശ്യമാണ്. നിയമങ്ങളുടെ അർത്ഥവും ലക്ഷ്യവും വിശദീകരിച്ചുകൊ് അനുസരണത്തിനു പ്രേരിപ്പിക്കുന്ന ഉപദേശങ്ങൾ നിയമങ്ങളോടൊപ്പം പലപ്പോഴും ചേർത്തിട്ടു്. ഇസ്രായേൽ ജനം അനുസരിക്കേ മുഴുവൻ നിയമങ്ങളുടെയും ഒരു സമാഹാരമല്ല ഇത്. ഇസ്രായേലിന്റെ തനിമ പ്രകടമാക്കാനും കാത്തു പാലിക്കാനും സഹായിക്കുന്ന മൂല്യങ്ങളാണ് മുഖ്യമായും ഇവിടെ അവതരിപ്പിക്കുന്നത്.

ദൈവത്തിന്റെ സ്നേഹം പ്രത്യേകമാം വിധം അനുഭവിച്ചറിയുകയും അവിടുത്തെ സ്വന്തം ജനമായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തവർ ആ സ്നേഹത്തിലും പദവിയിലും തുടരാൻ അവശ്യം കാത്തു പാലിക്കേ മനോഭാവവും പ്രവർത്തനശൈലിയും എന്തെന്ന് മനസ്സിലാക്കാൻ സഹായിക്കുന്ന ഉദാഹരണങ്ങളായി ഈ സംഹിതയെ കണക്കാക്കാം. വ്യത്യസ്ത സാഹചര്യങ്ങളിലും കാലഘട്ടങ്ങളിലും രൂപം പ്രാപിച്ച നിയമങ്ങൾ ഈ സംഹിതയിലു്. എന്നാൽ അവയെല്ലാം മേൽ വിവരിച്ച അടിസ്ഥാന മനോഭാവത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിച്ചു കൊാണ് ഇവിടെ അവതരിപ്പിക്കുന്നത്.

എന്തു ക്രമത്തിലാണ് ഈ സംഹിതയിൽ നിയമങ്ങൾ സമാഹരിച്ചിരിക്കുന്നത് എന്നു വ്യക്തമല്ല. പരസ്പര ബന്ധമുള്ള നിയമങ്ങൾ

ഒരുമിച്ച് അവതരിപ്പിക്കാൻ ഗ്രന്ഥകർത്താവ് ശ്രദ്ധിച്ചതായി കാണുന്നില്ല. അതിനാൽ ഏതെങ്കിലും ശീർഷകങ്ങളിൽ ഒരുമിച്ചു ചേർത്ത് നിയമങ്ങളെ വിശദീകരിക്കുക എളുപ്പമല്ല. എന്നാലും പഠനസൗകര്യത്തിനായി ഈ സംഹിതയെ മൂന്നായി തിരിക്കാം. 1. ആരാധനയെ സംബന്ധിച്ച നിയമങ്ങൾ (12, 1-16, 17) 2. നേതാക്കന്മാർ (16, 18-21, 9) 3. വിവിധ നിയമങ്ങൾ (21, 10-26, 19) വാഗ്ദത്തഭൂമിയിൽ പാലിക്കേ നിയമങ്ങളാണ് ഇവ എന്ന ആമുഖത്തോടെ (12, 1) ആരംഭിക്കുന്ന നിയമസംഹിത അനുസരണത്തിനുള്ള അഹ്വാനത്തോടെ (26, 16-19) സമാപിക്കുന്നു.

## 1. ആരാധനയെ സംബന്ധിച്ച നിയമങ്ങൾ 12, 1-16, 17

ദൈവാരാധനയെ സംബന്ധിച്ച നിയമങ്ങളാണ് സംഹിതയുടെ ആദ്യഭാഗത്തു നല്കിയിരിക്കുന്നത്. രക്ഷാചരിത്രത്തെ അനുസ്മരിച്ചുകൊ് ആദ്യഫലങ്ങൾ കാഴ്ചവയ്ക്കാൻ നിയമസംഹിതയുടെ അവസാനത്തിൽ (26, 1-15) ആവശ്യപ്പെട്ടിരിക്കുന്നു. കർത്താവായ ദൈവമാണ് ഇസ്രായേലിന്റഎ അധിപനും ഭരണാധികാരിയും അവിടുത്തെ തിരുഹിതമാണ് ജനത്തിന്റെ ജീവിതത്തിനു മാനദണ്ഡം. ഇസ്രായേലിന്റെ അധികാരസംവിധാനങ്ങളും സമൂഹത്തിന്റെ തന്നെ നിലനില്പും അവിടുത്തെ ആശ്രയിച്ചിരിക്കുന്നു. കർത്താവിനു ശുശ്രൂഷ ചെയ്യുക എന്നതാണ് അവരുടെ മുഖ്യധർമ്മം. ഈ അടിസ്ഥാനവിശ്വാസത്തിന്റെ പശ്ചാത്തലത്തിലാണ് മറ്റു നിയമങ്ങളെല്ലാം മനസ്സിലാക്കേത് എന്ന് ആരാധനയെ സംബന്ധിച്ച നിയമങ്ങൾസംഹിതയുടെ ആരംഭത്തിലും അവസാനത്തിലും നല്കുന്നതിലൂടെ പഠിപ്പിക്കുന്നു. ദൈവാരാധനയ്ക്കുള്ള സ്ഥലത്തെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ട് നിയമസംഹിത ആരംഭിക്കുന്നത്. തുടർന്ന് കർത്താവിനോടുള്ള അവിശ്വസ്തതയ്ക്കെതിരെ പാലിക്കേ ജാഗ്രത, ഭക്ഷണത്തിൽ പാലിക്കേ വിശുദ്ധി, ദശാംശം, തിരുനാളാഘോഷങ്ങൾ എന്നിവയെ സംബന്ധിച്ച നിയമങ്ങൾ അവതരിപ്പിക്കുന്നു.

### ആരാധനസ്ഥലം 12, 1-28

വാഗ്ദത്തഭൂമിയിൽ അനുവർത്തിക്കേ നിയമങ്ങൾ ഇവയാണ് എന്ന ആമുഖവാക്യം (12, 1) നിയമാവർത്തന പുസ്തകത്തിലെ പുതി





യൊരു ഭാഗത്തിന്റെ തുടക്കം കുറിക്കുന്നു. കർത്താവിന് ആരാധനയർപ്പിക്കേ സ്ഥലം ഏത് എന്നതാണ് ഈ അധ്യായത്തിലെ മുഖ്യ പ്രതിപാദ്യം. കാനാൻകാർ മലമുകളിലും മരച്ചുവട്ടിലും ബലിപീഠങ്ങൾ നിർമ്മിക്കുകയും വിഗ്രഹങ്ങൾ സ്ഥാപിച്ച് ആരാധനയർപ്പിക്കുകയും ചെയ്തിരുന്നു. മൃഗബലി മാത്രമല്ല, ലൈംഗിക വൈകൃതങ്ങളും നരബലിയും പലപ്പോഴും ഈ ആരാധനയുടെ ഭാഗമായിരുന്നു (12, 31). ഇപ്രകാരമുള്ള ആരാധനാ രീതികളിലേക്ക് ഇസ്രായേലിക്കാരും പലപ്പോഴും വഴുതി വീണിരുന്നു (1 രാജാ 14, 23; 2 രാജാ 17, 10; ഏശ 57, 5; ജറെ 2, 20; 3, 6. 13). ഈ അപകടത്തെ ഒഴിവാക്കാൻ വേിയാണ് കാനാൻകാരുടെ ബലിപീഠങ്ങളെയും വിഗ്രഹങ്ങളെയും നശിപ്പിക്കാൻ ആദ്യമേ ആവശ്യപ്പെട്ടിരിക്കുന്നത് (12, 2-3). ഈ കല്പന പല തവണ നാം കുകഴിഞ്ഞതാണ് (പുറ 34, 13; നിയ 7, 5. 25-26).

ഇസ്രായേല്ക്കാർ അനേകം സ്ഥലങ്ങളിൽ ദൈവാലയങ്ങൾ നിർമ്മിച്ച് കർത്താവിന് ആരാധനയർപ്പിച്ചിരുന്നു. ഉടമ്പടിയുടെ പേടകം സ്ഥിതിചെയ്തിരുന്ന സ്ഥലത്തിന് ഇവയിൽ പ്രാമുഖ്യമുായിരുന്നു. എന്നാൽ പേടകം പലപ്പോഴും സ്ഥലംമാറുകയുായി. പേടകം മറ്റൊരു സ്ഥലത്തേക്കു മാറിയപ്പോഴും പഴയ സ്ഥലത്തിന് പ്രാധാന്യം നഷ്ടപ്പെട്ടിരുന്നില്ല. ഗിൽഗാൽ, ബെഥേൽ, റാമാ, ഷീലോ മുതലായവ ഇസ്രായേലിന്റഎ മുഖ്യ ആരാധനാകേന്ദ്രങ്ങളായിരുന്നു. ദാവീദു രാജാവ് ജറുസെലെം കീഴടക്കി, ഉടമ്പടിയുടെ പേകടം അങ്ങോട്ടു മാറ്റുകയും സോളമൻ ദേവാലയം പണിയിച്ച് പേടകം പ്രതിഷ്ഠിക്കുകയും ചെയ്തതോടെ ജറുസലെം ഇസ്രായേലിന്റെ മുഖ്യ ദേവാലയവും ആരാധനാ കേന്ദ്രവുമായി. എന്നാൽ മറ്റ് ആരാധനാസ്ഥലങ്ങളും സജീവമായി നിലനിന്നു. രാജ്യം വിഭജിക്കപ്പെട്ടതിനുശേഷം വടക്കൻ രാജ്യമായ ഇസ്രായേലിൽ കൂടുതൽ ആരാധനാലയങ്ങൾ നിലവിൽ വന്നു. അവിടങ്ങളിലൊക്കെ നടന്ന ആരാധനയിൽ വിജാതീയരുടെ ആരാധനക്രമം സ്വാധീനം ചെലുത്തി. ഇസ്രായേലിന്റെ ദൈവമായ യാഹ്വേയും കാനാൻകാർ ആരാധിച്ചിരുന്ന ബാൽദേവനും തമ്മിലുള്ള വ്യത്യാസം ജനഹൃദയങ്ങളിൽ നിന്നു തേഞ്ഞുമാഞ്ഞുപോകാൻ ഇതു കാരണമായി.

ഈ പശ്ചാത്തലത്തിൽ വേണം തോന്നുന്നിടത്തൊക്കെ ബലി

യർപ്പിക്കരുത്, കർത്താവു നിശ്ചയിക്കുന്ന സ്ഥലത്ത് മാത്രമേ ബലിയർപ്പിക്കാവൂ എന്ന നിയമാവർത്തനപുസ്തകത്തിലെ കല്പന മനസ്സിലാക്കാൻ. ബലിയർപ്പിക്കാൻ നിശ്ചയിച്ചിരുന്ന സ്ഥലം അന്വേഷിച്ചറിഞ്ഞ് അങ്ങോട്ടു പോകണം എന്ന് 12, 5ൽ നിർദ്ദേശിച്ചിരിക്കുന്നു. ആ സ്ഥലത്തിന്റെ രു പ്രത്യേകതകൾ ഇവിടെ എടുത്തുകാട്ടിയിട്ടു്. 1. കർത്താവു തിരഞ്ഞെടുക്കുന്ന സ്ഥലമാണിത്. 2. അവിടെ കർത്താവ് തന്റെ നാമം സ്ഥാപിക്കും (12, 5. 11. 14. 21. 26).

'കർത്താവു തന്റെ നാമം സ്ഥാപിക്കാനും തനിക്കു വസിക്കാനുമായി തിരഞ്ഞെടുക്കുന്ന സ്ഥലം' (12, 5) എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കുകളുടെ അർത്ഥം 'തന്റെ നാമം സ്ഥാപിച്ച് വസിക്കാനായി തിരഞ്ഞെടുക്കുന്ന സ്ഥലം' എന്നാണ്. കർത്താവിന്റെ വാസസ്ഥലം സ്വർഗ്ഗമാണെന്ന് നിയ 4, 36; 26, 15ൽ പ്രസ്താവിക്കുന്നു്. സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവം ഭൂമിയിൽ ഒരു പ്രത്യേക സ്ഥലത്ത് തന്റെ നാമം സ്ഥാപിക്കുന്നു, അഥവാ തന്റെ നാമം വസിക്കാൻ ഇടയാക്കുന്നു എന്ന കാഴ്ചപ്പാടാണ് ആരാധനാസ്ഥലത്തെക്കുറിച്ചു മേലുദ്ധരിച്ച വാക്യങ്ങളിലെല്ലാം ഉള്ളത്. കർത്താവിന്റെ അതീതത്വവും (Transcendence) സാമീപ്യവും ഒരുപോലെ ഉറപ്പുവരുത്തുന്നതാണ് "നാമം സ്ഥാപിക്കുക" എന്ന പ്രയോഗം. കർത്താവ് ഏതെങ്കിലും ഒരു സ്ഥലത്തോ ആലയത്തിലോ മാത്രം ഒതുങ്ങി നില്ക്കുന്നില്ലെന്നും എന്നാൽ അവിടുന്ന് തിരഞ്ഞെടുക്കുന്ന സ്ഥലത്ത് അവിടുത്തെ സാന്നിധ്യം അനുഭവവേദ്യമാകുമെന്നും ഇതു സൂചിപ്പിക്കുന്നു.

ഏതാണ് ഈ സ്ഥലം എന്ന് നിയമാവർത്തന ഗ്രന്ഥകാരൻ ഇവിടെ പറയുന്നില്ല. എന്നാൽ അതു ജറുസലെം ആണെന്ന് ചരിത്രഗ്രന്ഥങ്ങളിൽ വ്യക്തമാക്കുന്നു് (1 രാജാ 8, 16; 11, 32; 14, 21; 2 രാജാ 21, 4.7). ജറുസലെമിൽ മാത്രം ആരാധന കേന്ദ്രീകരിക്കുകയും മറ്റ് ആരാധനാസ്ഥലങ്ങളും ബലിപീഠങ്ങളുമെല്ലാം നശിപ്പിക്കുകയും ചെയ്തുകൊ് ഏക ആരാധനാ സ്ഥലത്തെക്കുറിച്ചുള്ള ഈ നിയമം ഹെസക്കിയാ (2 രാജാ 18, 22), ജോസിയാ (2 രാജാ 23) എന്നീ രാജാക്കന്മാർ നടപ്പിലാക്കാൻ ശ്രമിച്ചെങ്കിലും പ്രവാസത്തിനു ശേഷമേ അത് വിജയിച്ചുള്ളൂ. ബാബിലോണിൽ നിന്നു മടങ്ങി വന്നവർ ജറുസലെം





ദൈവാലയം പുതുക്കിപ്പണിതു. ദേശത്ത് "സിനഗോഗ്" എന്നറിയപ്പെടുന്ന അനേകം പ്രാർത്ഥനാലയങ്ങൾ ഉായിരുന്നെങ്കിലും ബലിയർപ്പണം ജറുസലെമിൽ മാത്രമേ നടത്തിയിരുന്നുള്ളൂ. ഈ പശ്ചാത്തലത്തിൽ വേണം സമറിയക്കാരിയുടെ ചോദ്യം (യോഹ 4, 20) മനസ്സിലാക്കാൻ. എ. ഡി, 70ൽ റോമാക്കാർ ജറുസലെം ദേവാലയം നശിപ്പിച്ചതോടെ ഇസ്രായേൽക്കാർക്കു ദേവാലയവും മൃഗബലികളും ഇല്ലാതായി.

അർപ്പിക്കേ വിവിധങ്ങളായ ബലികളെക്കുറിച്ച് ലേവ്യർ 1-7ൽ വിശദമായി കു കഴിഞ്ഞു (ബൈ. തീ. 7 പേജ് 11-26). ബലിയർപ്പണത്തെക്കുറിച്ചു നിയമാവർത്തന ഗ്രന്ഥകാരൻ രു കാര്യങ്ങൾ ഊന്നിപ്പറയുന്നു്. 1. കർത്താവു നല്കിയ അനുഗ്രഹങ്ങളെ പ്രതിയുള്ള നന്ദിപ്രകടനമായിരിക്കണം ബലിയർപ്പണം. 2. അത് വലിയ സന്തോഷത്തിന്റെ അവസരമായിരിക്കണം (12, 7. 12.18). ഈ സന്തോഷത്തിൽ ജനം മുഴുവൻ പങ്കു ചേരണം. ദാസന്മാരും ദാസികളും ലേവ്യരും പ്രത്യേകം പരാമർശ വിഷയമാകുന്നു (12, 12.18). സ്വന്തമായി വസ്തുവകകൾ ഇല്ലാത്തവരാണ് അവർ. ഭക്ഷിക്കാൻ വേയും ബലിയർപ്പിക്കാൻ വേയും മൃഗങ്ങളെ കൊല്ലുന്നതു തമ്മിലുള്ള വ്യത്യാസം ഇവിടെ അംഗീകരിക്കുന്നു (12, 15). ആദ്യത്തേത് ഏതു സ്ഥലത്തുവച്ചും ആകാം. എന്നാൽ രാമത്തേത് കർത്താവു തിരഞ്ഞെടുക്കുന്ന സ്ഥലത്തുവെച്ചു മാത്രമേ പാടുള്ളൂ. (12, 15-17. 20-22). രക്തം ജീവനാണ്. അതിനാൽ അതു ഭക്ഷിക്കരുത് എന്ന് പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു.

**വിചിന്തനം :** ഇസ്രായേലിന്റഎ ഏക ആരാധന സ്ഥലമായ ജറുസലെം ദേവാലയം യേശുവിന്റെ ശരീരമായ ആലയത്തിനു വഴിമാറി (യോഹ 2, 21). ഇന്ന് അവിടുത്തെ ഭൗതികശരീരമായ സഭയിലാണ് (എഫേ 1, 23) ആത്മാവിലും സത്യത്തിലുമുള്ള യഥാർത്ഥ ആരാധന (യോഹ 4, 24) അർപ്പിക്കേത്. ആരാധനയും ബലിയർപ്പിക്കലും വെറും ഒരു കടമ നിർവ്വഹിക്കലല്ല, യഥാർത്ഥമായ നന്ദിയുടെയും സന്തോഷത്തിന്റെയും പ്രകടനമാവണം. നമ്മുടെ ബലിയർപ്പണം ഇപ്രകാരമൊരു സന്തോഷത്തിന്റെ അവസരമായി അനുഭവപ്പെടാറുാ? ബലിയർപ്പിച്ച ധാന്യത്തിന്റെയും മാംസത്തിന്റെയും ഓഹരി ബലിയർപ്പ

കൻ മറ്റുള്ളവരുമായി, പ്രത്യേകിച്ച് സ്വന്തമായി ഒന്നും ഇല്ലാത്തവരുമായി, പങ്കുവയ്ക്കാൻ കടപ്പെട്ടിരിക്കുന്നു. ഇന്ന് ബലിയർപ്പണം നമ്മെ പങ്കുവയ്ക്കലിനു പ്രേരിപ്പിക്കുന്നുവോ? ഇല്ലെങ്കിൽ നാം പഴയനിമയത്തിനും പിന്നിലാണ്.

### b. വിശ്വാസത്യാഗത്തിനെതിരേ ജാഗ്രത 12, 29-14, 2

കർത്താവിനോടുള്ള വിശ്വസ്തതയ്ക്കു കോട്ടം വരുത്തുന്ന രുതരം അപകടങ്ങളിലേക്ക് ഈ അധ്യായത്തിൽ ശ്രദ്ധ തിരിക്കുന്നു. അന്യജനതകളുടെ ആരാധനാരീതികളും (12, 29-32) ആചാരങ്ങളും (14, 1-2) അനുകരിക്കാനുള്ള പ്രലോഭനമാണ് ആദ്യത്തെ അപകടം. കർത്താവിൽനിന്നകന്ന്, മറു ദൈവങ്ങളെ ആരാധിക്കാൻ സമൂഹത്തിനുള്ളിൽ നിന്നു തന്നെയുാകാവുന്ന പ്രേരണയാണ് രാമത്തേത് (13, 1-18). അതികഠിനമായ ശിക്ഷ കല്പിച്ചുകൊ് ഈ പ്രലോഭനങ്ങളെ ചെറുത്തു നില്ക്കാൻ ജനത്തെ പ്രേരിപ്പിക്കുന്നു.

#### i. ജനതകളെ അനുകരിക്കരുത് 12, 29-32; 14, 1-2

കാനാൻകാരെ തോല്പിച്ച് അവരുടെ ദേശത്തു വാസമുറപ്പിച്ചു കഴിയുമ്പോൾ അവരുടെ ആരാധനാരീതികൾ അനുകരിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം എന്ന് മോശ ഇസ്രായേൽ ജനത്തെ അനുസ്മരിപ്പിക്കുന്നു. കർത്താവ് വെറുക്കുന്ന മ്ലേച്ഛതകളാണ് ആരാധനയുടെ പേരിൽ അവർ അനുഷ്ഠിച്ചിരുന്നത്. ഉദാഹരണമായി ശിശുബലി പ്രത്യേകം എടുത്തുകാട്ടിയിരിക്കുന്നു. (12, 31). ഇസ്രായേല്ക്കാരും തങ്ങളുടെ ശിശുക്കളെ ബലിയർപ്പിക്കുന്നു എന്നതിന് ബൈബിൾ തന്നെ സാക്ഷ്യം വഹിക്കുന്നു് (2 രാജാ 16, 3; 17, 17; 21, 6; 23, 10). പുരോഹിതന്മാരും പ്രവാചകന്മാരും ഇതിനെതിരെ ശക്തമായി പ്രതികരിച്ചെങ്കിലും (ലേവ്യ 18, 21; ജെറെ 7, 31ച 19, 5ച 32, 35) ഈ ദുരാചാരത്തെ പൂർണ്ണമായി തുടച്ചു നീക്കാൻ കഴിഞ്ഞില്ല. ഈ പശ്ചാത്തലത്തിലാണ് നിയമാവർത്തന ഗ്രന്ഥത്തിലെ കർശനമായ വിലക്ക്.

മരിച്ചവരെപ്രതിയുള്ള വിലാപത്തിന്റെ ഭാഗമായി കാനാൻകാർ അനുവർത്തിച്ചിരുന്ന ര് ആചാരങ്ങൾ പ്രത്യേകം എടുത്തു പറഞ്ഞ് വിലക്കിയിരിക്കുന്നു (14, 1). ശരീരം മുറിപ്പെടുത്തുന്ന പതിവ് ഇന്നും





പല രാജ്യങ്ങളിലും നിലവിലു്. മരിച്ചവരെക്കുറിച്ചു വിലപിക്കുന്നവർ, പ്രത്യേകിച്ചു സ്ത്രീകൾ, കൈവിരലിന്റെ ഒരു ഭാഗം മുറിച്ചു മാറ്റുന്ന പതിവു്. നമ്മുടെ നാട്ടിൽ നിലവിലിരുന്ന 'സതി' മറ്റൊരുദാഹരണമാണല്ലോ. ഇസ്രായേൽ ജനം ഇതര ജനതകളെപ്പോലെയല്ല. അവർ കർത്താവിന്റെ മക്കളാണ്; വിശുദ്ധജനമാണ് എന്ന രു വിശേഷണങ്ങൾ (14, 11-2) അവരുടെ പ്രത്യേകതയെ ഊന്നിപ്പറയുന്നു. ബാഹ്യമായ പെരുമാറ്റത്തിലും ഈ പ്രത്യേകത പ്രകടമാകണം. ശരീരത്തെ മുറിപ്പെടുത്തുന്നതും വികലമാക്കുന്നതും സ്രഷ്ടാവിനോടുള്ള അനാദരവായിട്ടാണ് ഇവിടെ പരിഗണിക്കുന്നത്. തന്നെയുമല്ല, ഇസ്രായേൽ ജനത്തിന്റെ വിശ്വാസത്തനിമയ്ക്ക് അതു വിഘാതമായി നില്ക്കുകയും ചെയ്യുന്നു.

**വിചിന്തനം** : വ്യക്തിയോ സമൂഹമോ ഭീകരമായ വിപത്തുകളിൽ നിന്നു മോചനം നേടാനോ വളരെ പ്രധാനപ്പെട്ട എന്തെങ്കിലും ആഗ്രഹം സാധിക്കാനോ വേിയാണ് കുഞ്ഞുങ്ങളെ ബലിയർപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് സമ്പത്ത് സ്വരുക്കൂട്ടാനും സുഖ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും വേി "മാമോൻ" എന്ന ദേവനു കോടിക്കണക്കിനു ഗർഭസ്ഥശിശുക്കൾ ബലിയർപ്പിക്കപ്പെടുമ്പോൾ നിയമാവർത്തന പുസ്തകത്തിലെ ഈ നിയമം എന്നത്തേക്കാൾ കൂടുതൽ പ്രസക്തമായിരിക്കുന്നു.

പെസഹാ, പന്തക്കുസ്താ, കൂടാരത്തിരുനാൾ മുതലായ ആഘോഷങ്ങൾ ഇസ്രായേൽക്കാർ കാനാൻകാരിൽ നിന്നു കടംകൊു. പക്ഷേ ചതങ്ങളുടെ വിശ്വാസത്തിന് അനുയോജ്യമായ വിധത്തിൽ അവയെ ക്രമീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തുകൊാണ് ഈ തിരുനാളുകൾ അവർ സ്വന്തമാക്കിയത്. കത്തോലിക്കാ വിശ്വാസവുമായി പൊരുത്തപ്പെടാതത ഇതര സംസ്കാരങ്ങളിലെ ആചാരങ്ങൾ സ്വീകരിക്കുന്നത് വിശ്വാസത്തകർച്ചയ്ക്കും ആത്യന്തികമായി വിശ്വാസത്യാഗത്തിനു തന്നെയും കാരണമായിത്തീരും. വളരെ ശ്രദ്ധയോടും വിവേകത്തോടും കൂടെ കൈകാര്യം ചെയ്യേ ഒരു മേഖലയാണ് സാംസ്കാരികാനുരൂപണം. അറിവും അധികാരവുമുള്ളവർ വേണം ഈ മേഖലയിൽ നേതൃത്വം നല്കാൻ.

### ii. വഴി തെറ്റിക്കുന്നവരെ സൂക്ഷിക്കുക 13, 1-18

ഈജിപ്തിൽനിന്നു മോചിപ്പിച്ച് ഉടമ്പടിയിലൂടെ തങ്ങളെ സ്വന്ത മായി സ്വീകരിച്ച കർത്താവിൽനിന്ന് അകന്നുപോകാൻ ഉാകുന്ന പ്രലോഭനങ്ങളെ, അത് ആരിൽനിന്നു വന്നാലും, കർക്കശമായിത്തന്നെ നേരിടണം എന്ന് ഇവിടെ ഉദ്ബോധിപ്പിക്കുന്നു. മൂന്നു സാഹചര്യങ്ങ ളാണ് എടുത്തു പറയുന്നത്.

1. **വ്യാജപ്രവാചകന്മാർ 13, 1-5 :** ജനത്തെ ദൈവവചനം അറിയിക്കു കയും അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യു ന്നവരാണ് പ്രവാചകന്മാർ. ഇസ്രായേലിലെ സമുന്നത നേതാക്കന്മാ രാണ് അവർ. എന്നാൽ വ്യാജപ്രവാചകന്മാർ കടന്നുവന്ന് ജനത്തെ വഴിതെറ്റിക്കാൻ സാധ്യതയുന്നെും അതിനാൽ നിതാന്തജാഗ്രത പാലിക്കണം എന്നും ഇവിടെ നിർദ്ദേശിക്കുന്നു. പക്ഷേ എങ്ങനെ യാണ് വ്യാജപ്രവാചകനെ തിരിച്ചറിയുക?

ഈ പ്രശ്നം നിയ 18, 21-22ൽ ചർച്ച ചെയ്യുന്നു്. ഒരു പ്രവാ ചകൻ പറയുന്ന വാക്കുകൾ നിറവേറുന്നെങ്കിൽ അയാൾ കർത്താവ യച്ച യഥാർത്ഥ പ്രവാചകനാണെന്ന് 18, 22ൽ ഒരു മാനദണ്ഡമായി അവതരിപ്പിക്കുന്നു. അനേകം വ്യാജപ്രവാചകന്മാർക്കെതിരേ സ്വന്തം പ്രവാചകത്വം സ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ ജറെമിയ ഈ മാനദ ണ്ഡത്തെ തിരുത്തിക്കുറിച്ചു. സമാധാനം പ്രവചിക്കുന്നയാൾ യഥാർത്ഥ പ്രവാചകനാണെന്നു തെളിയുന്നത് പ്രവചനത്തിന്റെ പൂർത്തീകരണത്തിലൂടെ മാത്രമാണ്. എന്നാൽ ശിക്ഷ ആസന്നമായി രിക്കുന്നു എന്ന് അറിയിച്ചുകൊ് മാനസാന്തരത്തിനു ക്ഷണിക്കു ന്നയാളിന്റെ പ്രവചനം പൂർത്തിയായില്ലെങ്കിലും അയാൾ യഥാർത്ഥ പാരവാചകനായിരിക്കും (ജറെ 28, 8-9).

ജറെമിയാ അവതരിപ്പിച്ച മാനദണ്ഡം ഇവിടെ കൂടുതൽ വ്യക്ത മാക്കുന്നു. ഭാവി കൃത്യമായി പറയുകയും പ്രവചനങ്ങൾ നിറവേറു കയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്താലും ജനത്തിന്റെ പരമ്പരാഗതമായ വിശ്വാസത്തിനു വിരുദ്ധമായി പഠിപ്പിക്കുന്നുവെങ്കിൽ അയാൾ വ്യാജപ്രവാചകനാണ്. വിമോചകനും ഉടമ്പടിയുടെ കർത്താ വുമായ ദൈവത്തിലേക്കു നയിക്കുന്നോ ഇല്ലയോ എന്നതാണ് പ്രവാ





ചകത്വത്തിന്റെ മാനദണ്ഡം. കർത്താവിനോടുള്ള വിശ്വസ്തതയിൽ നിന്നു ജനത്തെ അകറ്റാൻ പ്രേരിപ്പിക്കുന്നവർ വ്യാജപ്രവാചകന്മാരാ ണ്. ജനത്തിന്റെ വിശ്വാസത്തെയും വിശ്വസ്തതയെയും പരീക്ഷി ക്കാനായി വ്യാജപ്രവാചകന്മാർ പ്രത്യക്ഷപ്പെടാൻ കർത്താവ് അനു വദിക്കും. എന്നാൽ അവരെ അനുഗമിക്കുകയല്ല, കല്ലെറിഞ്ഞു കൊല്ലു കയാണ് വേതെന്ന് നിർദ്ദേശിച്ചിരിക്കുന്നു.

**വിചിന്തനം :** യഥാർത്ഥ പ്രവാചകന്മാരെയും വ്യാജപ്രവാചകന്മാ രെയും വേർതിരിക്കുക എന്നും പ്രയാസമാണ്. മനുഷ്യനായി അവ തരിച്ച ദൈവപുത്രനെ വ്യാജപ്രവാചകൻ എന്നു മുദ്രകുത്തി മരണ ത്തിനു വിധിച്ചപ്പോൾ ഇസ്രായേൽ നേതാക്കന്മാർ ഈ നിയമം നടപ്പി ലാക്കുകയായിരുന്നു. തങ്ങൾക്ക് അപരിചിതമായ പുതിയൊരു വെളി പാട്, ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന ത്രിത്വമാ ണെന്ന സത്യം, സ്വീകരിക്കാൻ അവർക്കു കഴിയാതെപോയി. സഭാ സമൂഹത്തെ ഒന്നടങ്കം മാനസാന്തരത്തിനു ക്ഷണിക്കുന്ന യഥാർത്ഥ പ്രവാചകന്മാരെ തിരിച്ചറിയാതെ പീഡിപ്പിക്കുന്ന സംഭവങ്ങൾ ക്രിസ്തു വിന്റെ സഭയിലും പലപ്പോഴും ഉായിട്ടു്. അതിനാൽ ഒരാളെ പ്രവാചകനായി സ്വീകരിക്കുകയോ വ്യാജപ്രവാചകനെന്നു മുദ്രകു ത്തുകയോ ചെയ്യുന്നതിനു മുമ്പേ അയാളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സന്ദേശവും വ്യക്തമായി പഠിച്ചു വിലയിരുത്തണം.

യേശുക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുകയും ക്രിസ്തു സ്ഥാപിച്ച സഭയെ തള്ളിപ്പറയുകയും ചെയ്യുന്ന വ്യാജപ്രവാചകന്മാർ ഇന്നു ധാരാളമായി രംഗത്തിറങ്ങിയിട്ടു്. അവരെ തിരിച്ചറിയുക പ്രായേണ എളുപ്പമാണ്. എന്നാൽ പ്രവചനങ്ങളുടെയും അത്ഭുത ങ്ങ്ഹളുടെയും അകമ്പടിയോടെ കടന്നുവന്ന്, ക്രിസ്തുവിന്റെ കുരി ശിൽ നിന്നും സഭയുടെ പരമ്പരാഗതമായ പഠനങ്ങളിൽ നിന്നും കൂദാ ശകളിൽ നിന്നും കൂട്ടായ്മയിൽ നിന്നും മതവിശ്വാസികളെ സാവ ധാനം അകറ്റി, സ്വന്തം ഗ്രൂപ്പുകളും സമൂഹങ്ങളും സൃഷ്ടിച്ച് സഭ യിൽത്തന്നെ പിളർപ്പുാക്കുന്നവരെ തിരിച്ചറിയുക അത്ര എളുപ്പമ ല്ല, പ്രത്യേകിച്ചും അവർ വിശുദ്ധിയുടെ പരിവേഷം അണിയുകയും അധികാരം കൈയ്യാളുകയും ചെയ്യുന്നവരാണെങ്കിൽ. അത്ഭുതങ്ങ ളുടെയും അസാധാരണ വരങ്ങളുടെയും ബാഹുല്യമല്ല, യേശുക്രി

സ്തുവിനോടും അവിടുത്തെ സഭയോടുമുള്ള പൂർണ്ണമായ വിധേയ ത്വവും അടിപതറാത്ത വിശ്വസ്തതയുമാണ് യഥാർത്ഥ പ്രവാചകരെ തിരിച്ചറിയാനുള്ള മാനദണ്ഡം. ഭൗതികനേട്ടങ്ങളും രക്ഷയിലേക്കുള്ള കുറുക്കുവഴികളും നിർദ്ദേശിക്കുന്നവരേക്കാൾ കുരിശിന്റെ മാർഗ്ഗം പ്രസംഗിക്കുകയും വ്യക്തികളെയും സമൂഹങ്ങളെയും അടിസ്ഥാന പരമായ മാനസാന്തരത്തിനും സമൂല ജീവിതപരിവർത്തനത്തിനും പ്രേരിപ്പിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ പാരവാചകന്മാരായി രിക്കാൻ കൂടുതൽ സാധ്യതയുള്ളത്.

**2. ഉറ്റവരുടെ പ്രേരണ 13, 6-11 :** വിശ്വാസത്തിൽ ഇടർച്ചയു ാ വുന്ന മറ്റൊരു സാഹചര്യത്തിലേക്ക് അടുത്തതായി ശ്രദ്ധ ക്ഷണി ക്കുന്നു. അടുത്ത ബന്ധുക്കൾ, ഉറ്റ മിത്രങ്ങൾ മുതലായവരാണ് ഇവിടെ പരാമർശവിഷയമാകുന്നത്. കർത്താവിൽ നിന്ന് അകലാൻ പ്രേരിപ്പിക്കുന്നവർ എത്ര തന്നെ അടുത്തവരാണെങ്കിലും, അവരുടെ രഹസ്യോദ്ദേശ്യങ്ങളെ തിരിച്ചറിഞ്ഞ് സമൂഹത്തിനു മുമ്പിൽ വെളി പ്പെടുത്താനും ശിക്ഷാവിധി നടത്താനും മുൻകൈ എടുക്കാൻ ഓരോ വിശ്വാസിക്കും കടമയു്. ജനത്തെ വിശ്വാസത്തിൽ നിന്നു വഴിതെ റ്റിക്കാൻ ആരും തുനിയരുത് എന്നു പഠിപ്പിക്കാൻ വേിയാണ് കഠി നമായ ശിക്ഷ നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള മാതൃകാപര മായ ശിക്ഷയെക്കുറിച്ച് നിയ. 17, 13; 19, 20; 21, 21ൽ വീും പ്രതിപാ ദി ക്കു ന്നു്.

**വിചിന്തനം** : രക്തബന്ധത്തിന്റെയോ സ്നേഹബന്ധത്തിന്റെയോ പേരിൽ കർത്താവിനോടുള്ള വിശ്വസ്തതയ്ക്ക് കോട്ടം തട്ടാൻ അനു വദിക്കരുത് (ലൂക്കാ 14, 26). തങ്ങളുടേതിൽ നിന്നു വ്യത്യസ്തമാ യൊരു വിശ്വാസം വച്ചുപുലർത്തുന്നു എന്ന കാരണത്താൽ ആരെയും കൊല്ലാൻ ആർക്കും അവകാശമില്ല. പക്ഷേ, സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പേരിൽ സ്വന്തം വിശ്വാസം അപകടത്തിലാ കാതിരിക്കാൻ ശ്രദ്ധിക്കണം. അതിനാലാണ് സഭയുടെ വിശ്വാസ ത്തിനു വിരുദ്ധമായി പരസ്യമായി പ്രസംഗിക്കുകയും പ്രവർത്തിക്കു കയും പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നവരെ സഭയുടെ കൂട്ടായ്മയിൽ നിന്നു പുറത്താക്കുന്നത്.

**3. കൂട്ടത്തോടെയുള്ള വിശ്വാസത്യാഗം 13, 12-18** : ഒരു





ഗ്രാമമോ പട്ടണമോ ഒന്നടങ്കം കർത്താവിൽ നി്നകന്ന്, അന്യ ദൈവ ന്മാരെ ആരാധിക്കാൻ തുടങ്ങിയാൽ എടുക്കേ നടപടിയാണ് ഇവിടെ വിശദീകരിക്കുന്നത്. "ഹീനരായ മനുഷ്യർ" (13, 13) എന്ന വിശേഷണത്തിന് കർത്താവിന്റെ മുമ്പിൽ വിലകെട്ടവൻ എന്നാണ് അർത്ഥം. മറ്റുള്ളവരുടെ ദൃഷ്ടിയിൽ മാന്യന്മാരായി കാണപ്പെട്ടാലും തന്നിൽ നിന്നു ജനത്തെ അകറ്റുന്നവർക്ക് കർത്താവ് ഒരു വിലയും കല്പിക്കുന്നില്ല. വഴിതെറ്റിക്കുന്നവരും വഴിതെറ്റിയവരും ഒന്നടങ്കം കൊല്ലപ്പെടണം. അവരുടെ വസ്തുവകകൾ സകലതും അഗ്നിയിൽ ദഹിപ്പിക്കണം. ജെറീക്കോ പട്ടണത്തോട് ജോഷ്വാ ചെയ്തതുപോ ലുള്ള നടപടി ക്രമമാണ് (ജോഷ്വാ 6, 7-21) ഇവിടെ ആവശ്യപ്പെട്ടിരി ക്കുന്നത്. ശിക്ഷ ഏറ്റം കഠിനമാകയാൽ സൂക്ഷ്മമായ അന്വേഷണ ത്തിനു ശേഷം കുറ്റം തെളിഞ്ഞെങ്കിൽ മാത്രമേ അതു നടപ്പിലാക്കാവൂ എന്നു പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു. (13, 14).

**വിചിന്തനം :** ഇപ്രകാരം കഠിനമായ ശിക്ഷകൾ എന്നെങ്കിലും നടപ്പി ലാക്കിയതായി രേഖകളൊന്നുമില്ല. ശിക്ഷിക്കുക എന്നതിനേക്കാൾ ഭയം ജനിപ്പിക്കുകയും കർത്താവിനോടു പൂർണ്ണമായ വിശ്വസ്തത പാലിക്കാൻ ജനത്തെ പ്രേരിപ്പിക്കുകയുമാണ് ഈ നിയമങ്ങളുടെ ലക്ഷ്യം. ജീവന്റഎ ഉറവിടമായ ദൈവത്തിൽ നിന്ന് അകന്നുപോകു ന്നത് ജീവഹാനിക്കു കാരണമാകുമെന്ന് ഈ നിയമങ്ങളിലൂടെ പഠിപ്പി ക്കുന്നു. നിത്യ ശിക്ഷയെക്കുറിച്ച് യേശു നല്കിയിരിക്കുന്ന താക്കീ തുകൾ (മത്താ 7, 2123; 25, 4146) ഇതിനെക്കാൾ കഠിനമാണല്ലോ.

**c. ആഹാരശുദ്ധി 14, 3-21**

ദൈവം തനിക്കായി തിരഞ്ഞെടുത്ത ജനം എല്ലാ തരത്തിലും വിശുദ്ധരായിരിക്കണം. അവരുടെ അനുദിന ജീവിതത്തിലെ ഏറ്റം നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങളിലും ഈ വിശുദ്ധി പ്രകടമാക ണം. അതിനു വേിയാണ് ആഹാരത്തെ സംബന്ധിച്ച നിയമങ്ങൾ നലികിയിരിക്കുന്നത്. ഈ നിയമങ്ങൾ ലേവ്യർ 11, 1-47ൽ നാം വിശ ദമായി ചർച്ച ചെയ്തതാണ് (തീ. 7 പേജ് 40-42).

**d. ഉദാരമായി നല്കുക 14, 22-15, 23**

കാനാൻദേശം തങ്ങൾക്കു സ്വന്തമായി ലഭിക്കുമ്പോഴും ഭൂമി

യുടെ ഉടമ കർത്താവുതന്നെയാണെന്നും തങ്ങൾ കുടികിടപ്പുകാരും പാട്ടക്കാരും മാത്രമാണെന്നും ജനത്തെ അനുസ്മരിപ്പിക്കുന്ന ചില നിയമങ്ങളാണ് അടുത്തതായി അവതരിപ്പിക്കുന്നത്. ദശാംശം, സാബത്തു വർഷാചരണം, അടിമകൾക്കു മോചനം, കടിഞ്ഞൂലുകളുടെ സമർപ്പണം എന്നിവയെക്കുറിച്ചുള്ള നിയമങ്ങൾ മുഖ്യമായും മാനുഷികവും സാമൂഹ്യനീതിയെ സംബന്ധിക്കുന്നതുമായ പരിഗണനകൾക്ക് ഊന്നൽ നല്കിക്കൊ് ഇവിടെ വിവരിക്കുന്നു. നിയമാവർത്തന ഗ്രന്ഥകാരന്റെ പ്രത്യേക കാഴ്ചപ്പാട് ഇവിടെ കൂടുതൽ വ്യക്തമാകുന്നു.

**i. ദശാംശം 14, 22–29 :** വിളവുകളുടെ പത്തിലൊന്ന് ഭൂവുടമയുടെ അവകാശമാണ്. വാഗ്ദത്തഭൂമിയുടെ ഉടമ കർത്താവാകയാൽ അതിലെ സകല ഉല്പന്നങ്ങളുടെയും ദശാംശം അവിടുത്തേക്കു നല്കണം എന്നു നിർദ്ദേശിച്ചിരിക്കുന്നു. രാജാവിന്റെ വിഹിതമായ ദശാംശം പിരിക്കുന്ന പതിവിൽ നിന്നാണ് (1 സാമു 8, 15.17; ആമോ 7, 1) ഈ നിയമം ഉായതെന്നു കരുതുന്ന വ്യാഖ്യാതാക്കളു്. ദശാംശം ആുതോളും ദേവാലയത്തിലേക്കു കൊുവരണം എന്നു കല്പിക്കുന്നുങ്കെിലും അതിന്റെ ഉപയോഗത്തിൽ വ്യത്യാസമു്. ഇവിടെ ബലിയർപ്പണത്തെക്കുറിച്ചോ, പുരോഹിതരുടെയോ ലേവ്യരുടെയോ അവകാശത്തെക്കുറിച്ചോ (ലേവ്യ 27, 30–33; സംഖ്യ 18, 21–32) ഒന്നും പറയുന്നില്ല.

ഭൂമിയിൽ അധ്വാനിച്ച് വിളവുല്പാദിപ്പിച്ച കർഷകർ കർത്താവിന്റെ സന്നിധിയിൽ വച്ച് ദശാംശം ഭക്ഷിച്ചു സന്തോഷിക്കണം. ഇത് കർഷകന്റെ ഉത്സവമാണ്; എന്നാൽ സ്വാർഥപരമായ ഒരു ആഘോഷമായിരിക്കരുത്. സ്വന്തമായി ഒന്നുമില്ലാത്തവർക്കും ഈ ആഘോഷത്തിൽ പങ്കുചേർന്ന് സന്തോഷിക്കാൻ കഴിയണം. പരദേശികൾ, അനാഥർ, വിധവകൾ എന്നിവരുടെ കൂടെ ലേവ്യരെയും പെടുത്തിയിരിക്കുന്നു (14, 29). ദൈവശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കപ്പെട്ടവർ എന്ന നിലയിലല്ല, ദരിദ്രരായതിന്റെ പേരിലാണ് ലേവ്യരെ പ്രത്യേകം പരിഗണിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത് (14, 27).

ദേവാലയത്തിൽ നിന്ന് അകലെ താമസിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യം അനുവദിച്ചിരിക്കുന്നു. ദശാംശവും മൃഗങ്ങളുടെ കടി





ഞ്ഞൂലുകളും വിറ്റു പണമാക്കി ദേവാലയത്തിൽ വരുകയും തങ്ങൾക്കിഷ്ടമുള്ള ഭക്ഷണപാനീയങ്ങൾ അവിടെ നിന്നു വാങ്ങി ആഘോഷിക്കുകയും ചെയ്യാം (14, 24–26). വീഞ്ഞും ലഹരിപാനീയങ്ങളും വിലക്കിയിട്ടില്ല. പക്ഷേ, മദിരോത്സവത്തിനുള്ള അനുവാദമായി ഇതിനെ പരിഗണിക്കാനാവില്ല. മദ്യാസക്തിയെക്കുറിച്ച് ബൈബിൾ അനേകം തവണ ആവർത്തിച്ചു നല്കുന്ന താക്കീതുകൾക്ക് (സുഭാ 20, 23, 29–35; ഏശ 5, 11.22; ആമോ 4,1–3) ഒരു അപവാദമല്ല ഈ നിയമം. മനുഷ്യന്റെ സന്തോഷമാണ് കർത്താവ് ആഗ്രഹിക്കുന്നത്; ഉള്ളവനും ഇല്ലാത്തവനും ഒരുപോലെ സന്തോഷിക്കാൻ കഴിയണം. ഇതാണ് നിയമാവർത്തനഗ്രന്ഥത്തിന്റഎ കാഴ്ചപ്പാട്. നിയമങ്ങളുടെ മാനുഷികവശത്തിന് നല്കുന്ന ഊന്നൽ ഇവിടെ വ്യക്തമാകുന്നു.

മൂന്നാം വർഷത്തെ ദശാംശം ദേവാലയത്തിലേക്കു കൊുപോകാതെ താന്താങ്ങളുടെ പട്ടണത്തിൽ സൂക്ഷിക്കണം. പൊതുമുതലായി നിക്ഷേപിക്കുന്ന ഇത് ദരിദ്രർക്ക് അവകാശപ്പെട്ടതാണ് (14, 28–29). ഓരോരുത്തരും നേരിട്ടു ദാനം ചെയ്യാതെ പൊതുവായി വിതരണം ചെയ്യുന്നത് സഹായം വാങ്ങുന്ന ദരിദ്രരുടെ വ്യക്തിത്വത്തെയും ആത്മാഭിമാനത്തെയും മുറിപ്പെടുത്താതിരിക്കാൻ സഹായിക്കും. പാവപ്പെട്ടവർ ഭക്ഷിച്ചു തൃപ്തിയടയുമ്പോൾ ആഹാരം നല്കിയവരെ കർത്താവ് അനുഗ്രഹിക്കും എന്ന് എടുത്തു പറയുന്നു.

**വിചിന്തനം :** കാർഷികോല്പന്നങ്ങളുടെ മാത്രമല്ല, സകലവിധ വരുമാനങ്ഹളുടെയും പത്തിലൊന്നെങ്കിലും പാവപ്പെട്ടവർക്കു നല്കാൻ ഏവർക്കും കടമയു്. സ്വകാര്യ വ്യക്തികളും സന്യാസസമൂുഹങ്ങളും സഭാസ്ഥാപനങ്ങളും ഒന്നും ഈ നിയമത്തിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല. ഔദാര്യത്തിന്റെ കാര്യത്തിൽ തന്നെ തോല്പിക്കാൻ കർത്താവ് ആരെയും അനുവദിക്കുകയില്ല എന്ന് ക്രമമായ ദശാംശം കൊടുക്കുന്നവരുടെ അനുഭവങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. ദശാംശത്തിന്റെ നിയമത്തെ ബഹുദൂരം പിന്നിടുന്നതാണ് യേശു നല്കിയ നിയമം (മത്താ 5, 20; ലൂക്കാ 12, 33)

**ii. ഋണമോചനം 15, 1–11 :** സാബത്തുവർഷാചരണത്തെ സംബന്ധിച്ച നിയമമാണിത്. കൃഷിഭൂമിക്കു വിശ്രമം നല്കാനായി ഏഴാം വർഷം

അതു വെറുതെ ഇടണം എന്ന് ലേവ്യ 25, 1-7ലും, ദരിദ്രർക്ക് ആ വർഷം വിളവെടുക്കാമെന്ന് പുറ 23, 10-11ലും നിർദ്ദേശിച്ചിട്ടു്. സഹോദരങ്ങൾക്കു കടം ഇളവു ചെയ്തു കൊടുക്കാൻ കടപ്പെട്ട വർഷമാണ് സാബത്തുവർഷം. വിദേശിയിൽ നിന്നു കടം ഈടാക്കാം എന്ന് അനുവദിച്ചിട്ടു്. ഇസ്രായേല്ക്കാർ തമ്മിൽ നിലനില്ക്കേ ബന്ധമാണ് മുഖ്യമായും ഇവിടെ ചർച്ചാവിഷയം.

ഈ നിമയങ്ങൾ ശ്രദ്ധാപൂർവ്വം അനുസരിക്കുകയാണെങ്കിൽ ഇസ്രായേലിൽ ദരിദ്രർ ഉായിരിക്കുകയില്ല (15, 5-6). എന്നാല് ഈ നിയമം എപ്പോഴും പൂർണ്ണമായി പാലിക്കപ്പെടുകയില്ലാത്തതിനാൽ ദരിദ്രർ എന്നും ഉായിരിക്കും. അതുകൊ് ഉദാരമായി ദാനം ചെയ്യണം എന്ന് നിർദ്ദേശിച്ചിരിക്കുന്നു (15, 10-11) സാബത്തുവർഷം അടുത്തിരിക്കുന്നതിനാൽ മുതൽ നഷ്ടപ്പെട്ടേക്കും എന്നു ഭയന്ന് കടം കൊടുക്കാതിരിക്കുന്നതിനെതിരേ കർശനമായ താക്കീതും നല്കിയിട്ടു് (15, 9). സഹായം നിഷേധിക്കപ്പെട്ട ദരിദ്രന്റെ നിലവിളി കർത്താവിന്റെ സന്നിധിയിൽ എത്തിയാൽ അതു സഹായം നിഷേധിച്ചവനു നാശകാരണമാകും.

**വിചിന്തനം :** കടം വാങ്ങി ധൂർത്തടിച്ച് കെണിയിൽ പെടുന്നവരെയും അലസരെയും പരാന്നഭോജികളെയും പ്രോത്സാഹിപ്പിക്കുകയല്ല ഈ നിയമത്തിന്റെ ലക്ഷ്യം, യഥാർത്ഥ ആവശ്യക്കാരെ കറിഞ്ഞു സഹായിക്കാനും നിവൃത്തിയില്ലാത്തവർക്ക് ഇളവു ചെയ്തു കൊടുക്കാനും പ്രേരിപ്പിക്കുകയാണ്. വ്യക്തിതലത്തിലും രാഷ്ട്രത്തിലും ഇന്ന് ഏറെ പ്രസക്തിയുള്ള നിയമമാണിത്.

**iii. അടിമകൾക്കു വിടുതൽ 15, 12-18 :** കടം വീട്ടാൻ വേി അടിമവേല ചെയ്യാൻ നിർബന്ധിതരാകുന്നവരുടെ അടിമത്തം ആറു വർഷത്തിൽ കൂടുതൽ ദീർഘിപ്പിക്കരുത് എന്ന് ഇവിടെ നിർദ്ദേശിക്കുന്നു. ഇതും ഇസ്രായേൽക്കാർ തമ്മിലുള്ള ബന്ധത്തെ ക്രമീകരിക്കുന്ന നിയമമാണ്. ഏഴാം വർഷം വിടുതൽ നല്കുമ്പോൾ അടിമകളായിരിക്കുന്നവർക്ക് ഉദാരമായി ദാനം ചെയ്ത്, സ്വതന്ത്രമായ പുതിയൊരു ജീവിതം കരുപ്പിടുപ്പിക്കാൻ അവരെ സഹായിക്കാൻ ഉടമയ്ക്കു കടമയു്. ഈജിപ്തിൽ അടിമകളായിരുന്ന തങ്ങളോടു കരണ തോന്നിയ കർത്താവ് നല്കിയ മോചനത്തെ അനുസ്മരിച്ചുകൊ്





അടിമകളോടു കരുണ കാണിക്കണം. തങ്ങൾക്കുള്ള സമ്പത്തും സമൃദ്ധിയും കർത്താവിന്റഎ ദാനമാണ് എന്ന ബോധ്യം ആവശ്യം അനുഭവിക്കുന്നവരോട് കരുണ കാട്ടാൻ പ്രേരിപ്പിക്കണം. ഉടമയെ വിട്ടുപോകാൻ താല്പര്യമില്ലാത്തവരെ അടിമകളായി തുടരാൻ അനുവദിക്കണം. തുകൽ തുന്നാൻ ഉപയോഗിക്കുന്ന സൂചികൊ് ഭവനവാതില്ക്കൽ വച്ചു കാതു തുളയ്ക്കുന്നത് അടിമത്ത്വം ശാശ്വതമാക്കുന്നതിന്റെ അടയാളമാണ്. ഹെബ്രായ അടിമകളെ സംബന്ധിച്ച നിയമം 21, 1-11ൽ കൂടുതൽ വിശദമായി ചർച്ച ചെയ്തിട്ടു് (തീ. 6, പേജ് 33-34).

**iv. കടിഞ്ഞൂലുകൾ 15, 19-23 :** കടിഞ്ഞൂലുകളെ സംബന്ധിച്ച നിയമം പുറ 13, 1.11-16; 22, 29ൽ കതാണ് (തീ. 5, 52 പേജ് 2). ഇതുവരെ ക മറ്റു നിയമങ്ങളിലെന്നപോലെ ഇവിടെയും മാനുഷികമായ പരിഗണനയ്ക്കു മുൻതൂക്കം നല്കിയിരിക്കുന്നു. ദശാംശത്തോടൊപ്പം മൃഗങ്ങളുടെ കടിഞ്ഞൂലുകളെയും ദേവാലയ പരിസരത്തു വച്ചു ഭക്ഷികാകം അല്ലെങ്കിൽ സ്വന്തം പട്ടണത്തിൽവച്ചും ആകാം. ദശാംശത്തെക്കുറിച്ചു പറഞ്ഞകാര്യങ്ങൾ (14, 22-29) ഇവിടെ പ്രസക്തമാണ്.

## c. തിരുനാളുകൾ 16, 1-17

ഇസ്രായേൽജനം ആുതോറും ആഘോഷിക്കേ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് തിരുനാളുകളെക്കുറിച്ച് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു. പുറപ്പാട്, ലേവ്യർ, സംഖ്യ എന്നീ പുസ്തകങ്ങളിൽ ഇവയെക്കുറിച്ചു വിശദമായി ചർച്ച ചെയ്തതിനാൽ അവയിൽനിന്നു വ്യത്യസ്തമായി കാണുന്ന കാര്യങ്ങൾ മാത്രമേ ഇവിടെ എടുത്തു കാട്ടുന്നുള്ളൂ.

**i. പെസഹാ - പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ 16, 1-9 (പുറ 12, 1-20; ലേവ്യർ 23, 5-8).**

കർത്താവു തിരഞ്ഞെടുക്കുന്ന ഏക ആരാധനാകേന്ദ്രത്തിൽ വച്ചു മാത്രം പെസഹാ ആഘോഷിക്കണം എന്നത് നിയമാവർത്തന നിയമത്തിന്റെ ഒരു പ്രത്യേകതയാണ്. ആരംഭത്തിൽ വീടുതോറും ആഘോഷിച്ചിരുന്ന തിരുനാൾ ഒരു തീർത്ഥാടനത്തിരുനാളായി മാറി

യിരിക്കുന്നു. ഏഴു ദിവസത്തേക്കു ഭക്ഷിക്കുന്ന പുളിപ്പില്ലാത്ത അപ്പത്തെ 'യാതനയുടെ അപ്പം' എന്നു വിശേഷിപ്പിച്ചുകൊ് ഈജിപ്തിൽ അനുഭവിച്ച ക്ലേശങ്ങളെക്കുറിച്ച് അനുസ്മരിപ്പിക്കുന്നു. പെസഹാക്കുഞ്ഞാടിനെ തീയിൽ ചുട്ട് ഭക്ഷിക്കണം എന്നായിരുന്നു ആദ്യ നിയമം (പുറ 12, 8-9). എന്നാൽ അത് "വേവിച്ചു ഭക്ഷിക്കണം" എന്ന് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നു (16, 7). രാത്രിയിലെ പെസഹാ ഭക്ഷണത്തിനുശേഷം രാവിലെ കൂടാരത്തിലേക്കു മടങ്ങണം എന്ന നിർദ്ദേശം ഒരു ചരിത്ര വസ്തുതയിലേക്കു വിരൽ ചൂന്നു. ആയിരക്കണക്കിനു തീർത്ഥാടകർക്കു താമസിക്കാൻ പട്ടണത്തിൽ സൗകര്യങ്ങൾ ഇല്ലായിരുന്നതിനാൽ പ്രാന്തപ്രദേശങ്ങളിൽ ഒരുക്കുന്ന താലിക്കാലിക കൂടാരങ്ങളിലാണ് തിരുനാൾ ദിവസങ്ങളിൽ അവർ താമസിച്ചിരുന്നത്. പുതിയ നിയമകാലത്തും ഇതായിരുന്നു അവസ്ഥ. അതിനാലാണ് പെസഹാക്കാലത്തു രാത്രിയിൽ യേശുവിനെ അറസ്റ്റു ചെയ്യാൻ തീരുമാനിച്ച അധികാരികൾക്ക് ഒറ്റുകാരന്റെ സഹായം ആവശ്യമായത്.

**ii. ആഴ്ചകളുടെ തിരുനാൾ 16, 10-12 (ലേവ്യർ 23, 15-21; സംഖ്യ, 28, 26-31; തീ. 7, 80-81).**

പന്തക്കുസ്താ എന്നും വാരോത്സവം എന്നും അറിയപ്പെടുന്ന ഈ തിരുനാളിനെ ഒരു കാർഷികാഘോഷമായിത്തന്നെ നിലനിർത്തിയിരിക്കുന്നു. ധാന്യവിളവെടുപ്പിന്റെ അവസാനം തീർത്ഥാടന കേന്ദ്രത്തിൽ വച്ചാണ് ഇതും ആഘോഷിക്കേത്. മുട്ടുപാടുള്ളവരുമായി പങ്കുവയ്ക്കുകയും അവരെ ആഘോഷത്തിൽ പങ്കുചേർക്കുകയും ചെയ്യണം. ഈജിപ്തിലെ അടിമത്തത്തിന്റെ സ്മരണ ഇതിനു പ്രേരണ നല്കണം. ആഘോഷവുമായി ബന്ധപ്പെട്ട ബലിയർപ്പണങ്ങളുടെ വിശദാംശങ്ങളിലേക്ക് വി. ഗ്രന്ഥകാരൻ കടക്കുന്നില്ല.

**iii. കൂടാരത്തിരുനാൾ 16, 13-17 (ലേവ്യർ 23, 33-43; സംഖ്യ 29, 12-38; 13-17 ബൈ. തീ. 7, പേജ് 82-84).**

തിരുനാളാഘോഷത്തിന്റെ വിശദാംശങ്ങളെല്ലാം ഒഴിവാക്കിയിട്ട് രു കാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 1. ആരാധനാകേന്ദ്രത്തിലേക്കുള്ള തീർത്ഥാടനം. 2. എല്ലാവരുടെയും സ്ന്തോഷം.





ആരാധനയെ സംബന്ധിച്ച സകല നിയമങ്ങളിലും നിയമാവർത്തന ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നതാണ് ഇവ രും. പുരുഷന്മാരെ മാത്രമേ തീർത്ഥാടനത്തിൽ പങ്കുചേരാൻ നിയമം നിർബന്ധിക്കുന്നുള്ളൂ. വരുമ്പോൾ തങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങൾക്ക് ആനുപാതികമായ കാഴ്ചകൾ കൊു വരണം. അതു കർത്താവിനു സമർപ്പിച്ച് നന്ദി പറയുകയും എല്ലാവരുമായി പങ്കുവച്ച് ആഹ്ലാദിക്കുകയും ചെയ്യണം.

വിചിന്തനം : കൃതജ്ഞതയുടെയും ആഹ്ലാദത്തിന്റെയും അവസരങ്ങളാണ് തിരുനാളുകൾ. ധനികദരിദ്ര ഭേദമന്യേ എല്ലാവർക്കും ആഹ്ലാദിക്കാൻ പറ്റുന്ന വിധത്തിലായിരിക്കണം തിരുനാളുകൾ ആഘോഷിക്കുന്നത്. തങ്ങൾക്കുള്ളതെല്ലാം കർത്താവിന്റെ ദാനമാണ് എന്ന ബോധ്യം നന്ദിയും സന്തോഷവും ഹൃദയത്തിൽ നിറയ്ക്കുന്നു.

### ചോദ്യങ്ങൾ

1. നിയമാവർത്തന നിയമസംഹിത എന്നാൽ എന്ത്?

2. ഈ നിയമസംഹിതയെ മറ്റു നിയമസംഹിതകളിൽ നിന്നു വേർതിരിച്ചുകാട്ടുന്ന പ്രത്യേകതകൾ ഏവ?

3. ദൈവാരാധനയെ സംബന്ധിച്ച നിയമങ്ങൾ ആദ്യമേ അവതരിപ്പിക്കുന്നതെന്ത് കൊ്?

4. ഒരു സ്ഥലത്ത് മാത്രമേ ആരാധനയർപ്പിക്കാവൂ എന്ന നിയമത്തിന്റെ ചരിത്ര പശ്ചാത്തലം, പ്രാധാന്യം, ഇന്നത്തെ പ്രസക്തി എന്നിവ വിശദമാക്കുക.

5. ദൈവാരാധനയെ സംബന്ധിച്ച നിയമങ്ങൾക്ക് ഈ സംഹിതയിൽ നല്കിയിരിക്കുന്ന മാനുഷികവും സാമൂഹികവുമായ മാനങ്ങൾ ഉദാഹരണസഹിതം വിശദീകരിക്കുക.

6. വിശ്വാസ ത്യാഗത്തിനെതിരെ ജാഗ്രത പാലിക്കാൻ എന്ത് നിർദ്ദേശങ്ങളാണ് നല്കിയിരിക്കുന്നത്?

7. യഥാർത്ഥ പ്രവാചകനെ തിരിച്ചറിയാനുള്ള മാനദണ്ഡം എന്ത്?

**ചർച്ചക്ക്** : 1. ദശാംശം, ഋണമോചനം, തിരുനാളാഘോഷം എന്നിവയെ സംബന്ധിച്ച നിയമങ്ങൾ ഇന്ന് എന്തു പ്രസക്തിയു്?

2. ദൈവാരാധന എല്ലാവർക്കും സന്തോഷപ്രദമായ ഒരു അനുഭവമാക്കിമാറ്റാൻ നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും?

**പ്രാർത്ഥന :** കർത്താവു നല്കിയിട്ടുള്ള അനുഗ്രഹങ്ങൾക്കു നന്ദിപറഞ്ഞുകൊ് ഒരു പ്രാർത്ഥന സ്വന്തമായി രചിക്കുക.

## 2. നേതാക്കന്മാർ 16, 18–20, 20

സകലർക്കും നീതി ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ഭരണസംവിധാനത്തെക്കുറിച്ച് അടുത്തതായി പ്രതിപാദിക്കുന്നു. ആത്യന്തികമായി യാഹ്വേ തന്നെയാണ് ഇസ്രായേലിന്റെ ഭരണകർത്താവ്. അവിടുത്തെ നിയമങ്ങളാണ് ജനജീവിതത്തിന്റെ സകലമേഖലകളെയും നിയന്ത്രിക്കേ ത്. മതപരം, രാഷ്ട്രീയം എന്നീ രു തട്ടുകളായി ജനജീവിതത്തെ തിരിക്കുന്നില്ല. ഇസ്രായേലിന്റെ ഭരണസംവിധാനം ദൈവാധിപത്യത്തിന്റെ (Theocracy) ശൈലിയിലുള്ളതായിരുന്നു. അതിനാൽ ദൈവാരാധന, ക്രമസമാധാനം, നീതിപാലനം തുടങ്ങിയവയെ സംബന്ധിച്ച നിയമങ്ങൾ ഇട കലർത്തിയാണ് അവതരിപ്പിച്ചിരിക്കുന്നത്.

സമൂഹത്തിൽ നേതൃത്വം വഹിക്കുന്ന ന്യായാധിപന്മാർ, രാജാവ്, പുരോഹിതന്മാർ, പ്രവാചകന്മാർ എന്നിവരെക്കുറിച്ചുള്ള നിയമങ്ങൾ.

### a. ന്യായാധിപന്മാർ 16, 18–17, 13

നീതി നിഷേധിക്കപ്പെട്ടവർക്ക് നീതി നടത്തിക്കൊടുക്കാൻ ആവശ്യമായ സംവിധാനത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. അതിനായി പ്രാദേശിക കോടതികളെയും (16, 18–20) പരമാധികാരകോടതിയെയും (Supreme Court) (17, 8–13) സംബന്ധിച്ച നിയമങ്ങൾ നല്കിയിരിക്കുന്നു. ഇവയ്ക്കു മദ്ധ്യേ ആരാധനാ സംബന്ധിയായ നിയമങ്ങളും ആരാധനയിലുാകുന്ന വീഴ്ചകൾക്കെതിരേ എടുക്കേ നടപടികളും (16, 21–17, 7) വിവരിക്കുന്നു.

**പ്രാദേശിക കോടതി 16, 18–20) :** ജനത്തിനു നീതി നടത്തിക്കൊടുക്കാനായി തിരഞ്ഞെടുക്കപ്പെട്ടവരെയാണ് ഇവിടെ ന്യായാധിപന്മാർ എന്നു വിശേഷിപ്പിക്കുന്നത്. ന്യായാധിപന്മാരുടെ പുസ്തകത്തിൽ





പറയുന്ന ന്യായാധിപന്മാർ ജനത്തെ ശത്രുക്കളിൽ നിന്നു രക്ഷിക്കുകയും ഭരിക്കുകയും ചെയ്യാനായി കർത്താവ് ഉത്തേജിപ്പിച്ച നേതാക്കന്മാരായിരുന്നു. അതിൽ നിന്നു തികച്ചും വ്യത്യസ്തരാണ് ഇവിടെ പരാമർശിക്കുന്ന ന്യായാധിപന്മാർ.

മരുഭൂമിയിലെ വാസക്കാലത്ത് ജനങ്ങളുടെ തർക്കങ്ങൾ കേട്ട് വിധി പ്രസ്താവിച്ചിരുന്നത് മോശയാണ്. ഈ ഭാരം ദുർവ്വഹമായപ്പോൾ 70 പേരെ സഹായികളായി നിയമിച്ചു (പുറ 18, 13–26; നിയ 1, 9–18). ഈ സംവിധാനത്തിന്റെ ചുവടുപിടിച്ച് പില്ക്കാലത്ത് ഗോത്രത്തലവന്മാരും സമൂഹത്തിലെ ശ്രേഷ്ഠന്മാരും തർക്കങ്ങളിൽ വിധി പ്രസ്താവിച്ചിരുന്നു. പരാതിക്കാർ തങ്ങളുടെ പരാതികൾ പട്ടണവാതിൽക്കൽ വച്ച് സമൂഹത്തിലെ മൂപ്പന്മാരെ അറിയിക്കും. ഇരുകക്ഷികളെയും വിചാരണ ചെയ്യുകയും സാക്ഷികളിൽ നിന്നു തെളിവു ശേഖരിക്കുകയും ചെയ്തതിനു ശേഷം ന്യായാധിപന്മാർ വിധി പ്രസ്താവിക്കും. വധശിക്ഷയാണെങ്കിൽ ഉടനെ നടപ്പിലാക്കും. കല്ലെറിഞ്ഞു കൊല്ലുകയാണ് പതിവ് (നിയ 21, 20). സാക്ഷികളാണ് ആദ്യമേ കല്ലെറിയേ ത് (17, 7).

ഗോത്രത്തലവന്മാരും പ്രമുഖ കുടുംബത്തലവന്മാരുമായ ശ്രേഷ്ഠന്മാർക്കു പുറമെ പുരോഹിതരും ലേവ്യരും നീതിപാലനത്തിൽ പങ്കുചേർന്നിരുന്നു. സാമുവേലും (1 സാമു 7, 15–17) പുത്രന്മാരും (1 സാമു 8, 1–3) ഇപ്രകാരം നീതിപാലനം നടത്തിയിരുന്നതായി കാണാം. സാമുവേലിന്റെ പുത്രന്മാർ കൈക്കൂലി വാങ്ങുകയും പാവങ്ങളെ പീഡിപ്പിക്കുകയും ചെയ്തിരുന്നു എന്ന് പ്രത്യേകം എടുത്തു പറയുന്നു . രാജഭരണത്തിന്റെ ആവിർഭാവത്തോടെ നീതിപാലനം രാജാവിന്റെ ചുമതലയായി. യഹോഷാഫാത്ത് രാജാവ് (ബി. സി. 870–848) യൂദായിലെ പട്ടണങ്ങളിൽ നീതിന്യായകോടതി സ്ഥാപിക്കുകയും ന്യായാധിപന്മാരെ നിയമിക്കുകയും ചെയ്തതായി 2 ദിന 9, 4–7ൽ വിവരിച്ചിട്ടു്. ജെറുസലെമിൽ പുരുഹിതരും ലേവ്യരും ജനപ്രമാണികളുമടങ്ങുന്ന ഒരു പരമോന്നത കോടതിയും അദ്ദേഹം സ്ഥാപിച്ചു (2 ദിന 19, 8–11). മതപരവും രാഷ്ട്രീയവുമായ മേഖലകൾ വേർതിരിച്ച് ആദ്യത്തേത് പ്രധാന പുരോഹിതനെയും രാമത്തേത് ജനപ്രമാണികളിൽ പ്രമുഖനെയും ഏല്പിച്ചു. ലേവ്യർ ഈ കോടതിയിലെ

സേവകന്മാരായിരുന്നു.

മേല്പറഞ്ഞ സംവിധാനങ്ങളെക്കുറിച്ചുള്ള നിയമങ്ങളാണ് നിയമാവർത്തന പുസ്തകത്തിലെ മോശയുടെ കല്പനകളിൽ പ്രതിഫലിക്കുന്നത്. പ്രാദേശിക കോടതികളിൽ ന്യായാധിപന്മാർ, സ്ഥാനികൾ എന്ന രുതരം ഉദ്യോഗങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു് (16, 18). വിധി പ്രസ്താവിക്കുന്നവരാണ് ന്യായാധിപന്മാർ; സ്ഥാനികൾ എന്നത് കോടതിയിലെ ഗുമസ്തന്മാരും മറ്റ് ഉദ്യോഗസ്ഥന്മാരുമാണ്. ന്യായവിധികൾ നടപ്പിലാക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരും ഈ കൂട്ടത്തിൽപ്പെടും.

നീതിപാലനത്തെ സംബന്ധിച്ച് മൂന്നു നിബന്ധനകൾ വച്ചിരിക്കുന്നു. 1. വിധികൾ നീതിവിരുദ്ധമായിരിക്കരുത്. 2. പക്ഷഭേദം കാട്ടരുത്. ''മുഖം നോക്കി വിധിക്കരുത്'' എന്നാണ് ഹീബ്രുമൂലം. 3. കൈക്കൂലി വാങ്ങരുത്. കൈക്കൂലിയുടെ ദോഷഫലങ്ങൾ പ്രത്യേകം എടുത്തുകാട്ടിയിട്ടു്. നീതിനിർവ്വഹണവും വാഗ്ദത്തഭൂമിയിലെ വാസവും തമ്മിൽ അഭേദ്യം ബന്ധിപ്പിച്ചിരിക്കുന്നു. വിഗ്രഹാരാധന പോലെതന്നെ കർത്താവു വെറുക്കുന്ന തിന്മയാണ് അനീതിയെന്നും അതു പരിഹരിച്ചില്ലെങ്കിൽ വാഗ്ദത്ത ഭൂമിതന്നെ നഷ്ടപ്പെടുമെന്നും ഇതിലൂടെ പഠിപ്പിക്കുന്നു.

**ii. വിഗ്രഹാരാധനക്കുള്ള ശിക്ഷ** 16, 21–17, 7 : കാനാൻകാർ ആരാധിച്ചിരുന്ന മാതൃദേവതയാണ് അഷേറാ. അവളുടെ ബഹുമാനാർത്ഥം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും സ്തംഭങ്ങൾ സംസ്ഥാപിക്കുകയും ചെയ്തിരുന്നു (നിയ 12, 3). കർത്താവിനു ബലിയർപ്പിക്കാൻ വേ പണിയുന്ന ബലിപീഠത്തിനരികെ ഇവ ഉാകുന്നത് പരദൈവാരാധനയിലേക്കു നയിക്കും. ഇസ്രായേൽ ജനത്തിൽ ആരെങ്കിലും അന്യദൈവങ്ങളെയോ വിഗ്രഹങ്ങളെയോ ആരാധിക്കുന്നു എന്നറിഞ്ഞാൽ അതേപ്പറ്റി സൂക്ഷ്മമായി അന്വേഷിക്കാനും കുറ്റക്കാരെ മരണശിക്ഷയ്ക്കു വിധിക്കാനും ന്യായാധിപന്മാർക്കു കടമയു്. സംഭവത്തിന്റെ സത്യാവസ്ഥ സ്ഥിരീകരിക്കാൻ ഒന്നിലധികം സാക്ഷികൾ ഉായിരിക്കണം എന്നു പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു. വധശിക്ഷയാകയാൽ സാക്ഷികൾ വിധി നടപ്പിലാക്കാൻ മുകൈ എടുക്കണം. തെറ്റായ കുറ്റാരോപണമാണ് ഇവർ നടത്തിയതെങ്കിൽ വധിക്കപ്പെട്ടവനുവേി പ്രതികാരം ചെയ്യാൻ കടപ്പെട്ടവർ ഈ സാക്ഷികൾക്കെതിരേയായിരിക്കും പ്രതികാരം ചെയ്യുക. കള്ള സാക്ഷികൾക്കുള്ള ശിക്ഷാവിധി 19, 15–21ൽ നിർദ്ദേശിച്ചിട്ടു്. ''നിങ്ങളുടെ ഇടയിൽനിന്ന് ആ തിന്മ നീക്കിക്കളയണം'' എന്ന നിർദ്ദേശം ഒരു പല്ലവിപോലെ ഈ നിയമസംഹിതയിൽ അനേകം തവണ ആവർത്തിക്കുന്നു് (17, 21; 19, 13. 19: 21, 21). കുറ്റവാളിയെ വെറുതെവിടുന്നത് നീതി നിഷേധം മാത്രമല്ല, കൂടുതൽ കുറ്റകൃത്യങ്ങൾക്ക് പ്രേരണയും ആകും. അതിനാൽ കുറ്റവാളിയെ മാതൃകാപരമായി ശിക്ഷിക്കുന്നത് ജനത്തിന്റെയും നാടിന്റെയും വിശുദ്ധി നിലനിർത്താൻ ആവശ്യമാണെന്ന് ഈ നിർദ്ദേശം സൂചിപ്പിക്കുന്നു.

**iii. പരമാധികാരകോടതി** 17, 8–13 : പ്രാദേശികകോടതിയിൽ തീരുമാനമെടുക്കാൻ പ്രയാസമുള്ള കാര്യങ്ങളിൽ വിധി തീർപ്പുകല്പിക്കാൻ ജറുസലെമിലുള്ള പരമാധികാരകോടതിയെ സമീപിക്കണം. സമുന്നതകോടതിയുടെ പരിഗണനയ്ക്കു സമർപ്പിക്കേ കാര്യങ്ങളുടെ മൂന്ന് ഉദാഹരണങ്ങൾ നല്കിയിരിക്കുന്നു.

1. കൊലപാതകം : മനഃപൂർവ്വം നടത്തിയതോ ആകസ്മികമായി സംഭവിച്ചതോ എന്ന സംശയം നിലനില്ക്കുമ്പോഴാണ് മേൽക്കോടതിയെ സമീപിക്കേിവരുന്നത്. 2. അവകാശവാദം : സിവിൽകേസുകളാണ് ഇവിടെ പരാമർശിക്കുന്നത്. രുപേരുടെ അവകാശങ്ങളിൽ ന്യായമായത് ഏത് എന്നു നിശ്ചയിക്കാൻ സാധിക്കാതെ വരുന്നതാണ് സാഹചര്യം. 3. ദേഹോപദ്രവം : കാര്യത്തിന്റെ ഗൗരവവും കുറ്റവാളിയുടെ ഉത്തരവാദിത്വവും നിർണ്ണയിക്കുക ദുഷ്കരമായിത്തീരുന്ന സാഹചര്യത്തെ വിഭാവനം ചെയ്യുന്നു.

പരാതിക്കാരനോ പ്രതിയോ അല്ല, കീഴ്ക്കോടതിയിലെ ന്യായാധിപന്മാരാണ് മേല്ക്കോടതിയെ സമീപിക്കേത്. കൂടുതൽ അറിവും അനുഭവജ്ഞാനവും കർത്താവിന്റെ തന്നെ അധികാരവും ഉള്ള പരമോന്നത കോടതിയിലെ വിധിതീർപ്പ് അന്തിമമായിരിക്കും. ''ന്യായാധിപനും ലേവ്യ പുരോഹിതനും'' എന്നു വേർതിരിച്ചു പറഞ്ഞിരിക്കുന്നു. മതാധികാരികളും രാഷ്ട്രാധികാരികളും ചേർന്നതാണ് പരമാധികാരകോടതി. പുതിയ നിയമകാലത്ത് ഈ കോടതി ''സാൻഹദ്രിൻ'' എന്ന പേരിൽ അറിയപ്പെട്ടിരുന്നു. അവരാണല്ലോ യേശുവി

ന്റെമേൽ വിധി പ്രസ്താവിച്ചത്. പരമാധികാര കോടതിയുടെ തീരുമാനം നടപ്പിലാക്കാൻ കീഴിക്കോടതി കടപ്പെട്ടിരിക്കുന്നു. ആ തീരുമാനത്തെ മറികടക്കുന്നവർക്ക് മരണശിക്ഷയാണ് വിധിച്ചിരിക്കുന്നത്.

**വിചിന്തനം :** നീതി നിഷേധിക്കപ്പെട്ട ദരിദ്രന്റെ അവസാനത്തെ ആശ്രയമാണ് കോടതി. അവിടെ സ്വാർ്ഥതാല്പര്യങ്ങളും പക്ഷപാതവും കടന്നുകൂടാൻ പാടില്ല. നാടിന്റെ തന്നെ നിലനില്പ് കോടതിയുടെ നീതി ബോധത്തെയും വിധിതീർപ്പു നടപ്പിലാക്കുന്ന നീതിപാലകരുടെ കാര്യക്ഷമതയെയും ആശ്രയിച്ചിരിക്കുന്നു. എന്നാൽ നിയമങ്ങളിൽത്തന്നെ നിലനിൽക്കുന്ന അനീതിയും കോടതി നടപടികളുടെ സങ്കീർണ്ണതയും അഭിഭാഷകരുടെ ധനമോഹവും മറ്റും പാവപ്പെട്ടവർക്ക് നീതി അപ്രാപ്യമാക്കുന്നു. നീതിന്യായകോടതികളെ സമീപിക്കാൻപോലും സാധാരണക്കാരനു സാധിക്കാതെവരുമ്പോൾ നീതി നിർവ്വഹണത്തിനു കൂടുതൽ ലളിതമായ മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തണം. നിയമാവർത്തന ഗ്രന്ഥം വിഭാവനം ചെയ്യുന്ന പ്രാദേശികകോടതികൾ അതിനു മാർഗ്ഗദർശനം നല്കുന്നു.

### b. രാജാക്കന്മാർ 17, 14-20

ദൈവം നേരിട്ടു തിരഞ്ഞെടുക്കുന്ന വ്യക്തികളിലൂടെ നയിക്കപ്പെടുന്ന ഒരു ജനതയായിരിക്കുക എന്നതാണ് ഇസ്രായേലിനെ സംബന്ധിച്ച ആദർശപരമായ അവസ്ഥ. മോശയും ജോഷ്വായും ന്യായാധിപന്മാരും സാമുവേലും ഇപ്രകാരമുള്ള നേതാക്കന്മാരായിരുന്നു. അക്കാലമത്രയും യാഹ് വേയായിരുന്നു അവരുടെ രാജാവ്. സാമുവേലിന്റെ വാർദ്ധക്യകാലത്താണ് ഇസ്രായേൽ ജനം ഒരു രാജാവിനുവേ മുറവിളി കൂട്ടിയത് (1 സാമു 8). ഒരു രാജാവിനെ ആവശ്യപ്പെടുന്നതിലൂടെ തങ്ങളുടെ യഥാർത്ഥരാജാവായ കർത്താവിനെ തിരസ്കരിക്കുകയാണ് അവർ ചെയ്യുന്നതെന്ന് സാമുവേൽ അനുസ്മരിപ്പിക്കുകയും രാജഭരണം മൂലമുാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ചു മുന്നറിയിപ്പു നല്കുകയും ചെയ്തെങ്കിലും അവർ വഴങ്ങിയില്ല. അങ്ങനെ ബി.സി. 1030ൽ സാവൂൾ ഇസ്രായേലിലെ ആദ്യത്തെ രാജാവായി. തുടർന്നുള്ള അഞ്ചു നൂറ്റാുകാലത്തേക്ക് ഇസ്രായേൽ ജനം രാജഭലണത്തിൻ കീഴിലായിരുന്നു. ബി.സി. 587ൽ ബാബിലോൺ ചക്രവർത്തി ജറുസലെം നശിപ്പിക്കുകയും രാജാവിനെയും ജന





ത്തെയും നാടുകടത്തുകയും ചെയ്തതോടെ ഇസ്രായേലിൽ രാജഭരണം അവസാനിച്ചു.

കർത്താവ് ആഗ്രഹിച്ചതല്ല, ജനത്തിന്റെ താൽപര്യപ്രകാരം അനുവദിച്ചുകൊടുത്തതാണ് രപാജഭരണം എന്ന് 17, 14ൽ സൂചിപ്പിക്കുന്നു. രാജഭരണത്തെ സംശയദൃഷ്ടിയോടെയാണ് ഇവിടെ വീക്ഷിക്കുന്നത്. മറ്റു ജനതകളെപ്പോലെയാകാനുള്ള ആഗ്രഹം തങ്ങളുടെ തനിമ നഷ്ടപ്പെടുത്തുന്നതായിരിക്കും എന്ന താക്കീതും ഈ വാക്യത്തിലു്. എന്നാലും രാജാവിനെ തിരഞ്ഞെടുക്കുകയാണെങ്കിൽ ജനവും രാജാവും പാലിക്കേ നിബന്ധനകൾ വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു. ഇസ്രായേലിലെ രാജഭരണത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ ഈ നിയമങ്ങൾ മനസ്സിലാക്കുക കൂടുതൽ എളുപ്പമാണ്.

രാജാവിന്റെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് മൂന്ന് നിബന്ധനകൾ നല്കിയിരിക്കുന്നു. 1. കർത്താവു നിശ്ചയിക്കുന്ന ആളെ തിരഞ്ഞെടുക്കണം. 2. ജനം ഒന്നടങ്കമാമ് തിരഞ്ഞെടുക്കേത്. 3. തിരഞ്ഞെടുക്കപ്പെടുന്നയാൾ ഇസ്രായേൽക്കാരനായിരിക്കണം. സാവൂളിന്റെയും (1 സാമു 9-10), ദാവീദിന്റെയും (1 സാമു 16; 2 സാമു 2) തിരഞ്ഞെടുപ്പിൽ ഈ നിബന്ധനകൾ പാലിക്കപ്പെട്ടതായി കാണാം. രാജാവ് കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ പ്രമാണങ്ങളെല്ലാം കണിശമായി പാലിക്കുകയും ചെയ്യണം എന്ന പൊതു നിയമത്തിനു പുറമെ അഞ്ചു കൽപനകൾ പ്രത്യേകം എടുത്തു പറയുന്നു.

1. കുതിരകളുടെ എണ്ണം വർദ്ധിപ്പിക്കരുത്. അതിനായി ജനം ഈജിപ്തിലേക്കു മടങ്ങിപ്പോകാൻ ഇടയാകരുത്. യുദ്ധം ചെയ്യാനും പ്രൗഢി പ്രകടിപ്പിക്കാനുമാണ് കുതിരകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത്. രാജാവ് സൈന്യബലത്തിലല്ല, കർത്താവിലാണ് ആശ്രയിക്കേത് എന്ന് ആദ്യമേ പഠിപ്പിക്കുന്നു. ഏറ്റം മികച്ച കുതിരകൾ ഈജിപ്തിലാണ് ഉായിരുന്നത്. കുതിരകളുടെ വിലയായി യുവാക്കളെ ഈജിപ്തുകാർക്ക് സൈന്യസേവനത്തിനു വിട്ടുകൊടുക്കുക പതിവായിരുന്നു. അതിനാൽ ഈജിപ്തിലേക്കു മടങ്ങിപ്പോകുന്നത് അടിമത്തത്തിലേക്കുള്ള തിരിച്ചുപോകലാണ്. ഇതു കർത്താവു നല്കിയ വിമോചനത്തെ പരിത്യജിക്കലാകും.

2. അനേകം ഭാര്യമാരുായിരിക്കരുത്. ബഹുഭാര്യാത്വത്തെ വിലക്കുക മാത്രമല്ല ഈ കല്പനയുടെ ലക്ഷ്യം. രാജാക്കന്മാർ വിവാഹം വഴി അയൽ രാജ്യങ്ങളുമായി ഉടമ്പടി ഉറപ്പിക്കുക പതിവായിരുന്നു. ഭാര്യമാരായി വരുന്ന വിജാതീയ സ്ത്രീകൾ വിഗ്രഹാരാധന പ്രചരിപ്പിക്കുകയും രാജാവിനെയും ജനത്തെയും കർത്താവിൽ നിന്ന് അകറ്റുകയും ചെയ്യും. രാഷ്ട്രീയ കൂട്ടുകെട്ടുകളിൽ അഭയം തേടരുതെന്നും കർത്താവിനോടുള്ള വിശ്വസ്തതയ്ക്കു കോട്ടം തട്ടാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കണമെന്നും ഈ നിയമം അനുശാസിക്കുന്നു. സോളമന്റെയും (1 രാജാ 11, 1-8) ആഹാബിന്റെയും (1 രാജാ 16, 29-34) അനുഭവങ്ങൾ ഈ കല്പനയുടെ പ്രാധാനയം വ്യക്തമാക്കുന്ന ഉദാരണങ്ങളാണ്.

3. തനിക്കുവേി അമിതമായി സ്വത്ത് സമ്പാദിക്കരുത്. ജനത്തിന്റെ പരമാവധി എല്ലാവരുടേയും നന്മയ്ക്കും സമൃദ്ധിക്കും വേി യത്നിക്കണം. ജനത്തിന്റെ മുഴുവൻ സമ്പത്തും ഞെക്കിപ്പിഴിഞ്ഞ് ആഡംബരത്തിലും സുഖഭോഗങ്ങളിലും മുഴുകി കഴിഞ്ഞവരാണ് രാജാക്കന്മാരിൽ ഭൂരിഭാഗവും.

4. തന്റെ സഹോദരങ്ങളെക്കാൾ വലിയവനാണ് താൻ എന്നു ഭാവിക്കരുത്. ദൈവജനമായ ഇസ്രായേലിൽ എല്ലാവരും തുല്യരായ സഹോദരങ്ഹളാണ്. തന്റെ സഹോദരങ്ങളുടെ സേവനത്തിനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ദാസൻ മാത്രമാണ് താൻ എന്ന ബോധ്യം രാജാവിന് ഉായിരിക്കണം. വിജാതീയ രാജാക്കന്മാരെപ്പോലെ താൻ വലിയവനാണെന്ന ഭാവം ഇസ്രായേൽ രാജാവിന് ഉാകരുത്.

5. ഉടമ്പടി പുസ്തകത്തിന്റെ പകർപ്പ് എഴുതി സൂക്ഷിക്കുകയും എല്ലാദിവസവും വായിക്കുകയും ചെയ്യണം. കർത്താവിനെ ഭയപ്പെടുകയും പ്രമാണങ്ങളെല്ലാം പൂർണ്ണമായി അനുസരിക്കുകയും ചെയ്യുന്നതിനുവേിയാണിത്. അന്താരാഷ്ട്ര ഉടമ്പടികളുടെ നിബന്ധനകളോട് ഈ കല്പനയക്ക് സാമ്യമു്. ഉടമ്പടിയുടെ ര് പകർപ്പുാക്കി, ഒന്ന് ചക്രവർത്തിയും ഒന്ന് സാമന്തനും സൂക്ഷിക്കണം. സാമന്തൻ ഈ പകർപ്പ് തന്റെ ദേവാലയത്തിൽ സൂക്ഷിക്കുകയും നിശ്ചിത അവസരങ്ങളിൽ പരസ്യമായി വായിക്കുകയും ചെയ്യണം. ചക്രവർത്തി സൂക്ഷിക്കുന്ന പതിപ്പിനെ അനുസ്മരിപ്പിക്കുന്നതാണ് ലേവ്യ പുരോ





ഹിതന്മാരുടെ പക്കലുള്ള ഉടമ്പടി ഗ്രന്ഥം. ഇതു നിയമാവർത്തന നിയമസംഹിതയാണ്. അതിന്റെ പകർപ്പ് രാജാവ് സൂക്ഷിക്കുകയും എന്നും വായിക്കുകയും ചെയ്യുന്നത് തന്റെ രാജത്വവും അധികാരവും കർത്താവിൽ നിന്നു ലഭിച്ചതാണെന്നും അവിടുത്തെ കല്പനകൾ അനുസരിക്കാൻ താൻ കടപ്പെട്ടിരിക്കുന്നു എന്നും അനുസ്മരിപ്പിക്കും. "പകർപ്പ്" എന്നർത്ഥമുള്ള ഹീബ്രുവാക്ക് ഗ്രീക്കിലേക്കു വിവർത്തനം ചെയ്തപ്പോൾ രാം നിയമം (ദെവുത്തെരോണോമിയോൺ Deuteronomion) എന്ന പദമാണ് ഉപയോഗിച്ചത്. ഇതാണ് പുസ്തകത്തിന്റെ പേരായി ഉപയോഗിക്കുന്നത്.

**വിചിന്തനം** : രാജാവിനു നല്കിയിരിക്കുന്ന നിയമങ്ങളും പെരുമാറ്റച്ചട്ടങ്ഹളും എല്ലാം രാഷ്ട്രീയാധികാരികളും പാലിക്കേ നിർദ്ദേശങ്ങളാണ്. ആയുധസംഭരണവും പട്ടാളക്കരാറുകളും വഴി അധികാരം ഉറപ്പിക്കാൻ ശ്രമിക്കുന്നവർ യുദ്ധം വിളിച്ചുവരുത്തുകയാണെന്നതിനു ചരിത്രം സാക്ഷി. സ്വന്തമായി സ്വത്തു സമ്പാദിക്കാൻ ശ്രമിക്കുന്ന ഭരണാധികാരികൾ അക്രമികളും മോഷ്ടാക്കളുമാണ്. അവർ ജനത്തെ ദാരിദ്ര്യത്തിലാഴ്ത്തുന്നു; ദൈവകോപം വിളിച്ചുവരുത്തുന്നു. ആഡംബരത്തെയും സ്വത്തു സമ്പാദനത്തെയും കുറിച്ചുള്ള നിയമങ്ങൾ രാഷ്ട്രീയ ഭരണാധികാരികൾക്കുമാത്രമല്ല എല്ലാവർക്കും ബാധകമാണ്. അനുദിനം ദൈവവചനം വായിച്ചു പ്രചോദനം ഉൾക്കൊള്ളുന്നത് കർത്താവിന്റെ വഴിയിലൂടെ നടക്കാൻ എല്ലാവർക്കും സഹായകമാകും.

### c. പുരോഹിതന്മാരും ലേവ്യരും 18, 1-8

ദൈവശുശ്രൂഷയ്ക്കായി പ്രത്യേകം മാറ്റി വയ്ക്കപ്പെട്ട ലേവിഗോത്രത്തിന് വാഗ്ദത്തഭൂമിയിൽ അവകാശമുായിരുന്നില്ല. അവരുടെ ജീവസന്ധാരണത്തിന് ആവശ്യമായവ ബലിയർപ്പണത്തിന്റെ വിഹിതമായി ലഭിക്കണം എന്ന് ഇവിടെ നിർദ്ദേശിക്കുന്നു. സംഖ്യ 18-ാം അധ്യായത്തിൽ ഈ നിയമങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടു ് .

### d. പ്രവാചകന്മാരും പ്രവാചകനും 18, 9-22

ഇസ്രായേലിന്റെ നേതാക്കന്മാരെ സംബന്ധിച്ച നിയമങ്ങളിൽ

അടുത്തതായി പ്രവാചകരെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. ഈ ഭാഗത്തെ മൂന്നായി തിരിച്ചിരിക്കുന്നു. 1. നിഷിദ്ധമായ മാന്ത്രികവിദ്യകൾ 2. ഇസ്രായേലിലെ പ്രവാചകത്വം. 3. പ്രവാചകനെ അനുസരിക്കാത്തവരോടും സ്വയം പ്രവാചകൻ ചമയുന്നവരോടും സ്വീകരിക്കേ നിലപാട്.

**i. മാന്ത്രികവിദ്യകൾ 18, 9–14** : ഭാവിയിൽ എന്തു സംഭവിക്കും എന്ന് അറിയാനും ഭാവിയെ തങ്ങൾക്ക് അനുകൂലമായി രൂപപ്പെടുത്താനും വേി കാനാൻകാർ അനേകം മാർഗ്ഗങ്ങൾ ഉപയോഗിച്ചിരുന്നു. ആ ദുരാചാരങ്ങളൊന്നും ഇസ്രായേല്ക്കാർ അനുകരിക്കരുത് എന്ന പൊതുവായ താക്കീതിനുശേഷം നിഷിദ്ധമായ ഒമ്പതു കാര്യങ്ങൾ എടുത്തു പറയുന്നു. പി. ഒ. സി. ബൈബിളിൽ ഒന്നു വിട്ടുപോയിട്ടു ്. ഇവയിൽ പലതും കൃത്യമായി എന്തിനെ സൂചിപ്പിക്കുന്നു എന്ന് വ്യക്തമല്ല. ഒമ്പത് പ്രതീകാത്മക സംഖ്യ ആയതിനാൽ വിജാതീയരുടെ സകല ദുരാചാരങ്ങളും ഒരുമിച്ചു വിലക്കുന്നതായി കരുതാം. ഇപ്രകാരമുള്ള പല പട്ടികകളും ബൈബിളിലു്.

മക്കളെ ''ഹോമിക്കുന്നവർ'' എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുപദത്തിന് ''അഗ്നിയിലൂടെ കടത്തിവിടുന്നവർ'' എന്നാണ് അർത്ഥം. ഇത് ഒരു അഗ്നി പരീക്ഷയാകാം, അല്ലെങ്കിൽ ബലിയർപ്പണമാകാം (ലേവ്യ 18, 21; 20, 2). ുപകരണങ്ങളുടെ സഹായത്തോടെ ഭാവി പറയുന്നവനാണ് പ്രാശ്നികൻ അഥവാ പ്രശ്നക്കാരൻ. പാനപാത്രത്തിലെ ജലം, മൃഗങ്ങളുടെ ഉദരകോശങ്ങൾ, പക്ഷികളുടെ പറക്കൽ, മരച്ചില്ലകളിൽ കാറ്റടിച്ചുാകുന്ന മർമ്മരശബ്ദം തുടങ്ങിയവ നിരീക്ഷിച്ച് ഭാവി പറയുന്നവരാണ് ലക്ഷണം പറയുന്നവർ. നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും നില പരിഗണിച്ച് ഭാവി കുപിടിക്കുകയാണ് ജോത്സ്യന്മാർ ചെയ്യുക. ആഭിചാരക്കാരും മന്ത്രവാദികലും അദൃശ്യശക്തികളെ സ്വാധീനിച്ച് ഞങ്ങളുടെ ഇഷ്ടം നേടാൻ ശ്രമിക്കുന്നു. ഇത് സ്വന്തം നന്മയ്ക്കോ മറ്റുള്ളവരുടെ തിന്മക്കോ ആകാം. വെളിച്ചപ്പാട്, ക്ഷുദ്രക്കാർ എന്നിവർ അരൂപികളുടെ (Spririts) സഹായത്തോടെ അജ്ഞാത രഹസ്യങ്ങൾ കുപിടിക്കാൻ ശ്രമിക്കുന്നു. മരിച്ചവരുടെ ആത്മാക്കളുമായി ബന്ധപ്പെട്ട് ഭാവിയെക്കുറിച്ച് അറിയാൻ ശ്രമിക്കുന്നവരാണ് മൃതസന്ദേശവിദ്യക്കാർ (1 സാമു 28).





ഇവരുടെയെല്ലാം പ്രവർത്തനങ്ങൾ ഫലപ്രദമോ അല്ലയോ എന്ന് വി. ഗ്രന്ഥകാരൻ പറയുന്നില്ല. ഈ പ്രവൃത്തികളെല്ലാം മ്ലേഛവും ഇസ്രായേലിനു നിഷിദ്ധവുമാണ്. ഇവ മൂലമാണ് കാനാൻകാരെ കർത്താവ് നാട്ടിൽനിന്ന് ഉന്മൂലനം ചെയ്യുന്നത് എന്നും എടുത്തു പറയുന്നു. നിയ 9, 4ൽ ഈ ആശയം സൂചിപ്പിച്ചിരുന്നു. കർത്താവിന്റെ മുമ്പിൽ കുറ്റമറ്റവനായിരിക്കണം എന്ന കല്പന അവിടുത്തോടുള്ള പൂർണ്ണമായ വിശ്വസ്തതയാണ് ആവശ്യപ്പെടുന്നത്. മേൽവിവരിച്ച ദുരാചാരങ്ങളെല്ലാം ഈ വിശ്വസ്തതയ്ക്കു ഭംഗം വരുത്തുന്നു.

**ii. പ്രവാചകൻ 18, 15–18:** വ്യക്തികളുടെയും സമൂഹങ്ങളുടെയും ലോകത്തിന്റെ തന്നെയും ഭാവി ദൈവകരങ്ങളിലാണ്. അവിടുന്ന് നിഗൂഢമായി വച്ചിരിക്കുന്നത് ആർക്കും കുപിടിക്കാൻ കഴിയില്ല. അതിനായുള്ള ശ്രമങ്ങൾ പാഴ് വേലയെന്നു മാത്രമല്ല നിഷിദ്ധവുമാണ്. ഭാവി അറിയാനല്ല, തങ്ങളെ സംബന്ധിച്ച കർത്താവിന്റെ ഹിതം അറിയാനാണ് ജനം ശ്രമിക്കേത്. അതിനു വിജാതീയരുടെ മാന്ത്രികവിദ്യകൾ അനുസരിക്കേതില്ല. കർത്താവുതന്നെ തന്റെ ഹിതം അറിയിക്കാനായി പ്രവാചകന്മാരെ അയയ്ക്കും. മോശയെപ്പോലെ ഒരു പ്രവാചകൻ എന്നതുകൊ് രു കാര്യങ്ങൾ അർത്ഥമാക്കാം.

1. മോശ ദൈവത്തിൽ നിന്നു ലഭിച്ച സന്ദേശം ജനത്തെ അറിയിച്ചതുപോലെ ഇസ്രായേല്ക്കാരുടെ ഇടയിൽ എന്നും ദൈവഹിതമറിയിക്കുന്ന പ്രവാചകന്മാർ ഉായിരിക്കും. 2. വിമോചകനും ഉടമ്പടിയുടെ മധ്യസ്ഥനും നിയമദാതാവും ദൈവത്തിന്റെ വക്താവുമായ മോശയെപ്പോലെ ഒരു പ്രത്യേക പ്രവാചകനെ കർത്താവ് യുഗാന്ത്യത്തിൽ വീും അയയ്ക്കും. ഇതിൽ ആദ്യത്തെ വ്യാഖ്യാനമാണ് സാഹചര്യത്തിന് കൂടുതൽ യോജിച്ചത്. ദൈവഹിതം യുഗാന്ത്യത്തിൽ മാത്രം അറിഞ്ഞാൽ പോരല്ലോ. അതിനാൽ ഇടമുറിയാത്ത പ്രവാചക പിന്തുടർച്ചയാണ് ഇവിടെ വാഗ്ദാനം ചെയ്യുന്നത്.

എന്നാൽ ഇസ്രായേലിൽ പ്രവാചകന്മാരില്ലാത്ത ഒരു കാലം വന്നു. അവസാനത്തെ പ്രവാചകനായ മലാക്കി ബി. സി. നാലാം

നൂറ്റാിന്റെ പകുതിയോടെ മരിച്ചു. തുടർന്നുള്ള കാലയളവിൽ യഹൂദർ ഈ വാഗ്ദാനത്തെ ഒരു പ്രത്യേക പ്രവാചകനെ സൂചിപ്പിക്കുന്ന പ്രവചനമായി പരിഗണിച്ചു. ഈ അർത്ഥത്തിലാണ് പുതിയ നിയമം ഈ പ്രവചനത്തെ വ്യാഖ്യാനിക്കുന്നത് (അപ്പ 3, 22). യേശുവാണ് ആ പ്രവാചകൻ. ഒരേ പ്രവാചകവചനം ഒന്നിൽ കൂടുതൽ അർത്ഥം ഉൾക്കൊള്ളുന്നതിന്റെ ഒരു ഉദാഹരണമാണ് ഇത്.

ആരാണ് യഥാർത്ഥ പ്രവാചകൻ എന്ന് 18, 16-18ൽ വിശദീകരിക്കുന്നു. മൂന്നു കാര്യങ്ങൾ പ്രത്യേകം എടുത്തു കാട്ടിയിട്ടു്. 1. ജനത്തിനിടയിൽ നിന്നു കർത്താവു തിരഞ്ഞെടുത്തു ജനത്തിന്റെ അടുക്കലേക്ക് അയയ്ക്കുന്നു. 2. കർത്താവ് തന്റെ വചനങ്ങൾ അവന്റഎ നാവിൽവച്ചു കൊടുക്കുന്നു. 3. കർത്താവു കല്പിക്കുന്നതെല്ലാം അവൻ ജനത്തോടു പറയുന്നു. ചുരുക്കത്തിൽ കർത്താവു തിരഞ്ഞെടുത്തയയ്ക്കുന്ന വക്താവാണ് പ്രവാചകൻ. ജനത്തിന്റെ അപേക്ഷയെ മാനിച്ചാണ് പ്രവാചകനെ അയയ്ക്കുന്നതെന്ന് ഹോറെബിലെ സംഭവത്തെ അനുസ്മരിപ്പിച്ചുകൊ് പ്രഖ്യാപിക്കുന്നു.

**iii. ധിക്കാരത്തിനു ശിക്ഷ 18, 19-22:** പ്രവാചകൻ പറയുന്നതു കർത്താവിന്റെ വചനമാകയാൽ അത് അനുസരിക്കാത്തവൻ കർത്താവിനെയാണ് ധിക്കരിക്കുന്നത്. കർത്താവുതന്നെ അവനെ ശിക്ഷിക്കും. കർത്താവിന്റെ വിളിയും ദൗത്യവും വചനവും സ്വീകരിക്കാതെ സ്വയം പ്രവാചകൻ ചമയുന്നവരെ ജനം വധിക്കണം. എങ്ങിനെയാണ് യഥാർത്ഥ പ്രവാചകനെ തിരിച്ചറിയുക എന്ന പ്രശ്നം 13, 1-2ൽ നാം ചർച്ച ചെയ്തു കഴിഞ്ഞു.

**വിചിന്തനം** : പ്രവാചകന്മാരെക്കുറിച്ചുള്ള ഈ നിയമങ്ങൾ ഒരു വാഗ്ദാനവും രു താക്കീതുകളും ഉൾക്കൊള്ളുന്നു. പൂർണ്ണഹൃദയത്തോടെ തന്നെ അനുസരിക്കാൻ തയ്യാറാകുന്നവർക്കു ദൈവം തന്റെ ഹിതം വെളിപ്പെടുത്തും. അതിനായി അവിടുന്ന് എന്നും പ്രവാചകന്മാരെ അയച്ചു കൊിരിക്കും. ഇതാണ് വാഗ്ദാനം. ഭാവി പറയുന്നവരല്ല, ദൈവഹിതം അറിയിക്കുകയും ജീവിത നവീകരണത്തിനു പ്രേരിപ്പിക്കുകയും ചെയ്യുന്നവരാണ് പ്രവാചകന്മാർ.

മഷിനോട്ടം, കൈനോട്ടം, പക്ഷിശാസ്ത്രം, ഗൗളിശാസ്ത്രം,





പ്രശ്നം, ശകുനം, ജോത്സ്യം, വാരഫലം, മുഹൂർത്തം നോക്കൽ എന്നിങ്ങനെ ഭാവി അറിയാൻ ഇന്നും അനേകം വിദ്യകൾ ഉപയോഗിക്കാറു്. ഭിവയെ തനിക്ക് അനുകൂലമായി നിയന്ത്രിക്കാൻ വേി മന്ത്രവാദം, കൂടോത്രം, ചാത്തൻസേവ, കുഴിമാടസേവ തുടങ്ങിയ അനേകം വിദ്യകൾ പ്രയോഗിക്കാറു്. ഇതിനെല്ലാം പുറമെ സാക്ഷാൽ പിശാചിനെ കൂട്ടുപിടിച്ച് കാര്യം നേടാൻ ശ്രമിക്കുന്നവരുടെ എണ്ണം അഭ്യസ്തവിദ്യരും സംസ്കാര സമ്പന്നരും എന്നു കരുതപ്പെടുന്നവരുടെ ഇടയിൽപോലും വർദ്ധിച്ചുവരുന്നതായി കാണാം. ശാസ്ത്രീയ പരിവേഷം ചാർത്തി അവതരിപ്പിക്കുന്ന വാരഫലങ്ങളും ഗ്രഹനിലകളും കത്തോലിക്കാ പത്രങ്ങളിൽപോലും സ്ഥാനം പിടിച്ചു തുടങ്ങിയിരിക്കുന്നു. ഈ പ്രവണതകൾക്കെതിരെയാണ് ആദ്യത്തെ താക്കീത്.

മാനസാന്തരത്തിനും ജീവിതപരിവർത്തനത്തിനും സമൂഹത്തിന്റെ സമൂലമായ ഉടച്ചുവാർക്കലിനും ക്ഷണിക്കുന്നവരെ അവഗണിക്കുകയും അവഹേളിക്കുകയും വ്യാജപ്രവാചകന്മാരും കലാപകാരികളുമായി മുദ്ര കുത്തുകയും ചെയ്യാനുള്ള പ്രവണത വർദ്ധിച്ചുവരുന്നതായി കാണാം. അതേസമയം ഹിതകരമായതു മാത്രം പറയുകയും ഭാവിയുടെ മറ നീക്കി രഹസ്യങ്ങൾ അറിയിക്കുകയും ഉദ്ദിഷ്ടകാര്യസാധ്യം വാഗ്ദാനം ചെയ്യുകയും അസാധാരണ സിദ്ധികളുടെ ഉടമകളായിരിക്കുകയും ചെയ്യുന്നവരെ പ്രവാചകന്മാരായി സ്വീകരിക്കാൻ ജനം കൂടുതൽ ഒരുക്കമാണ്. സ്വന്തം തോന്നലുകളും സ്വപ്നങ്ങളും ദൈവവചനമായി അവതരിപ്പിച്ചുകൊ് പ്രവാചകൻ ചമയുന്നവർ ആയിരക്കണക്കിനു രംഗത്തിറങ്ങിയിരിക്കുന്നു. അതിനെല്ലാം എതിരേയാണ് രാമത്തെ താക്കീത്.

ജനത്തെ ഏറ്റം കൂടുതൽ സഹായിക്കാനും ദ്രോഹിക്കാനും കഴിയുന്നവരാണ് പ്രവാചകന്മാർ. അതിനാൽ പ്രവാചകന്മാര്യി രംഗപ്രവേശനം ചെയ്യുന്നവരും അവരെ ശ്രവിക്കുന്നവരും സർവ്വോപരി ദൈവജനത്തെ നയിക്കാനും പഠിപ്പിക്കാനും കടപ്പെട്ട അധികാരികളും അതീവജാഗ്രതയോടെ ശ്രദ്ധിക്കേ വിഷയമാണ് പ്രവാചകത്വം.

**e. ക്രിമിനൽ നിയമങ്ങൾ 19, 1-21**

കൊലപാതകത്തെയും സാക്ഷികളെയും സംബന്ധിക്കുന്ന നിയ

മങ്ങളാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. കുറ്റകരമല്ലാത്ത വിധത്തിൽ, അബദ്ധവശാൽ ആരെയെങ്കിലും കൊല്ലാൻ ഇടയായാൽ കൊലയാളിക്ക് ഓടിയൊളക്കാൻ വേി അഭയനഗരങ്ങൾ മാറ്റിവ യ്ക്കണം എന്ന് 19, 1-10ൽ നിർദ്ദേശിക്കുന്നു. ഈ നിയമങ്ങൾ സംഖ്യ 35, 19-29ൽ നാം കു കഴിഞ്ഞു. എന്നാൽ മനഃപൂർവ്വം കൊല നട ത്തിയ കുറ്റവാളിക്ക് അഭയം നല്കരുതെന്നു മാത്രമല്ല, പട്ടണത്തിലെ ശ്രേഷ്ഠന്മാർതന്നെ അവനെ പ്രതികാരകന് ഏല്പിച്ചു കൊടുക്കണം എന്നും ഇവിടെ നിർദ്ദേശിക്കുന്നു. സഹോദരന്റെ ജീവൻ ഒടുക്കുന്ന വന് ജീവിക്കാൻ അവകാശമില്ല. അവനെ കൊന്നാലേ അവൻ ചെയ്ത കൊലപാതകക്കുറ്റം ജനത്തിൽ നിന്നു മായ്ക്കപ്പെടുകയുള്ളു (19, 11-13). ഒരാളുടെ കുറ്റം സമൂഹത്തെ മുഴുവൻ ബാധിക്കുന്നു എന്നും അതു പരിഹരിക്കാൻ സമൂഹത്തിനു മുഴുവൻ കടമയുന്നെും ഈ നിയമം അനുശാസിക്കുന്നു. ശിക്ഷാഭീതി കൂടാതെ ആരും അപരനെ ദ്രോഹി ക്കാതിരിക്കാൻ വേിയാണ് ഈ നിയമം.

അയല്ക്കാരന്റെ സ്വത്തിനെ സംബന്ധിക്കുന്നതാണ് 19, 14ൽ നല്കിയിരിക്കുന്ന നിയമം. വാഗ്ദത്തഭൂമിയിൽ ദൈവം എല്ലാവർക്കും അവകാശം നല്കിയിട്ട്. അതിർത്തിക്കല്ലു മാറ്റുകയും അതിരു കയ്യേറുകയും ചെയ്യുന്നത് ദൈവം നല്കിയിര്കകുന്ന അവകാശത്തി ന്മേലുള്ള കടന്നാക്രമണമാണ്. അതും ദൈവത്തോടുള്ള ധിക്കാ രവും കയ്യേറ്റവുമായി പരിഗണിക്കപ്പെടും. എല്ലാവരുടെയും ജീവനും ജീവിക്കാനാവശ്യമായ സ്വത്തിനും ദൈവം തന്നെ സംരക്ഷണം നല്കു ന്നു.

19, 15-21ൽ സാക്ഷികളെ സംബന്ധഇച്ച നിയമങ്ങൾ അവതരി പ്പിക്കുന്നു. ''കള്ളസാക്ഷ്യം പറയരുത്'' എന്ന എട്ടാം പ്രമാണത്തിന്റെ വിശദീകരണമാണിത്. അയല്ക്കാരനെ ദ്രോഹിക്കാൻ വേി നല്കുന്ന സാക്ഷ്യം കള്ളമാണെന്നു തെളിഞ്ഞാൽ കുറ്റവാളിക്കു ലഭിക്കുമായിരുന്ന ശിക്ഷ കള്ളസാക്ഷിക്കു നല്കണം എന്നു നിർദ്ദേ ശിച്ചിരിക്കുന്നു. ആരും കള്ള സാക്ഷ്യം നല്കാതിരിക്കാൻ വേി യാണ് ഇപ്രകാരം മാതൃകാപരമായി ശിക്ഷിക്കുന്നത്. പ്രതികാരം ആവശ്യപ്പെടുകയും അതേ സമയം പ്രതികാരത്തിന് പരിധി നിശ്ചയി ക്കുകയും ചെയ്യുന്ന 19, 21ലെ നിയമം പുറ 21, 23-25ൽ കതാണ്





(ബൈ. തീ. 5-6, പേജ് 112-113).

വിചിന്തനം : അതിർത്തിത്തർക്കങ്ങളുടെ പേരിൽ കോടതി വ്യവഹാ രങ്ങളും കൊലപാതകങ്ങളും പോലും ഇന്നും നടക്കുമ്പോൾ അതിർത്തിക്കല്ലിനെ സംബന്ധിച്ച നിയമത്തിന്റെ പ്രസക്തി വർദ്ധിച്ചി ട്ടേയുള്ളൂ എന്നു മനസ്സിലാക്കാം. അതിർത്തി കയ്യേറുന്നതുമാത്രമല്ല, അയല്ക്കാരന്റെ പറമ്പിലേക്കു ചാഞ്ഞു നില്ക്കത്തക്കവിധത്തിൽ സ്വന്തം അതിർത്തിയിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതും ഈ നിയ മത്തിന്റെ വെളിച്ചത്തിൽ കുറ്റകരമാണ്. സ്ഥലത്തിന്റെ അതിരുകൾ മാത്രമല്ല, അധികാരത്തിന്റെയും അവകാശത്തിന്റെയും അതിരുകളും മാനിക്കാൻ എല്ലാവർക്കും കടമയു്. ആവശ്യമില്ലാതെ അന്യരുടെ കാര്യങ്ങളിൽ തലയിടുന്നതും അവരുടെ രഹസ്യങ്ങൾ ചോർത്തി യെടുക്കുന്നതും എല്ലാം അതിർത്തി ലംഘനം തന്നെയാണ്. അപ രന്റെ വ്യക്തിത്വത്തെയും അവകാശങ്ങളെയും മാനിക്കാൻ ഓരോരു ത്തർക്കും കടമയു്.

### f. യുദ്ധം 20, 1-20

സ്വന്തം നിലനില്പിനു വേി നിരന്തരം യുദ്ധം ചെയ്യാൻ നിർബ ന്ധിതമായ ഒരു ജനതയാണ് ഇസ്രായേൽ. വാഗ്ദത്തഭൂമി കൈവശ മാക്കാനും കാത്തുസൂക്ഷിക്കാനും വേി മോശയുടെ കാലം മുതൽ ഇന്നുവരെ അവരുടെ യുദ്ധം തുടരുന്നു. പലപ്പോഴും വിജയവും അതിലേറെ പരാജയവും അവർ അനുഭവിച്ചറിഞ്ഞിട്ടു്. കാനാൻ ദേശത്തു വാസമുറപ്പിച്ചിരുന്ന ചെറിയ ജനതകളുമായുള്ള യുദ്ധങ്ങ ളിൽ താരതമ്യേന എളുപ്പത്തിൽ അവർക്കു വിജയം നേടാൻ കഴി ഞ്ഞു. എന്നാൽ വൻശക്തികളായ അസീറിയായും ബാബിലോണും പേർഷ്യയും ഗ്രീസും റോമും അവരെ നിശ്ശേഷം തോൽപ്പിച്ച് അടമ കളാക്കിയിട്ടു്. വടക്കൻ രാജ്യമായ ഇസ്രായേൽ അസ്സീറിയായുടെ ആധിപത്യത്തിലാവുകയും യൂദാ അപ്രകാരമൊരന്ത്യത്തെ മുന്നില് കാണുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നിയമാവർത്തനപു സ്തകം രചിക്കപ്പെട്ടത് എന്നു നാമും ആമുഖത്തിൽ കു. അതി നാൽ എപ്രകാരം യുദ്ധം നയിക്കണം എന്നു നാം ആമുഖത്തിൽ കു. അതിനാൽ എപ്രകാരം യുദ്ധം നയിക്കണം എന്നതിനുള്ള മാർഗ്ഗരേഖയോ കൃത്യമായ നിർദ്ദേശങ്ങളോ അല്ല, യുദ്ധത്തെ സംബ

ന്ധിച്ച ദൈവശാസ്ത്രപരമായ കാഴ്ചപ്പാടു വ്യക്തമാക്കുന്ന ഉപദേശ ങ്ങളാണ് ഇവിടെ നല്കുന്നത്.

യുദ്ധത്തെ സംബന്ധിച്ച ചില നിയമങ്ങൾ 7, 1-24; 9, 1-6ൽ നാം കു കഴിഞ്ഞു. യുദ്ധത്തടവുകാർ (21, 10-14), പാളയത്തിൽ പാലി ക്കേ വിശുദ്ധി (23, 9-14), സൈനികസേവനം നിഷിദ്ധമായവർ (24, 5), അമലേക്യരെ ഉന്മൂലനം ചെയ്യാനുള്ള യുദ്ധം (25, 17-19) എന്നി ങ്ങനെ വീും അനേകം തവണ യുദ്ധവും അതിനെ സംബന്ധി ക്കുന്ന നിയമങ്ങളും പരാമർശവിഷയമാകുന്നു്. സ്വന്തം നിലനി ല്പിനു വേി നിരന്തരം യുദ്ധങ്ങളിൽ ഏർപ്പെടാൻ നിർബന്ധിത രായ ഒരു ജനതയാണ് തങ്ങൾ എന്ന ഇസ്രായേൽ ജനത്തിന്റെ അവ ബോധം ഈ നിയമങ്ങളിൽ തെളിയുന്നു.

**i. ആശ്രയം കർത്താവിൽ മാത്രം 20, 1-9 :** ശത്രുവിന്റെ സൈന്യ ബലം കു ഭയപ്പെടരുത് എന്ന ഉപദേശവുമായാണ് യുദ്ധത്തെ സംബ ന്ധിച്ച നിയമങ്ങൾ ആരംഭിക്കുന്നത്. ഫറവോയുടെ തേരുകളും കുതി രകളും ചെങ്കടലിൽ താഴുന്നത് കറിഞ്ഞവർ തങ്ങളെക്കാൾ മെച്ച പ്പെട്ട ആയുധങ്ങളും കൂടുതൽ സൈന്യവുമുള്ള ശത്രുക്കളുടെ മുമ്പിൽ ഭയപ്പെടേതില്ല. കാരണം ദൈവമായ കർത്താവാണ് ഇസ്രായേ ലിനെ നയിക്കുന്ന സൈന്യാധിപൻ. യുദ്ധം തുടങ്ങുന്നതിനു മുമ്പെ പുരോഹിതൻ ഈ സത്യം അവരെ അനുസ്മരിപ്പിക്കണം (20, 3-4).

വീടു പണിതിട്ട് പ്രതിഷ്ഠ കഴിക്കാത്തവർ, മുന്തിരിത്തോട്ടം നട്ടു പിടിപ്പിച്ചിട്ട് ഫലം അനുഭവിക്കാത്തവർ, വിവാഹവാഗ്ദാനം നടത്തി യിട്ട് വിവാഹം കഴിക്കാത്തവർ, ഭീരുക്കൾ എന്നിവർ യുദ്ധത്തിൽ പങ്കെ ടുക്കാൻ അർഹരല്ലെന്നു പ്രഖ്യാപിച്ചുകൊ് സേനാനായകന്മാർ ഇപ്ര കാരമുള്ളവരെ തിരിച്ചയയ്ക്കുമ്പോൾ സൈന്യബലം കുറയുകയാ ണ്. ആൾ ബലത്തിലോ ആയുധമേന്മയിലോ അല്ല, കർത്താവിലാണ് ആശ്രയിക്കേത്.

പ്രധാനപ്പെട്ട എന്തെങ്കിലും പ്രവൃത്തി ആരംഭിക്കുമ്പോൾ പിശാ ചുക്കളുടെ ശക്തമായ എതിർപ്പും പ്രലോഭനങ്ങളും ഉാകും എന്ന ഒരു വിശ്വാസം മധ്യപൗരസ്ത്യ ദേശത്തു നിലവിലിരുന്നു. അതി നാൽ ഭവനപ്രതിഷ്ഠ, ആദ്യവിള, വിവാഹം മുതലായവയുമായി ബന്ധ





പ്പെട്ടവരെ സൈന്യത്തിൽ ചേർക്കുമായിരുന്നില്ല. ഈ കാഴ്ചപ്പാട് പൂർണ്ണമായി പരിത്യജിച്ചിട്ട്, തികച്ചും മാനുഷികമായ പരിഗണനയാണ് നിയമാവർത്തന ഗ്രന്ഥകാരൻ ഈ നിയമത്തിനു നല്കിയിരിക്കുന്നത്. വ്യക്തികളുടെ അവകാശങ്ങളും താൽപര്യങ്ങളും സൈനികസേവന ത്തിലും പരിരക്ഷിക്കപ്പെടണം.

**ii. ഉപരോധനം 20, 10-18 :** ഇസ്രായേൽക്കാർ ആക്രമിച്ചു കീഴടക്കുന്ന പട്ടണങ്ങൾ കാനാൻദേശത്തോ വിദേശത്തോ എന്നതിനെ ആസ്പദ മാക്കി രുതരം നിയമങ്ങൾ നല്കിയിരിക്കുന്നു. വാഗ്ദത്തഭൂമിക്കു പുറത്താണെങ്കിൽ നഗരത്തെ ഉപരോധിക്കുമ്പോൾ അവർക്കു സമാ ധാനസന്ധി ചെയ്യാൻ അവസരം കൊടുക്കണം. സന്ധിക്കു തയ്യാറ ല്ലെങ്കിലേ യുദ്ധം ചെയ്യാവൂ. കീഴടക്കിക്കഴിയുമ്പോൾ പുരുഷന്മാരെ മാത്രമേ വധിക്കാവൂ. ബാക്കിയെല്ലാം കൊള്ളമുതലായി എടുക്കാം. കാനാൻദേശത്ത് ഇപ്രകാരമൊരു ആനുകൂല്യം അനുവദിക്കുന്നില്ല. ഇസ്രായേൽക്കാർ വിഗ്രഹാരാധനയ്ക്കു പ്രേരിതരായേക്കും എന്ന താണ് കാരണം. ഇന്ന് വളരെ ക്രൂരമായി തോന്നാവുന്ന ഈ നടപടി ക്രമം അസീറിയാക്കാരെപ്പോലുള്ള ഇതര ജനതകൾ സ്വീകരിച്ചിരു ന്നതിൽ നിന്നും വളരെ മയപ്പെട്ടതും മാനുഷികപരിഗണനയുള്ളതു മാണ്. കീഴടങ്ങാനോ സന്ധിചെയ്യാനോ അവസരം നല്കാതെ നഗരം നശിപ്പിക്കു, ഗർഭിണികളുടെ ഉദരം പിളർക്കുക (ആമോ 1, 13), കുഞ്ഞു ങ്ങളെ നിലത്തടിച്ചു കൊല്ലുക എന്നിങ്ങനെ അവർ യുദ്ധത്തിൽ ചെയ്തിരുന്ന ക്രൂരതയ്ക്ക് അതിരില്ലായിരുന്നു.

**iii. പ്രകൃതി സംരക്ഷണം 20, 19-20 :** കോട്ടമതിലുകൾ ഇടിച്ചു തകർക്കാ നുള്ള യന്ത്രമുട്ടികൾ, മതിലിൽ കയറാൻ കോവണികൾ മുതലായവ ഉാക്കാനാണ് മരം ആവശ്യമായി വരുന്നത്. പക്ഷേ, താൽക്കാ ലിക ലാഭത്തിനുവേി സ്ഥായിയായ നഷ്ടം വരുത്തി വയ്ക്കരുത് എന്ന് ഇവിടെ ഉപദേശിക്കുന്നു. ദേശത്തുള്ള ഫലവൃക്ഷങ്ങൾ മുഴു വൻ വെട്ടി നശിപ്പിക്കുക, വയലും കിണറും കല്ലിട്ടു മൂടുക തുടങ്ങിയ നശീകരണപ്രവൃത്തികൾ യുദ്ധത്തിന്റെ ഭാഗമായിരുന്നു (2 രാജാ 3, 25-26).

**വിചിന്തനം :** പാപത്തിൽ നിന്ന് ഇനിയും പൂർണ്ണമായി മോചനം നേടി

യിട്ടില്ലാത്ത ലോകത്തിന്റെ ശാപമാണ് യുദ്ധങ്ങള്‍. യേശു നല്കുന്ന രക്ഷയും ഇവിടുത്തെ സ്നേഹത്തിന്റെ പ്രമാണവും എല്ലാവരും സ്വീകരിച്ചു സ്വന്തമാക്കുമ്പോഴേ യുദ്ധവും ഇല്ലാതാവുകയുള്ളൂ. എന്നാല്‍ യുദ്ധം ചെയ്യുമ്പോഴും സംയമനവും മാനുഷിക പരിഗണനയും പാലിക്കണം എന്ന ഈ നിര്‍ദ്ദേശങ്ങള്‍ എന്നത്തേക്കാളേറെ ഇന്നു പ്രസക്തമാണ്. വംശനാശം ലക്ഷ്യം വച്ചുള്ള യുദ്ധങ്ങള്‍, കൃഷിഭൂമിയെ മരുഭൂമിയും വിഷഭൂമിയുമാക്കി മാറ്റുന്ന രാസായുധങ്ങള്‍, ഭൂമിയെ മുഴുവന്‍ ചുട്ടെരിക്കാന്‍ പര്യാപ്തമായ അണ്വായുധങ്ങള്‍ മുതലായ ആധുനികഭീഷണകളുടെ മുന്നില്‍ പൗരാണികരുടെ യുദ്ധങ്ങളും നശീകരണങ്ങളും നിഷ്പ്രഭമായിത്തീരുന്നു.

യുദ്ധത്തെ സംബന്ധിച്ച നിര്‍ദ്ദേശങ്ങള്‍ ആധ്യാത്മികമായ ചില ഉള്‍ക്കാഴ്ചകളും നല്കുന്നു്. പാപത്തിനും പാപസാഹചര്യങ്ങള്‍ക്കും എതിരേയുള്ള പോരാട്ടത്തില്‍ സ്വന്തം ശക്തിയിലല്ല, കര്‍ത്താവില്‍ മാത്രമാണ് ആശ്രയിക്കേത്. ദൈവരാജ്യത്തിലേക്കുള്ള പ്രയാണത്തില്‍ പ്രതിബന്ധങ്ങള്‍ കു പിന്മാറരുത്. ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തിനു വേിയുള്ള പോരാട്ടത്തിന് ആവശ്യമായ ആയുധങ്ങള്‍ മിസൈലും റോക്കറ്റും ആറ്റംബോംബുമല്ല, സത്യം, നീതി, വിശ്വാസം, ദൈവവചനം മുതലായവയാണ്. (എഫേ 6, 10-17).

## ചോദ്യങ്ങള്‍

1. അധികാര സംവിധാനത്തെക്കുറിച്ച് ബൈബിളിന്റെ പൊതുവായ കാഴ്ചപ്പാട് എന്ത്? ഏതെല്ലാം അധികാരികളെക്കുറിച്ചാണ് ഈ ഭാഗത്തു പ്രതിപാദിക്കുന്നത്?

2. നീതിപാലനത്തെ സംബന്ധിച്ച സുപ്രധാനമായ മൂന്നു നിബന്ധനകള്‍ ഏവ?

3. എത്രതരം കോടതികളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നു്?

4. രാജാവിന്റെ തിരഞ്ഞെടുപ്പിനെ സംബന്ധഇച്ച നിബന്ധനകള്‍ ഏവ?

5. രാജാവു പാലിക്കേ അഞ്ചു കല്പനകള്‍ വിശദീകരിക്കുക.

6. എന്തിനു വേിയാണ് മന്ത്രവാദികളെയും മറ്റും സമീപിക്കുന്നത്? അതു വിലക്കാന്‍ കാരണമെന്ത്? മറ്റ് എന്തു സംവിധാനമാണ് ഇവിടെ





വാഗ്ദാനം ചെയ്യുന്നത്?

7. മോശയെപ്പോലെ ഒരു പ്രവാചകന്‍ എന്നതുകൊ് എന്താണ് അര്‍ത്ഥമാക്കുന്നത്?

8. യുദ്ധത്തെ സംബന്ധിച്ച നിയമങ്ങളില്‍ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

**ചര്‍ച്ചയ്ക്ക്** : 1. ആരാണ് പ്രവാചകന്‍? എങ്ങിനെയാണ് യഥാര്‍ത്ഥ പ്രവാചകനെ തിരിച്ചറിയുക? ഇന്നു പ്രവാചകന്മാരുേ?

2. രാജാക്കന്മാരെക്കുറിച്ചു നല്കിയിരിക്കുന്ന നിയമങ്ങളുടെ വെളിച്ചത്തില്‍ ഇന്നത്തെ ഭരണ സംവിധാനത്തെയും അധികാരികളുടെ പ്രവര്‍ത്തനശൈലിയെയും വിലയിരുത്തുക.

**പ്രാര്‍ത്ഥന** : 72-ാം സങ്കീര്‍ത്തനം ഉപയോഗിച്ചു പ്രാര്‍ത്ഥിക്കുക.

## 3. വിവിധ നിയമങ്ങള്‍ 21, 1-26 19

വാഗ്ദത്തഭൂമിയില്‍ ഒരു ജനതയായി വാസമുറപ്പിക്കുമ്പോള്‍ ഇസ്രായേല്‍ക്കാര്‍ നേരിടുന്ന വൈവിധ്യമാര്‍ന്ന സാഹചര്യങ്ങളില്‍ പാലിക്കേ നിയമങ്ങള്‍ പ്രത്യക്ഷമായ യാതൊരു ക്രമവും കൂടാതെ ഈ അധ്യായങ്ങളില്‍ അവതരിപ്പിച്ചിരിക്കുന്നു. ഈ സമാഹാരത്തിലെ നല്ലൊരു പങ്ക് കുടുംബബന്ധങ്ങളെ സംബന്ധിച്ച നിയമങ്ങളാണ്. പക്ഷേ അവയും ഒരുമിച്ചല്ല അവതരിപ്പിച്ചിരിക്കുന്നത്. എന്നാലും ഈ നിയമങ്ങള്‍ക്കെല്ലാം പൊതുവേ ബാധകമായ രു കാര്യങ്ങളു്. 1. വാഗ്ദത്തഭൂമിയില്‍ വസിക്കാന്‍ ഇവ അനുസരിച്ചേ മതിയാകൂ. 2. ഈജിപ്തിലെ അടിമത്തത്തെയും അവിടെ നിന്നു കര്‍ത്താവു നല്കിയ മോചനത്തെയും കുറിച്ചുള്ള അനുസ്മരണം അനുസരണത്തിനു പ്രേരിപ്പിക്കണം.

### 1. അനാഥപ്രേതം 21, 1-9

19-ാം അധ്യായത്തില്‍ വിവരിച്ച ക്രിമിനല്‍ നിയമങ്ങളോടു ബന്ധപ്പെട്ടതാണ് തുറസ്സായ സ്ഥലത്തു കിടക്കുന്ന അനാഥപ്രേതത്തെ സംബന്ധിച്ച നിയമം. കൊലയാളി ആരെന്ന് അറിയാത്തതിനാല്‍ മൃതദേഹം കിടക്കുന്ന സ്ഥലത്തോട് ഏറ്റം അടുത്തുള്ള പട്ടണത്തിലെ നിവാസി

കൾ കൊല്ലപ്പെട്ട ആൾക്കുവേി പരിഹാരകർമ്മം അനുഷ്ഠിക്കണം. അജ്ഞാതഘാതകനു പകരമാണ് നുകം വച്ചിട്ടില്ലാത്ത പശുക്കിടാവിനെ കഴുത്തൊടിച്ചു കൊല്ലുന്നത്. ലേവ്യ പുരോഹിതന്റെ സാന്നിധ്യത്തിൽ വച്ചാണ് പശുക്കിടാവിനെ കൊല്ലുന്നതെങ്കിലും ഇത് ഒരു ബലിയർപ്പണമല്ല. പണിയെടുപ്പിച്ചിട്ടില്ലാത്ത പശുക്കിടാവ്, ഒഴുകുന്ന അരുവി, കൃഷി ചെയ്തിട്ടില്ലാത്ത സ്ഥലം എന്നിവയെല്ലാം ശുദ്ധമാണ്. കൊലപാതകം മൂലം ദേശത്തെ ബാധിച്ച അസുദ്ധി അകറ്റാൻ വേിയാണ് ഈ കർമ്മങ്ങൾ. തങ്ങളുടെയും നഗരവാസികളുടെയും നിരപരാധിത്വത്തിന്റെ അടയാളമായി ശ്രേഷ്ഠന്മാർ ചത്ത പശുക്കിടാവിന്റെ മേൽ കൈകഴുകുകയും തങ്ങൾക്ക് ഈ കൊലപാതകത്തിൽ പങ്കില്ല എന്നു പ്രഖ്യാപിച്ചുകൊ് കർത്താവിനോടു മാപ്പിരക്കുകയും ചെയ്യണം.

പല പുരാതന ജനതകളുടെയും ഇടയിൽ നിലവിലിരുന്ന ഒരു വിശ്വാസവുമായി ഈ ചടങ്ങിനു ബന്ധമു്. കൊലയാളി ശിക്ഷിക്കപ്പെടുന്നതുവരെ കൊല്ലപ്പെട്ടവന്റെ ആത്മാവ് ചുറ്റിത്തിരിയുകയും കാണുന്നവരെയെല്ലാം ഉപദ്രേവിക്കുകയും ചെയ്യും. ഇങ്ങനെ ചുറ്റിത്തിരിയുന്നവരെയെല്ലാം ഉപദ്രേവിക്കുകയും ചെയ്യും. ഇങ്ങനെ ചുറ്റിത്തിരിയുന്ന ആത്മാക്കളെക്കുറിച്ചുള്ള അന്ധവിശ്വാസമാണല്ലോ പ്രേതബാധയെന്ന് അറിയപ്പെടുന്നത്. അതിനാൽ കൊലയാളിയെ കുകിട്ടിയില്ലെങ്കിൽ ആത്മാവിന്റെ ശാന്തിക്കായി പരിഹാരകർമ്മങ്ങൾ അനുഷ്ഠിക്കുക പതിവായിരുന്നു. കൊലപാതകത്തെ തടയാനും കുറ്റവാളിയെ ശിക്ഷിക്കാനും സമൂഹത്തിന് ഉത്തരവാദിത്വമു് എന്ന ബോധ്യമാണ് ഈ വിശ്വാസത്തിൽ പ്രകടമാകുന്നത്.

ബൈബിളിൽ ഇതിന് മറ്റൊരു വിശദീകരണം നല്കിയിരിക്കുന്നു. മരിച്ചവന്റെ പ്രേതമല്ല, ജീവന്റെ നാഥനായ കർത്താവാണ് ശിക്ഷാവിധി നടപ്പാക്കുന്നത്. സമൂഹത്തിൽ സംഭവിക്കുന്ന കുറ്റകൃത്യങ്ങൾക്ക് സമൂഹം ഒന്നടങ്കം ഉത്തരവാദിയാകും. കുറ്റവാളിയെ ശിക്ഷിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പൊതുവായ ഒരു പരിഹാരകർമ്മം നിർദ്ദേശിക്കുന്നു. പരേതാത്മാവ് പ്രതികാരം തേടി അലഞ്ഞു തിരിയുന്നില്ല. അതു കർത്താവിന്റെ കരങ്ങളിലാണ്. പ്രേതബാധയെക്കുറിച്ചുള്ള ഭയം അകറ്റുകയും അതേസമയം കൊലപാതകത്തിനു പരിഹാരം





അനുഷ്ഠിക്കുകയും ചെയ്യുന്നതാണ് ഈ കർമ്മം. "ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല" എന്നു പറഞ്ഞുകൊ് പീലാത്തോസ് കൈ കഴുകുകയും "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്താനങ്ങളുടെ മേലും ആയിക്കൊള്ളട്ടെ എന്നു ജനക്കൂട്ടം വിളിച്ചു പറയുകയും ചെയ്തത് (മത്താ 27, 24-25) ഈ ചടങ്ങിനെ അനുസ്മരിപ്പിക്കുന്നു.

## 2. തടവുകാരിയെ വിവാഹം ചെയ്താൽ 21, 10-14

യുദ്ധത്തെക്കുറിച്ച് 20-ാം അധ്യായത്തിൽ നല്കിയ നിയമങ്ങളുടെ കൂടെപോകുന്നതാണ് തടവുകാരിയാക്കിയ സ്ത്രീയെ വിവാഹം ചെയ്യുന്നതിനെ സംബന്ധിച്ച ഈ നിയമം. കാനാൻ ദേശത്തെ വിജാതീയ സ്തിരീകളെ വിവാഹം ചെയ്യരുത്; എന്നാൽ വിദൂരത്തു പാർക്കുന്ന വിജാതീയ സ്ത്രീകളെ ഭാര്യമാരായി സ്വീകരിക്കാം എന്ന് ഇവിടെ നിർദ്ദേശിക്കുന്നു. തടവുകാരിയാക്കിയവളെ ഭാര്യയായി സ്വീകരിക്കാം. പക്ഷെ, അവളുടെ വ്യക്തിത്വത്തെ മാനിക്കണം. യുദ്ധത്തിൽ നഷ്ടപ്പെട്ട തന്റെ മാതാപിതാക്കളെക്കുറിച്ച് വിലപിക്കാൻ അവൾക്ക് അവസരം നല്കണം. തല മുണ്ഡനം ചെയ്യുന്നതും നഖം മുറിച്ചു കളയുന്നതും വിലാപത്തിന്റെ അടയാളമാണ്. അടിമത്തത്തിന്റെ വസ്ത്രം മാറ്റുന്നത് അവൾ സ്വതന്ത്രയായി എന്നു സൂചിപ്പിക്കുന്നു. ഈ കർമ്മങ്ങളെല്ലാം ഒരു പുതിയ ജീവിതമാരംഭിക്കുന്നതിന്റെ അടയാളമായി കരുതാം. വിവാഹം ചെയ്തു കഴിഞ്ഞാൽ അവൾക്ക് ഒരു ഇസ്രായേൽക്കാരിയുടെ എല്ലാ അവകാശങ്ങളും നൽകണം. പിന്നീട് ഒരിക്കലും അടമയായി പരിഗണിക്കാൻ പാടില്ല. ഇസ്രായേലിൽ ബഹുഭാര്യാത്വവും വിവാഹമോചനവും നിലനിന്ന ഒരു സാഹചര്യത്തിൽ രൂപം കൊതാണ് ഈ നിയമം. ഇതര ജനതകൾ യുദ്ധത്തടവുകാരോട് അനുവർത്തിച്ചിരുന്നതിനേക്കാൾ ഉദാരവും നീതിപൂർവ്വകവുമായ പെരുമാറ്റമാണ് ഇവിടെ നിർദ്ദേശിക്കുന്നത്.

## 3. ആദ്യജാതന്റെ അവകാശം 21, 15-17

ബഹുഭാര്യാത്വം വരുത്തിവയ്ക്കുന്ന മറ്റൊരു പ്രശ്നത്തിനു പരിഹാരം നിർദ്ദേശിക്കുന്ന നിയമമാണിത്. പല ഭാര്യമാരുള്ള ആളിന്റെ സ്വത്തിന് എല്ലാ ഭാര്യമാരിൽ നിന്നും ജനിച്ച ആൺമക്കൾക്ക് അവ

കാശമു്. ആദ്യം ജനിച്ചവന് മറ്റുള്ളവരേടേതിനേക്കാൾ ഇരട്ടി അവ കാശപ്പെട്ടിരിക്കുന്നു. പിതാവിന്റെ ഇഷ്ടാനിഷ്ടങ്ങൾ ഈ അവകാ ശത്തിന് കോട്ടം വരുത്തരുത് എന്ന് ഇവിടെ അനുശാസിക്കുന്നു. എന്നാൽ പൊതുവായ ഈ നിയമത്തിന് അപവാദങ്ങളുായിരുന്നു. ഇസഹാക്ക്, യാക്കോബ്, ദാവീദ് മുതലയാവർ ഇളവരായിരുന്നിട്ടും സഹോദരങ്ങളേക്കാൾ കൂടുതൽ പരിഗണന അവർക്കു ലഭിച്ചു. എളി യവർക്കു പ്രത്യേക സംരക്ഷണം നല്കുന്ന കർത്താവിന്റെ പദ്ധതി യാണ് അതിലൂടെ വെളിപ്പെടുത്തുന്നത്.

### 4. ധിക്കാരിയും ധൂർത്തനുമായ മകൻ 21, 18-21

മക്കളുടെ അവകാശത്തെക്കുറിച്ചു പ്രതിപാദിച്ചതിനുശേഷം അവരുടെ കടമയിലേക്കു ശ്രദ്ധതിരിക്കുന്നു. നാലാം പ്രമാണം ലംഘി ക്കുന്നവർക്കെതിരേയുള്ള ശിക്ഷാനടപടി ഈ നിയമത്തിൽ നിശ്ചയി ച്ചിരിക്കുന്നു. ''ഭോജനപ്രയനും മദ്യപനും'' എന്ന വിശേഷണങ്ങൾ മകന്റെ ദുർന്നടപ്പിന് ഉദാഹരണങ്ങളാണ്. മാതാപിതാക്കന്മാരെ ബഹു മാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നില്ല എന്നുമാത്രമല്ല, അവ രുടെ സ്വത്തു നശിപ്പിക്കുകയും കുടുംബത്തിന്റെ സൽപ്പേരിനും നില നിൽപ്പിനു തന്നെയും ഭീഷണിയാകുകയും ചെയ്യുന്ന മകനെതിരേ യാണ് കോടതിയിൽ പരാതികൊടുക്കുന്നത്. മാതാവും പിതാവും മകനെതിരേ പരാതിപ്പെടുന്നത് കുറ്റകൃത്യങ്ങളുടെ കാഠിന്യത്തിനു തെളി വാണ്. താതാക്കാലികമായ അസംതൃപ്തിയോ വൈകാരികമായ അകല്ച്ചയോ അല്ല, വസ്തുനിഷ്ഠമായി തെളിയിക്കാവുന്നതും സ്ഥിര സ്വഭാവമായിത്തീർന്നതും, കുടുംബത്തിനും സമൂഹത്തിനും അപകടം വരുത്തുന്നതുമായ കുറ്റകൃത്യങ്ങളാണ് ഇവിടെ വിവക്ഷിക്കുന്നത്. കുറ്റം തെളിഞ്ഞാൽ ഏറ്റം കഠിനമായ ശിക്ഷ നല്കണം. ഇത് എല്ലാ വർക്കും മാതൃകയാകുന്ന ശിക്ഷാവിധിയാണ്.

**വിചിന്തനം** : കുടുംബത്തിന്റെ സംരക്ഷണത്തിനായി കഴിവിനൊത്ത് അധ്വാനിക്കാൻ എല്ലാവർക്കും കടമയു്. ഈ കടമ മറന്ന്, സ്വന്തം സുഖഭോഗങ്ങൾക്കായി കുടുംബസ്വത്ത് ധൂർത്തടിക്കുന്ന ഇത്തിൾക്ക ണ്ണികൾ കുടുംബത്തിന്റെയും സമൂഹത്തിന്റെ തന്നെയും നിലനില്പും സുസ്ഥിതിയും അപകടത്തിലാക്കുന്നു.





### 5. കെട്ടിത്തൂക്കിയ ശവം 21, 22-23

കുറ്റവാളികളെ തൂക്കിക്കൊല്ലുക ഇസ്രായേലിൽ സാധാരണമ ല്ലായിരുന്നു. കല്ലെറിഞ്ഞു കൊല്ലുകയാണു പതിവ്. കുറ്റകൃത്യങ്ങ ളിൽനിന്നു മറ്റുള്ളവരെ പിന്തിരിപ്പിക്കാൻ ഒരു താക്കീതായിട്ടാണ് കൊല്ല പ്പെട്ടവന്റെ മൃതദേഹം മരത്തിൽ തൂക്കുന്നത്. എന്നാൽ രാത്രിയാകു ന്നതിനു മുമ്പേ ശവം മറവു ചെയ്യണം എന്നു പ്രത്യേകം നിർദ്ദേശിച്ചി രിക്കുന്നു. (ജോഷ്വാ 8, 29; 10, 26-27). കുറ്റവാളിയെയും അതിലുപ രി, യുദ്ധത്തിൽ ശത്രുക്കളെയും മരത്തിൽ കെട്ടിത്തൂക്കിയോ വാരി ക്കുന്തത്തിൽ കോർത്തോ കൊല്ലുകയും, ശവം പക്ഷി തിന്നും അഴിഞ്ഞും തീരുന്നതുവരെ അതേ നിലയിൽ നിർത്തുകയും ചെയ്യുക മധ്യപൗരസ്ത്യദേശത്തു പതിവായിരുന്നു. ഇതിനെ തിരുത്തിക്കുറി ക്കുന്നതാണ് ഈ നിയമം. മരിച്ചവനോടുള്ള ആദരവല്ല, മറവു ചെയ്യാത്ത ശവശരീരം നാടിനെ അസുദ്ധമാക്കും എന്ന ചിന്തയാണ് ഈ നിയമത്തിനു കാരണമായി നല്കിയിർകകുന്നത്. ആരോഗ്യപ രവും മതപരവുമായ ലക്ഷ്യങ്ങൾ ഈ നിയമത്തിനു്. യേശു ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപത്തിന്റെ ശിക്ഷ ഏറ്റെടു ത്തുകൊ് നമ്മെ രക്ഷിച്ചു എന്നു പഠിപ്പിക്കാൻ ''മരത്തിൽ തൂക്ക പ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്'' (നിയ 21, 23) എന്ന നിയമം വി. പൗലോസ് ഉദ്ധരിച്ചിട്ടു് (ഗലാ 3, 13).

### 6. അന്യരോടു പരിഗണന കാട്ടുക 22, 1-12

വഴിതെറ്റിയലയുന്ന വീട്ടുമൃഗങ്ങൾ, ശത്രുവിന്റേതാണെങ്കിൽ പോലും, അവയെ ഉടമസ്ഥന്റെ അടുക്കൽ തിരിച്ചെത്തിക്കണം എന്ന് പുറ 23, 4-5ൽ നിർദ്ദേശിച്ചിട്ടു്. ഇവിടെ ഇസ്രായേൽക്കാർ തമ്മിൽ നിലനില്ക്കേ സാഹോദര്യവും പരിഗണനയുമാണ് നിയമത്തിലൂടെ അനുശാസിക്കുന്നത്. നഷ്ടപ്പെട്ട വസ്തുക്കൾ എന്തുതന്നെ ആയാലും അതു കത്തെുന്നവർ ഉടമസ്ഥനു തിരിച്ചേല്പ്പിക്കണം (22, 1-3). വഴിയിൽ വീണുകിടക്കുന്ന മൃഗങ്ങളെ എഴുന്നേല്പ്പിക്കാൻ സഹായി ക്കുന്നത് അയല്ക്കാരനോട് മാത്രമല്ല, മൃഗങ്ങളോടും ഉള്ള പരിഗണ നയുടെ അടയാളമാണ് (22, 4). ്ടയിരിക്കുന്ന തള്ളപ്പക്ഷിയെ പറ ന്നുപോകാൻ അനുവദിക്കണം എന്ന നിയമവും (22, 6-7) ഇപ്രകാര മുള്ള പരിഗണനയാൽ പ്രചോദിതമത്രേ.

പുരുഷന്റെ വേഷം സ്ത്രീയും, സ്ത്രീയുടെ വേഷം പുരുഷനും അണിയരുത് (22, 5) എന്ന നിയമത്തിന് ദൈവം നിശ്ചയിച്ചിരിക്കുന്ന ലൈംഗിക വ്യത്യാസം എല്ലാവരും മാനിക്കണം എന്നതാണ് ഏറ്റം സ്പഷ്ടമായ കാരണം. ദൈവതിരുമുമ്പിൽ നിന്ദ്യമാണ് ഈ പ്രവൃത്തി എന്ന വിശദീകരമം വെറും വേഷം മാറ്റം മാത്രമല്ല, സ്വവർഗ്ഗഭോഗവും അതുപോലുള്ള മറ്റു വൈകൃതങ്ങളുമാണ് ഇവിടെ വിവക്ഷിക്കുന്നത് എന്നു സൂചിപ്പിക്കുന്നു. കാനാൻകാരുടെ ഇടയിൽ നിലവിലിരുന്ന അഷേറാ ദേവതയുടെ ആരാധനയുടെ ഭാഗമായി ഇപ്രകാരമുള്ള ആൾമാറാട്ടം പതിവായിരുന്നു. അതിനാൽ വിഗ്രഹാരാധനയുമായി ബന്ധപ്പെട്ടതാണ് ഈ വിലക്ക്. വേഷം മാറ്റം ലൈംഗിക വൈകൃതത്തിന്റെ ഭാഗമായിത്തീരുന്നതും (ലേവ്യ 18, 22; 20, 13; റോമാ 1, 27) ഈ വിലക്കിന്റെ ഒരു കാരണമാണ്.

വീടിന്റെ മട്ടുപ്പാവിൽ (ടെറസിൽ) ചുറ്റും അരമതിൽ പണിയുന്നത് (22, 8) ജീവന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ വേിയാണ്. വിരുന്നുകൾ നടത്താനും വിശ്രമിക്കാനും അന്തിയുറങ്ങാനും മറ്റും മട്ടുപ്പാവുകൾ ഉപയോഗിക്കുക പതിവായിരുന്നു. ആരെങ്കിലും അവിടെ നിന്നു വീണുമരിക്കാൻ ഇടയായാൽ വീട്ടുടമസ്ഥൻ അതിന് ഉത്തരവാദിയായിരിക്കും. നിയമാനുസൃതം അയാളെ വധിക്കാൻ മരിച്ചയാളിന്റെ അടുത്ത ബന്ധുവിന് അവകാശവും കടമയുമു് 9-11 വാക്യങ്ങളിൽ കൊടുത്തിരിക്കുന്ന നിയമങ്ങൾ ലേവ്യർ 19, 19ൽ കതാണ് (തി, 7 പേജ് 74). മൃഗങ്ങൾക്കു നല്കേ സംരക്ഷണത്തിലേക്കു ശ്രദ്ധതിരിക്കുന്നതാണ് കാളയെയും കഴുതയെയും ഒരുമിച്ചു പൂട്ടി ഉഴരുത് എന്ന നിയമം. വലുപ്പത്തിലും ശക്തിയിലും വ്യത്യാസമുള്ള മൃഗങ്ങളെക്കൊ് ഒരേ ജോലി തുല്യമായി ചെയ്യിക്കുന്നത് ബലഹീനമായതിനാ കൂടുതൽ ക്ലേശം വരുത്തും. തൊങ്ങലുകളെക്കുറിച്ചുള്ള നിയമം (22, 12) സംഖ്യ 15, 37-47ൽ കു കഴിഞ്ഞു. (തി. 8 പേജ് 52-53).

### 7. ലൈംഗിക ധാർമ്മികത (22, 13-30)

ലൈംഗികബന്ധങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾ അടുത്തതായി വിവരിക്കുന്നു. വിവാഹസമയത്ത് കന്യകയല്ലായിരുന്നു എന്ന് ഭാര്യയ്ക്കെതിരെ ഭർത്താവ് ആരോപണമുന്നയിച്ചാൽ സ്വീകരിക്കേ





നടപടി ക്രമമാണ് ആദ്യമേ വിവരിക്കുന്നത് (22, 13-21). മകളെ അപകീർത്തിപ്പെടുത്തുന്ന ഭർത്താവിനെതിരേ പ്രദേശിക കോടതിയിൽ പരാതികൊടുക്കുകയും അവളുടെ കന്യകാത്വത്തിനുള്ള തെളിവു നല്കുകയും മാതാപിതാക്കന്മാരുടെ കടമയാണ്. വിവാഹത്തിന്റെ ആദ്യ രാത്രിയിൽ വധൂവരന്മാർ ഉപയോഗിച്ച കിടക്കവിരിയിലെ രക്തക്കറയാണ് തെളിവായി ഹാജരാക്കുന്നത്. ഇപ്രകാരമുള്ള വിരി സ്ത്രീയുടെ മാതാപിതാക്കൾ സൂക്ഷിച്ചുവയ്ക്കുക പതിവായിരുന്നു. ഭർത്താവിന്റെ ആരോപണം അടിസ്ഥാന രഹിതമാണെന്നു തെളിഞ്ഞാൽ അയാൾ ശിക്ഷയേല്ക്കണം. മറിച്ചാണെങ്കിൽ വ്യഭിചാരക്കുറ്റത്തിന് സ്ത്രീയെ അവളുടെ പിതൃഗൃഹത്തിന്റെ വാതില്ക്കൽ വച്ചു കല്ലെറിഞ്ഞു കൊല്ലണം.

സ്ത്രീയുടെ സൽപ്പേരിനും ജീവനും സംരക്ഷണം നല്കുന്നുങ്കെിലും പുതിയ നിയമത്തിന്റെ മാനദണ്ഡം വച്ചു നോക്കുമ്പോൾ തികച്ചും വിവേചനാപരമായ ഒരു നിയമമാണിത്. കന്യകാത്വം സ്ത്രീയ്ക്ക് മാത്രമേ നിർദ്ദേശിക്കുന്നുള്ളൂ. തെളിവു നല്കുക പലപ്പോഴും ദുഷ്കരമായിരിക്കും. അതിനാൽ നിരപരാധി വധിക്കപ്പെടാൻ സാധ്യതയു്. ഈ പ്രതിസന്ധിയാണ് ജോസഫ് നേരിട്ടത് (മത്താ 1, 18-19). എന്നാലും ഇഷ്ടാനുസൃതം ഭാര്യയെ അപമാനിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നതിനെ ഒരു പരിധിവരെ തടയാൻ ഈ നിയമത്തിനു കഴിഞ്ഞു.

വ്യഭിചാരക്കുറ്റത്തിന് മരണശിക്ഷ വിധിക്കുന്നതാണ് അടുത്തരു നിയമങ്ങൾ (22, 22-24). ബി.സി. 15-ാം നൂറ്റ് മുതൽ അസ്സീറിയായിൽ പ്രചാരത്തിലിരുന്ന നിയമങ്ങളോട് ഇവയ്ക്കു സാമ്യമു്. വ്യഭിചാരക്കുറ്റത്തിന് മരണശിക്ഷയാണ് ഈ നിയമങ്ങളിലും നിർദ്ദേശിച്ചിരിക്കുന്നത്. വിവാഹിതയും വിവാഹവാഗ്ദാനം ചെയ്തവളും ഒരുപോലെ പരിഗണിക്കപ്പെടുന്നു. ദാമ്പത്യവിശ്വസ്തതയുടെ ലംഘനമാണ് ഇവിടെ ശിക്ഷാർഹമായി പരിഗണിക്കുന്നത്. വിവാഹവാഗ്ദാനം ചെയ്തവളെ രക്ഷികാകൻ ആരുമില്ലാത്ത സാഹചര്യത്തിൽ ബലാൽസംഗം ചെയ്യുന്ന പുരുഷന് മരണശിക്ഷ കല്പിക്കുന്നതാണ് അടുത്ത നിയമം (22, 25-27). ഇവിടെ നിരപരാധിയും നിസ്സഹായയും ആയ സ്ത്രീയെ വെറുതെ വിടുന്നു. വിവാഹവാഗ്ദാനം ചെയ്തിട്ടി

ല്ലാത്തവളെ ബലാൽസംഗം ചെയ്യുന്നവൻ അവളെ വിവാഹം കഴിക്കണം. നിശ്ചിത തുക അവളുടെ പിതാവിന് സ്ത്രീധനമായി നല്കുകയും ചെയ്യണം എന്ന് അടുത്ത നിയമം (22, 28-29; പുറ 22, 16-17) അനുശാസിക്കുന്നു. ''പിതാവിന്റെ ഭാര്യ'' എന്ന് അടുത്ത നിയമത്തിൽ (22, 30) പരയുന്നത് രാനമ്മയെ ഉദ്ദേശിച്ചാണ്.

**വിചിന്തനം** : മനുഷ്യസമൂഹത്തിന്റെ സുസ്ഥിതിക്കും വളർച്ചയ്ക്കും വേി ദൈവം നല്കിയിര്കകുന്ന വലിയൊരു ദാനമാണ് സ്ത്രീപുരുഷ ലൈംഗികത (ഉൽപ 1, 27-28; 2, 18-24). പാവനമായ കുടുംബബന്ധത്തിന്റെ പശ്ചാത്തലത്തിൽ, ദൈവനിശ്ചിതമായ ലക്ഷ്യത്തിന് അനുസൃതമായി, ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് ദമ്പതികളുടെ ജീവിതവിശുദ്ധീകരണത്തിനു സഹായിക്കും. എന്നാൽ സ്വാർത്ഥമോഹങ്ങളുടെ പൂർത്തീകരണത്തിനായുള്ള ലൈംഗിക ബന്ധങ്ങൾ പാപമാണ്. അത് വ്യക്തികളുടെയും സമൂഹത്തിന്റെ തന്നെയും നാശത്തിനു വഴിതെളിക്കും. വ്യഭിചാരക്കുറ്റത്തിനു വധശിക്ഷ വിധിക്കുന്നതിലൂടെ ദാമ്പത്യവിശ്വസ്തതയുടെയും ലൈംഗിക വിശുദ്ധിയുടെയും പ്രാധാന്യം എടുത്തു കാട്ടുന്നു. ഈ നിയമം സ്ത്രീക്കും പുരുഷനും ഒരുപോലെ ബാധകമാണെങ്കിലും ഇന്നും സ്ത്രീകളാണ് ഭൂരിഭാഗം അപമാനവും പീഡനവും ഏൽക്കുന്നത്.

## 8. സഭയിൽ പ്രവേശനമില്ലാത്തവർ 23, 1-8

വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം എന്നാണ് സഭ എന്നു വിവർത്തനം ചെയ്യുന്ന 'കഹാൽ' എന്ന ഹീബ്രുവാക്കിന്റെ അർത്ഥം. തിരുനാളാഘോഷങ്ങൾ, ജനം മുഴുവൻ ഒന്നുചേർന്നു നടത്തുന്ന ആരാധന, ജനം ഒന്നടങ്കം പങ്കെടുക്കുന്ന യുദ്ധങ്ങൾ മുതലായവയ്ക്കു വേിയാണ് വിളിച്ചുകൂട്ടുന്നത്. മതപരവും രാഷ്ട്രീയവുമായ ലക്ഷ്യങ്ങൾ ഉള്ളതിനാൽ രുതരത്തിലും യോഗ്യരായവരെ മാത്രമേ ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നുള്ളൂ.

വിജാതീയ ക്ഷേത്രങ്ങളിലും രാജകൊട്ടാരങ്ങളിലും സേവനത്തിനായി ഷണ്ഡന്മാരെ നിയോഗിക്കുക പതിവായിരുന്നു. ഇപ്രകാരം അംഗവൈകല്യം വരുത്തിവച്ചവരെ അശുദ്ധരായി പരിഗണിച്ച്, അവർക്കു സഭയിൽ പ്രവേശനം നിഷേധിച്ചിരിക്കുന്നു. ''വേശ്യാ





പുത്രൻ'' എന്നതിന് അവിഹിതബന്ധത്തിൽനിന്നു ജനിച്ചവൻ എന്നാണ് അർത്ഥമെങ്കിലും, അടുത്ത രക്തബന്ധമുള്ളവർ തമ്മിൽ നടത്തുന്ന വേഴ്ചയിൽ നിന്നു ജനിച്ചവർ എന്നും ഈ പദത്തെ വ്യാഖ്യാനിക്കാറ്. വിഗാരഹാരാധനയ്ക്കെതിരേയുള്ള കർശനമായ നിലപാടാണ് ഈ രു നിയമങ്ങളിലും പ്രതിഫലിക്കുന്നത്.

മൊവാബ്യരും അമ്മോന്യരും ഇസ്രായേലിന്റഎ സ്ഥിരം ശത്രുക്കളായിരുന്നു. അവരെ സഭയിൽ നിന്ന് അകറ്റി നിർത്തുന്നതിന് രാജ്യരക്ഷയെ സംബന്ധിച്ച പരിഗണനകളും കാരണമായിട്ടുാവും. മരുഭൂമിയിലെ യാത്രാമധ്യേ അവർ കാട്ടിയ ശത്രുതയാണ് (സംഖ്യ 22-24) ഇവിടെ കാരണമായി എടുത്തുപറയുന്നത്. ഈ ജനതകളുടെ ഉദ്ഭവത്തെക്കുറിച്ച് പ്രചാരത്തിലിരുന്ന വിശ്വാസവും (ഉൽപ 19, 30-38) ഈ വിലക്കിനു കാരണമായിരിക്കാം. ഏസാവിന്റെ സന്തതികളായ ഏദോമ്യർ ഇസ്രായേലിന്റെ സഹോദരങ്ങളാണ്. ജോസഫിനും സഹോദരങ്ങൾക്കും ആതിഥ്യവും സംരക്ഷണവും നല്കിയവരാണ് ഈജിപ്തുകാർ. ആകയാൽ ഈ രു ജനതകളോടും കൂടുതൽ ദാക്ഷിണ്യപൂർവ്വമായ നിലപാടു സ്വീകരിച്ചിരിക്കുന്നു.

സഭയിലെ അംഗത്വത്തെക്കുറിച്ചുള്ള കർക്കശമായ ഈ നിരാപടിൽ പിൽക്കാലത്തു മാറ്റമുായി. സകല ജനതകളും കർത്താവിന്റെ ആലയത്തിലേക്കു വരുമെന്നും ഷണ്ഡന്മാർക്ക് ഉന്നതമായ സ്ഥാനം നല്കുമെന്നും ഏശയ്യായിലൂടെ കർത്താവ് അരുളിച്ചെയ്തു (ഏശ 56, 1-8). എത്യോപ്യക്കാരൻ ഷണ്ഡന്റെ മാനസാന്തരം (അപ്പ 8, 26-38) ഈ പ്രവചനത്തിതന്റെ പൂർത്തീകരണത്തിനു തെളിവാണ്. യേശുവിലൂടെ ലഭിക്കുന്ന രക്ഷ എല്ലാ ജനതകൾക്കും വേിയുള്ളതാണ്.

## 9. പാളയത്തിന്റെ വിശുദ്ധ 23, 9-14

ആരോഗ്യപരമായ പരിഗണനയാണ് അടുത്ത രു നിയമങ്ങളിലുള്ളത്. ശരീരവും പരിസരവും ശുദ്ധമായി സൂക്ഷിക്കണം എന്നത് മതപരമായ കടമയായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. സ്വപ്നസ്ഖലനം പാപമായി പരിഗണിക്കുന്നില്ല. എന്നാലും അത് ഒരുവനെ താൽക്കാലികമായി അശുദ്ധനാക്കുന്നു. സ്രാവം മൂലമുാകുന്ന

അശുദ്ധിയെ കുറിച്ച് ലേവ്യർ 15-ാം അധ്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടു്. കർത്താവു തങ്ങളുടെ മധ്യേ വസിക്കുന്നു എന്നതാണ് ശുചിത്വം പാലിക്കുന്നതിനു കാരണമായി എടുത്തുകാട്ടിയിരിക്കുന്നത്.

10. ദരിദ്രർക്കു നീതിയെയും ആരാധനയെയും സംബന്ധിച്ച അനേകം നിയമങ്ങൾ ഇവിടെ സമാഹരിച്ചിരിക്കുന്നു. ഇവയിൽ ഭൂരിഭാഗവും ദരിദ്രരും അവശതയനുഭവിക്കുന്നവരുമായവർക്കു നൽകേ പ്രത്യേക സംരക്ഷണത്തെ സംബന്ധിക്കുന്നവയാണ്. 23, 15-16 ഒളിച്ചോടി വരുന്ന അടിമയ്ക്ക് അക്ഷയം നൽകണം എന്ന് അനുശാസിക്കുന്നു. ഹമുരബിയുടെ നിയമസംഹിതയിൽ (16-20) അടിമയെ ഒളിച്ചോടാൻ സഹായിക്കുന്നവർക്കും ഒളിച്ചോടുന്ന അടിമയ്ക്ക് അഭം നല്കുന്നവർക്കും മരണശിക്ഷയാണ് വിധിച്ചിരിക്കുന്നത്. ഇസ്രായേലിന്റെ നിയമം അവർക്ക് പ്രത്യേക സംരക്ഷണം ഉറപ്പുവരുത്തുന്നു. അടിമകളെ സംബന്ധിച്ച ഈ നിയമം ഇന്ന് അഭയാർത്ഥികളായി അന്യനാടുകളിലേയ്ക്ക് പലായനം ചെയ്യുന്നവർക്കും ബാധകമാണ്.

**23, 17-18 :** ഇസ്രായേൽക്കാർ ആരും വിജാതീയരുടെ ആരാധനയുമായി ബന്ധപ്പെട്ട വേശ്യാവൃത്തിയിൽ ഏർപ്പെടരുത് എന്നു കല്പിക്കുന്നു. കാനാൻകാരുടെ ക്ഷേത്രങ്ങളിൽ ഫലപുഷ്ടിക്കുവേി നടത്തിയിരുന്ന ബലിയർപ്പണങ്ങളുടെ ഭാഗമായി ലൈംഗികവേഴ്ചകൾ പതിവായിരുന്നു. ഇതിനുവേി സ്ത്രീകളും പുരുഷന്മാരും നിയുക്തമായിരുന്നു. അവർക്ക് കിട്ടുന്ന വേതനത്തിൽ നിന്ന് കർത്താവിന്റെ ആലയത്തിൽ കാഴ്ച സ്വീകരിക്കുന്നതും വലിക്കിയിരിക്കുന്നു. പുരുഷവേശ്യകളുടെ പ്രതിഫലത്തെയാണ് "നായയുടെ വേതനം" എന്നു വിശേഷിപ്പിചിരിക്കുന്നത്. അവിഹിത മാർഗ്ഗങ്ങളഇലൂടെ സമ്പാദിച്ച സ്വത്തിൽ നിന്ന് ദേവാലയത്തിൽ നേർച്ചയായി സ്വീകരിക്കരുത് എന്ന നിയമത്തിന് ഇന്നും പ്രസക്തിയു്. ഇപ്രകാരം സമ്പന്നരായവർക്ക് സമൂഹത്തിൽ മാന്യതയും അംഗീകാരവും നല്കുകയാവും അവരുടെ കാണിക്കകൾ ദേവാലയത്തിൽ സ്വീകരിക്കുന്നതിലൂടെ ചെയ്യുക. അതു നിരസിച്ചാൽ തങ്ങളുടെ അക്രമത്തെക്കുറിച്ച് ചിന്തിക്കാൻ അവർക്ക് അവസരം ലഭിക്കും, മാനസാന്തരത്തിലേക്കു നയിക്കാൻ സഹായിക്കുകയും ചെയ്യും.





23, 19-20: (പുറ 22, 25; ലേവ്യ 25, 35-37; നിയ 15, 7-10) ആവശ്യമനുഭവിക്കുന്ന സഹോദരനു വായ്പ കൊടുക്കുമ്പോൾ പലിശ ഈടാക്കരുത്, എന്നാൽ വിജാതീയരിൽ നിന്നു പലിശ വാങ്ങാം എന്ന നിയമം വിശ്വാസികളുടെ കൂട്ടായ്മയിൽ നിലനില്ക്കേ പ്രത്യേക ബന്ധത്തെ എടുത്തു കാട്ടുന്നു. കൂടുതൽ സമ്പാദിക്കുന്നതിനു വേി കടം വാങ്ങുന്നതിനെയല്ല, അനുദിനാവശ്യങ്ങൾ നിർവ്വഹിക്കാൻ വേി വായ്പ വാങ്ങുന്നതിനെയാണ് ഇവിടെ പലിശയിൽ നിന്ന് ഒഴിവാക്കുന്നത്. അയൽക്കാരന്റെ ജീവൻ നിലനിർത്തുന്നത് സ്വയം സ്വത്ത് സമ്പാദിക്കുന്നതിനേക്കാൾ പ്രധാനപ്പെട്ടതാണ്. അയല്ക്കാരനെ അകമഴിഞ്ഞ് സഹായിക്കുന്നവരെ കർത്താവ് സംരക്ഷിക്കും എന്ന വാഗ്ദാനം ഈ നിയമത്തിന് വിശദീകരണമായി നല്കിയിരിക്കുന്നു.

**23, 21-23 (ലേവ്യ 27; സംഖ്യ 30) :** നേർച്ചനേരാൻ ആർക്കും കടമയില്ല. നേർന്നാൽ നിറവേറ്റാതിരിക്കുന്നത് വാഗ്ദാന ലംഘനമാണ് (തീ 7, പേജ് 92-95; തീ 8, പേജ് 88).

**23, 24-25 :** വിശക്കുന്നവന് ആഹാരം ലഭ്യമാക്കുന്ന ഒരു നിയമമാണിത്. ആരും വിശന്നുമരിക്കാൻ ഇടയാകരുത് എന്നു കർത്താവിനു നിർബന്ധമു്. അതിനുവേിയാണ് അവിടുന്ന് സസ്യലതാദികളും ഫലമൂലാദികളും സൃഷ്ടിച്ചത് (ഉല്പ 1, 29). അതിനാൽ വിശക്കുന്നവന് അന്യന്റെ വയലിൽ നിന്നും ഭക്ഷിക്കാം എന്ന് ഇവിടെ നിർദ്ദേശിക്കുന്നു. വിശപ്പടക്കാൻ മാത്രമേ അനുവദിക്കുന്നുള്ളൂ എന്നതു പ്രത്യേകം ശ്രദ്ധേയമത്രേ. മുന്തിരി പറിച്ചു പാത്രത്തിലാക്കുന്നതും കതിരുകൾ കൊയ്തെടുക്കുന്നതും കൊുപോയി സൂക്ഷിച്ചുവയ്ക്കുവാൻ വേി ആയതിനാൽ വിലക്കിയിരിക്കുന്നു. അന്യരുടെ അധ്വാനഫലം കൊ് ഉപജീവനം കഴിക്കാൻ അലസന്മാരെ പ്രോത്സാഹിപ്പിക്കുന്ന ഒരു നിയമമല്ല ഇത് (2 തെസ 3, 10-12). സ്വത്തിനെക്കാൾ വിലപ്പെട്ടതാണ് ജീവൻ എന്ന് ഈ നിയമത്തിലൂടെ പഠിപ്പിക്കുന്നു.

**24, 1-4 :** വിവാഹമോചനം അനുവദിക്കുന്ന നിയമമാണ് ഇതെന്നു പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ വിവാഹമോചനത്തെക്കുറിച്ചല്ല, ഒരിക്കൽ ഉപേക്ഷാപാത്രം നല്കി വീട്ടിൽ നിന്ന് പറഞ്ഞയച്ച് ഭാര്യയെ വീും ഭാര്യയായി സ്വീകരിക്കരുത് എന്നാണ് ഈ നിയമം അനുശാസിക്കുന്നത്. ഹീബ്രുമൂലത്തിൽ ഒരു കാര്യം മാത്രമാണ്

പൂർണ്ണവാക്യമായി അവതരിപ്പിച്ചിരിക്കുന്നത്. ബാക്കി എല്ലാം സാഹചര്യം വിശദീകരിക്കുന്ന ഉപവാക്യങ്ങളാണ്. ഭാഷാഭംഗി നോക്കാതെ മൂലത്തോടു പൂർണ്ണവിശ്വസ്തത പുലർത്തിക്കൊ് താഴെ കൊടുത്തിരിക്കുന്ന വിവർത്തനത്തിൽ നിന്ന് ഇതു വ്യക്തമാകും.

“ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം കഴിക്കുകയും, അവളിൽ നിന്ദ്യമായി എന്തെങ്കിലും കാണുകയാൽ അയാൾക്ക് അവളിൽ താൽപ്പര്യമില്ലാതാവുകയും അയാൾ ഉപേക്ഷാപത്രം എഴുതി അവളുടെ കൈയ്യിൽ കൊടുത്ത് അവളെ വീട്ടിൽ നിന്ന് ഇറക്കിവിടുകയം അയാളുടെ വീടു വിട്ടതിനുശേഷം അവൾ മറ്റൊരാളുടെ ഭാര്യയാവുകയും ചെയ്തിട്ട്, അവളുടെ രാമത്തെ ഭർത്താവിനും അവളിൽ താൽപ്പര്യമില്ലാതായി, അയാൾ ഉപേക്ഷാപത്രമെഴുതി അവളുടെ കൈയ്യിൽ കൊടുത്ത് തന്റെ ഭവനത്തിൽ നിന്ന് ഇറക്കിവിടുകയോ അയാൾ മരിക്കുകയോ ചെയ്താൽ, അവളെ ഉപേക്ഷിച്ച ആദ്യഭർത്താവ്, അശുദ്ധയായിത്തീർന്ന അവളെ വീും വിവാഹം ചെയ്യാൻ പാടില്ല”.

വിവാഹമോചനം നിലവിലിരുന്ന ഒരു സാഹചര്യത്തിൽ അതിനെ നിയന്ത്രിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന ഒരു നിയമമായിരുന്നു ഇത്. എന്നാൽ പില്ക്കാലത്ത് വിവാഹമോചനത്തിനുള്ള അനുവാദമായി ഈ നിയമം പരിഗണിക്കപ്പെട്ടു. ഭാര്യയിൽ താൽപ്പര്യമില്ലാതാകാൻ ഉാകുന്ന കാരണം പുതിയനിയമകാലത്ത് റബ്ബിമാരുടെ ഇടയിൽ വലിയവിവാദവിഷയമായിരുന്നു. “ഭാര്യയിൽ നിന്ദ്യമായി കാണുന്നത്” വ്യഭിചാരക്കുറ്റത്തെ മാത്രമാണ് സൂചിപ്പിക്കുന്നതെന്നും ആ കാരണത്താൽ മാത്രമേ വിവാഹമോചനം അനുവദനീയമാകൂ എന്നും റബ്ബിഷമ്മായി പഠിപ്പിച്ചു. എന്നാൽ അയാളുടെ സമകാലികനായി റബ്ബിഹില്ലെൽ “നിന്ദ്യം” എന്നത് ഏതുകാരണവുമാകാം എന്നു വാദിച്ചു. ഈ തർക്കമാണ് ഫരിസേയർ യേശുവിന്റഎ മുമ്പിൽ അവതരിപ്പിച്ചത്. (മത്താ. 19, 3-9)

അവിടുത്തെ മറുപടി വ്യക്തമായിരുന്നു. വിവാഹമോചനം ദൈവഹിതത്തിനു വിരുദ്ധമാണ്. വ്യഭിചാരക്കുറ്റം മൂലം വിവാഹമോചനം അനുവദിച്ചത് മനുഷ്യരുടെ ഹൃദയകാഠിന്യം കൊു മാത്രമാണ്. “വ്യഭിചാരം” വിവാഹത്തിനുശേഷമോ വിവാഹത്തിനു മുമ്പോ





എന്നതിൽ തർക്കമു്. നിയമാവർത്തന പുസ്തകത്തിന്റെ പശ്ചാത്തലത്തിൽ സംസാരിക്കുന്നതിനാൽ നിയ 22, 13-21ൽ പ്രതിപാദിച്ച ‘കന്യകാത്വഭംഗം’ ആണ് ഇവിടെ വിവക്ഷിക്കുന്നത് എന്നുമാനിക്കാം. അങ്ങനെയെങ്കിൽ വിവാഹമോചനം അനുവദിക്കുകയല്ല, വിവാഹത്തെ അസാധുവായി പ്രഖ്യാപിക്കുക മാത്രമാണ് ചെയ്യുന്നത്. ഈ നടപടിക്രമമാണ് കത്തോലിക്കാ സഭ സ്വീകരിക്കുന്നത്.

**24, 5:** വിവാഹത്തിനു ശേഷം ഒരു വർഷമെങ്കിലും ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു താമസിക്കാൻ അനുവദിക്കണം, അതിനു വിഘാതമാകുന്ന യാതൊരു ജോലിക്കും നിർബന്ധിക്കരുത് എന്ന നിയമം കുടുംബബന്ധത്തിന്റെ കെട്ടുറപ്പിനു സഹായിക്കുന്നു. നിയ 20, 7ൽ കതുമായി ഈ നിയമത്തിനു ബന്ധമു്.

**24, 6 :** അന്നന്നയപ്പം ഒരുക്കാൻ ആവശ്യമായ തിരികല്ലോ മേല്ക്കല്ലോ പണയം വാങ്ങുന്നത് മരണശിക്ഷയ്ക്കു തുല്യമാണ്. കടം തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്തതിന്റെ പേരിൽ പാവപ്പെട്ടവരുടെ വീടും വീട്ടുപകരണങ്ങളം ജപ്തി ചെയ്യുന്നവർ ഈ നിയമം പാലിച്ചിരുന്നെങ്കിൽ!

**24, 7 :** മോഷ്ടിക്കരുത് എന്ന ഏഴാം പ്രമാണത്തിന് ഈ നിയമം ഒരു വിശദീകരണം നല്കുന്നു. മനുഷ്യരെ ബലമായി പിടിച്ചുകൊുപോയി അടിമയാക്കുകയും വില്ക്കുകയും പുരാതന മധ്യപൗരസ്ത്യദേശത്തു പതിവായിരുന്നു. മരണശിത്രയാണ് ഹമുരബിയുടെ നിയമസംഹിതയിലും ഇതിന് (നിയമം 14) വിധിച്ചിരിക്കുന്നത്. സാമ്പത്തികമോ രാഷ്ട്രീയമോ ആയ ലക്ഷ്യങ്ങൾക്കുവേി മനുഷ്യനെ ബന്ധികളാക്കുകയും സ്ഥിരം അടിമവേലയ്ക്കു വില്ക്കുകയും ചെയ്യുക ഇന്നും വിരളമല്ലല്ലോ. നിയമാവർത്തന നിയമസംഹിതയിലെ ഈ നിയമം കർശനമായി നടപ്പാക്കിയിരുന്നെങ്കിൽ ഈ പ്രവണതയ്ക്കു കടിഞ്ഞാണിടാൻ കഴിഞ്ഞേനേ.

**24, 8-9 :** കുഷ്ഠരോഗികളെ സംബന്ധിച്ച നിയമം ലേവ്യർ 13-14 അധ്യായങ്ങളിൽ വിശദമായി അവതരിപ്പിച്ചിട്ടു്. മിരിയാമിനു കുഷ്ഠം ബാധിച്ചതും മോശയുടെ മധ്യസ്ഥപ്രാർത്ഥനയാൽ സൗഖ്യം ലഭിച്തും സംഖ്യ 12-ാം അധ്യായത്തിൽ കതാണ്.

24, 10-13 (പുറ 22, 26-27) : കടത്തിനു പലിശ ഈടാക്കരുത് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വാങ്ങിയ കടം തിരിച്ചുകിട്ടും എന്നതിന് ഉറപ്പായി എന്തെങ്കിലും പണയം വാങ്ങാൻ നിയമം അനുവദിക്കുന്നു. തീർത്തും ദരിദ്രരാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. കടം വാങ്ങുന്നവൻ തനിക്ക് ഇഷ്ടമുള്ളതു പണയമായി നല്കട്ടെ. കടം കൊടുക്കുന്നവൻ അയാളുടെ വീടിനുള്ളിൽ കയറി ദയനീയാവസ്ഥ ക് അയാളെ അപമാനിക്കുകയോ തനിക്ക് ഇഷ്ടമുള്ളത് പണയമായി എടുക്കുകയോ ചെയ്യരുത്. വസ്ത്രം പണയം വയ്ക്കുന്നവന് അതു സായാഹ്നത്തിൽ തിരിച്ച് കൊടുക്കണം. പ്രഭാതത്തിൽ വീും വാങ്ങാം. അരക്കച്ച, കുപ്പായം, മേലങ്കി എന്നിങ്ങനെ മൂന്ന് വസ്ത്രങ്ങളാണ് യഹൂദർ സാധാരണ ധരിച്ചിരുന്നത്. അതിൽ മേലങ്കി വിരിച്ചു കിടക്കാനും പുതയ്ക്കാനും ഉപയോഗിച്ചിരുന്നു. പകൽസമയത്ത് അതില്ലെങ്കിലും ജീവിക്കാം. ദരിദ്രന്റെ അഭിമാനത്തിനും ആരോഗ്യത്തിനും സംരത്രണം നല്കുന്നതാണ് ഈ നിയമം വായ്പ വാങ്ങിയ ദരിദ്രൻ പണയവസ്തുവായ മേലങ്കി പുതച്ചുറങ്ങാനായി തിരികെ കിട്ടുമ്പോൾ നന്ദിയുള്ളവനായിരിക്കും. ദരിദ്രന്റെ നന്ദി അനുഗ്രഹത്തിനു കാരണമാകും.

**24, 14-15 (ലേവ്യ 19, 13)** : അന്നന്നത്തെ കൂലി കൊ് ഉപജീവനം കഴിക്കുന്നവന് ന്യായമായ കൂലി അന്നന്നുതന്നെ നല്കണം. കൂലിക്കാരെ പീഡിപ്പിക്കുന്നതും കൂലി കൊടുക്കാൻ താമസിപ്പിക്കുന്നതും കർത്താവിന്റെ കോപം വിളിച്ചുവരുത്തും (യാക്കോ 5, 4). വേലക്കാർക്കു കുടുംബവേതനം നല്കണമെന്നു മാർപ്പാപ്പമാർ ചാക്രികലേഖനങ്ങളിലൂടെ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നുങ്കെിലും കുടുംബവേതനമല്ല, സർക്കാർ നിശ്ചയിച്ചിരിക്കുന്ന മിനിമം കൂലി പോലും കൊടുക്കാതിരിക്കുകയും അവരുടെ മനസ്സിനു വേദന തട്ടുന്ന വിധത്തിൽ പെരുമാറുകയും ചെയ്യുന്ന സംഭവങ്ങൾ വിരളമല്ലല്ലോ. വഞ്ചിതനും അപമാനിതനുമായ തൊഴിലാളിയുടെ നിലവിളി ുടയവന്റെ അടുത്തെത്തുമെന്ന് എല്ലാവരും ഓർക്കണം.

**24, 16** : വ്യക്തിപരമായ ഉത്തരവാദിത്വമാണ് ഇവിടെ ഊന്നിപ്പറയുന്നത്. ഒരാളുടെ തെറ്റിന് കുടുംബവും സമൂഹവും ഉത്തരവാദികളാകും എന്ന കൂട്ടുത്തരവാദിത്വത്തെ സംബന്ധിച്ച കാഴ്ചപ്പാട് നിലനില്ക്കുമ്പോഴും, ഒരാൾ ചെയ്ത തെറ്റിന് അയാളുടെ ബന്ധുക്കളെ ശിക്ഷിക്കരുത് എന്ന് അനുശാസിക്കുന്നു. ഹമുരബിയുടെ നിയമസംഹിതയിൽ പിതാവിന്റെ തെറ്റിനു മകനെ ശിക്ഷിക്കുന്ന ഒരു സാഹചര്യം എടുത്തുകാട്ടിയതിനാൽ വീടു നിലംപതിച്ച് ഗൃഹസ്ഥന്റെ മകൻ മരിക്കാൻ ഇടയായാൽ വീടുപണിതവന്റെ മകനെ വധിക്കണം'' (നിയമം 230).





**24, 17-18** : ഈജിപ്തിലെ അടിമത്തത്തെക്കുറിച്ച് അനുസ്മരിച്ചുകൊ് പരദേശികൾക്കും അനാഥർക്കും വിധവകൾക്കും നീതി നിഷേധിക്കരുത് എന്നു പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു. പാവപ്പെട്ടവർക്ക് നീതിക്കുവേ കോടതിയെ സമീപിക്കുക തന്നെ ദുഷ്കരമാണ്; അതിനുവേ വരുന്ന ചിലവ് ദുർവ്വഹവും. അതിനാൽ അവർക്കു നീതിലഭിക്കുക എളുപ്പമല്ല. എന്നാൽ ഇങ്ങനെയുള്ളവർക്ക് നീതി നടത്തിക്കൊടുക്കാൻ സമൂഹത്തിനു പ്രത്യേക കടമയു്. നമ്മുടെ നാട്ടിലെ നീതിമേളകളും ഉപഭോക്തൃസംരക്ഷണകോടതികളും മറ്റും ഈ ലക്ഷ്യത്തെ ഉന്നം വച്ചുകൊുള്ളതാണല്ലോ. വിധവകൾക്കു വായ്പ കൊടുക്കുമ്പോൾ അവരുടെ വസ്ത്രം പണയം വാങ്ങരുത് എന്ന നിയമം ഈ പ്രത്യേക സംരക്ഷണത്തിന് ഉദാഹരണമായി എടുത്തുകാട്ടുന്നു.

**24, 19-22 (ലേവ്യർ 19, 9-10; 23, 22)** : വിളവു ശേഖരിച്ചു വീട്ടിലേക്കു പോകുമ്പോൾ മറന്നിട്ടുപോയ കറ്റ എടുക്കാൻ തിരിച്ചു പോകരുത് എന്നു മാത്രമല്ല, പാവങ്ങൾക്കു കാലാപെറുക്കാനായി എന്തെങ്കിലും വയലിലും മരങ്ങളിലും അവശേഷിപ്പിക്കുകയും ചെയ്യണം. തങ്ങളുടെ ക്ലേശകാലത്തു കർത്താവു നല്കിയ സംരക്ഷണത്തെ അനുസ്മരിച്ചുകൊ് ദരിദ്രർക്കു പ്രത്യേക സംരക്ഷണം നല്കണം എന്ന് ഈ നിയമത്തിലൂടെ ഉദ്ബോധിപ്പിക്കുന്നു.

**വിചിന്തനം** : പുരാതന കാർഷിക സമൂഹങ്ങളിൽ മാത്രമല്ല, ഇന്നും ഭൂരിഭാഗം കുടുംബങ്ങളിലും ആഹാരം സമ്പാദിക്കുന്നത് കുടുംബനാഥനാണ്. അയാൾ മരിച്ചുപോയാൽ വിധവയും മക്കളും പട്ടിണിയാകുന്നു. സംരക്ഷിക്കാൻ ആരുമില്ലാത്തതിനാൽ അവരുടെ വസ്തു കൈയേറുകയും അവരെ പീഡിപ്പിക്കുകയും ചെയ്യാൻ അയൽക്കാർ മടിക്കാറില്ല. സ്വന്തം നാട്ടിലെ പട്ടിണിയോ ര്ഷ്ട്രീയ പീഡനമോ മറ്റ്

അതുപോലുള്ള കാരണങ്ങളോ നിമിത്തം നാടുവിട്ട് അന്യദേശത്തു ജോലിയും ആഹാരവും തേടിപ്പോകുന്ന പരദേശികളും എളുപ്പം ചൂഷണം ചെയ്യപ്പെടാറുണ്ട്. ഇപ്രകാരമുള്ളവർക്കു സംരക്ഷണം നല്കാനും അവരോട് കരുണകാണിക്കാനും സമൂഹം പ്രത്യേകം കട പ്പെട്ടിരിക്കുന്നു. അവർക്കു നീതി നിഷേധിക്കുന്നവരോട് കർത്താവ് കണക്ക് ചോദിക്കും.

## 11. നീതി പാലിക്കുക 25, 1-19

പരസ്പരബന്ധമില്ലാത്ത പല നിയമങ്ങൾ വീണ്ടും ഒരുമിച്ച് ഈ ഭാഗത്ത് അവതരിപ്പിക്കുന്നു. ഇവയ്ക്കെല്ലാം പൊതുവായുള്ള ലക്ഷ്യം സമൂഹത്തിൽ നടപ്പിലാക്കേണ്ട നീതിപാലനമാണ്.

**25, 1-3 :** തർക്കങ്ങളിൽ കുറ്റവാളിയെ ശിക്ഷിച്ചും നിരപരാധിയെ വെറുതെ വിട്ടും നീതി നടപ്പിലാക്കാൻ പ്രാദേശിക കോടതികൾക്ക് (നിയമ 16, 18-17, 13) ഉള്ള ഉത്തരവാദിത്വത്തിന്റെ ഒരു മാതൃക ഈ നിയമത്തിൽ കാണാം. വിചാരണ ചെയ്ത് കുറ്റം തെളിയിച്ചതിനുശേ ഷമേ ശിക്ഷ കല്പിക്കാവൂ. വിധിക്കുന്ന ശിക്ഷ കുറ്റത്തിന് ആനുപാതി കമായിരിക്കണം. ന്യായാധിപന്റെ മുമ്പിൽവച്ചുതന്നെ ശിക്ഷ നടപ്പി ലാക്കണം. ചാട്ടയടി നാല്പതിൽ കവിയരുത് എന്ന നിയമം കുറ്റവാ ളിയുടെയും വ്യക്തിത്വത്തെ മാനിക്കാൻ ആവശ്യപ്പെടുന്നു. ചില കുറ്റ ങ്ങൾക്ക് വടികൊണ്ട് നാല്പത് അടിയും ഒരു വർഷത്തെ നിർബ ന്ധിത വേലയും അസ്സീറിയൻ നിയമസംഹിതയിൽ വിധിച്ചിട്ടുണ്ട് (നി യമം 18) റോമാക്കാരും ചാട്ടയടി നല്കിയിരുന്നു. എന്നാൽ കുറ്റമില്ലാ ത്തവരും ഈ ശിക്ഷയേല്ക്കേണ്ടിവന്നിട്ടുണ്ട്. (ലൂക്കാ 23, 16; അപ്പ 16, 22). നാല്പതിൽ കൂടുതൽ അടിക്കരുത് എന്ന കല്പന കർശന മായി പാലിക്കാൻ വേണ്ടി യഹൂദർ ചാട്ടയടി മുപ്പത്തൊമ്പതായി നിശ്ച യിച്ചിരുന്നു. (2 കോറി 11, 24).

**25, 4 :** മനുഷ്യർക്ക് എന്നതുപോലെ മൃഗങ്ങൾക്കും അവകാശങ്ങളു ണ്ടെന്നും അതു മാനിക്കണമെന്നും ഈ നിയമം അനുശാസിക്കുന്നു. കൊയ്തു നിരത്തിയ കറ്റകളുടെ മുകളിൽ പല്ചക്രം ഘടിപ്പിച്ച വി കാളയെക്കൊണ്ട് വലിപ്പിച്ചാണ് ധാന്യങ്ങൾ മെതിച്ചിരുന്നത്. മെതി ക്കുമ്പോൾ കാള ഇഷ്ടമുള്ളിടത്തോളം ധാന്യം തിന്നുകൊള്ളട്ടെ,





അതിന്റെ വാകെട്ടരുത്. ഈ നിയമം ഉൾക്കൊള്ളുന്ന ആദർശം മറ്റു തലങ്ങളിലും ബാധകമാണെന്ന് വി. പൗലോസിന്റെ വ്യാഖ്യാനം (1 കോറി 9, 9; 1 തിമോ 5, 18) സൂചിപ്പിക്കുന്നു.

**25, 5-10 :** പുരുഷ സന്താനമില്ലാതെ മരിച്ചുപോകുന്നവന്റെ ഭാര്യയിൽ നിന്ന് സന്താനത്തെ ഉത്പാദിപ്പിക്കാൻ അയാളുടെ സഹോദരനുള്ള കടമയെ ഭർതൃസഹോദരധർമ്മം എന്നു വിളിക്കുന്നു. കുടുംബം അന്യം നിന്ന്, പിതൃസ്വത്ത് അന്യാധീനപ്പെട്ടു പോകാതിരിക്കുകയാണ് ഈ നിയമത്തിന്റഎ സാമൂഹിക ലക്ഷ്യം. ദൈവശാസ്ത്രപരമായ മറ്റൊരു ലക്ഷ്യവും ഈ നിയമത്തിനുണ്ട്. മരണാനന്തര ജീവിതത്തെ ക്കുറിച്ചുള്ള വിശ്വാസം നിലവിൽ വരാതിരുന്ന സാഹചര്യത്തിൽ, പുത്ര ന്മാരിലൂടെ വാഗ്ദത്തഭൂമിയിൽ തുടരുന്ന അവകാശമാണ് വ്യക്തിക ളുടെ നിലനില്പായി കരുതപ്പെട്ടിരുന്നത്. സഹോദരന്റെ പേര് മാഞ്ഞുപോകാതിരിക്കാൻ ആദ്യജാതന് അയാളുടെ പേരിടണം എന്ന നിർദ്ദേശങ്ങൾ ഈ ലക്ഷ്യം വ്യക്തിമാകുന്നു. ഈ നിയമം ഉദ്ധരിച്ചു കൊണ്ട് സദ്ദുക്കായർ പുനരുത്ഥാനത്തെക്കുറിച്ച് യേശുവിനെ ചോദ്യം ചെയ്തത് (മത്താ 22, 24).

ഈ നിയമം പാലിക്കാത്തവനെതിരേ എടുക്കേണ്ട നടപടിയെ ക്കുറിച്ച് 25, 7-10ൽ പ്രതിപാദിക്കുന്നു. ഭർതൃസഹോദരധർമ്മം നിർവ്വ ഹിക്കാത്തവനെ പരസ്യമായി അവഹേളിക്കണം എന്നല്ലാതെ ഇവിടെ വിവരിക്കുന്ന ചടങ്ങുകൾക്ക് മറ്റെന്തെങ്കിലും ദുരവ്യാപകമായ ഫല മുണ്ടോ എന്നു വ്യക്തമല്ല. പുരുഷന്റെ ഓർമ്മ നിലനിർത്തുകയും വിധവയുടെ അവകാശം സംരക്ഷിക്കുകയും ചെയ്യുന്ന ഈ നിയമം പില്ക്കാലത്ത് അവഗണിക്കപ്പെട്ടു. പുരുഷസന്തതികൾക്കു മാത്രമ ല്ല, പെൺമക്കൾക്കും പിതൃസ്വത്തിൽ അവകാശം ലഭിക്കും എന്ന നിയമം (സംഖ്യ 27, 1-11) പ്രാബല്യത്തിൽ വന്നതോടെ ഇത് അപ്രത്യ ക്ഷമായി.

**25, 11-12 :** പുരുഷന്മാരുടെ വഴക്കിൽ ഇടപെടുന്ന സ്ത്രീക്കു കല്പി ക്കുന്ന ശിക്ഷ സമൂഹത്തിൽ അവരുടെ അന്തസ് നിലനിർത്താൻ സഹാ യിക്കുന്നതോടൊപ്പം ജനനേന്ദ്രിയത്തിന്റെ പവിത്രതയ്ക്കും പ്രത്യു ല്പാദന പ്രക്രിയയുടെ പ്രാധാന്യത്തിനും ഊന്നൽ നല്കുകയും ചെയ്യു ന്നു. മെസപ്പൊട്ടേമിയൻ നിയമസംഹിതയിൽ ഇതിനു സമാനമായ

ഒരു നിയമമന്ന്. ശിക്ഷ കൂടുതൽ കഠിനമാണ്. "വഴക്കിനിടയിൽ ഒരു സ്ത്രീ ഒരു ഗൃഹസ്ഥന്റെ വൃഷണത്തിൽ പിടിക്കുകയും തന്മൂലം ഒന്ന് ഉടയുകയം ചെയ്താൽ അവളുടെ ഒരു വിരൽ ഛേദിച്ചുകളയണം. രും ഉടഞ്ഞാൽ അവളുടെ രുകണ്ണും ചൂഴ്ന്നു കളയണം" (നിയമം 8) പ്രത്യുല്പാദനശക്തി നഷ്ടപ്പെടുത്തുന്നു എന്നതാണ് ഈ കുറ്റത്തിന്റെ ഗൗരവം. ഇപ്രകാരം അംഗവൈകല്യം സംഭവിച്ചവർക്ക് സമൂഹത്തിൽ പ്രവേശനം നിഷേധിക്കുന്നു എന്നതും (23, 1) കുറ്റത്തിന്റെ കാഠിന്യം വർദ്ധിപ്പിക്കുന്നു. വന്ധ്യംകരണ ശസ്ത്രക്രിയ നിയമാനുസൃതമാക്കുകയും നിർവ്വിശങ്കം നടപ്പിലാക്കുകയും ചെയ്യുന്നവർ ഈ നിയമത്തിന്റെ ചൈതന്യം പ്രത്യേകം ശ്രദ്ധിക്കേതു് .

**25, 14–16 (ലേവ്യ 19, 35–36)** : കച്ചവടത്തിൽ സത്യസന്ധതയും നീതിയും പാലിക്കണം എന്ന് ഉദ്ബോധിപ്പിക്കുന്ന ഈ നിയമത്തിന് ഉപോദ്ബലകമായി രു കാര്യങ്ങൾ എടുത്തുകാട്ടുന്നു. 1. നീതി പാലിച്ചാലേ ദീർഘായുസു ലഭിക്കൂ. 2. അനീതി പ്രവർത്തിക്കുന്നവർ കർത്താവിനു നിന്ദ്യരാണ്. അന്യായമായി സമ്പാദിക്കുന്ന സ്വത്ത് കർത്താവിന്റെ മുമ്പിൽ ആർക്കും മാന്യത നേടിക്കൊടുക്കുകയില്ല, ദീർഘകാലം അതനുഭവിക്കാൻ കർത്താവ് അനുവദിക്കുകയുമില്ല (ആമോ 8, 15; ഹോസി 12, 7).

**25, 17–19** : നിയമസംഹിതയുമായി ബന്ധമില്ലാത്ത ഈ മൂന്നു വാക്യങ്ങൾ അമലേക്യരെ ഉന്മൂലനം ചെയ്യാൻ നിർദ്ദേശിക്കുന്നു. മരുഭൂമിയിൽ വസിച്ചിരുന്ന ഈ ബെദുവിൻ വംശക്കാർ ഇസ്രായേല്ക്കാരെ മരുഭൂമിയിൽവെച്ച് ആക്രമിച്ചതിന്റെ ചരിത്രം പുറ. 17, 8–15ൽ വിവരിച്ചിട്ടു്. കാനാൻദേശത്തു വാസമുറപ്പിച്ചതിനുശേഷം ഇസ്രായേല്ക്കാർ ഇവരുമായി പലപ്പോഴും യുദ്ധം ചെയ്യേിവന്നിട്ടു് (1 സാമു. 14, 48; 15, 1–19; 2 സാമു 8, 12). ഗ്രാമങ്ങളുടെ മേൽ ചാടിവീണ് കൊള്ളയും കൊലയും നടത്തുക അവരുടെ പതിവായിരുന്നു (1 സാമു 30, 1–20). ആ കാരണങ്ങളാലാവണം അമലേക്യരെ ഉന്മൂലനം ചെയ്യാൻ ആവശ്യപ്പെടുന്നത്. അമലേക്യരോട് പ്രതികാരം ചെയ്യുന്നതിനേക്കാൾ ഇസ്രായേലിലെ ഗ്രാമീണർക്കു സംരക്ഷണം ഉറപ്പുവരുത്തുകയായിരുന്നു ഈ നിർദ്ദേശത്തിന്റെ ലക്ഷ്യം. കാനാൻകാരോട് സ്വീകരി





ക്കാൻ ആവശ്യപ്പെട്ട നിലപാടുതന്നെയാണ് ഇവിടെയും നിർദ്ദേശിക്കുന്നത്. സ്വയരക്ഷയ്ക്കും സ്വന്തം നിലനില്പിനും വേി പൊരുതുന്ന ഒരു കൊച്ചു രാജ്യത്തിന്റെ മനോഭാവം പ്രകടമാക്കുന്ന ഈ നിർദ്ദേശം ഇന്നു തിന്മയിക്കെതിരേയുള്ള പോരാട്ടത്തിന് ഉത്തേജനം നല്കണം.

## 12. ആദ്യഫലവും ദശാംശവും 26, 1–19

കാനാൻദേശത്തു വാസമുറപ്പിച്ചപ്പോൾ ഇസ്രായേല്ക്കാർ മുഖ്യമായും ഒരു കാർഷികസമൂഹമായിത്തീർന്നു. വാഗ്ദത്തഭൂമിയിൽ പാലിക്കാനായി നിർദ്ദേശിച്ചിരിക്കുന്ന നിയമസംഹിതയുടെ അവസാനം കാർഷികജീവിതവുമായി ബന്ധപ്പെട്ട രു നിയമങ്ങൾ നല്കിയിരിക്കുന്നു. 26, 1–11 വിളവുകളുടെ ആദ്യഫലം കർത്താവിനു സമർപ്പിക്കേ വിധവും 26, 12–15 മൂന്നു വർഷത്തിലൊരിക്കൽ വിളവുകളുടെ ദശാംശം ഉപയോഗിക്കേവിധവും വിവരിക്കുന്നു. ഒരു ലിറ്റർജിയുടെ പശ്ചാത്തലത്തിലാണ് രും വിവരിച്ചിരിക്കുന്നത്. 26, 16–19 നിയമങ്ങൾ പാലിക്കാനുള്ള ആഹ്വാനവും അതുമൂലം ജനത്തിനു ലഭ്യമാകുന്ന മഹത്വത്തിന്റഎ വിവരണവും ഉൾക്കൊള്ളുന്ന ഉപസംഹാരമാണ്.

**26, 1–11 ആദ്യ ഫലങ്ങൾ** : ദേശം കർത്താവിന്റെ ദാനമാണെന്നും അവിടുത്തെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ കൃഷിക്കാർ മാത്രമാണ് തങ്ങളെന്നും ജനത്തെ അനുസ്മരിപ്പിച്ചതിനുശേഷം ഭൂമയിിൽ തങ്ങൾ കൃഷിചെയ്തുാക്കുന്ന വിളവുകളുടെയല്ലാം ആദ്യഫലങ്ങൾ കർത്താവിന്റെ ആരാധനാസ്ഥലത്തു കാഴ്ചയായി കൊുവരണം എന്നു കല്പിക്കുന്നു. എന്നാണ് ഇതു ചെയ്യേത് എന്നോ എന്തുമാത്രം ഫലങ്ങൾ കൊുവരണമെന്നോ കൃത്യമായി നിർദ്ദേശിച്ചിട്ടില്ല. ഒരു കുട്ടയിലാക്കി കൊുവരാൻ പറയുന്നതിൽ നിന്ന് ആദ്യഫലങ്ങളുടെ മാതൃകയായി ഒരംശം മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ എന്ന് അനുമാനിക്കാം. ഭൂമിയുടെ ഉടമയായ കർത്താവിന് നല്കുന്ന ഈ തിരുമുല്ക്കാഴ്ച വിളവുമുഴുവൻ അവിടുത്തെ ദാനമാണെന്നും ഏറ്റുപറഞ്ഞു സമർപ്പിക്കുന്നതിന്റഎ പ്രതീകമാണ്.

കാഴ്ചസമർപ്പണവുമായി ബന്ധപ്പെടുത്തി സമർപ്പകൻ രു

പ്രഖ്യാപനങ്ങൾ നടത്തണം. പിതാക്കന്മാരോട് കർത്താവു ചെയ്ത വാഗ്ദാനം പൂർത്തിയായിരിക്കുന്നു എന്ന് ഏറ്റു പറയുന്നതാണ് ആദ്യത്തെ പ്രഖ്യാപനം (26.3). രാമത് രക്ഷാചരിത്രത്തിന്റെ സംക്ഷിപ്തമായ അനുസ്മരണമാണ് (26, 5-10).

'അലയുന്ന അരമായൻ' എന്ന വിശേഷണം യാക്കോബിനെയാണ് മുഖ്യമായും ഉദ്ദേശിക്കുന്നത്. എന്നാൽ അബ്രാഹവും ഇസഹാക്കും ഇതിൽപെടും. സ്വന്തമായി ദേശമില്ലാതെ അലഞ്ഞു നടന്നവരാണ് ഇസ്രായേലിന്റെ പിതാക്കന്മാർ എന്ന് ഏറ്റു പറഞ്ഞതിനുശേഷം ഈജിപ്തിലേക്കുള്ള കുടിയേറ്റം, അവിടെവച്ചുായ വളർച്ച, അനുഭവിക്കേിവന്ന അടിമത്തം, അത്ഭുതകരമായ മോചനം, വാഗ്ദത്തഭൂമി അവകാശമാക്കൽ എന്നിവ വിവരിക്കുന്നു. കർത്താവു നല്കിയ മഹത്തായ മോചനത്തിൽ താനും പങ്കുകാരനായിരിക്കുന്നു എന്ന് നന്ദിപൂർവ്വം അനുസ്മരിച്ചുകൊ് ആദ്യഫലങ്ങൾ കാഴ്ചവച്ച് അവിടുത്തെ ആരാധിക്കണം.

രക്ഷാചരിത്രത്തിന്റെ ഈ സംഗ്രഹത്തിൽ സീനായ് ഉടമ്പടിയെക്കുറിച്ചോ മരുഭൂമിയിലൂടെയുള്ള യാത്രയെക്കുറിച്ചോ ഒന്നും പറയുന്നില്ല. അടിമത്തം, വിമോചനം, വാഗ്ദത്തഭൂമിയിലെ സ്വാതന്ത്ര്യം എന്നീ മൂന്നു കാര്യങ്ങൾക്കാണ് ഊന്നൽനല്കിയിരിക്കുന്നത്. ആരാധനയുടെ ഭാഗമായി പരദേശികളും ലേവ്യരുമൊരുമിച്ച് കുടുംബാഗങ്ങൾ സന്തോഷിക്കണം എന്ന കല്പന ഈ ചടങ്ങിന് ഒരു തിരുനാളാഘോഷത്തിന്റെ പ്രതീതി നല്കുന്നു. (നിയ 16, 11-14).

**26, 12-15 ദശാംശം** : ദശാംശത്തെ സംബന്ധിച്ച നിയമം നിയ 14, 28-29ൽ കതാണ്. മൂന്നാംവർഷത്തെ ദശാംശം പാവപ്പെട്ടവർക്കു കൊടുത്തതിനുശേഷം കർത്താവിന്റെ മുമ്പിൽ നടത്തേ പ്രാർത്ഥനയാണ് ഇവിടെ വിവരിക്കുന്നത്. അവിടുത്തെ കല്പനകൾ എല്ലാം അനുസരിച്ചു എന്ന പൊതു പ്രഖ്യാപനത്തിൽ നിന്നാ നാലുകാര്യങ്ങൾ പ്രത്യേകം എടുത്തു പറയുന്നു. 1. പാവപ്പെട്ടവർക്കായി നിശ്ചയിച്ചിരിക്കുന്ന ദശാംശം മുഴുവൻ അവർക്കു കൊടുത്തു. അതിൽ ഒന്നും വീട്ടിൽ സൂക്ഷിച്ചുവച്ചിട്ടില്ല. 2. വിലാപവേളയിൽ അതിൽ നിന്നു ഭക്ഷിച്ചിട്ടില്ല. ഏതെങ്കിലും കാരണത്താൽ ദുഃഖാചരണം നടത്തുന്നവർ ഭക്ഷിക്കുന്ന ആഹാരം അശുദ്ധമായി പരിഗണിക്കപ്പെട്ടി





രുന്നു (ഹോസി. 9, 4). ദശാംശത്തെ അശുദ്ധമാക്കിയിട്ടില്ല എന്നാണ് സൂചന. 3. അശുദ്ധരായിരുന്നപ്പോൾ അതിൽ സ്പർശിച്ചില്ല എന്നതിനും ഇതേ അർത്ഥമാണുള്ളത് (ഹഗ്ഗാ 2, 13). 4. മരിച്ചവർക്ക് ആഹാരമായി അതിൽനിന്ന് ഒന്നും ശവകുടീരത്തിൽ നിവേദിച്ചില്ല. ജനത്തിനും ദേശത്തിനും കർത്താവിന്റെ കൃപാകടാക്ഷം യാചിച്ചുകൊാണ് പ്രാർത്ഥന അവസാനിക്കുന്നത്.

**വിചിന്തനം** : ആരാധന ജീവിതബന്ധിയും അനുദിനജീവിതും ആരാധനാബദ്ധവും ആകുന്നതിന്റെ മാതൃകയാണ് ആദ്യഫലത്തെയും ദശാംശത്തെയും കുറിച്ചുള്ള ഈ നിയമങ്ങൾ. വിളവെടുക്കുന്ന കർഷകൻ മാത്രമല്ല, ആഹാരം കഴിക്കുന്ന സകലരും അതു കർത്താവിന്റെ ദാനമാണെന്ന് ഓർത്തു നന്ദി പറയണം. ഭക്ഷണത്തെക്കുറിച്ചു മാത്രമല്ല, രക്ഷാചരിത്രത്തെക്കുറിച്ചും നന്ദിയോടെ അനുസ്മരിക്കണം. ആഹാരത്തെ കേന്ദ്രമാക്കിയാണല്ലോ ആരാധനയുടെ ഏറ്റം ഉൽകൃഷ്ടരൂപമായ വിശുദ്ധ കുർബാന യേശുനാഥൻ സ്ഥാപിച്ചത്.

**26, 16-19** : കല്പനകൾ പാലിക്കാനുള്ള കടമയെ ആവർത്തിച്ച് അനുസ്മരിപ്പിച്ചുകൊാണ് 'ഉടമ്പടിയുടെ നിയമസംഹിത' സമാപിക്കുന്നത്. കർത്താവും ഇസ്രായേൽ ജനവും തമ്മിലുള്ള ഉടമ്പടിയുടെ മധ്യസ്ഥനായി മോശ ഇവിടെ പ്രത്യക്ഷപ്പെടുന്നു. "കർത്താവാണ് ഞങ്ങളുടെ ദൈവം" എന്ന് ഏറ്റുപറയുന്ന ജനത്തോട് "നിങ്ങൾ എന്റെ ജനമാണ്" എന്ന് കർത്താവും പറയുന്നു. ഈ ബന്ധം ഇസ്രായേലിനെ സകലജനതകൾക്കും മധ്യേ ഉന്നതവും ബഹുമാന്യവുമാക്കുന്നു. ഇസ്രായേൽ ജനത്തിന് മോശ വഴി വാഗ്ദാനം ചെയ്ത ഈ മഹത്വവും ബഹുമതിയും യേശുക്രിസ്തുവിലൂടെ അവിടുന്ന് സകലർക്കും വാഗ്ദാനം ചെയ്യുന്നു. അവിടുന്ന് മാത്രമാണ് ഞങ്ങളുടെ ദൈവം എന്ന് ഏറ്റു പറയുകയും അവിടുത്തെ പ്രമാണങ്ങൾ അനുസരിച്ചുള്ള ജീവിതത്തിലൂടെ ഈ വിശ്വാസപ്രഖ്യാപനം പ്രാവർത്തികമാക്കുകയും ചെയ്യുന്ന എല്ലാവരും ഈ വാഗ്ദാനത്തിന്റെ അവകാശികളാണ്.

## ചോദ്യങ്ങൾ

1. നിയമാവർത്തന സംഹിതയിൽ ദരിദ്രർക്കു പ്രത്യേകം സംരക്ഷണം

ഉറപ്പുവരുത്തുന്ന നിയമങ്ങൾ ഏവ?

2. അനാഥപ്രേതത്തെ സംബന്ധിച്ച നിയമങ്ങളിൽ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?

3. യുദ്ധത്തടവുകാരെക്കുറിച്ചുള്ള നിയമങ്ങൾ സ്ത്രീകൾക്കു നല്കുന്ന സംരക്ഷണം എന്ത്?

4. ധിക്കാരിയായ മകനെക്കുറിച്ചുള്ള നിയമങ്ങൾക്ക് ഇന്ന് എന്തു പ്രസക്തി യു ് ?

5. സ്ത്രീപുരുഷന്മാരുടെ വേഷത്തെ സംബന്ധിച്ച നിയമത്തിന്റഎ അർത്ഥവും ലക്ഷ്യവും വിശദീകരിക്കുക.

6. ഈ സംഹിതയിൽ മൃഗങ്ങളോടു കരുണ കാണിക്കാൻ ആവശ്യപ്പെടുന്ന നിയമങ്ങൾ ഏവ?

7. അമ്മോന്യർ, മൊവാബ്യർ, അമലേക്യർ എന്നിവരോട് സ്വീകരിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന നിലപാട് എന്ത്? എന്താണിതിനു കാരണം? ഇന്ന് അതിന് എന്തു പ്രസക്തിയു ്?

8. വിവാഹമോചനത്തെ സംബന്ധിച്ച് ഇവിടെ അവതരിപ്പിക്കുന്ന കാഴ്ചപ്പാട് എന്ത്? യേശുനാഥൻ അതിനോട് എങ്ങിനെ പ്രതികരിച്ചു?

9. ഭർതൃസഹോദരധർമ്മം എന്നാൽ എന്ത്? എന്തായിരുന്നു ഈ നിയമത്തിന്റഎ ഉദ്ദേശ്യം?

10. ഈ നിയമസംഹിതയിൽ സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന നിയമങ്ങൾ ഏവ?

11. വിളവുകളുടെ ആദ്യഫലവും ദശാംശവും സമർപ്പിക്കുന്നത് ഒരു ലിറ്റർജിയുടെ പാശ്ചാത്തലത്തിലാണ്? വിശദീകരിക്കുക.

12. ആദ്യഫലസമർപ്പണവുമായി ബന്ധപ്പെട്ട വിശ്വാസപ്രഖ്യാപനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് എടുത്തുപറയുന്നത്?

**ചർച്ചയ്ക്ക്** : 1. സാമൂഹ്യനീതിയെ സംബന്ധിച്ച് ഈ സംഹിതയിൽ നല്കിയിരിക്കുന്ന നിയമങ്ങൾ ആനുകാലിക യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ചർച്ച ചെയ്യുക.

2. ദരിദ്രർക്കു സംരക്ഷണം നല്കാൻ ആവശ്യപ്പെടുന്ന നിയമങ്ങൾ





ഇന്നു നമ്മുടെ സമൂഹത്തിൽ എത്രമാത്രം പാലിക്കപ്പെടുന്നു്? മെച്ചപ്പെടുത്താനായി നിങ്ങൾക്ക് എന്തു ചെയ്യാൻ സാധിക്കും?

**പ്രാർത്ഥന** : നിയ 26, 5-11 അനുകരിച്ച് ഒരു പ്രാർത്ഥന തയ്യാറാക്കുക.

# IV അന്തിമവചസുകൾ
## 27–34

ഉടമ്പടിയുടെ സമാപനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് നിയമാവർത്തന പുസ്തകത്തിന്റെ അവസാനഭാഗത്തു പ്രതിപാദിക്കുന്നത്. നിയമങ്ങൾ എഴുതിയ കല്ലുകൾ ഉടമ്പടിയുടെ സ്മാരകമായി സ്ഥാപിക്കാൻ നിർദ്ദേശിച്ചതിനുശേഷം (27, 1-8) അവ പാലിക്കാൻ ജനത്തെ പ്രേരിപ്പിക്കുന്ന അനുഗ്രഹങ്ങ്ഹളും ശാപങ്ങളും (27, 9-28, 68) വിവരിക്കുന്നു. തുടർന്ന് മോശയുടെ മൂന്നാമത്തെ പ്രഭാഷണമാണ് അവതരിപ്പിക്കുന്നത് (29-30). മോശയുടെ അന്തിമ ചെയ്തികൾ (31, 1-34, 8) വിവരിച്ചതിനുശേഷം പിൻഗാമിയായ ജോഷ്വായുടെ സ്ഥാനാരോഹണത്തിന്റെ ഹ്രസ്വമായ വിവരണവും മോശയുടെ അതുല്യ പ്രഭാവത്തെക്കുറിച്ചുള്ള പ്രകീർത്തനവും (34, 9-12) കൊ് പുസ്തകം സമാപിക്കുന്നു. മധ്യപൗരസ്ത്യദേശത്തു നിലവിലിരുന്ന അന്താരാഷ്ട്ര ഉടമ്പടിയുടെ പൊതുഘടനയിലെ 4, 5, 6 ഘടകങ്ങൾ (ആമുഖം പേജ് 8-9) ഈ ഭാഗത്തു ദൃശ്യമാണ്. മോശയുടെ അന്തമോപദേശങ്ങളാണഅ ഇവ എന്ന് അനേകം തവണ ആവർത്തിക്കുന്നതിനുപുറമെ, അനുഗ്രഹങ്ങളും അതികഠിനമായ ശാപങ്ങളും അവതരിപ്പിച്ചുകൊ്, ഉടമ്പടിയുടെ നിയമങ്ങളോട് പരിപൂർണ്ണ വിശ്വസ്തത പാലിക്കാൻ പ്രേരിപ്പിക്കുകയാണ് ഈ ഉപസംഹാരത്തിന്റെ ലക്ഷ്യം.

### 1. അനുഗ്രഹവും ശാപവും 27-28

ഉടമ്പടിയുടെ നിയമങ്ങൾ ജനഹൃദയത്തിൽ ഉറപ്പിക്കാനും വരും തലമുറകളെ അനുസ്മരിപ്പിക്കാനുമായി രു ചടങ്ങുകൾ നിർദ്ദേശിച്ചിരിക്കുന്നു. 1. നിയമം എഴുതിയ കല്ലുകൾ സ്ഥാപിക്കുകയും കാട്ടുകല്ലുകൊയമ്ടു നിർമ്മിച്ച ബലിപീഠത്തിൽ ബലിയർപ്പിക്കുകയും ചെയ്യുക. 2. ജനം രു ഗണമായി തിരിഞ്ഞ് ഒരു ഗണം അനുഗ്രഹങ്ങളും മറ്റേ ഗണം ശാപങ്ങളും ഉച്ചത്തിൽ വിളിച്ചുപറയുക. ഉടമ്പടി നവീകരണവുമായി ബന്ധപ്പെട്ട ചടങ്ങുകളാണ് ഇവ എന്ന് വ്യഖ്യാതാക്കൾ കരുതുന്നു.

#### a. ഉടമ്പടിയുടെ സ്മാരകം 27, 1-10

"മോശ ഇസ്രായേൽ ശ്രേഷ്ഠന്മാരോടു ചേർന്നു കല്പിച്ചു"





എന്ന ആമുഖം ഒരു പുതിയ തുടക്കം കുറിക്കുന്നു. 5, 1നുശേഷം ഇതുവരെ മോശ മാത്രമായിരുന്നു വക്താവ്. എന്നാൽ ഇവിടെ ശ്രേഷ്ഠന്മാരും മോശയോടു ചേരുന്നത് മോശയുടെ കാലത്തിനുശേഷം അവർക്കു സമൂഹത്തിലുള്ള നേതൃസ്ഥാനത്തിലേക്കു വിരൽ ചൂന്നു. ജനത്തെ ഉദ്ബോധിപ്പിക്കുന്നതിനു പുരോഹിതന്മാർക്കുള്ള കടമയെ സൂചിപ്പിക്കാൻ വേിയാണ് 27, 9ൽ അവർ മോശയോടു ചേർന്നു ജനത്തെ നിയമം അനുസരിക്കാൻ ഉപദേശിക്കുന്നത്. ഇപ്രകാരമുള്ള ദൗത്യത്തിൽ ലേവ്യരുടെ പങ്ക് 27, 14ൽ എടുത്തുകാട്ടുന്നു.

കുമ്മായം പൂശിയ കല്ലുകളിൽ നിയമങ്ങൾ എഴുതുക ഈജിപ്തുകാരുടെ പതിവായിരുന്നു. മെസപ്പൊട്ടേമിയായിൽ നിയമങ്ങൾ വലിയകല്ലിൽ കൊത്തിവയ്ക്കുകയായിരുന്നു പതിവ്. നിയമങ്ങൾ കൊത്തിയ, എട്ടടിയിൽ കൂടുതൽ നീളമുള്ള പല കല്ലുകളും പുരാവസ്തു ഗവേഷകന്മാർ കത്തെിയിട്ടു്. ഹമുരബിയുടെ നിയമങ്ങൾ കൊത്തിയ ശിലാസംതംഭങ്ങൾ ഉദാഹരണമാണ്. ബി.സി. 522-486 പേർഷ്യ ഭരിച്ച ദാരിയൂസ് ഒന്നാമൻ തന്റെ ദിഗ്വിജയങ്ങളും നിയമങ്ങളും കിഴുക്കാംതൂക്കായ ഒരു പാറയിൽ കൊത്തിവച്ചത് ബാഗ്ദാദിൽ നിന്നു ടെഹറാനിലേക്കുള്ള കാരവൻ പാതയിൽ, ഇറാനിലെ ബെഹിസ്താൻ (Behistun) എന്ന സ്ഥലത്ത് ഇന്നും കാണാം.

വലിയ കല്ലുകൾ സ്ഥാപിച്ച് കുമ്മായം പൂശി നിയമങ്ങൾ എഴുതിവയ്ക്കണം എന്ന് രുതവം കല്പിച്ചിട്ടു് (27, 2-3.8). ഏബാൽ മലയിലാണ് ഈ കല്ലുകൾ സ്ഥാപിക്കേത് എന്ന് 27, 4ൽ നിർദ്ദേശിക്കുന്നു. വാഗ്ദത്തഭൂമിയുടെ മധ്യഭാഗത്തായിട്ടാണ് ഏബാൽ മല സ്ഥിതി ചെയ്യുന്നത്. മലയുടെ അടിവാരത്തുള്ള ഷെക്കം നഗരം പില്ക്കാലത്ത് ഇസ്രായേലിലെ പ്രധാനപ്പെട്ട ഒരു ആരാധനാകേന്ദ്രമായിരുന്നു. ദൈവവുമായി ചെയ്ത ഉടമ്പടിയും അതിന്റെ നിയമങ്ങളും ജനത്തെ മുഴുവൻ എന്നും അനുസ്മരിപ്പിക്കുന്നതിനുവേിയുള്ള ഒരു സ്മാരകമാണ് ഇവിടെ വിവക്ഷിക്കുന്നത്. "നിയമത്തിലെ ഓരോ വാക്കും" (27, 3.8) എന്നത് നിയമാവർത്തന നിയമസംഹിതയെ സൂചിപ്പിക്കുന്നു എന്നതാണ് വ്യാഖ്യാതാക്കളുടെ പൊതുവായ അഭിപ്രായം.

സ്മാരകം സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങളെ രായി തിരിച്ച് അവയ്ക്കു മധ്യേ ബലിയർപ്പണത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ (27, 5-7) നല്കിയിരിക്കുന്നു. രും ഒരേ ചടങ്ങിന്റെ ഭാഗങ്ങളാണെന്ന് ഇതിലൂടെ സൂചിപ്പിക്കുന്നു. ചെത്തിയൊരുക്കാത്ത കാട്ടുകല്ലുകൊ് ബലിപീഠം പണിയുന്നത് അതു താത്ക്കാലിക ഉപയോഗത്തിനുവേ ിയാണെന്നു സൂചിപ്പിക്കുന്നു (പുറ 20, 25). സ്ഥിരമായ ബലിയർപ്പണം ഒരു സ്ഥലത്തുമാത്രമേ പാടുള്ളൂ എന്ന കല്പനയ്ക്കു വിരുദ്ധമല്ല ഈ നിർദ്ദേശം. ബലിയർപ്പണവും ബലിവിരുന്നും ഉടമ്പടിനവീകരണത്തെയാണ് സൂചിപ്പിക്കുന്നത് (പുറ 24, 4-8). ഭക്ഷിച്ചു സന്തോഷിക്കണം എന്ന നിർദ്ദേശം ബലിയെക്കുറിച്ചുള്ള നിയമാവർത്തന ഗ്രന്ഥത്തിന്റെ കാഴ്ചപ്പാട് വീും വ്യക്തമാക്കുന്നു. പുരോഹിതന്മാരോടു ചേർന്ന് മോശ നല്കുന്ന ആഹ്വാനത്തിൽ (27, 9-10) "ഇന്ന് എന്ന പ്രമേയത്തിന് പ്രാധാന്യം നല്കിയിരിക്കുന്നു. നിയ 5, 3-4ൽ ഇതു നമ്മൾ കതാണ്. തിരഞ്ഞെടുപ്പും ഉടമ്പടിയും ദൈവത്തിന്റെ സൗജന്യ ദാനമാണ്. അതിനു ജനം നല്കുന്ന മറുപടിയാണ് അനുസരണം.

**വിചിന്തനം** : നിയമങ്ങൾ വ്യക്തമായി എഴുതണം എന്ന നിർദ്ദേശം ഏവർക്കും വായിക്കാൻ കഴിയും വിധമായിരിക്കണം എഴുതുന്നത് എന്നുമാത്രമല്ല സൂചിപ്പിക്കുന്നത് (ഹബ 2, 2). നിയമം കല്ലിൽ എഴുതിയാൽ മാത്രം പോരാ, ഹൃദയഭിത്തികളിൽ ആലേഖനം ചെയ്യണം( ജറെ 31, 33). ചത്ത ലിപികളായി കല്ലിൽ ഇരിക്കാനുള്ളതല്ല ഉടമ്പടിയുടെ നിയമം. അതു ഹൃദയവികാരങ്ങളെയും വിചാരങ്ങളെയും പ്രവർത്തനങ്ങളെയും മുഴുവൻ നിയന്ത്രിക്കുന്ന ആന്തരിക ശക്തിയായിരിക്കണം.

### b. പന്ത്രു ശാപങ്ങൾ 27, 11-26

മോശ തനിച്ചാണ് ഇവിടെ സംസാരിക്കുന്നത്. ജനത്തെ അനുഗ്രഹിക്കാനായി ആറു ഗോദ്രങ്ങൾ ഗെരിസിം മലിയിലും ശപിക്കാനായി ആറു ഗോത്രങ്ങൾ ഏബാൽ മലയിലും നില്ക്കണം എന്ന നിർദ്ദേശം ഗോത്രപ്രതിനിധികളെയാണ് ഉദ്ദേശിക്കുന്നത്. അവർ മലകളിൽ നില്ക്കണം എന്നല്ലാതെ എന്താണു പറയേത് എന്നു രേഖപ്പെടുത്തിയിട്ടില്ല. ഗെരിസിം മലയിൽ അനുഗ്രവും ഏബാൽ മലയിൽ





ശാപവും സ്ഥാപിക്കണം എന്ന് 11, 29ൽ നിർദ്ദേശിച്ചതിന്റെ ഒരു വിശദീകരണമായിരിക്കും ഇവിടെ നല്കുന്നത്. അനുഗ്രഹിക്കാനായി നില്ക്കുന്ന ഗണത്തിൽ നിന്ന് ലേവ്യർ മാത്രമേ സംസാരിക്കുന്നുള്ളൂ. അവർ വിളിച്ചുപറയുന്നത് അനുഗ്രഹങ്ങളല്ല ശാപവചനങ്ങളാണ് എന്നതും ശ്രദ്ധേയമത്രെ. തുടക്കത്തിൽ സ്വതന്ത്രമായിരുന്ന വ്യത്യസ്ത പാരമ്പര്യങ്ങൾ ഒരുമിച്ചു ചേർത്തതാണ് ഇതിനുകാരണം എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. 27-ാം അധ്യായം മുഴുവൻ നിയമാവർത്തന പാരമ്പര്യം രൂപം കൊള്ളുന്നതിനുമുമ്പേ നിലവിലിരുന്ന ഉടമ്പടി നവീകരണവുമായി ബന്ധപ്പെട്ട പാരമ്പര്യങ്ങളുടെ ബാഗമാണെന്നു കരുതുന്നവരു്.

ലേവ്യർ വിളിച്ചുപറയുന്ന പന്ത്രു ശാപങ്ങളിലൂടെ നിയമം അനുസരിക്കേതിന്റെ ആവശ്യകത ജനഹൃദയത്തിൽ ആഞ്ഞു തറയ്ക്കുന്നു. "പന്ത്രു ശാപവചനങ്ങൾ" എന്നു വ്യാഖ്യാതാക്കൾ ഇതിനെ വിശേഷിപ്പിക്കാറു്. പ്രമാണങ്ങളുടെ നിഷേധാത്മകമായ ചിത്രീകരണമാണിത്. ഇവിടെ ശപിക്കുന്ന കാര്യങ്ങളെല്ലാം തന്നെ മറ്റൊരുവിധത്തിൽ നിയമങ്ങളായി ബൈബിളിൽ പലേടത്തും അവതരിപ്പിച്ചിട്ടു്. എടുത്തുപറയുന്ന പന്ത്് കാര്യങ്ങൾ ഉടമ്പടിയുടെ നിയമങ്ങളെ മുഴുവൻ സൂചിപ്പിക്കുന്ന മാതൃകകളാണ്. പത്തു പ്രമാണങ്ങളും മറ്റു സാമൂഹിക ധാർമ്മികനിയമങ്ങളും ഈ പട്ടികയിലു ് .

"ശപിക്കപ്പെട്ടവനാകട്ടെ" എന്ന പ്രഖ്യാപനം ഇവിടെ വിവരിക്കുന്ന പ്രവൃത്തി ചെയ്യുന്ന വ്യക്തി ദൈവകോപത്തിന് ഇരയാവുകയും ദൈവജനത്തിൽ നിന്നു പുറം തള്ളപ്പെടുകയും ചെയ്യും എന്ന് അനുസ്മരിപ്പിക്കുന്നു. ഈ ശാപങ്ങളുയെ യഥാർത്ഥ ചിത്രം അടുത്ത അധ്യായത്തിൽ വിശദമായി വരച്ചുകാട്ടുന്നു്. ജനം മുഴുവനുമോ ഏതെങ്കിലുമൊരു ഗോദ്രമോ സമൂഹമോ അല്ല, ഒറ്റപ്പെട്ട വ്യക്തികളാണ് ശാപം ഏറ്റുവാങ്ങുന്നത്. വ്യക്തിപരമായ ഉത്തരവാദിത്വത്തിന് ഇവിടെ ഊന്നൽ നല്കുന്നു. "ആമ്മേൻ" എന്ന ജനത്തിന്റെ മറുപടി ഉടമ്പടിയുടെ നിബന്ധനകളും അത് ഏല്പിക്കുന്ന കടമകളും പൂർണ്ണമായി അനുസരിക്കാനുള്ള ഓരോ വ്യക്തിയുടേയും സന്നദ്ധത ഏറ്റു പറയുന്നു. ഉടമ്പടി ലംഘിച്ചാലുാകുന്ന ഭവിഷ്യത്തുകൾ

സ്വീകരിക്കാനൊരുക്കമാണെന്ന് സമ്മതിക്കുന്നത് ''ലംഘിക്കുകയില്ല'' എന്ന പ്രതിജ്ഞയുടെ മറ്റൊരു അവതരണമാണ്. ഈ അർത്ഥത്തിൽ പന്ത്ര് ശാപങ്ങളും നിയമങ്ങൾ തന്നെയാണ്.

ഏറ്റം പ്രധാനപ്പെട്ട ഒന്നാം പ്രമാണത്തിന്റെ ലംഘനമാണ് (നിയ 5, 6-9) ഒന്നാമത്തെ ശാപത്തിന്റഎ വിഷയം. കർത്താവുമായുള്ള ബന്ധം മറ്റെല്ലാ നിയമങ്ങൾക്കും അടിസ്ഥാനമായിരിക്കുന്നു. അതിനാൽ വിഗ്രഹനിർമ്മാണവും വിഗ്രഹാരാധനയും ആദ്യമേ എടുത്തു പറഞ്ഞു ശപിക്കുന്നു. ''രഹസ്യത്തിൽ'' എന്ന വിശേഷണം പത്താമത്തെ ശാപത്തിൽ (27, 24) ആവർത്തിക്കുന്നു്. സാക്ഷികൾ ഇല്ലാത്തതിനാൽ മാനുഷികകോടതികളിൽ ശിക്ഷിക്കപ്പെടാൻ കഴിയാത്തതാണ് കുറ്റമെങ്കിലും രഹസ്യങ്ങൾ അറിയുകയും ഹൃദയങ്ങൾ കാണുകയും ചെയ്യുന്ന കർത്താവിന്റെ ശിക്ഷ കുറ്റവാളിയുടെ മേൽ പതിക്കുക തന്നെ ചെയ്യും എന്ന് ഈ വിശേഷണത്തിലൂടെ അനുസ്മരിപ്പിക്കുന്നു.

നാലാം പ്രമാണത്തിന്റെ (നിയ 5, 16) ലംഘനമാണ് രാമത്തെ ശാപത്തിന്റെ വിഷയം. മാതാപിതാക്കന്മാരെ ധിക്കരിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന മക്കൾക്കു കഠിനശിക്ഷ വിധിച്ചിട്ടു്. (നിയ 21, 18-21; പുറ 21, 15; ലേവ്യ 20, 9; എസെ 22,7). 3-5 ശാപങ്ങൾ (27, 17-19) ദരിദ്രർക്കു സംരക്ഷണം ഉറപ്പുവരുത്തുന്ന സാമൂഹ്യ നീതിയെ സംബന്ധിച്ച നിയമങ്ങളിലേക്കു ശ്രദ്ധതിരിക്കുന്നു. അതിർത്തിക്കല്ല് - നി 19, 14; ജോബ് 24, 2; ഹോസി 5, 10; കുരുടൻ - ലേവ്യ 19, 14; 14, പരദേശി - പുറ 22, 21-22; ലേവ്യ 19, 33-34; നിയ 10, 17-19; 24, 16.

ലൈംഗിക ധാർമ്മികതയെ സ്ബന്ധിക്കുന്ന നിയമങ്ങളുടെ ലംഘനം 6-9 ശാപങ്ങളുടെ വിഷയമാണ്. പിതാവിന്റെ ഭാഹ്യ - ലേവ്യ 18, 8; നിയ 22, 30; ആമോ 2,7; മൃഗം - പുറ 22, 19; ലേവ്യ 18, 23; 20, 15; സഹോദരി ലേവ്യ 18,19; അമ്മായിയമ്മ - ലേവ്യ 20, 14; കൊല്ലരുത് എന്ന അഞ്ചാം പ്രമാണത്തിന്റെ ലംഘനമാണ് 10-11 ശാപങ്ങളുടെ വിഷയം 11-ാം ശാപത്തിൽ കൈക്കൂലിയും കൊലപാതകവും തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നു - പുറ 23, 8; നിയ 16, 19; സുഭ 17, 23; എസെ 22, 12. ഏതെങ്കിലും നിയമം ലംഘിക്കുന്നത് ശാപത്തിനു കാരണമാകും എന്ന് ഊന്നിപ്പറയുന്നതാണ് ഈ ശാപം.





**വിചിന്തനം :** നിയമലംഘനത്തിൽ നിന്നു പിന്തിരിപ്പിക്കുകയാണ് ഈ ശാപങ്ങളുടെയെല്ലാം ലക്ഷ്യം. പന്ത്രു ശാപങ്ങളുടെ സ്ഥാനത്ത് അഷ്ടഭാഗ്യങ്ങൾ അവതരിപ്പിച്ചപ്പോൾ (മത്താ 5, 3-12) യേശുനാഥൻ നിയമങ്ങൾക്ക് മറ്റൊരു മാനം നല്കുകയായിരുന്നു. ഭയമല്ല, സ്നേഹമാണ് കർത്താവിന്റെ നിയമം പാലിക്കാൻ പ്രേരിപ്പിക്കേത് (1 യോഹ 4, 18). എന്നാലും പുതിയ നിയമത്തിലും ശിക്ഷയെക്കുറിച്ചുള്ള താക്കീതുകൾ ഒട്ടും വിരളമല്ലല്ലോ (മത്താ 7, 23; 25, 41).

നിയമാനുഷ്ഠാനം വഴിയല്ല, യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി കൃപയിലാണ് നാം രക്ഷ പ്രാപിക്കുന്നത് എന്ന് പഠിപ്പിക്കാൻ വി. പൗലോസ് ഈ ശാപങ്ങൾ എടുത്തുകാട്ടുകയുായി (ഗലാ 3, 10). നിയമത്തിനു പില്ക്കാലത്തു നല്കപ്പെട്ട ദുർവ്വഹമായ വ്യാഖ്യാനങ്ങളും നിയമാനുഷ്ഠാനത്തിൽ കടന്നുകൂടിയ കാവട്യവുമാണ് അപ്പസ്തോലൻ തള്ളിപ്പറയുന്നത്. ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ച് ജീവിക്കാൻ ആത്മാർത്ഥമായി ശ്രമിക്കേതില്ലെന്നോ അപ്രകാരം ജീവിച്ചിരുന്ന പഴയനിയമത്തിലെ ആളുകളിൽ ദൈവം പ്രസാദിച്ചില്ലെന്നോ അദ്ദേഹം അർത്ഥമാക്കുന്നില്ല. തെറ്റിൽനിന്നകന്നു ജീവിക്കാൻ പ്രേരിപ്പിക്കുന്നതിൽ ഭയത്തിനുള്ള സ്ഥാനം നിഷേധിക്കാനാവില്ല.

### c. അനുഗ്രഹങ്ങൾ 28, 1-14

ഉടമ്പടിയോടു വിശ്വസ്തത പാലിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങളും അവിശ്വസ്തത വിളിച്ചുവരുത്തുന്ന ശിക്ഷകളും യാതൊരു സംശയത്തിനും ഇട നല്കാത്ത വിധത്തിൽ വിശദമായി ഈ അധ്യായത്തിൽ അവതരിപ്പിക്കുന്നു. ലെവ്യർ 26-ാം അധ്യായത്തിൽ ഇപ്രകാരമുള്ള അനുഗ്രഹങ്ങളും ശാപങ്ങളും നാം കുകഴിഞ്ഞതാണ് (തീ. 7 പെജ് 89-91). നിയ 11, 8-28ൽ ഇതിനെക്കുറിച്ചുള്ള സൂചന നല്കിയിരുന്നു. നിയ 27-ാം അധ്യായത്തിൽ പന്ത്രു ശാപങ്ങൾ വിവരിച്ചു. എന്നാൽ ഇവിടെ അനുഗ്രഹങ്ങളും ശാപങ്ങളും കൂടുതൽ വിശദമായി അവതരിപ്പിച്ചിരിക്കുന്നു. അനുഗ്രഹത്തിന്റേതിനേക്കാൾ ഏതാ് മൂന്നിരട്ടി ദീർഘമാണ് ശിക്ഷകളുടെ വിവരണം. അന്താരാഷ്ട്രഉടമ്പടികളിൽ പൊതുവേ പാലിച്ചിരുന്നതാണ് ഈ അനുപാതം. ഉടമ്പടി ലംഘനത്തെ നിരുത്സാഹപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

കർത്താവിന്റെ കല്പനകൾ അണുവിട വ്യത്യാസം കൂടാതെ പൂർണ്ണമായി അനുസരിക്കണം എന്ന ര് ആഹ്വാനങ്ങൾ ആരംഭ ത്തിലും (28, 1) അവസാനത്തിലും (28, 14) ആവർത്തിച്ചു കൊ് അവയ്ക്കു മധ്യേ അനുസരണത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങൾ വിവരിക്കുന്നു. ലോകജനതകൾക്കു മധ്യേ ഇസ്രായേസലിനു ാകുന്ന മഹോന്നത സ്ഥാനമാണ് ഒരു അനുഗ്രഹം. അതും രു തവണ (28, 1.13) ആവർത്തിച്ചിട്ടു്. ഈ പ്രത്യേക പദവി അവരുടെ സ്വന്തം ശക്തിയോ ആയുധബലമോ കൊു നേടിയെടുക്കുന്നതല്ല, കർത്താവു ദാനമായി നല്കുന്നതാണ്. ഉടമ്പടിയോടു വിശ്വസ്തത പുലർത്തണം എന്ന ഒറ്റ നിബന്ധനയേ ഇതിനുള്ളൂ.

“അവിടുന്ന് ഈ അനുഗ്രഹങ്ങളെല്ലാം നിന്റെ മേൽ ചൊരിയും” (28, 2) എന്ന പൊതുവായ വാഗ്ദാനം ആറ് പ്രത്യേക അനുഗ്രഹങ്ങ ളായി തുടർന്നു വിവരിക്കുന്നു (28, 3-6). ഹീബ്രു മൂലത്തിൽ ഒരു ആശീർവ്വാദഗാനം പോലെയാണ് ഈ അനുഗ്രഹങ്ങൾ അവതരിപ്പി ച്ചിരിക്കുന്നത് എന്നു താഴെ കൊടുത്തിരിക്കുന്ന വിവർത്തനത്തിൽ നിന്നു വ്യക്തമാകും.

“നഗരത്തിൽ നീ അനുഗൃഹീതൻ

വയലിൽ നീ അനുഗൃഹീതൻ

നിന്റെ സന്തതികളും അനുഗൃഹിതം

നിന്റെ കുട്ടയും മാവു കുഴയ്ക്കുന്ന കലവും അനുഗൃഹീതം

അകത്തു വരുമ്പോൾ നീ അനുഗൃഹീതൻ

പുറത്തുപോകുമ്പോഴും നീ അനുഗൃഹീതൻ”

പൊതുവായ വാഗ്ദാനവും കൂടിചേർക്കുമ്പോൾ അനുഗ്ര ഹത്തെക്കുറിച്ച് ഏഴു തവണ പ്രതിപാദിക്കുന്നു്. ഏഴ് പൂർണ്ണ തയെ സൂചിപ്പിക്കുന്ന സംഖ്യയാകയാൽ കർത്താവിന്റെ അനുഗ്രഹം ജനത്തിന്റെ സകല മേഖലകളിലും വ്യാപാരങ്ങളിലും പൂർണ്ണമായു ായിരിക്കും എന്നു സൂചിപ്പിക്കുന്നു.

നഗരവും വയലും ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഉൾക്കൊള്ളുന്നു. “വരുമ്പോഴും പോകുമ്പോഴും” എന്നത് എല്ലാ





പ്രവർത്തനങ്ങളെയും, അഥവാ ജീവിതത്തെ മുഴുവൻ സൂചിപ്പിക്കു ന്നു. സന്താനപുഷ്ടിയും ഭൂമിയുടെയും മൃഗങ്ങലുടെയും ഫലപു ഷ്ടിയും കർത്താവിന്റെ അനുഗ്രഹമാണ് (ഉൽപ 1, 22.28). ആഹാരം കർത്താവിന്റെ ദാനമാണെന്നും അവിടുത്തോട് വിശ്വസ്തത പാലി ക്കുന്നിടത്തോളം കാലം അവ സമൃദ്ധമായി ലഭിക്കുമെന്നും കുട്ട യെയും മാവു കുഴയ്ക്കുന്ന കാലത്തെയും കുറിച്ചുള്ള പരാമർശ ങ്ങൾ സൂചിപ്പിക്കുന്നു. “അപ്പക്കുട്ട” എന്ന വിവർത്തനം ഒരു വ്യാഖ്യാ നമാണ്. മൂലത്തിൽ “കുട്ട” എന്നു മാത്രമേയുള്ളൂ. അത് വിത്തുവി തയക്കാനും ധാന്യം ശേഖരിക്കാനും ഉപയോഗിക്കുന്ന കുട്ടയും ആകാം. വിതയ്ക്കുന്നതു മുതൽ അപ്പം പാകം ചെയ്യുന്നതുവരെ യുള്ള സകല പ്രവൃത്തികളിലും കർത്താവിന്റെ അനുഗ്രഹമുാകും. ഈ അനുഗ്രഹങ്ങൾക്കു കടകവിരുദ്ധമായ ശാപങ്ങൾ 16-19 വാക്യ ങ്ങളിൽ അവതരിപ്പിക്കുന്നു്.

ഗാനരൂപത്തിൽ അവതരിപ്പിച്ച അനുഗ്രഹങ്ങൾ വീും കൂടു തൽ വിശദമായി 7-13 വാക്യങ്ങളിൽ തുടർന്നു വിവരിക്കുന്നു. ഇവിടെ ഒരു പ്രത്യേക ക്രമത്തിലാണ് അനുഗ്രഹങ്ങൾ അവതരിപ്പിക്കുന്നത്.

a. ശത്രുക്കളുടെമേൽ വിജയം 28, 7

b. ദേശത്തിന്റെ സമൃദ്ധി 28, 8

c. വിശുദ്ധജനം 28, 9-10

$b^1$. സന്താനപുഷ്ടി - സമൃദ്ധി 28, 11-12

$a^1$. ജനതകൾക്കിടയിൽ മഹത്വം 28, 12-13

ഈ ഘടനയുടെ കേന്ദ്രത്തിൽ നില്ക്കുന്നത് “കർത്താവിന്റെ വിശുദ്ധജനമായിരിക്കും” എന്ന അനുഗ്രഹമാണ്. മറ്റെല്ലാ അനുഗ്ര ങ്ങളുടെയും അടിസ്ഥാനവും ഏറ്റവും വിലപ്പെട്ടതും ഈ അനുഗ്ര ഹംതന്നെ. കർത്താവിന്റെ നാമം വഹിക്കുന്നവർ അവിടുത്തെ സ്വന്ത മാണ്. അവിടുത്തെ നാമമാണ് ജനതകൾക്കുമുമ്പിൽ ഇസ്രായേലിനു മഹത്വവും ആദരവും പ്രദാനം ചെയ്യുന്നത്. ഏഴു വഴിയിലൂടെ പലാ യനം ചെയ്യും (28, 7) എന്നത് പൂർണ്ണ പരാജയത്തെ സൂചിപ്പിക്കുന്നു. ആകാശം ജലസംഭരണി ആയിട്ടാണ് ബൈബിലഞ് വിഭാവനം ചെയ്യു ന്നത്. അതു കർത്താവു തുറന്നാലേ ഭൂമിയിൽ മഴ പെയ്യൂ (ഉൽപ 1,

7; 7, 11; ജോബ് 38, 38; ലൂക്കാ 4, 25). ''കർത്താവു നിന്നെ ജനതകളുടെ നേതാവാക്കും, നീ ആരുടേയും ആജ്ഞാനുവർത്തിയായിരിക്കുകയില്ല'' (28, 13) എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു മൂലത്തിന്റെ വാച്യാർത്ഥം ''യാഹ്വേ നിന്നെ തലയാക്കും, വാലല്ല'' എന്നാണ്. നീ എല്ലാവരുടെയും മുമ്പേ പോകാൻ കർത്താവ് ഇടയാക്കും. നീ ആരുടേയും പിമ്പേ പോകേിവരില്ല. ലോകജനതകൾക്കിടയിലുള്ള നേതൃത്വസ്ഥാനമാണ് ഇവിടെ വാഗ്ദാനം ചെയ്യുന്നത് (ഏശ 9, 14-15; 19, 15). സൈനികമോ രാഷ്ട്രീയമോ ആയ കാര്യങ്ങളിലല്ല, സകല ജനതകളെയും ദൈവ്തതിലേക്കു നയിക്കുന്നതിലാണ് ഈ നേതൃത്വം പ്രകടമാക്കേത്. ''അന്യദേവന്മാരെ അനുഗമിക്കുകയോ സേവിക്കുകയോ അരുത്'' (28, 14) എന്ന കല്പന ഈ സത്യം ഊന്നിപ്പറയുന്നു.

**വിചിന്തനം** : ഇവിടെ വിവരിക്കുന്ന അനുഗ്രഹങ്ങളെല്ലാംതന്നെ പ്രത്യക്ഷത്തിൽ ഭൗതിക പ്രധാനമാണെന്നു തോന്നാം. നല്ല കാലാവസ്ഥ, സമ്പൽസമൃദ്ധി, ശത്രുക്കളുടെമേൽ വിജയം, ജനതകൾക്കു മധ്യേ നേതൃസ്ഥാനം മുതലായവയെല്ലാം വിശ്വസ്തതയ്ക്കു ലഭിക്കുന്ന സമ്മാനമാണ് എന്ന ചിന്ത ഒരു പരിധിവരെ ശരിയാണ്. തന്നോട് വിശ്വസ്തത പുലർത്തുന്നവർക്ക് ആവശ്യമായതെല്ലാം കർത്താവു നല്കുന്നു. എന്നാൽ ഭൗതികകാര്യങ്ങൾ മാത്രമല്ലല്ലോ മനുഷ്യന് ആവശ്യം. ദൈവത്തിന്റെ വിശുദ്ധജനമായിരിക്കുക എന്നതാണ് സർവ്വപ്രധാനം. ആകയാൽ ഈ അനുഗ്രഹങ്ങൾക്കെല്ലാം ആത്മീയമായ ഒരു മാനവും ഉ്. അപ്പം കൊു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നത്. ''ശത്രുക്കൾ'' തിന്മയുടെ സകല ശക്തികളുമാണ്. നേതൃത്വം ദൈവത്തിലേക്കു നയിക്കുന്നതായിരിക്കണം. യേശുനാഥൻ പ്രഘോഷിച്ച സുവേശേഷഭാഗ്യങ്ങളിൽ (മത്താ 5, 2-12; ലൂക്കാ 6, 20-26) ഈ അനുഗ്രഹങ്ങളുടെ വ്യാഖ്യാനവും പൂർത്തീകരണവും കാണാം.

### d.. ശാപങ്ങൾ 28, 15-68

തിരഞ്ഞെടുപ്പും ഉടമ്പടിയും കർത്താവിന്റെ സൗജന്യ ദാനമാണ്. ഉടമ്പടിയുടെ നിബന്ധനകൾ പാലിക്കാതിരുന്നാൽ കർത്താവിന്റെ സ്വന്തം ജനം എന്ന പ്രത്യേക പദവി ഇസ്രായേലിനു നഷ്ടപ്പെടും. മാത്രമല്ല, കർത്താവിന്റെ സേനേഹം എത്രമാത്രം അവർ അനുഭവിച്ചോ





അത്രതന്നെ അവിടുത്തെ ക്രോധവും അവർ അനുഭവിച്ചറിയും. ഈ യാഥാർത്ഥ്യമാണ് ഒന്നിനൊന്നു കൂടുതൽ കഠിനമാകുന്ന ശിക്ഷകളുടെ സുദീർഘമായ വിവരണത്തിലൂടെ ഊന്നിപ്പറയുന്നത്. ഏതെല്ലാം മേഖലകളിൽ അനുഗ്രഹം വാഗ്ദാനം ചെയ്തുവോ ആ മേഖലകളിലെല്ലാം കൂടുതൽ കഠിനമായ ശിക്ഷയുാകും എന്നു താക്കീതു ചെയ്യുന്നു.

വരൾച്ച, ക്ഷാമം, പട്ടിണി, ശത്രുക്കളുടെ ആക്രമണം, യുദ്ധങ്ങളിൽ പരാജയം, മരണം തുടങ്ങിയ വിവിധ ശിക്ഷകൾ ജനത്തെ നശിപ്പിക്കും. വാഗ്ദത്ത ഭൂമിയിൽ നിന്നു വിദേശത്തേക്ക് അവർ വലിച്ചെറിയപ്പെടും. വിമോചനത്തിനു മുൻപ് ഈജിപ്തിൽ അനുഭവിച്ചിരുന്ന അതേ അടിമത്തത്തിന് അവർ ഇരയാകും. അടിമകളായിപ്പോലും തങ്ങളെ സ്വീകരിക്കാൻ ആരുമില്ലാതെ അവർ അലയേിവരും. ശിക്ഷകളുടെ വിവരണത്തിനു മധ്യേ അതിനു കാരണം അനുസരണക്കേടാണെന്ന് വീും വീും അനുസ്മരിപ്പിക്കുന്നു. ജനത്തെ നിശ്ശേഷം നശിപ്പിക്കുകയല്ല, ദൈവഭയത്തിലേക്കും അനുസരണത്തിലേക്കും തിരിച്ചുകൊു വരുകയാണ് ശിക്ഷകളുടെ ലക്ഷ്യം. (28, 58).

ആരംഭത്തിൽ വളരെ ഹ്രസ്വമായിരുന്ന ശാപങ്ങളുടെ പട്ടിക പില്കാലത്ത് വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ കൂടുതൽ ശാപങ്ങൾ കൂട്ടിച്ചേർത്തു വികസിപ്പിച്ചതാണെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. ബാബിലോൺ പ്രവാസകാലത്താണ് ഈ പട്ടിക പൂർത്തിയാക്കിയത് എന്നു കരുതുന്നവരു്. ഉപരോധത്തെയും പ്രവാസത്തെയും കുറിച്ചുള്ള വ്യക്തമായ സൂചനകൾ (28, 36. 52-57. 63-64) ഇതിനു തെളിവായി എടുത്തുകാട്ടാറു്. എന്നാൽ ഇവയെല്ലാം ബി.സി 587ലെ ജെറുസലെമിന്റെ പതനത്തിലും തുടർന്നുായ പ്രവാസത്തിലും മാത്രമല്ല, അതിനു മുമ്പും പലപ്പോഴും സംഭവിച്ചതാകയാൽ ഈ അഭിപ്രായം അതേപടി അംഗീകരിക്കണമെന്നില്ല.

അനുസരണക്കേട് ശാപങ്ങൾ വിളിച്ചുവരുത്തും എന്ന പൊതുവായ ആമുഖം (28, 15) അനുഗ്രഹങ്ങളുടെ ആമുഖത്തിനു (28, 1-2) സമാന്തരമാണ്. 28, 45ൽ ഇതേ വാചകം വീും ആവർത്തി്കകു

ന്നു്. തുടർന്ന് 28, 3-6ൽ ക ആറ് അനുഗ്രഹങ്ങൾക്കു സമാന്ത രമായി ആറുശാപങ്ങൾ (28, 16-19) ്വതരിപ്പിച്ചിരിക്കുന്നു. ഉടമ്പടി യുടെ ലംഘനം കർത്താവിനെ ുപേിക്കലാണെന്നും അതിനാൽ സകല പ്രയത്നങ്ങളിലും കർത്താവിന്റഎ ശാപം നിപതിക്കുമെന്നും തുടർന്നു താക്കീതു ചെയ്യുന്നു (28, 20). ''നീ നശിക്കുന്നതുവരെ'' കർത്താവിന്റെ ശാപം നിന്നെ വേട്ടയാടും എന്ന താക്കീത് മരണമണി പോലെ ഇടവിട്ട് മുഴങ്ങുന്നു് (28, 20. 22. 24. 45. 48. 51. 61.63).

മനുഷ്യരെയും മൃഗങ്ങളെയും സസ്യങ്ങളെയും ബാധിക്കുന്ന രോഗങ്ങളും കൊടിയ വരൾച്ചയുമാണ് 20-24 വാക്യങ്ങളിൽ വിവരി ക്കുന്നത്. 28, 20ല് ''ക്ലേശം'' എന്നു വിവർത്തനെ ചെയ്യുന്ന വാക്കിന് സംഭ്രമം, കൊടുംഭീതി എന്നൊക്കെ അർത്ഥമു്. ''ശകാരം'' എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന് വിഭ്രമം, ആശയക്കുഴപ്പം, എന്തുചെയ്യണമെന്നോ എങ്ങോട്ടുപോകണമെന്നോ അറിയാത്ത അവ സ്ഥ, എന്നൊക്കെയാണ് അർത്ഥം. തുടർന്നു വിവരിക്കാൻ പോകുന്ന നാശങ്ങളിൽ നിന്നുാകുന്ന മാനസികാവസ്ഥയാണ് ഈ രു പദ ങ്ങളും സൂചിപ്പിക്കുന്നത്. 28, 22ൽ ഏഴു മഹാമാരികളെ പേരെടുത്തു പറയുന്നു. ''വാൾ'' എന്നത് ഹീബ്രു മൂലത്തിലില്ല. ഏഴ് പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യാകയാൽ സമൂലനാശം വരുത്തുന്ന മഹാമാരി കൾ എന്ന പ്രതീകാത്മകമായ അർത്ഥത്തിലാണ് ഇവടെ കാണുന്നത്. ആകാശം പിത്തളയും ഭൂമി ഇരുമ്പും ആയി മാറുന്നത് (28, 23) കൊടിയ വരൾച്ചയെയും കൃഷിനാശത്തെയും സൂചിപ്പിക്കുന്നു. പിത്തള ഭേദിച്ച് മഴപെയ്യാനോ ഇരുമ്പുതുളച്ച് വേരുകൾക്ക് വളം വലിച്ചെടുക്കാനോ കഴിയില്ലല്ലോ. ''പൊടിയും പൂഴിയും'' (28, 24) വർഷിക്കുന്നത് മരുഭൂ മിയിൽ നിന്നു വീശുന്ന മണൽക്കാറ്റാണ്.

28, 25-35ൽ ശത്രുക്കളുടെ ആക്രമണവും തീരാവ്യാധികളും മൂലമുാകുന്ന കെടുതികൾ വർണ്ണിക്കുന്നു. തങ്ങൾ ഏൽക്കുന്ന ശിക്ഷനിമിത്തം ഇസ്രായേൽ ജനം ലോകജനതകൾക്കു ഭയവും അറപ്പും ജനിപ്പിക്കുന്നവരായിത്തീരും എന്നാണ് ''ബീഭത്സ വസ്തു'' (28, 5) എന്നതുകൊ് അർത്ഥമാക്കുന്നത്. ജറെമിയായുടെ പ്രവച നങ്ങളിൽ ഇത് അനേകം തവണ ആവർത്തിക്കുന്നു്. (ജറെ 15.4; 24, 9; 29, 18; 34, 17). 28, 1.13ൽ വാഗ്ദാനം ചെയ്തതിന്റെ വിപരീതമാ





ണിത്. മൃതദേഹം സംസ്ക്കരിക്കാതെ കിടക്കുന്നത് ഏറ്റം വലിയ അവഹേളനമാണ്. ഈജിപ്തിന്റെ മേൽ പതിച്ച മഹാമാരികൾ ഇസ്ര യേലിനെ ബാധിക്കുന്നത് (28, 27) അവർ കർത്താവിന്റെ ശത്രുക്കളാ യിത്തീർന്നിരിക്കുന്നു എന്നു സൂചിപ്പിക്കുന്നു. 30-34 വാക്യങ്ങളിൽ വിവരിക്കുന്നവയെല്ലാം യുദ്ധത്തിൽ പരാജയപ്പെട്ട ജനത്തിന്റെ നിസ്സ ഹായാവസ്ഥയെ സൂചിപ്പിക്കുന്നതാണ്.

28, 36-37ൽ പ്രവാസവും 28, 38-42ൽ കൃഷിനാശവും മൂലമു ാകുന്ന ദുരിതങ്ങൾ വിവരിക്കുന്നു. വിഗ്രഹങ്ങളെ ആരാധിക്കാൻ നിർബന്ധിതരാകുന്നതും (28, 36) ഇവിടെ ഒരു ശാപമായിട്ടാണ് കാണു ന്നത്. തടവുകാരായി കൊു പോകപ്പെടുന്നിടത്തെല്ലാം അവർ അറപ്പുളവാക്കും. കർത്താവിന്റെ ശാപമേറ്റവർ എന്ന നിലയിൽ അവർ ശാപത്തിന്റെ മാതൃകയായിത്തീരും. സമൂഹശ്രേണി തകിടം മറിയു ന്നതാണ് 28, 43-44ൽ വിവരിക്കുന്നത് (28, 12). 28, 45-46 ശാപങ്ങളുടെ ഉപസംഹാരമായി തോന്നാം. എന്നാൽ കൂടുതൽ ഭീകരമായ ശിക്ഷ ഇനിയും അറിയിക്കാനിരിക്കുന്നതേയുള്ളു. ഇസ്രായേലിനെ മോചി പ്പിക്കാൻ വേി കർത്താവു ചെയ്ത വലിയ കാര്യങ്ങളെയാണ് അട യാളങ്ങളും അത്ഭുതങ്ങളും എന്ന് സാധാരണ വിശേഷിപ്പിക്കുക. എന്നാൽ ഇവിടെ ശിക്ഷാവിധികൾക്ക് അതേ വിശേഷണം നല്കിയി രിക്കുന്നു.

ശത്രുക്കളുടെ ആക്രമണവും പട്ടണങ്ങൾക്കെതിരേ അവർ ഉയർത്തുന്ന ദീർഘകാല ുപരോധവും മൂലം സംജാതമാക്കുന്ന സീമാ തീതമായ ക്ലേശങ്ങൾ 28, 47-57ൽ വിവരിക്കുന്നു. ഇതുവരെ വിവ രിച്ച ദുരിതങ്ങൾ നിയമങ്ങൾ ലംഘിച്ചാൽ ഉാകുന്ന ശിക്ഷകളായി ട്ടാണ് അവതരിപ്പിച്ചത്. എന്നാൽ ഈ ഭാഗത്ത് ഇപ്രകാരമൊരു ഉപാധി വച്ചിട്ടില്ല. ചെയ്തുകഴിഞ്ഞ തെറ്റിനുള്ള ശിക്ഷയാണ് ഇവിടെ വിവരി ക്കുന്നത്. ജറെമിയായുടെ അനേകം പ്രവചനങ്ങളോട് ഈ വിവരണ ത്തിന് സാമ്യമു്. (ജറെ 4, 13; 5, 15-17; 19, 9; 48, 40; 49, 22). വാഗ്ദത്ത ഭൂമിയിലെ സമൃദ്ധിയുടെ മധ്യേ കർത്താവിനെ വിസ്മരിച്ച തിനുള്ള (8, 12-14) ശിക്ഷയാണിത് എന്ന് 28, 47ൽ ആമുഖമായി പറയു ന്നു. ശാപങ്ങളുടെ ഒരു പുതിയ പരമ്പര ഇവിടെ ആരംഭിക്കുന്ന തായി ഈ ആമുഖത്തിൽ നിന്നു മനസ്സിലാക്കാം. സ്വന്തം മക്കളുടെ

മാംസം ഭക്ഷിക്കാൻ മാത്രം ക്രൂരമായിരിക്കും ഉപരോധം മൂലമുാകുന്ന ക്ഷാമം. കരുണയുടെ ലാഞ്ഛനയോ മനുഷ്യമഹത്വത്തിന്റഎ കണികയോ പോലും അവശേഷിക്കാത്ത രീതിയിൽ അത്ര നികൃഷ്ടമായി അധഃപതിക്കാൻ (28, 56-57) ഇടയാക്കുന്നതായിരിക്കും പട്ടിണി മൂലമുാക്കുന്ന ക്ലേശങ്ങൾ. ജറുസലെമിന്റെ ഉപരോധത്തിൽ സംഭവിച്ച ദുരിതങ്ങളുടെ (വിലാ 2, 20; 4, 10) വിവരണമാണിത് എന്നു കരുതുന്നവരു്. എന്നാൽ ഏതു പട്ടണവും ദീർഘകാലം ഉപരോധിക്കപ്പെടുമ്പോൾ സംഭവിക്കാവുന്ന ദുരന്തമായി ഇതിനെ കാണാവുന്നതാണ് (2 രാജാ 6, 28-29).

28, 58-68 ശാപങ്ങളുടെ ഉപസംഹാരമാണ്. ''എഴുതപ്പെട്ട നിയമങ്ങളുടെ ഗ്രന്ഥം'' എന്ന് നിയമാവർത്തന പുസ്തകത്തെ ഇവിടെ രുതവണ (28, 58.61) വിശേഷിപ്പിച്ചിരിക്കുന്നു. ഇതു കർത്താവിന്റെ വചനമാണെന്ന് 28, 62ൽ അനുസ്മരിപ്പിക്കുന്നു. കർത്താവു നൽകിയ സകല അനുഗ്രഹങ്ങളും പിൻവലിക്കുമെന്നും പകരം എല്ലാവിധ ദുരിതങ്ങളും അവരുടെ മേൽ വരുത്തുമെന്നും ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നു. ഉടമ്പടി ലംഘിച്ചവർക്ക് കർത്താവിന്റെ സംരക്ഷണം ഉായിരിക്കുകയില്ല. ''നിങ്ങളെ നശിപ്പിക്കുന്നതിൽ കർത്താവു സന്തോഷിക്കും'' (28, 63) എന്ന താക്കീത് ഒരു ക്രൂ വിനോദത്തെയല്ല, മുഖം നോക്കാതെ ശിക്ഷാവിധി നടപ്പാക്കുന്ന കർത്താവിന്റെ നീതിയെയാണ് സൂചിപ്പിക്കുന്നത്. വാഗ്ദത്തഭൂമി നഷ്ടപ്പെട്ട് വിദേശത്ത് അവർ അലയും. കപ്പൽമാർഗ്ഗം ഈജിപ്തിലേക്കു കൊ് പോകുന്നത് (28, 68) അടിമകളായി വിൽക്കാൻ വേിയാണ്. എന്നാൽ അടിമയുടെ സുരക്ഷിതത്വം പോലും അവർക്ക് ലഭിക്കുകയില്ല. ഈജിപ്തിലേക്ക് തിരിച്ചയക്കുന്നത് ഇസ്രായേലിനു കർത്താവുമായുള്ള ബന്ധത്തിന്റെ ചരിത്രം മുഴുവൻ റദ്ദാക്കുന്നതിനു തുല്യമാണ് (ഹോസി 8, 13; 9, 3; 11, 15). വിമോചനത്തിനു മുമ്പുായിരുന്ന അടിമത്തത്തേക്കാൾ ക്രൂരവും ഭീകരവുമായിരിക്കും ശിക്ഷിക്കപ്പെടുമ്പോൾ ഉാകുന്ന അവസ്ഥ. ഭാവിയെക്കുറിച്ച് യാതൊരു പ്രതീക്ഷയും നല്കാതെ ശാപങ്ങൾ അവസാനിക്കുന്നു. കർത്താവുമായുള്ള ഉടമ്പടിബന്ധം ജീവന്മരണ പ്രധാന്യമുള്ളതാണെന്ന് ഏറ്റം ശക്തമായ ഭാഷയിൽ വ്യക്തമാക്കിക്കൊാണ് മോശയുടെ രാം പ്രഭാഷണം അവസാനിക്കുന്നത്.





**വിചിന്തനം** : കർത്താവിന്റെ സ്നേഹത്തിന് അതിരുകളില്ല. അവിടുത്തെ കരുണ അനന്തമാണ്. എന്നാൽ മാനസാന്തരത്തിനുള്ള ആഹ്വാനം ചെവിക്കൊള്ളാത്തവർക്ക് അത് അനുഭവിക്കാൻ കഴിയാതെ പോകും. ഇവിടെ വിവരിക്കുന്ന അത്യന്തം ഭയാനകമായ ശാപങ്ങൾ എന്നും ഏവർക്കും പ്രസക്തമായ താക്കീതാണ്. ഇതിനേക്കാൾ ഭയാനകമായ നിത്യശാപമാണ് പുതിയ ഉടമ്പടി ലംഘിക്കുന്നവരെ കാത്തിരിക്കുന്നത് ഹെബ്രാ 10, 26-31; വെളി 21, 8).

## ചോദ്യങ്ങൾ

1. ഉടമ്പടി എന്ന സാഹിത്യരൂപത്തിലെ ഏതെല്ലാം ഘടകങ്ങൾ 27-34 അധ്യായങ്ങളിൽ കാണാനാവും?

2. ഏതെല്ലാം ചടങ്ങുകളാണ് 27-28 അധ്യായങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നത്? എന്താണ് അവ ഓരോന്നിന്റെയും ലക്ഷ്യം?

3. പ്രമാണങ്ങളുടെ നിഷേധാത്മകമായ ചിത്രീകരണമാണ് ''പ ്ര ന്ത ു ശാപവചനങ്ങൾ''. വിശദീകരിക്കുക.

4. നിയമങ്ങൾ അനുസരിക്കുന്നവർക്ക് എന്തെല്ലാം അനുഗ്രഹങ്ങളാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്?

5. നിയമങ്ങൾ ലംഘിക്കുന്നവരുടെമേൽ ഏതെല്ലാം മേഖലകളിലാണ് ശാപം നിപതിക്കുന്നത്?

6. അനുഗ്രഹങ്ങളുടെയും ശാപങ്ങളുടെയും ആത്യന്തികമായ ലക്ഷ്യം എന്താണ്? ഇവയ്ക്ക് ഇന്ന് എന്തു പ്രസക്തിയു്?

**ചർച്ചയ്ക്ക്** : 1. ഈ ര് അധ്യായങ്ങളിൽ വിവരിച്ചിരിക്കുന്ന അനുഗ്രങ്ങളും ശാപങ്ങളും ലേവ്യർ 26-ാം അധ്യായത്തിലേതുമായി താരതമ്യം ചെയ്യുക.

2. ദൈവത്തിന്റെ അനുഗ്രഹവും ശിക്ഷകളും ഇന്ന് നമുക്ക് അനുഭവപ്പെടാറുേ? വ്യക്തികളുടെയും സമൂഹത്തിന്റെയും അനുഭവങ്ങളുടെ വെളിച്ചത്തിൽ ചർച്ച ചെയ്യുക.

**പ്രാർത്ഥന** : 77-ാം സങ്കീർത്തനം ഉപയോഗിച്ച് പ്രാർത്ഥിക്കുക.

## 2. ഉടമ്പടിയുടെ സംഗ്രഹം 29, 1–30, 20

മൊവാബു സമതലത്തിൽവച്ച് മോശ ഇസ്രായേൽ ജനത്തോടു ചെയ്ത മൂന്നാമത്തെ പ്രഭാഷണമായിട്ടാണ് 29-30 അധ്യായങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. 1-28 അധ്യായങ്ങളിൽ വിവരിച്ചവയുടെ സംഗ്രഹമായി ഈ പ്രഭാഷണത്തെ കാണാം. 28-ാം അധ്യായത്തിൽ വിവരിച്ച ശിക്ഷകളെല്ലാം ഏറ്റുവാങ്ങി, വാഗ്ദത്തഭൂമിയിൽ നിന്നു നിഷ്കാസിതരായി, മനം തകർന്നു കഴിയുന്ന പ്രവാസികളെ അഭിസംബോധന ചെയ്തുകൊാണ് ഈ അധ്യായങ്ങൾ രചിച്ചിരിക്കുന്നത് എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. കർത്താവ് ഉപേക്ഷിച്ച അഭിശപ്തരാണു തങ്ങൾ എന്നു കരുതുന്ന നിരാശർക്ക് (ഏശ 49, 14) പ്രത്യാശയും, മാനസാന്തരത്തിനും മടങ്ങിവരവിനുമുള്ള പ്രചോദനവും നല്കുന്നതാണ് ഈ പ്രഭാഷണം. അതോടൊപ്പം ഉറച്ച തീരുമാനമെടുക്കാൻ ഇത് അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ഉടമ്പടിയുടെ പൊതുവായ ഘടകങ്ങളെല്ലാംതന്നെ ഈ പ്രഭാഷണത്തിൽ ദൃശ്യമാണ്. മൊവാബു ദേശത്തു വച്ച് ചെയ്യാൻ കർത്താവു കല്പിച്ച ഉടമ്പടിയുടെ വാക്കുകളാണിവ എന്ന ആമുഖത്തിനുശേഷം ചരിത്രപരമായ ഉപക്രമം (29, 2-9), ഉടമ്പടിയിൽ പങ്കുചേരാനുള്ള ആഹ്വാനം (29, 10-15), കർത്താവിനോടുള്ള വിശ്വസ്തത പാലിക്കാനുള്ള ഉദ്ബോധനവും അനുസരണക്കേടിനുള്ള ശിക്ഷകളും (29, 16-29) എന്നിവ അവതരിപ്പിക്കുന്നു. തുടർന്ന് പുനരുദ്ധാതരണത്തെക്കുറിച്ചു വാഗ്ദാനം നല്കിക്കൊ് അനുതാപത്തിന് ആഹ്വാനം ചെയ്യുന്നു (30, 1-10). ജീവനോ മനണമോ തിരഞ്ഞെടുക്കാനുള്ള വെല്ലുവിളിയോടെയാണ് (30, 11-20) പ്രഭാഷണം അവസാനിക്കുന്നത്.

### a. ചരിത്രസംഗ്രഹം 29, 1-9

പ്രഭാഷണത്തിന്റെ സ്ഥലകാലങ്ങളും ഉള്ളടക്കവും സൂചിപ്പിക്കുന്ന ആമുഖവാക്യം (29, 1) വ്യാഖ്യാതാക്കളുടെ ഇടയിൽ ഇന്നും വലിയ ചർച്ചാവിഷയമാണ്. ഹോറെബിൽവച്ചു ചെയ്യാൻ കല്പിച്ച ഉടമ്പടി രാമതൊരു ഉടമ്പടിയാണോ അല്ലയോ എന്നതാണ് ചർച്ചാവിഷയം. നിയമാവർത്തന പുസ്തകം മുഴുവൻ ഇപ്രകാരമൊരു രാം ഉടമ്പടിയുടെ രേഖയാണെന്നു കരുതുന്നവരു്. 29-30 അധ്യായങ്ങൾ മാത്രമാണ് ഈ രാം ഉടമ്പടിയുടെ രേഖ എന്നു മറ്റു ചിലർ കരുതുന്നു. കർത്താവു ജനത്തിനു നേരിട്ടു വെളിപ്പെടുത്തിയ പത്തു പ്രമാണങ്ങളാണ് സീനായ് (ഹൊറെബ്) ഉടമ്പടിയുടെ കല്പനകൾ; മോശയിലൂടെ വെളിപ്പെടുത്തിയ മറ്റു നിയമങ്ങൾ ഹോറെബ് ഉടമ്പടിയുടെ കല്പനകളാണ് എന്നു കരുതുന്നവരും ഉ്. പത്തു പ്രമാണങ്ങൾക്കും മറ്റു നിയമങ്ങൾക്കും തുല്യപ്രാധാന്യം നല്കാൻ വേിയാണത്രെ ഈ രാം ഉടമ്പടിയെക്കുറിച്ചു പ്രതിപാദിക്കുന്നത്.

എന്നാൽ രാമതൊരു ഉടമ്പടിയല്ല, സീനായ് ഉടമ്പടിയുടെതന്നെ നവീകരണമാണ് ഇവിടെ വിവക്ഷിക്കുന്നത് എന്ന അഭിപ്രായം കൂടുതൽ സ്വീകാര്യമായി തോന്നുന്നു. പ്രവാസകാലത്ത് എഴുതിയ നിയമാവർത്തനാതമക ഗ്രന്ഥകാരന്മാർ (Deuteronmistic School) ആണ്, ഈ പ്രഭാഷണത്തിനു രൂപം നല്കിയത്. അനുതാപത്തിനും മടങ്ങിവരവിനുമുള്ള ആഹ്വാനവും പ്രത്യാശ നല്കുന്ന വാഗ്ദാനങ്ങളും ഉറച്ച തീരുമാനമെടുക്കാനുള്ള വെല്ലുവിളിയും ഈ പ്രഭാഷണത്തെ കൂടുതൽ ആനുകാലികമാക്കുന്നു. സീനായ് ഉടമ്പടിയുടെ ചൈതന്യമാണ് ഇവിടെയും നിറഞ്ഞു നില്ക്കുന്നത്. ജോഷ്വാ; 1-2 സാമു; 1-2 രാജാ എന്നീ ഗ്രന്ഥങ്ങൾക്കു രൂപം നല്കിയ നിയമാവർത്തനാത്മക ചരിത്രകാരന്മാരെക്കുറിച്ച് ആമുഖത്തിൽ നാം കു കഴിഞ്ഞു. മൊവോബിലെ ഉടമ്പടിയെക്കുറിച്ചുള്ള പ്രതിപാദനത്തിൽ അവരുടെ സ്വാധീനം കാണാം. സീനായ് ഉടമ്പടി ലംഘിച്ച ജനം അതിന്റെ ശിക്ഷ ഏറ്റുകഴിഞ്ഞു. ദേവാലയം അഗ്നിക്കിരയായി. രാജ്യവും രാജാവും നഷ്ടപ്പെട്ടു. വാഗ്ദത്തഭൂമിയിൽ നിന്നു ജനം പുറത്തായി. എന്നാലും കർത്താവ് തന്റെ ഉടമ്പടി മറക്കുകയില്ലെന്നും തിരിച്ചുവരുന്നവരെ വീും സ്വന്തജനമായി സ്വീകരിക്കുമെന്നും പുതിയ ഉടമ്പടിയെക്കുറിച്ചുള്ള സൂചന ഉറപ്പു നല്കുന്നു.

ചരിത്രസംഗ്രഹത്തിൽ മൂന്നു കാര്യങ്ങൾ എടുത്തുപറയുന്നു. 1. ഈജിപ്തിലെ അത്ഭുതങ്ങൾ (29, 2-3); 2. മരുഭൂമിയിലെ അനുഭവങ്ങൾ (29, 5-6). ജോർദ്ദാൻ നദിക്കു കിഴക്കു നേടിയ വിജയങ്ങൾ (29, 7-8). ഇവയെല്ലാം വിശദമായി പ്രതിപാദിച്ചു കഴിഞ്ഞതാണ് (നിയ 4, 34; 8, 2-5; 2, 26-3, 17). അത്ഭുതങ്ങൾ കങ്കെിലും അവയുടെ അർത്ഥം ഗ്രഹിക്കാൻ അവർക്കു കഴിഞ്ഞില്ല; കർത്താവിന്റെ പ്രത്യേക

ദാനമാണ് ഈ ഗ്രഹണ ശക്തി എന്ന് 29,4ൽ അനുസ്മരിപ്പിക്കുന്നു. ബൈബിളിൽ അനേകം തവണ പരാമർശവിഷയമാകുന്ന ഒരു പ്രമേയമാണിത്. (ഏശ 6, 10; 48, 8; ജറെ 5, 21; എസെ 12, 2; മത്താ 13, 15; അപ്പ 28, 26-27; റോമാ 11, 8; എഫേ 4, 18) കിട്ടും ഗ്രഹിക്കാതിരിക്കുന്നത് ഹൃദയകാഠിന്യം കൊണ്ടാണ് എന്ന പൊതുവായ വീക്ഷണത്തിന് ഈ വാക്യം വ്യത്യസ്തമായൊരു വ്യാഖ്യാനം നല്കിക്കൊണ്ട് ജനത്തിന്റെ കഴിവുകേടിനെ എടുത്തുകാട്ടുകയും കുറ്റത്തെ ലഘൂകരിക്കുകയും ചെയ്യുന്നു. മരുഭൂമിയിൽവച്ച് സ്വന്തം അധ്വാനത്തിന്റെ ഫലമല്ല, കർത്താവു നല്കിയ മന്നായാണ് അവർക്ക് ആഹാരമായത്. ആരാണ് തങ്ങളുടെ നാഥൻ എന്ന് ഇതിൽനിന്ന് അവർക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. ഉടമ്പടി പാലിക്കാനുള്ള ആഹ്വാനവും അതിനുള്ള പ്രചോദനവും (29, 9) നിയമാവർത്തന പുസ്തകത്തിന്റെ സ്ഥിരം ശൈലിയാണ്.

### b. ഉടമ്പടിയിൽ പങ്കുകാർ 29, 10-15

ഉടമ്പടി ഉറപ്പിക്കുന്നതിനു തൊട്ടുമുമ്പുള്ള പ്രബോധനം എന്ന രീതിയിലാണ് ഈ വാക്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ദൈവത്തിന്റെ മുമ്പിൽ നില്ക്കുന്നു എന്ന് ആരംഭത്തിലും (29, 10) അവസാനത്തിലും (29, 15) അനുസ്മരിപ്പിച്ചുകൊണ്ട് ഈ മുഹൂർത്തത്തിന്റെ പ്രാധാന്യം അനുവാചകരുടെ മനസ്സിൽ പതിപ്പിക്കുന്നു. ഹോറെബിലേതുപോലുള്ള അസാധാരണ പ്രതിഭാസങ്ങളുടെ അകമ്പടികൂടാതെയാണ് (5, 2-5) ജനം ഇവിടെ കർത്താവിന്റെ മുമ്പിൽ നില്ക്കുന്നത്. 10-11 വാക്യങ്ങളിൽ ഉടമ്പടി നവീകരണത്തിൽ സന്നിഹിതരായിരിക്കുന്നവരെയും 14-15 വാക്യങ്ങളിൽ വരാനിരിക്കുന്ന തലമുറകളെയും കുറിച്ചു പ്രതിപാദിക്കുന്നു. വെള്ളം കോരുകയും വിറകുവെട്ടുകയും ചെയ്യുന്നത് ഏറ്റവും താഴ്ന്ന ജോലിയായി പരിഗണിക്കപ്പെടുന്നു (ജോഷ്വാ 9, 21. 23. 27), വലുപ്പച്ചെറുപ്പ ഭേദമെന്യേ സകലരും ഉടമ്പടിയിൽ പങ്കുചേരാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു.

"ശപഥപൂർവ്വമായ ഉടമ്പടി" എന്ന് രണ്ടുതവണ ആവർത്തിച്ചുകൊണ്ട് (29, 12.14) ഉടമ്പടിയുടെ രണ്ടു പ്രത്യേകതകൾ എടുത്തുകാട്ടുന്നു. 1. കർത്താവാണ് ശപഥം ചെയ്യുന്നത്. അതിനു മാറ്റമില്ല. 2. ശപഥം എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കിന് "ശാപം"





എന്നു വിവർത്തനം ചെയ്യുന്ന ഹാബ്രുവാക്കിന് "ശാപം" എന്നും അർത്ഥമുണ്ട്. ഉടമ്പടിയിൽ പ്രവേശിക്കുന്നവർ അതു പാലിച്ചില്ലെങ്കിൽ ശാപമായിരിക്കും തങ്ങളുടെമേൽ വിളിച്ചുവരുത്തുക. ചെയ്യാൻ പോകുന്ന കാര്യത്തിന്റെ ഗൗരവത്തെക്കുറിച്ചു ജനത്തെ ബോധ്യപ്പെടുത്തുന്നതാണ് ഈ വിശേഷണം. ഇസ്രായേലിനെ തന്റെ ജനമായി കർത്താവു സ്വീകരിക്കുന്നു, അവരുടെ ദൈവമായിരിക്കും എന്നു വാഗ്ദാനവും ചെയ്യുന്നു. ഇതാണ് ഉടമ്പടിയുടെ കാതൽ. ജനത്തിന്റെ മറുപടി ഇവിടെ രേഖപ്പെടുത്തുന്നില്ല. തീരുമാനമെടുക്കാനുള്ള ആഹ്വാനമാണിത്. ഈ ആഹ്വാനം സകല തലമുറകളോടും ആവർത്തിക്കുന്നു. ഇന്നും ഏവർക്കും കർത്താവിന്റെ മുമ്പിൽ നില്ക്കുകയും അവിടുന്നു വച്ചു നീട്ടുന്ന ഉടമ്പടി സ്വീകരിക്കുകയും ചെയ്യാം.

### c. താക്കീതുകൾ 29, 16-26

ലാഘവബുദ്ധിയോടെ (29, 19) ആരും ഉടമ്പടിയുടെ നിയമങ്ങൾ ലംഘിക്കാതിരിക്കാനുള്ള കർശനമായ തീക്കീതുകളാണ് തുടർന്നു നല്കുന്നത്. 28-ാം അധ്യായത്തിൽ കണ്ട ശാപങ്ങൾ ഇവിടെ ചുരുക്കി അവതരിപ്പിക്കുന്നു. കർത്താവിൽ നിന്ന് അകറ്റുന്ന വിഗ്രഹാരാധന എന്ന ഒരു കാര്യം മാത്രമേ ഇവിടെ എടുത്തു കാട്ടുന്നുള്ളു. കർത്താവിനോട് അവിശ്വസ്തത കാട്ടാൻ പ്രേരിപ്പിക്കുന്നവരാണ് "വിഷഫലം കായ്ക്കുന്ന വൃക്ഷത്തിന്റെ വേര്" (29, 18). ഇപ്രകാരമുള്ളവരെക്കുറിച്ച് 13, 1-5ൽ പ്രതിപാദിച്ചിട്ടുണ്ട്. ഉടമ്പടി ലംഘിക്കുന്ന വ്യക്തിയും സമൂഹവും കഠിനമായ ശിക്ഷ അനുഭവിക്കേണ്ടിവരും. ദേശത്തിന്റെ നാശവും പ്രവാസവും കർത്താവിനോടു കാട്ടിയ അവിശ്വസ്തതയുടെ ഫലമാണെന്ന് ഇതര ജനതകൾക്കുപോലും ബോധ്യമാകും. "മറുനാട്ടിലേക്കു വലിച്ചെറിഞ്ഞു; ഇന്നും അവർ അവിടെയാണ്" എന്ന പ്രസ്താവന ബാബിലോൺ പ്രവാസത്തെ സൂചിപ്പിക്കുന്നു.

29-ാം വാക്യം സാഹചര്യവുമായി ബന്ധപ്പെടാതെ ഒറ്റയ്ക്കു നില്ക്കുന്നു. ഭാവിയെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതിയെയാണ് ഇവിടെ "രഹസ്യങ്ങൾ" എന്നു വിശേഷിപ്പിക്കുന്നത്. ഭാവി ദൈവത്തിന്റെ കൈകളിലാണ്. അത് അന്വേഷിച്ചു കണ്ടുപിടിക്കാൻ മനുഷ്യന് സാധിക്കുകയില്ല, അതിനായി ശ്രമിക്കേണ്ടതുമില്ല. അന്ധമായൊരു ശക്തിയല്ല, സ്നേഹിക്കുന്ന ദൈവമാണ് ഭാവി നിർണ്ണയിക്കു

ന്നത്. അതിനാൽ ''വിധി''യെ ഭയപ്പെടുകയോ പഴിക്കുകയോ ചെയ്യേ തില്ല. അവിടുത്തെ നിയമങ്ങളാണ് ''വെളിപ്പെടുത്തപ്പെട്ടവ''. ആ നിയമങ്ങളനുസരിച്ചു ജീവിക്കുകയാണ് നാം ചെയ്യേത്.

### d. പശ്ചാത്താപവും പുനരുദ്ധാരണവും 30, 1-10

പ്രവാസം വിദൂരസാധ്യതയെന്നതിനേക്കാൾ ജനം അനുഭവിക്കുന്ന ആനുകാലിക യാഥാർത്ഥ്യമായി ഈ വാക്യങ്ങളിൽ പ്രതിഫലിക്കുന്നു. ഉടമ്പടി ലംഘിച്ച് അതിനുള്ള ശിക്ഷകൾ ഏറ്റുവാങ്ങിയവരെ കർത്താവ് എന്നേക്കുമായി തിരസ്കരിക്കുമോ? ഇല്ല എന്ന് ഇവിടെ തറപ്പിച്ചു പറയുന്നു. ഒരു മടക്കയാത്ര സാധ്യമാണ്. പ്രവാസികളുടെ തിരിച്ചുവരവും പുനരുദ്ധാരണവുമാണ് ഈ വാക്യങ്ങളിലെ മുഖ്യ പ്രതിപാദായം. നിരുപാധികമായി ക്ഷമിക്കുകയില്ല, മാനസാന്തരത്തിനുള്ള കഴിവു നല്കി അവരെ ശുദ്ധീകരിച്ചു തിരിച്ചുകൊുവരുകയാണ് കർത്താവ് ചെയ്യുന്നത്. എന്നേക്കുമായി നശിപ്പിക്കാൻ വേിയല്ല, മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കാൻ വേിയാണ് ശിക്ഷകൾ എന്ന സത്യം ഇവിടെ വ്യക്തമാകുന്നു.

''മടങ്ങിവരുക'' എന്ന പ്രമേയമാണ് ഇവിടെ കേന്ദ്രവത്തായി നില്ക്കുന്നത്. ''ശൂബ്'', (മടങ്ങി വരുക) എന്ന ഹീബ്രുവാക്ക് ആറുതവണ ആവർത്തിക്കുന്നു്. ജനം കർത്താവിലേക്കു മടങ്ങുന്നതിനെ സൂചിപ്പിക്കാൻ മൂന്നു തവണയും (2.8.10) കർത്താവു ജനത്തെ പുനരുദ്ധരിക്കുന്നതിനെ സൂചിപ്പിക്കാൻ മൂന്നു തവണയും (3.9) ഈ പദം ഉപയോഗിച്ചിട്ടു്. ജനം കർത്താവിങ്കലേക്കു തിരിയുമ്പോൾ കർത്താവ് അവരിലേക്കും തിരിയും. പശ്ചാത്താപം, മാനസാന്തരം, എന്നൊക്കെയുള്ള പദങ്ങൾ കൊ് അർത്ഥമാക്കുന്ന യാഥാർത്ഥ്യമാണിത്.

മാനസാന്തരത്തിന്റെ മൂന്നു ഘടകങ്ങൾ 30, 1-2ൽ എടുത്തുകാട്ടുന്നു. 1. ഓർമ്മിക്കുക : ഹൃദയത്തിൽ സ്വീകരിക്കുക എന്നാണ് ഹീബ്രുമൂലം അനുഭവിക്കുന്ന ക്ലേശങ്ങളും ദുരിതങ്ങളും ഒരു വീുവിചാരത്തിനു വഴിതെളിക്കുന്നു. മുൻപ് അനുഭവിച്ച ദൈവസ്നേഹവും സമൃദ്ധിയും സന്തോഷവും ഇപ്പോഴത്തെ കഷ്ടതയും ഹൃദയത്തിൽ തെളിയണം. 2. കർത്താവിങ്കലേക്കു തിരിയുക : അനുസ്മരണം ഹൃദയപരിവർത്തനത്തിലേക്കു നയിക്കുന്നു. തങ്ങളെ അനന്തമായി സ്നേഹിക്കുകയും സൗജന്മായി തിരഞ്ഞെടുക്കുകയും ചെയ്തവൻ തന്നെയാണ് ഇപ്പോൾ ശിക്ഷിക്കുന്നത് എന്ന ബോധ്യം കരുണയ്ക്കായി അവിടുത്തെ പക്കലേക്ക് അനുതാപത്തോടെ തിരിയാൻ പ്രേരിപ്പിക്കുന്നു. 3. അനുസരണം : പൂർണ്ണഹൃദയത്തോടെ അവിടുത്തെ കല്പനകൾ പാലിക്കാനുള്ള തീരുമാനം ജീവിതത്തിൽ പ്രകടമാകണം.





8-10 വാക്യങ്ങളിൽ ഈ കാര്യങ്ങൾ വീും ആവർത്തിക്കുന്നു്. എന്നാൽ സ്വന്തം ശക്തിയാൽ ഈ തിരിച്ചുവരവ് ജനത്തിനു സാധ്യമല്ല എന്ന് അവരുടെ ഇതുവരെയുള്ള അനുഭവങ്ങൾ പഠിപ്പിച്ചു കഴിഞ്ഞു. അതിനാൽ കർത്താവുതന്നെ അവരെ അതിനായി ശക്തിപ്പെടുത്തും എന്ന് 6-ാം വാക്യത്തിൽ ഉറപ്പു നല്കുന്നു. ''ഹൃദയപരിഛേദനം നല്കും'' എന്നർത്ഥമുള്ള ഹീബ്രുവാക്കുകളാണ് ''ഹൃദയകവാടം തുറക്കും'' എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. അനുതാപംപോലും കർത്താവിന്റെ ദാനമാണ്. കർത്താവു സാധ്യമാക്കുന്ന ഈ ആന്തരിക പരിവർത്തനത്തെക്കുറിച്ച് റെമിയായും എസക്കിലേയും ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടു് (ജറെ 31, 33-34; 32, 39-40; എസെ 11, 19; 36, 26-27). ഹൃദയത്തിൽ എഴുതുന്ന പുതിയ ഉടമ്പടിയുമായി ബന്ധപ്പെടുത്തിയാണ് ഈ ആന്തരിക നവീകരണത്തെക്കുറിച്ച് അവർ പ്രതിപാദിക്കുന്നത്. ഈ പ്രവചനങ്ങളുടെ സ്വാധീനം ഇവിടെ ദൃശ്യമാണ്.

പൂർണ്ണഹൃദയത്തോടെ തന്നിലേക്കു തിരിയുന്നവരോട് കർത്താവു കാരുണ്യം കാണിക്കും. ചിതറിപ്പോയ ഇടങ്ങളിൽ നിന്നെല്ലാം ഒരുമിച്ചു കൂട്ടി അവരെ വാഗ്ദത്ത ഭൂമിയിലേക്കു തിരിച്ചു കൊുവന്നു പത്തേതിനേക്കാൾ പതിന്മടങ്ങു കൂടുതലായി അനുഗ്രഹിച്ചു വർദ്ധിപ്പിക്കും (30, 3-5.9). അടിമത്തം അവസാനിപ്പിക്കും എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുമൂലത്തിന് ''നിങ്ങളുടെ ഭാഗധേയം പുനഃസ്ഥാപിക്കും'' എന്നാണ് അർത്ഥം. ജറെമിയായുടെ പുസ്തകത്തിൽ ഊന്നിപ്പറയുന്ന ഒരു പ്രമേയമാണ് ജനത്തിന്റെ പുനരുദ്ധാരണം (ജറെ 29, 14; 30, 3. 18; 31, 23). എസെക്കിയേൽ പ്രവാചകൻ ഇതിനെക്കുറിച്ച് ഹൃദയസ്പർശിയായ പ്രതീകങ്ങളിലൂടെ പ്രതി

പാദിക്കുന്നു്. (എസെ 34, 11-16; 37, 1-14)

ബാബിലോൺ പ്രവാസത്തിൽ നിന്നുള്ള മടങ്ങിവരവിൽ ഈ വാഗ്ദാനങ്ങളുടെ ഭാഗികമായ പൂർത്തീകരണം കാണാം. എന്നാൽ അതിനും അപ്പുറത്ത് യേശുക്രിസ്തുവിലൂടെ ലോകജനതകളെ മുഴുവൻ ഒരുമിച്ചുകൂട്ടി ഒറ്റജനമാക്കുമ്പോഴാണ് (യോഹ 11, 52; 12, 32) ഈ വാഗ്ദാനങ്ങൾ പൂർണ്ണമായും നിറവേറ്റുക. അനുതാപാർദ്രവും സ്നേഹനിർഭരവുമായ ഹൃദയത്തോടെ കർത്താവിന്റെ വാക്കുകൾ പൂർണ്ണമായി അനുസരിക്കുമ്പോൾ മാത്രമേ ഈ പുനരുദ്ധാരണം സാധ്യമാകൂ എന്ന് 30, 10ൽ വീും അനുസ്മരിപ്പിക്കുന്നു.

**e. തീരുമാനമെടുക്കാൻ ആഹ്വാനം 30, 11-20**

ഉടമ്പടിയുടെ നിയമങ്ങൾ തങ്ങൾക്ക് അജ്ഞാതമാണെന്നും അനുസരിക്കാൻ കഴിയാത്തവിധം കഠിനമാണെന്നും ഉള്ള രു തടസ്സങ്ങൾക്കു മറുപടി പറഞ്ഞതിനുശേഷം (30, 11-14) തീക്ഷ്ണമായ അന്തിമാഹ്വാനത്തോടെ (30, 15-20) പ്രഭാഷണം അവസാനിക്കുന്നു. വെളിപ്പെടുത്താത്ത ദൈവിക രഹസ്യങ്ങളുടെ ഭാഗമല്ല ഉടമ്പടിയുടെ നിയമങ്ങൾ. തങ്ങളെ സംബന്ധിച്ച കർത്താവിന്റെ ഹിതം എന്തെന്നറിയാൻ വിദൂരങ്ങളിലേക്ക് അന്വേഷിച്ചു പോകേതില്ല (ഏശ 45, 19). മോശയിലൂടെ അവ വെളിപ്പെട്ടു കഴിഞ്ഞു. ഓരോ ഇസ്രായേല്ക്കാരനും അത് നിരന്തരം ഉരുവിട്ട് മനഃപാഠമാക്കുന്നതിനാൽ അത് അവരുടെ അധരത്തിലും ഹൃദയത്തിലുമു്. കഴിവിനതീതമായ കാര്യങ്ങളല്ല കർത്താവ് ആവശ്യപ്പെടുന്നത്. ആത്മാർത്ഥതയോടെ ശ്രമിക്കുന്നവർക്ക് അവിടുത്തെ പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കാൻ സാധിക്കും എന്ന ഉപദേശം ജനത്തിന് ആത്മവിശ്വാസം പകരുന്നു.

''വചനം'' എന്നാണ് 30, 14ൽ നിയമത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലാണ് വചനം. ഹൃദയപരമാർത്ഥതയോടെ കർത്താവിനെ തേടുന്ന സകല മനുഷ്യർക്കും അവിടുന്ന് സ്വം വെളിപ്പെടുത്തുന്നു (ജറെ 29, 13). വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ച യേശുക്രിസ്തുവിലാണ് ആ വെളിപ്പെടുത്തൽ പൂർണ്ണമായത്. റോമ 10, 5-13ൽ ഈ വാക്യങ്ങൾ ഉദ്ധരിച്ചുകൊ് നിയമാവർത്തന പുസ്തകത്തിൽ നിയമത്തെക്കുറിച്ച് പറ





ഞ്ഞത് യേശുവിൽ പൂർത്തിയായി എന്ന് വി. പൗലോസ് സമർത്ഥിക്കുന്നു.

സുദീർഘമായ മൂന്നു പ്രഭാഷണങ്ങളിലൂടെ പറഞ്ഞ കാര്യങ്ങളുടെ സാരസംഗ്രഹം വികാരനിർഭരമായ ഒരു ആഹ്വാനത്തിൽ ഒതുക്കി 30, 15-20 അവതരിപ്പിച്ചിരിക്കുന്നു. തീരുമാനമെടുക്കാൻ നിർബന്ധിക്കുന്ന ഈ മുഹൂർത്തത്തിലേക്കാണ് നിയമാവർത്തന പുസ്തകത്തിലെ മുഴുവൻ വിവരണവും നയിക്കുന്നത്. പ്രമാണങ്ങൾ, അനുഗ്രഹം, ശാപം, അനുസരണത്തിന് ആഹ്വാനം എന്നിങ്ങനെ പുസ്തകത്തിലെ പ്രധാന ആശയങ്ങളെല്ലാം സംക്ഷിപ്തരൂപത്തിൽ ഇവിടെ അവതരിപ്പിക്കുന്നു്. ബോധപൂർവ്വകവും സ്വതന്ത്രവുമായ ഒരു തിരഞ്ഞെടുപ്പ് അനിവാര്യമായിരിക്കുന്നു. രു സാധ്യതകളേ ഉള്ളൂ. ഒന്നുകിൽ ജീവൻ അല്ലെങ്കിൽ മരണം. കർത്താവിനെ അനുസരിക്കുന്നെങ്കിൽ ജീവിക്കും. അവിടുത്തെ ധിക്കരിച്ച് അന്യദൈവങ്ങളെ അനുഗമിച്ചാൽ മരിക്കും.

പറുദീസായിലെ ആദ്യ മനുഷ്യന്റെ മുമ്പിൽ ദൈവം വച്ച തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തോട് (ഉൽപ 2, 17) ഇതിനു സാമ്യമു്. ജീവിതത്തിന്റെ ഓരോ നിമിഷവും ഓരോ വ്യക്തിയും നേരിടുന്നതാണ് തിരഞ്ഞെടുക്കാനുള്ള ഈ ആഹ്വാനം. ഏതു തീരുമാനവും ജീവിനിലേക്കോ മരണത്തിലേക്കോ നയിക്കുന്നതായിരിക്കും. ദൈവത്തിന്റെ സംരക്ഷണത്തിലുള്ള ജീവിതമാണ് ''ജീവൻ'' എന്നതുകൊു വിവക്ഷിക്കുക. അവിടുത്തെ സംരക്ഷണത്തിൽ നിന്നും സാന്നിധ്യത്തിൽ നിന്നും അകന്നുള്ള ജീവിതമാണ് ''മരണം''. നിയമാവർത്തന ഗ്രന്ഥത്തിന്റെ വീക്ഷണത്തിൽ വാഗ്ദത്തഭൂമിയിലുള്ള വാസമാണ് ജീവൻ. അതിൽ നിന്നു ബഹിഷ്കരിക്കപ്പെടുന്നത് മരണവും. ശാരീരികമായ ജീവനും മരണവും എന്നതിനേക്കാൾ ദൈവസ്നേഹത്തിന്റെ അനുഭവവും അതിന്റെ അഭാവവുമാണ് ഇവിടെ വിവക്ഷിക്കുന്നത്.

നന്മയും തിന്മയും എന്നത് ധാർമ്മികതയെ സംബന്ധിച്ച വിഷയമായിട്ടല്ല, കർത്താവിനോടൊന്നിച്ചോ അവിടുത്തെ കൂടാതെയോ ഉള്ള ജീവിതത്തിന്റെ ഫലങ്ങൾ, അഥവാ ജീവന്റെയും മരണത്തിന്റെയും വിശദീകരണം ആയിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. വാഗ്ദ

ത്തഭൂമിയിൽ വാസം, ഫലപുഷ്ടി, സമൃദ്ധി, സന്തോഷം ഇതൊക്കെയാണ് നന്മ; വാഗ്ദത്തഭൂമിയിൽ നിന്ന് ബഹിഷ്കരണം, പ്രവാസം, വറുതി, രോഗം, മരണം ഇതൊക്കെയാണ് തിന്മ. ഇതല്ലാതെ വേറൊരു സാധ്യതയില്ല എന്നതിന് ആകാശത്തെയും ഭൂമിയെയും സാക്ഷിയാക്കുന്നു. ആകാശത്തിനും ഭൂമിക്കും വ്യക്തിത്വം ആരോപിക്കുകയല്ല, പ്രപഞ്ചം മുഴുവൻ ഈ ഉടമ്പടിയുടെ സാക്ഷികളാണെന്നു പഠിപ്പിക്കുകയാണ് അതിന്റെ ലക്ഷ്യം (ഏശ 1, 2). മനുഷ്യർ കടന്നുപോകും, ആകാശവും ഭൂമിയും നിലനില്ക്കും. ഉടമ്പടി ലംഘിച്ചാൽ പ്രകൃതിതന്നെ പ്രതികാരം ചെയ്യും (നിയ 17, 7) എന്ന സൂചനയും ഇതിലു ് .

നിഷ്പക്ഷമതിയും നിർവ്വികാരനുമായ ഒരു മധ്യസ്ഥനായിട്ടല്ല മോശ നിലകൊള്ളുന്നത്. ജീവൻ തിരഞ്ഞെടുക്കാൻ തന്റെ സർവ്വകഴിവും ഉപയോഗിച്ച് അദ്ദേഹം ജനത്തെ പ്രേരിപ്പിക്കുന്നു (30, 19). നിയമങ്ങളുടെയെല്ലാം സാരസംഗ്രഹമായി മൂന്നു വാക്കുകൾ ഇവിടെ (30, 20) എടുത്തു പറയുന്നു: കർത്താവിനെ സ്നേഹിക്കുക, അവിടുത്തെ വാക്കുകേൾക്കുക, അവിടുത്തോടു ചേർന്നു നില്ക്കുക. അടിസ്ഥാനപരമായ ഈ മനോഭാവം മറ്റെല്ലാ പ്രവൃത്തികളുടെയും ഉറവിടമായിരിക്കണം. യഥാർത്ഥമായ മതാത്മകതയുടെ കാതലാണ് ഈ അടിസ്ഥാനപരമായ ഈ മനോഭാവം മറ്റെല്ലാ പ്രവൃത്തികളുടെയും ഉറവിടമായിരിക്കണം. യഥാർത്ഥമായ മതാത്മകതയുടെ കാതലാണ് ഈ അടിസ്ഥാന മനോഭാവം. ദൈവസ്നേഹം നൈമിഷികമായ ഒരു വികാരമാകരുത്. പ്രവൃത്തിയിലൂടെ പ്രകടമാകണം എന്ന് ''വാക്കുകേൾക്കുക'' (അനുസരിക്കുക) എന്ന ആഹ്വാനത്തിലൂടെയും അത് ജീവിതകാലം മുഴുവൻ നീു നില്ക്കുന്ന ഒരു പ്രക്രിയ ആയിരിക്കണം എന്ന് ''ചേർന്നു നില്ക്കുക'' എന്ന കല്പനയിലൂടെയും വ്യക്തമാകുന്നു. ഇതിലൂടെ മാത്രമേ വാഗ്ദത്തഭൂമിയായ ദൈവരാജ്യത്തിൽ എന്നേക്കും വാസമുറപ്പിക്കാൻ കഴിയൂ.

### ചോദ്യങ്ങൾ

1. 29-30 അധ്യായങ്ങളെ 'ഉടമ്പടിയുടെ സംഗ്രഹം' എന്നു വിശേഷിപ്പിക്കുന്നത് എന്തുകൊ്?



2. ചരിത്രസംഗ്രഹത്തിൽ (29, 1-9) എന്തെല്ലാം കാര്യങ്ങളാണ് എടുത്തുപറയുന്നത്?

3. ''ശപഥപൂർവ്വമായ ഉടമ്പടി'' എന്നാൽ എന്ത്?

4. ഇസ്രായേൽ ജനത്തിന്റെ പരാജയങ്ങളും ദുരിതങ്ങളും ലോകജനതകൾക്ക് എന്തു പാഠമാണ് നല്കുന്നത്?

5. എന്താണ് കർത്താവയയ്ക്കുന്ന ശിക്ഷകളുടെ ലക്ഷ്യം?

6. മാനസാന്തരത്തിന്റെ മൂന്നു ഘടകങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു ് ഏവ?

7. ''വചനം നിനക്കു സമീപസ്ഥമാണ്''. വിശദീകരിക്കുക.

8. ''ജീവനും മരണവും'' എന്നതുകൊ് എന്താണ് അർത്ഥമാക്കുന്നത്?

**ചർച്ചയ്ക്ക്** : ദൈവവചനം ജീവൽ പ്രധാനമാണ്. ഈ പ്രസ്താവനയ്ക്കു നിങ്ങളുടെ ജീവിതത്തിൽ എന്തു സ്ഥാനമു്?

**പ്രാർത്ഥന** : സങ്കീ 109, 101-111 ഉപയോഗിച്ചു പ്രാർത്ഥിക്കുക.

## 3. മോശയുടെ അന്തിമ ചെയ്തികൾ 31-34

മോശയുടെ മരണവും (31, 1-2. 14. 16. 27. 29ച 32. 50ച 33. 1ച 34. 1-8) പിൻഗാമിയായി ജോഷ്വായുടെ നിയമനവും (31, 3. 7-8. 14. 23; 32, 44; 34, 9) ഈ അധ്യായങ്ങളിൽ നിറഞ്ഞു നില്ക്കുന്ന മുഖ്യപ്രമേയങ്ങളാണ്. ജനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ മാർഗ്ഗദർശി ആയിരിക്കേ നിയമങ്ങൾ എഴുതി സൂക്ഷിക്കാനും ഏഴു വർഷത്തിലൊരിക്കൽ പരസ്യമായി വായിക്കാനും ഉള്ള നിർദ്ദേശങ്ങൾ (31, 9-13. 24-30), ജനത്തിന്റെ ഭാവിയെ സംബന്ധിച്ച പ്രവചനങ്ങൾ ഉൾക്കൊള്ളുന്ന കീർത്തനവും (32) ആശീർവ്വാദവും (33), പരിപൂർണ്ണ വിശ്വസ്തതയോടെ നിയമങ്ങൾ പാലിക്കാനുള്ള മോശയുടെ അന്തമാഹ്വാനം (32, 45-52) എന്നിവ ഈ രു പ്രമേയങ്ങളുടെ പശ്ചാത്തലത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ഇസ്രായേൽ ചരിത്രത്തിലെ അതുല്യനായ നേതാവാണ് മോശ. എന്നാൽ അദ്ദേഹത്തിന്റെ മരണം കർത്താവിനോടൊന്നിച്ചുള്ള ജനത്തിന്റെ യാത്രയ്ക്കു വിഘാതമാക

രുത്. എഴുതപ്പെട്ട നിയമവും നേതൃത്വസംവിധാനവും വിശ്വസ്തമായ പിന്തുടർച്ച ഉറപ്പുവരുത്തുന്ന ഉപാധികളാണ്.

**a. പിന്തുടർച്ച 31, 1–30**

മോശയുടെ മരണത്തിനു ശേഷം ജനത്തെ ആര്, എങ്ങിനെ നയിക്കണം എന്നതാണ് ഈ അധ്യായത്തിലെ മുഖ്യ പ്രതിപാദ്യം. ജോഷ്വായെ മോശയുടെ പിൻഗാമിയായി നിശ്ചയിക്കുകയും നിയമം എഴുതി ജനത്തിനു വഴികാട്ടിയായി നല്കുകയും ചെയ്തുകൊ് പിന്തുടർച്ചയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നു. ഏഴ് ലഘു പ്രഭാഷണങ്ങളും അവയെ പരസ്പരം ബന്ധിപ്പിക്കുന്ന ചെറുവിവരണങ്ങളുമായിട്ടാണ് വിഷയം അവതരിപ്പിച്ചിരിക്കുന്നത്. ആദ്യത്തെ മൂന്ന് പ്രഭാഷണങ്ങളും മോശയുടേതാണ്. മോശ ജനത്തോടും (31, 1-6) ജോഷ്വായോടും (31, 7-8) ലേവ്യർ ശ്രേഷ്ഠന്മാർ, എന്നിവരോടും (31, 9-13) സംസാരിക്കുന്നു. തുടർന്നു കർ്തതാവ് രു തവണ മോശയോടും (31, 14. 16-21) ഒരു ദവണ ജോഷ്വായോടും (31, 23) സംസാരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. മോശ ലേവ്യരോട് ചെയ്ത പ്രസംഗമാണ് ഏഴാമത്തേത് (31, 25-29). കൂടാരത്തിനകത്ത് മേഘത്തിൽ കർത്താവു പ്രത്യക്ഷപ്പെടുന്നതാണ് (31, 15) വിവരണത്തിന്റെ കേന്ദ്രം. മോശ ചെയ്ത കാര്യങ്ങളെ കർത്താവ് നേരിട്ടു സ്ഥിരീകരിക്കുകയും ഭാവിയെക്കുറിച്ചു മുന്നറിയിപ്പു നല്കുകയും ചെയ്യുന്നു.

**i. ജോഷ്വാ പിൻഗാമി 31, 1-8** : ഇസ്രായേൽ ജനത്തെ മുഴുവൻ അഭിസംബോധന ചെയ്തുകൊണ്ട് മോശ സംസാരിക്കുന്നത്. ഒരു വിടവാങ്ങലിന്റെ ശൈലി ഇവിടെ കാണാം. തന്റെ പ്രായത്തെക്കുറിച്ചുള്ള മോശയുടെ പരാമർശം തികച്ചും ധന്യവും സമ്പൂർണ്ണവുമായിരുന്നു ആ ജീവിതം എന്നു സൂചിപ്പിക്കുന്നു. മൂന്നു തലമുറയുടെ പ്രായമാണ് 120 വയസ്സ്. അത് ഒരു പ്രതീകാത്മക സംഖ്യയാണ്. നൂറ്റിപ്പത്തു വയസ്സാണ് ഏറ്റവും ദീർഘമായ പ്രായമായി ഈജിപ്തിലെ ജ്ഞാനികൾ പരിഗണിച്ചിരുന്നത്. ജോസഫും (ഉൽപ 50, 26) ജോഷ്വായും (ജോഷ്വാ 24, 29) ആ പ്രായത്തിലാണ് മരിച്ചത്. മോശയാകട്ടെ പത്തുവർഷം കൂടുതൽ ജീവിച്ചു. പ്രായാധിക്യത്താലുള്ള ശാരീരികദൗർബല്യം മാത്രമല്ല, കർത്താവിന്റെ കല്പനയാൽ താൻ ജോർദ്ദാൻ നദി കടക്കുകയില്ല എന്ന ബോധ്യവും (നിയ 1, 37-38; 4, 21)





ജോഷ്വായെ നേതാവായി നിശ്ചയിക്കുന്നതിനു കാരണമായി നില്ക്കുന്നു.

കർത്താവാണ് ഇസ്രായേലിന്റെ യഥാർത്ഥ സേനാനായകൻ എന്ന സത്യം ഇതിനു മുമ്പ് പലതവണ ആവർത്തിച്ചിട്ടു് (നിയ 1, 7; 9, 3). ശത്രുക്കളെ തുരത്തുന്നതും ദേശം കീഴടക്കി കൊടുക്കുന്നതും കർത്താവാണ് (നിയ 7, 1). എന്നാലും അവിടുത്തെ നാമത്തിൽ ജനത്തെ നയിക്കാൻ ദൃശ്യനായ ൊരു നേതാവായി മോശയ്ക്കു പകരം ജോഷ്വായെ നിയമിക്കാൻ നിയ 1, 38; 3, 28ൽ നല്കിയ നിർദ്ദേശം ഇവിടെ വീും എടുത്തു പറയുന്നു. ജോഷ്വായിലൂടെ കർത്താവുതന്നെയാണ് തങ്ങളെ നയിക്കുന്നത് എന്ന ബോധ്യം ജനത്തിന് ശക്തിയും ധൈര്യവും പ്രദാനം ചെയ്യണം (നിയ 1, 21). സിഹോൻ-ഓഗ് രാജാക്കന്മാരുടെ മേൽ നേടിയ വിജയം (നിയ 29, 7) കാനാൻ ദേശത്തു വീും ആവർത്തിക്കും (നിയ 7, 17-24). ''ശക്തരും ധീരരുമായിരിക്കുവിൻ'' എന്ന് ജനത്തിനു പൊതുവേ നല്കിയ ഉപദേശം 31, 7-8ൽ ജോഷ്വായോട് ആവർത്തിക്കുന്നു. ഇവിടെ മോശയുടേതായി അവതരിപ്പിക്കുന്ന വാക്കുകൾ കർത്താവുതന്നെ നേരിട്ടു ജോഷ്വായോടു പറയുന്നതിനായി നിയ 31, 23; ജോഷ്വാ, 1, 6ൽ ആവർത്തിക്കുന്നു്. ജനത്തെ നയിക്കാൻ വിളിക്കപ്പെട്ട ജോഷ്വാ കർത്താവിനെ അനുഗമിച്ചാൽ മാത്രം മതി. അവിടുത്തെ സാന്നിധ്യവും നേതൃത്വവും ആണ് ശക്തിയുടെ ഉറവിടവും ധീരതയുടെ അടിസ്ഥാനവും.

**വിചിന്തനം** : കർത്താവ് ഏല്പിക്കുന്ന ദൗത്യം എത്രതന്നെ ക്ലേശകരവും അപകടം നിറഞ്ഞതും ആണെങ്കിലും അതു പൂർത്തിയാക്കാനുള്ള ശക്തി അവിടുന്ന് പ്രദാനം ചെയ്യും. അവിടുന്നു കൂടെയുള്ളതിനാൽ ഒന്നിനേയും ഭയപ്പെടേതില്ല. കാനാൻ ദേശത്തേയ്ക്കുള്ള യാത്രയിലും വാഗ്ദത്തഭൂമിയ്ക്കു വേിയുള്ള പോരാട്ടങ്ങളിലും നേതൃത്വം വഹിച്ച ജോഷ്വാ ദൈവരാജ്യത്തിലേക്കു നയിക്കുന്ന യേശുവിന്റെ മുന്നോടിയും പ്രതീകവുമായിരുന്നു. ദൈവരാജ്യം അവകാശപ്പെടുത്താനുള്ള പോരാട്ടങ്ങളിൽ യേശുവാണ് ശക്തികേന്ദ്രം.

**ii. നിയമ പാരായണം 31, 9-13** : മോശ ഇസ്രായേൽ ജനത്തിന്റെ നേതാവുമാത്രമല്ല, നിയമദാതാവും ഗുരുവും ആയിരുന്നു. നേതൃത്വം

ജോഷ്വായെ ഏല്പിച്ചു. എന്നാൽ നിയമം പഠിപ്പിക്കാനും നടപ്പിലാക്കാനുമുള്ള ഉത്തരവാദിത്വം ലേവ്യപുരോഹിതന്മാരെയും ജനത്തിലെ ശ്രേഷ്ഠന്മാരെയും ആണ് ഏല്പിച്ചത്. മോശതന്നെ നിയമം ഒരു പുസ്തകത്തിൽ എഴുതി എന്നു രുതവണ (31, 9.24) ആവർത്തിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. മോശ വഴി കർത്താവു നല്കിയ നിയമ സംഹിതയിൽ ഒരു മാറ്റവും വരുത്താതിരിക്കാനുള്ള മുൻകരുതലാണിത്. എഴുതപ്പെട്ട നിയമം ജനത്തിന് എന്നും വഴികാട്ടണം. ലേവ്യ പുരോഹിതന്മാരെ നിയമഗ്രന്ഥത്തിന്റെ സൂക്ഷിപ്പുകാരായി 31, 25–26ൽ നിയമിക്കുന്നു്. ശ്രേഷ്ഠന്മാരാണ് അനുദിന ജിവിതത്തിൽ നിയമം നടപ്പിലാക്കാൻ കടപ്പെട്ടവർ. രുതരം നേതാക്കന്മാരെ നിയമഗ്രന്ഥം ഏല്പിക്കുന്നതിലൂടെ ജനത്തിന്റെ മതപരവും രാഷ്ട്രീയവുമായ സകല മേഖലകളിലും ഈ നിയമസംഹിത കണിശമായി അനുസരിക്കണം എന്നു സൂചിപ്പിക്കുന്നു.

ഏഴു വർഷത്തിലൊരിക്കൽ, കൂടാരത്തിരുനാളിൽ നിയമഗ്രന്ഥം ജനം മുഴുവൻ കേൾക്കെ വായിക്കണം എന്ന് 31, 10–13ൽ നിർദ്ദേശിച്ചിരിക്കുന്നു. വിമോചനവർഷത്തെക്കുറിച്ച് നിയ 15, 1ലും നിയ 16, 13–7ലും കു കഴിഞ്ഞു. കുട്ടികളും പട്ടണത്തിലെ പരദേശികളും നിയമപാരായണം കേൾക്കണം എന്ന നിർദ്ദേശം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. കർത്താവു തങ്ങൾക്കുവേി ചെയ്ത വലിയ കാര്യങ്ങളും തങ്ങളെ സംബന്ധിച്ച അവിടുത്തെ തിരുഹിതവും ചെറുപ്പം മുതലേ എല്ലാവരും അറിയണം; അവിടുത്തെ ഭയപ്പെടാനും അനുസരിക്കാനും പഠിക്കണം.

**വിചിന്തനം** : ദൈവവചനം വായിക്കുകയും മക്കളെ പഠിപ്പിക്കുകയും ചെയ്യേതിന്റെ ആവശ്യകതയാണ് ഇവിടെ എടുത്തുകാട്ടുന്നത്. മതബോധനത്തിന്റെ പ്രാധാന്യം ഇവിടെ വ്യക്തമാകുന്നു. പുരോഹിതന്മാർക്കും ജനത്തിലെ മുതിർന്നവർ്കകും ഇതിൽ വലിയ ഉത്തരവാദിത്വമു്. കുട്ടികളെ മാത്രമല്ല, ക്രിസ്തുവിനെ അറിഞ്ഞിട്ടിലാല്ത്ത "പരദേശികളെയും" സുവിശേഷം അറിയിക്കണം. അത് ഏഴ് വർഷത്തിലൊരിക്കൽ മാത്രം ചെയ്താൽ പോരാ, നിരന്തരമായ ഒരു പ്രക്രിയ ആയിരിക്കണം. വചനപ്രഘോഷണത്തിനും ബൈബിൾ വായനയ്ക്കും മതബോധനത്തിനും എന്റെ ജീവിതത്തിൽ എന്തു സ്ഥാനമാണ് ഞാൻ





നല്കുന്നത് എന്ന് ഓരോരുത്തരും തങ്ങളോടുതന്നെ ചോദിക്കണം.

**iii. മോശയ്ക്കും ജോഷ്വായ്ക്കും നിർദ്ദേശങ്ങൾ 31, 14–23**

ജനത്തിന്റെ നേതാവായി നിയമിക്കാൻ വേി ജോഷ്വായെ സമാഗമകൂടാരത്തിലേക്കു കൊുവരാനുള്ള കല്പനയും (31, 14) ജോഷ്വായുടെ നിയമനവും (34, 23) രായി തിരിച്ച്, അവയ്ക്കു മധ്യേ ഒരു കീർത്തനം എഴുതാനുള്ള കർത്താവിന്റെ കല്പന (31, 16–22) രേഖപ്പെടുത്തിയിരിക്കുന്നു. ഭാവിയിൽ സംഭവിക്കാൻ പോകുന്ന ജനത്തിന്റെ അവിശ്വസ്തതയെക്കുറിച്ചു താക്കീതു നല്കുന്ന ഈ കീർത്തനം 32–ാം അധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ജോഷ്വായുടെ നിയമനത്തെക്കുറിച്ചുള്ള വിവരണത്തിനു മധ്യേ ആ കീർത്തനത്തിന്റെ ആമുഖം ചേർക്കുന്നതിലൂടെ കർത്താവിനോടു വിശ്വസ്തത പാലിക്കാൻ ജനത്തെ പ്രേരിപ്പിക്കുന്നതിൽ നേതാക്കന്മാരുടെ ഉത്തരവാദിത്വത്തെ എടുത്തു കാട്ടുന്നു.

ആസന്നമായിരിക്കുന്ന മോശയുടെ മരണത്തെക്കുറിച്ചുള്ള സൂചന (31, 14) നേതൃത്വത്തിന്റെ പിൻതുടർച്ചയ്ക്ക് ഊന്നൽ നല്കുന്നു. ജോഷ്വാ മോശയുടെ സ്ഥാനം ഏറ്റെടുക്കണം. എന്നാൽ അയാൾ അത് സ്വയമേവ ഏറ്റെടുക്കുകയല്ല; മോശ സ്വന്തം ഇഷ്ടപ്രകാരം അയാളെ ഏല്പിക്കുകയുമല്ല ചെയ്യുന്നത്. കർത്താവുതന്നെ ജോഷ്വായെ തിരഞ്ഞെടുക്കുകയും (31, 14) ജനത്തിന്റെ നേതാവായി നിയോഗിക്കുകയും (31, 23) ചെയ്യുന്നു. നേതൃത്വത്തെ സംബന്ധിച്ച ബൈബിളിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നതാണ് ഈ തിരഞ്ഞെടുപ്പും നിയമനവും. സമാഗമ കൂടാരത്തിൽ കർത്താവ് പ്രത്യക്ഷപ്പെടുകയും മേഘം അവിടുത്തെ സാന്നിധ്യം വിളിച്ചറിയിക്കുകയും ചെയ്യുന്നത് (31, 15) പല തവണ നാം കു കഴിഞ്ഞു (പുറ 25, 22; 29, 43; 33, 7; സംഖ്യ 11, 17; 12, 5). ജോഷ്വായെ അധികാരം ഏല്പിച്ചുകൊ് കർത്താവു പറയുന്നതായി അവതരിപ്പിച്ചിരിക്കുന്ന ദൗത്യം നിർവ്വഹിക്കാൻ ഇവിടുന്നു തന്നെ നിരന്തരം സഹായിച്ചുകൊിരിക്കും എന്ന് ഇത് സൂചിപ്പിക്കുന്നു (ഉല്പ 28, 15; പുറ 3, 12; ജോഷ്വാ 1, 5; ന്യായ 6, 16; ജറെ 1, 8; മത്താ 28, 20).

ജനത്തിനു ഭാവിയിൽ സംഭവിക്കാൻ പോകുന്ന അനർത്ഥങ്ങ

ളെയും അതിന്റെ കാരണത്തെയും കുറിച്ച് അവരെ നിരന്തരം അനുസ്മരിപ്പിക്കുന്ന സാക്ഷിയായി ഒരു കീർത്തനം രചിക്കാൻ കർത്താവു മോശയോട് കല്പിക്കുന്നു (31, 16-22). ഉടമ്പടിയിലൂടെ കർത്താവിന്റെ മാത്രം ജനമായിത്തീർന്നവർ അന്യദൈവങ്ങളെ ആരാധിക്കുന്നത് ഉടമ്പടി ലംഘനമാകയാൽ അത് വേശ്യാവൃത്തിക്കു തുല്യമാണ്. ഉടമ്പടി ലംഘിക്കുന്നവരുടെ മേൽ ഉടമ്പടിയുടെ ശാപങ്ങൾ നിപതിക്കും എന്ന് ഇവിടെ ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നു. അവർക്കെതിരേ കർത്താവിന്റെ കോപം ജ്വലിക്കും; അവിടുന്ന് അവരെ പരിത്യജിക്കും; അവരിൽ നിന്ന് മുഖം മറയ്ക്കും (31, 17-18) എന്നിങ്ങനെയുള്ള പ്രസ്താവനകളെല്ലാം ഉടമ്പടി ലംഘനം മൂലമാകുന്ന ഭീകര വിപത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. കർത്താവിനാൽ പരിത്യജിക്കപ്പെട്ടവർക്കു നാശം മാത്രമേ പിരതീക്ഷിക്കാനുള്ളൂ. ഇത് സംഭവിക്കാതിരിക്കാൻ ഈ വിപത്തുകളെക്കുറിച്ച് ജനം നിരന്തരം അനുസ്മരിക്കണം. തിന്മയിലേക്കുള്ള ജനത്തിന്റെ ചായ്‌വിനെയാണ് "അവരിൽ കുടികൊള്ളുന്ന വിചാരങ്ങൾ" (31, 21) സൂചിപ്പിക്കുന്നത്.

**iv. നിയമഗ്രന്ഥം 31, 24-29 :** നിയമഗ്രന്ഥത്തെക്കുറിച്ച് 31, 9-13ൽ പറഞ്ഞുവച്ചതിന്റെ തിടർച്ചയാണിത്. നിയമങ്ങൾ പുസ്തകത്തിലെഴുതി ലേവ്യ പുരോഹിതന്മാരെ ഏല്പിച്ചത് ഏഴു വർഷത്തിലൊരിക്കൽ പരസ്യമായി വായിക്കാൻ വേിയായിരുന്നു (31, 11). എന്നാൽ ഇവിടെ നിയമ ഗ്രന്ഥം ജനത്തിനെതിരേ സാക്ഷിയായി നില്ക്കണം എന്ന് നിർദ്ദേശിക്കുന്നു. കീർത്തനത്തെക്കുറിച്ചു 31, 19ൽ പറഞ്ഞകാര്യം തന്നെയാണിത്. എഴുതപ്പെട്ട ഉടമ്പടിയുടെ നിയമവും മനഃപാഠമാക്കിയ കീർത്തനവും രു സാക്ഷികളായിരിക്കണം (നിയ 19, 15). കർത്താവു ചെയ്ത വലിയകാര്യങ്ങളെയും അവിടുത്തെ കല്പനകളെയും കുറിച്ച് അനുസ്മരിപ്പിച്ചുകൊ് അവിടുത്തോടു വിശ്വസ്തത പുലർത്താൻ പ്രേരിപ്പിക്കുകയും അവിശ്വസ്തരായിത്തീർന്നാൽ ഭീകരമായ ശിക്ഷകൾ ഉാകുമെന്ന് അനുസ്മരിപ്പിക്കുകയും ജനത്തിന്റെ പാപങ്ങൾ ചൂിക്കാണിക്കുകയും ചെയ്യുന്ന സാക്ഷികളാണ് ഇവ രും.

നിയമഗ്രന്ഥം പേടകത്തിന്റെ സമീപത്തു വയ്ക്കാനാണ് ലേവ്യരോടു കല്പിക്കുന്നത് (31, 25). പത്തു പ്രമാണങ്ങൾ എഴുതിയ കല്പലകകൾ മാത്രമാണ് പേടകത്തിനുള്ളിൽ (നിയ 10, 2). ജനമധ്യത്തിൽ





കർത്താവിന്റെ സാന്നിധ്യം അനുഭവവേദ്യമാക്കുന്ന ഉപകരണമാണ് പേടകം. അതിന്റെ അരുകിൽ വയ്ക്കുന്ന നിയമഗ്രന്ഥം ലിഖിത രൂപ്തതിലൂള്ള കർത്താവിന്റെതന്നെ വാക്കുകളാണ്. നിയമം ഗ്രന്ഥത്തിലെഴുതി ദൈവസന്നിധിയിൽ നിക്ഷേപിക്കുന്നത് ഉടമ്പടി സ്ഥാപനത്തിന്റെ അവസാനത്തെ ഘടകമാണ്.

മോശയുടെ കീർത്തനത്തിന്റെ മുഖവുരയാണ് 31, 27-30 വാക്യങ്ങൾ. 31, 16-21ൽ വിവരിച്ചതിന്റെ മറ്റൊരു അവതരണമാണിത്. മോശയുടെ മരണത്തിനുശേഷം സംഭവിക്കാൻ പോകുന്ന ജനത്തിന്റെ വിശാവസ ത്യാഗമാണ് ഇവിടെയും മുഖ്യ പ്രമേയം. 28-ാം വാക്യത്തിൽ പറയുന്ന "ഈ വാക്കുകൾ" തുടർന്ന് വരുന്ന കീർത്തനത്തെ സൂചിപ്പിക്കുന്നു. അധികാരികളും ശ്രേഷ്ഠന്മാരും (31, 28) മാത്രമല്ല, ജനം മുഴുവൻ കേൾക്കെയാണ് (31, 30) മോശ കീർത്തനം ആലപിച്ചത്. ആകാശത്തെയും ഭൂമിയെയും സാക്ഷികളാക്കുന്നതിനെക്കുറിച്ച് നാം കു കഴിഞ്ഞു. (നിയ 4, 26; 30, 19).

വിചിന്തനം : നിയമാവർത്തന പുസ്തകം മാത്രമല്ല ബൈബിൾ മുഴുവൻ എഴുതപ്പെട്ട ദൈവവചനമാണ്. അത് സകല മനുഷ്യർക്കും, പ്രത്യേകിച്ച്, ക്രിസ്തു വിശ്വാസികൾക്ക്, എന്നും ഒരു സാക്ഷിയായി നിലകൊള്ളുന്നു. ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളും വെളിപ്പെടുത്തപ്പെട്ട തിരുഹിതവും അറിയിക്കുന്ന വിശുദ്ധഗ്രന്ഥം ജീവിതത്തിനു മാനദണ്ഡമായിരിക്കണം.

## b. മോശയുടെ കീർത്തനം 31, 30-32, 44

ഉടമ്പടിയുടെ നിയമങ്ങൾ പൂർണ്ണമായി അനുസരിച്ചുകൊ് കർത്താവിനോട് അചഞ്ചലമായ വിശ്വസ്തത പുലർത്താൻ ജനത്തെ പ്രേരിപ്പിക്കുകയാണ് ഈ കീർത്തനത്തന്റെ ലക്ഷ്യം. ഈ ഗാനം എഴുതിയെടുത്ത് ജനത്തെ പഠിപ്പിക്കുവാൻ കർത്താവു മോശയോടു കല്പ്പിക്കുകയും (31, 19-21) മോശ അനുസരിക്കുകയും (31, 22) ചെയ്തതായി രേഖപ്പെടുത്തിയിട്ടുങ്കെിലും ഗാനത്തിന്റെ ഉള്ളടക്കവും ഭാഷാശൈലിയും പരിഗണിച്ച്, പ്രവാസകാലത്താണ് ഇതു രചിക്കപ്പെട്ടത് എന്ന് ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. സ്വതന്ത്രമായി രചിക്കപ്പെട്ട ഈ ഗാനം പില്ക്കാലത്ത് നിയമാവർത്തന പുസ്ത

കത്തോടു കൂട്ടിച്ചേർത്തതാണെന്നു കരുതുന്നവരുമു്. മോശയെ ഗാനരചയിതാവ് എന്നതിനേക്കാൾ ഗാനത്തിന്റെ പ്രേരണയും പ്രചോദനവുമായിട്ടാണ് ഇന്നു വ്യാഖ്യാതാക്കൾ ഭൂരിഭാഗവും കാണുന്നത്. മോശയിലൂടെ നല്കപ്പെട്ട ദൈവികവെളിപാടിന്റെ വ്യക്യാനവും ചരിത്രവസ്തുതകളുടെ വെളിച്ചത്തിലുള്ള പുനരാഖ്യാനവുമാകയാൽ, ആത്യന്തികമായി മോശ തന്നെയാണ് ഇതിന്റെ രചയിതാവ് എന്നു പറയാം.

രക്ഷാചരിത്രത്തിന്റെ ഒരു സംഗ്രഹമായിട്ടാണ് ഗാനം രചിച്ചിരിക്കുന്നത്. കർത്താവിനെ പ്രകീർത്തിക്കാനുള്ള ഒരു ആഹ്വാനത്തിനു ശേഷം (32, 1-3) ഗാനത്തന്റെ വിഷയമായ കർത്താവിന്റെ വിശ്വസ്തതയും ജനത്തിന്റെ അവിശ്വസ്തതയും (32, 4-7) ഹ്രസ്വമായി അവതരിപ്പിക്കുന്നു. തുടർന്ന് കർത്താവ് ഇസ്രായേലിനുവേി ചെയ്ത വലിയ കാര്യങ്ങളും (32, 8-14) ജനത്തിന്റെ നന്ദിഹീനതയും (32, 15-18) കൂടുതൽ വിശദമായി പ്രതിപാദിക്കുന്നു. അവിശ്വസ്തരായ ജനത്തിന്റെ മേലുള്ള ശിക്ഷാവിധിയാണ് (32, 19-25) അടുത്തതായി വിവരിക്കുന്നത്. എന്നാൽ ഇസ്രായേലിനെ സംബന്ധിച്ച കർത്താവിന്റെ അന്തിമ തീരുമാനം ശിക്ഷയുടേതല്ല, രക്ഷയുടേതാണെന്ന് ഗാനത്തിന്റെ അവസാനഭാഗത്ത് (32, 26-43).

കർത്താവിനെ പ്രകീർത്തിക്കാൻ ഗാനത്തിന്റെ ആരംഭത്തിലും (32, 3) അവസാനത്തിലും (32, 43) നല്കിയിരിക്കുന്ന ആഹ്വാനം ഇതിനെ ഒരു സ്തുതി കീർത്തനമായി അവതരിപ്പിക്കുന്നു. വാക്കുകൾ കേൾക്കാനുള്ള ക്ഷണവും ഉപദേശത്തെക്കുറിച്ചുള്ള പരാമർശവും (32, 1) ഈ ഗാനത്തെ ജ്ഞാനസങ്കീർത്തനങ്ങളുടെ ഗണത്തിൽ പെടുത്തുന്നു. എന്നാൽ ഇതിലെല്ലാം ഉപരി, ഒരു വിചാരണയുടെ ശൈലിയാണ് ഈ ഗാനത്തിൽ കൂടുതൽ പ്രത്യക്ഷമാകുന്നത്. ഉടമ്പടി ലംഘിച്ച സാമന്തർക്കെതിരേ ചക്രവർത്തി തന്റെ ദൂതനിലൂടെ നടത്തുന്ന കുറ്റാരോപണവും വിചാരണയും ശിക്ഷാവിധിയും അവതരിപ്പിക്കുന്ന ഈ പ്രത്യേക ശൈലിക്ക് വിചാരണ ചെയ്യുക എന്നർത്ഥമുള്ള "റീബ്" എന്ന് ഹീബ്രുവാക്കിൽ നിന്ന് "റീബ് ശൈലി" (Reeb Pattern) എന്ന പേരു കൈവന്നു. ഏശ 1; ജെറെ 2; മിക്ക 6; ഹോസി 4; സങ്കീ. 50 തുടങ്ങിയ ബൈബിൾ ഭാഗങ്ങളിൽ ഈ ശൈലി ദൃശ്യമാണ്.





അഞ്ചു ഘടകങ്ങളാണ് ഈ സാഹിത്യരൂപത്തിന് പൊതുവായുള്ളത്. 1. ആമുഖം. വിചാരണകേൾക്കാൻ സാക്ഷികളെ ക്ഷണിക്കുന്നു (32, 1-3). 2. മുഖവുര. വ്യവഹാരത്തിന്റെ പൊതുവായ അവതരണം (32, 4-7). 3. വാദിഭാഗം. ചക്രവർത്തി സാമന്തനുവേി ചെയ്ത കാര്യങ്ങളുടെ വിവരണം (32, 8-14). 4. കുറ്റപത്രം. സാമന്തന്റെ ്വിശ്വസ്തത (32, 15-18). 5. ശിക്ഷാവിധി (32, 19-25). കുറ്റം തെളിയിച്ചതിനുശേഷം പ്രഖ്യാപിക്കുന്ന ശിക്ഷാവിധി രു തരത്തിലുള്ളതാകാം. ഒന്നുകിൽ സാമന്തനോടു തക്കതായ പരിഹാരം ആവശ്യപ്പെടാം. അല്ലെങ്കിൽ ചക്രവർത്തി തന്റെ സൈന്യത്തെ അയച്ച് സാമന്തന്റെ രാജ്യം നശിപ്പിക്കാം.

എന്നാൽ മോശയുടെ കീർത്തനത്തിൽ ശിക്ഷാവിധി പ്രഖ്യാപിച്ചതിനുശേഷം അപ്രതീക്ഷിതമായ ഒരു നീക്കമാണുാകുന്നത്. ഇസ്രായേൽ ജനത്തെ സമൂലം നശിപ്പിക്കുന്നതിനു പകരം അവരോടു കരുണകാണിക്കുകയും അവരെ പീഡിപ്പിക്കുന്ന ശത്രുക്കൾക്കെതിരേ ശിക്ഷാവിധി നടപ്പാക്കുകയും ചെയ്യുമെന്ന് 32, 26-43യിൽ പ്രഖ്യാപിക്കുന്നു. അതിനാൽ 'വിചാരണ'യുടെ ശൈലി ഗാനത്തിന്റെ ആദ്യഭാഗത്തുമാത്രമേ ദൃശ്യമാകുന്നുള്ളൂ. വിചാരണയെയും വിധിയെയും മറികടന്ന് ജനത്തെ രക്ഷയിലേക്കു നയിക്കുന്ന കർത്താവിന്റെ ക്ഷമിക്കുന്ന സ്നേഹമാണ് അന്തിമമായി പ്രകീർത്തിക്കപ്പെടുന്നത്. ഇസ്രായേൽ ഒരു ജനതയായി നിലനിൽക്കുന്നെങ്കിൽ അത് അവരുടെ യോഗ്യതമൂലമല്ല, കർത്താവിന്റെ കരുണാർദ്രമായ സ്നേഹം ഒന്നുകൊുമാത്രമാണെന്ന് ഈ ഗാനം വ്യക്തമാക്കുന്നു.

മോശ ഇസ്രായേൽ ജനത്തെ ഈ ഗാനം ചൊല്ലി കേൾപ്പിച്ചു എന്ന് ആരംഭത്തിലും (31, 30) അവസാനത്തിലും (32, 44) ആവർത്തിച്ചുകൊ് ഗാനത്തെ പുസ്തകത്തിലെ മറ്റു വിവരണവുമായി ബന്ധപ്പെടുത്തുകയും അതേ സമയം ഒരു പ്രത്യേക ഭാഗമായി എടുത്തുകാട്ടുകയും ചെയ്യുന്നു.

**32, 1-3 ആമുഖം** : ആകാശത്തെയും ഭൂമിയെയും സാക്ഷികളായി വിളിച്ചുകൊ് ഗാനം ആരംഭിക്കുന്നു. ഉടമ്പടിയുടെ സാക്ഷികളായി ആകാശത്തെയും ഭൂമിയെയും അവതരിപ്പിച്ചതിനെ (നിയ 4, 26; 30,

19) അനുസ്മരിപ്പിക്കുന്നതാണ് ഈ ആഹ്വാനം. പറയാൻ പോകുന്ന കാര്യങ്ങളുടെ സത്യാവസ്ഥയ്ക്കു സൃഷ്ടപ്രപഞ്ചം മുഴുവൻ സാക്ഷ്യം നല്കുന്നു. മഞ്ഞും മഴയും ഭൂമിയെ ഫലപുഷ്ടമാക്കുന്നതുപോലെ ഈ ഗാനം ജനത്തെ മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കാൻ ശക്തരാക്കണം. കർത്താവിന്റെ വചനം നിശ്ചയമായും നിറവേറും എന്ന് തറപ്പിച്ചു പറയാൻ ഈ പ്രതീകങ്ങൾ (ഏശയ്യാ 55, 10-11) ഉപയോഗിച്ചിട്ടു്.

**32, 4-7 മുഖവുര** : കർത്താവിന്റെ സ്വഭാവത്തെയും ജനത്തിന്റെ നന്ദികേടിനെയും കുറിച്ച് പൊതുവായി പരാമർശിക്കുന്നു. ''പാറ'' എന്ന വിശേഷണം ഉറപ്പുള്ള അഭയകേന്ദ്രമാണ് കർത്താവ് എന്ന് പ്രഘോഷിക്കുന്നു. ഈ കീർത്തനത്തിൽത്തന്നെ പല തവണ ഈ വിശേഷണം വീഠും ഉപയോഗിക്കുന്നു് (32, 15. 18. 30. 31. 37). മലയാളവിവർത്തനത്തിൽ പാറ എന്ന പദം ആശ്രയം, അഭയം എന്നൊക്കെ പരിഭാഷപ്പെടുത്തിയിട്ടു്. സങ്കീർത്തനങ്ങളിൽ അനേകം തവണ കർത്താവിനെ പാറയായി ചിത്രീകരിക്കുന്നതു കാണാം (18, 2,; 31, 2; 62,2) കർത്താവ് വിശ്വസ്തനാണ് - അവിടുന്ന് വാക്കു പാലിക്കും. അവിടുന്ന് നീതിമാനാണ് - ഓരോരുത്തർക്കും അർഹമായത് നല്കുന്നു. സത്യസന്ധനാണ് - അവിടുന്ന് വ്യാജം പറയുകയില്ല. ഇതെല്ലാം അനുഭവിച്ചറിഞ്ഞ ജനത്തിന്റെ സ്വഭാവമാകട്ടെ, അവിടുത്തേതിനു കടകവിരുദ്ധമാണ് (32, 5-6).

**32, 8-14. ദൈവം ചെയ്തത്** : ഇസ്രായേൽ ജനത്തിനുവേ ദൈവം ചെയ്ത അനേകം കാര്യങ്ങളിൽ നിന്ന് തിരഞ്ഞെടുപ്പ് (32, 8-9), സംരക്ഷണം (32, 10-12) വാഗ്ദത്തഭൂമി നല്കൽ (32, 13-14) എന്നിവ പ്രത്യേകം എടുത്തു പറയുന്നു. എല്ലാ ജനതകൾക്കും ദൈവമാണ് അതിർത്തികൾ നിശ്ചയിച്ച് ഭൂമി നല്കിയതെന്നും ഇസ്രായേൽ ജനത്തെ തന്റ്എ സ്വന്തമായി മാറ്റിവച്ചു എന്നുമാണ് 8-9 വാക്യങ്ങളിൽ പറയുന്നത്. പൊതുവായ ഈ ആശയത്തിൽ നിന്നു വിശദാംശങ്ങളിലേക്കു കടക്കുമ്പോൾ ചില സംശയങ്ങൾ പൊന്തിവരുന്നു.

''ഇസ്രായേൽ ജനതകളുടെ എണ്ണമനുസരിച്ച് ലോകജനതകൾക്ക് അതിർത്തി നിശ്ചയിച്ചു'' എന്നതിന്റെ അർത്ഥമാണ് ദുർഗ്രഹമായിരിക്കുന്നത്. ഇസ്രായേൽജനത്തിൽ എത്ര ആളുടോ അത്രയും ജനത





കൾ ലോകത്തിലുണ്ായിരിക്കും, വ്യക്തമായി അതിർത്തി തിരിച്ച ഭൂവിഭാഗങ്ങൾ അവർക്കുായിരിക്കും എന്നതു മനസ്സിലാക്കുക എളുപ്പമല്ല. ഹീബ്രുമൂലത്തിന്റെ വിവർത്തനമാണിത്. എന്നാൽ ബി.സി. മൂന്നാം നൂറ്റാിന്റെ ആരംഭത്തിൽ ഹീബ്രുവിൽ നിന്നു ഗ്രീക്കിലേക്കു വിവർത്തനം ചെയ്ത സപ്തതിയിലും ഈ വാക്യം (32, 8) ''ദൈവപുത്രന്മാരുടെ എണ്ണമനുസരിച്ച് അവിടുന്ന് ജനതകൾക്ക് അതിർത്തി നിശ്ചയിച്ചു'' എന്നാണ് കാണുന്നത്. ഓരോ ജനതയ്ക്കും അതതിന്റെ ദൈവമു് എന്ന പുരാതന വശ്വാസത്തിന്റെ പ്രതിഫലനം ഈ വിവർത്തനത്തിൽ കാണാം. ഏക ദൈവവിശ്വാസികൾക്ക് ഈ കാഴ്ചപ്പാട് അതേപടി സ്വീകരിക്കു സാധ്യമല്ല. അതിനാൽ പില്ക്കാലത്ത് ''ദൈവപുത്രന്മാർ'' എന്നത് ''ഇസ്രായേൽ മക്കൾ'' എന്നായി തിരുത്തിയതാവാം. ഈ തിരുത്തലിനു മുമ്പുള്ള പാഠമായിരിക്ണം സപ്തതിയിലും ഖുമ്റാൻ ചുരുളുകളിലും കാണുന്നത്. ഇതാണ് മൂല പാഠമെങ്കിൽ എന്താണിന്റെ അർത്ഥം?

ലോകജനതകൾ ഓരോന്നും താന്താങ്ങളുടെ ദൈവത്തെ ആരാധിക്കുന്നു. ഇസ്രായേലാകട്ടെ യാഹ് വേയുടെ സ്വന്തം ജനമാണ്. അവർക്കു മറ്റു ദൈവങ്ങളില്ല; മറ്റാരേയും ആരാധിക്കാൻ അവർക്ക് അനുവാദവുമില്ല. ഒന്നാം പ്രമാണത്തിന്റെ വ്യാഖ്യാനമാണിത്. കർത്താവല്ലാതെ വേറെ ദൈവങ്ങളു് എന്ന കാഴ്ചപ്പാട് ഏക ദൈവവിശ്വാസത്തിന്റെ മൂശയിൽ സ്ഫുടം ചെയ്തപ്പോൾ മറ്റൊരു വ്യാഖ്യാനം സാദ്ധ്യമായി. ''ദൈവപുത്രന്മാർ'' മറ്റു ദൈവങ്ങളല്ല, ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യവർത്തികളായി നിൽക്കുന്ന ദൈവദൂതന്മാരാണ് (ജോബ് 1, 6). ഓരോ ജനതയ്ക്കും കാവൽക്കാരായി ദൈവം തന്നെ ഓരോ ദൂതനെ നിശ്ചയിച്ചിരിക്കുന്നു എന്ന വിശ്വാസം ദാനി 10, 13.20-21; 12,1ൽ കാണാം. ഇസ്രായേൽ ജനത്തെ ദൂതന്മാരുടെ കാവലിന് ഏല്പിക്കാതെ ദൈവം നേരിട്ടു പരിപാലിക്കുന്നു എന്ന ആശയം അനേകം തവണ കുകഴിഞ്ഞതാണ് (നിയ 7, 6; 10, 15).

ലോഗസ്ഥാപനത്തിനു മുമ്പുതന്നെയുള്ള തിരിഞ്ഞെടുപ്പിനെക്കുറിച്ചാണ് 32, 8-9ൽ പ്രതിപാദിച്ചത്. ആ തിരഞ്ഞെടുപ്പ് ഒരു ചരിത്രവസ്തുതയായി സാക്ഷാത്കരിക്കപ്പെട്ടത് മരുഭൂമിയൽ വച്ചാണെന്ന് 32, 10-13ൽ തുടർന്ന് പ്രസ്താവിക്കുന്നു. പിതാക്കന്മാരുടെ

വിളി, ഈജിപ്തിലെ മോചനം തുടങ്ങിയവയെക്കുറിച്ചൊന്നും പ്രതിപാദിക്കാതെ മരുഭൂമിയിലെ സംരക്ഷണത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മരുഭൂമിയിൽവച്ചാണ് ഇസ്രായേൽ ഒരു ജനമായത് (ഹോസി 9, 10; എസെ 16, 5-7 തീ. 1-2 പേജ് 47). മരുഭൂമിയുടെ ഏകാന്തഭീകരതയെ സൂചിപ്പിക്കുന്ന പ്രതീകമാണ് "ശൂന്യത ഓരിയിടുന്ന" മണലാരണ്യം. സൃഷ്ടിക്കുമുമ്പുള്ള ശൂന്യാവസ്ഥയെ സൂചിപ്പിക്കാൻ ഉപയോഗിച്ച "തോഹൂ" എന്ന ഹീബ്രു പദമാണ് (ഉല്പ 1, 2) ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. മണലാരണ്യത്തിൽ ആഞ്ഞുവീശുന്ന കാറ്റിന്റെ ശബ്ദം ശൂന്യതയുടെ വിലാപമായി ചിത്രീകരിച്ചിരിക്കുന്നു. കുഞ്ഞുങ്ങളെ ചിറകിൽ സംവഹിക്കുകയും പറക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്ന തള്ളക്കഴുകന്റെ പ്രതീകം (32, 11) പുറ 19, 4ൽ കു കഴിഞ്ഞു (തീ 6 പേജ് 17). ശൈശവം മുതലേ കർത്താവിനെ മാത്രമാണ് ഇസ്രായേൽ ദൈവമായി അറിഞ്ഞത് എന്ന് 32, 12ൽ എടുത്തുകാട്ടുന്നത് 32, 17ൽ പറയാൻ പോകുന്ന വിശ്വാസത്യാഗത്തിന്റെ കാഠിന്യം വർദ്ധിപ്പിക്കുന്നു.

കാനാൻദേശത്തെ മലമ്പ്രദേശങ്ങളിൽ വാസമുറപ്പിക്കുകയും ദേശത്തിന്റെ സമൃദ്ധി ആസ്വദിക്കുകയും ചെയ്യാൻ ദേവം ജനത്തിന് ഇടയാക്കിയതിനെ കുറിച്ചാണ് 32, 13-14ൽ വിവരിക്കുന്നത്. കല്ലു നിറഞ്ഞ ഭൂമിയിൽ തഴച്ചു വളരുന്ന ഒലിവു വൃക്ഷങ്ങളിൽ നിന്നു ലഭിക്കുന്നതാണ് "കഠിനശിലയിൽ നിന്നുള്ള എണ്ണ". കൃഷിയും ആടുമേയ്ക്കലും തൊഴിലാക്കിയ ഇസ്രായേൽ ജനത്തിന്റെ കുടിയേറ്റത്തിന്റെ ആദ്യകാല സ്മരണകളാണിത്.

**32, 15-18 കുറ്റപത്രം** : ജനത്തിനെതിരേയുള്ള വ്യക്തമായ കുറ്റാരോപണങ്ങൾ തുടർന്ന് അവതരിപ്പിക്കുന്നു. വാഗ്ദത്തഭൂമിയിലെ സമൃദ്ധി ഒരു കെണിയായിത്തീർന്നേക്കുമെന്ന് പലതവണ താക്കീതു നല്കിയിരുന്നതാണ് (6, 10-15; 8, 10-14). ആ താക്കീതുകൾ വകവയ്ക്കാതെ ജനം നന്ദികേടും അവിശ്വസ്തതയും കാട്ടിയെന്ന് ഇവിടെ ആരോപിക്കുന്നു. "നീതിമാൻ" എന്നാണ് "യഷ്റൂൺ" എന്ന പേരിന്റെ അർത്ഥം (32, 15). ഇസ്രായേലിന്റെ പര്യായമായി ഈ പേര് ഉപയോഗിക്കാറ്റ് (നിയ 33, 5, 26; ഏശ 44,2). കർത്താവിന്റെ കല്പനകൾ പാലിച്ച്, അവിടുത്തോടു വിശ്വസ്തത പുലർത്തുന്നവനാണ് നീതിമാൻ.





എന്നാൽ ഇവിടെ നേരെ മറിച്ചാണ് സംഭവിക്കുന്നത്. ഇസ്രായേലിന്റെ ദൈത്യവും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യം ഈ പേരിന്റെ ഉപയോഗത്തിലൂടെ വ്യക്തമാക്കുന്നു.

കർത്താവിനെ ഉപേക്ഷിച്ചു, പുച്ഛിച്ചു (32, 15), അവഗണിച്ചു, വിസ്മരിച്ചു (32, 18), എന്നിങ്ങനെയുള്ള കുറ്റാരോപണങ്ങളുടെ നടുവിൽ (ഏശ 1, 2-4) അവയ്ക്കു തെളിവായി അവർ അന്യദൈവങ്ങളെ ആരാധിച്ചത് എടുത്തു കാട്ടുന്നു (32, 16-17). വിഗ്രഹാരാധനയും അവയുമായി ബന്ധപ്പെട്ട ബലിയർപ്പണങ്ങളും മറ്റു മ്ലേച്ഛപ്രവൃത്തികളും നിഷേധിക്കാനാവാത്ത തെളിവുകളാണ്. അവർ ആരാധിച്ച ദൈവങ്ങൾ യഥാർത്ഥത്തിൽ ദൈവങ്ങളല്ല; ദുർദ്ദേവതകളാണ്. തങ്ങൾക്കുവേ ഒന്നും ചെയ്തിട്ടില്ലാത്ത, അസ്തിത്വമില്ലാത്ത അവ പുതുതായി ജനത്തിന്റെ ഭാവനയിൽ രൂപം കൊവയത്രേ. ഈ സങ്കല്പസൃഷ്ടികളെ ആരാധിക്കുന്നത് ദൈവത്തെ അസൂയാലുവാക്കുന്നു (32, 16). ദൈവത്തിന്റെ അസൂയ (അസഹിഷ്ണുത)യെക്കുറിച്ച് നിയ 4, 24ൽ കുകഴിഞ്ഞു. അടുത്ത വാക്യങ്ങളിൽ ഇതു വീും ആവർത്തിക്കുന്നു്. "ജന്മം നല്കിയ ശില; രൂപമേകിയ ദൈവം" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുപദങ്ങൾ ശിശുവിന്റെ ജനനത്തിൽ പിതാവിനും മാതാവിനുമുള്ള പങ്കിനെ സൂചിപ്പിക്കുന്നവയാണ്. ഇവിടെ ദൈവത്തെ പിതാവും മാതാവുമായി ചിത്രീകരിക്കുന്നു (സംഖ്യ 11, 12; ഏശ 49, 15; 66, 13).

**32, 19-25 ശിക്ഷാവിധി** : കുറ്റം തെളിയിച്ചതിനു ശേഷം ശിക്ഷാവിധി പ്രഖ്യാപിക്കുന്നു. തന്നെ പുച്ഛിച്ചു പുറംതള്ളിയവരെ കർത്താവു വെറുക്കുന്നു. മുഖം മറയ്ക്കുന്നത് തന്റെ കൃപ പിൻവലിക്കുന്നതിനു തുല്യമാണ് (ഏശ 1, 15). തന്നെ ഉപേക്ഷിച്ചവരെ താനും ഉപേക്ഷിക്കും എന്നതാണ് കർത്താവു പ്രഖ്യാപിക്കുന്ന ശിക്ഷാവിധി. 21-ാം വാക്യത്തിൽ "അസൂയ" എന്ന പ്രമേയം കൂടുതൽ വിശദമായി അവതരിപ്പിക്കുന്നു. "ജനതയല്ലാത്തവർ" എന്ന വിശേഷണം ഏതെങ്കിലും ഒരു പ്രത്യേക ചരിത്രസംഭവത്തെ സൂചിപ്പിക്കുന്നില്ല. ഇസ്രായേലിനു നേരിട്ട പരാജയങ്ങളുടെയെല്ലാം കാരണം അവർ കർത്താവിനെ പരിത്യജിച്ചതാണ് എന്ന സത്യത്തിലേക്ക് ഇതു വിരൽ ചൂുന്നു. കർത്താവു തങ്ങളേക്കാൾ ഉപരി വിജാതീയരെ സ്നേഹിക്കുന്നു എന്ന അറിവാണ്

അവരിൽ അസൂയ ഉണർത്തുന്നത്. അഗ്നിയും അസ്ത്രവും ദൈവ കോപത്തിന്റെയും ശിക്ഷയുടെയും പ്രതീകങ്ങളാണ് (ആമോ 1; എസെ 5, 16; സങ്കീ 7, 13; 38, 2). 24-25 വാക്യങ്ങളിലെ മഹാമാരികൾ 28-ാം അധ്യായത്തിൽ വിവരിച്ച ശാപങ്ങളെ അനുസ്മരിപ്പിക്കുന്നു.

**32, 25-43 പാപമോചനവും പുനരുദ്ധാരണവും :** ശിക്ഷാവിധി പ്രഖ്യാപിച്ചതിനു ശേഷം അതു മൂലമുാകാവുന്ന ഭവിഷ്യത്തിനെക്കുറിച്ചുള്ള കർത്താവിന്റെ വിലയിരുത്തൽ (32, 26-27) അവതരിപ്പിക്കുന്നു. തികച്ചും മാനുഷികമായ വിധത്തിലാണ് ഇവിടെ കർത്താവിന്റഎ ചിന്ത ചിത്രീകരിക്കുന്നത്. ഇസ്രായേലിന്റഎ നാശം തങ്ഹളുടെ നേട്ടമാണെന്നു കരുതി ശത്രുക്കൾ അഹങ്കരിക്കുകയും ഇസ്രായേലിന്റെ ദൈവമെന്ന് അറിയപ്പെടുന്ന കർത്താവിനെ പുത്ച്ഛരിക്കാൻ ഇടയാകുകയും ചെയ്തേക്കും എന്ന സ്വാഗതം ഗാനത്തെ അപ്രതീക്ഷിതമായൊരു ദിശയിലേക്കു തിരിച്ചുവിടുന്നു.

28-33 വാക്യങ്ങൾ ഇസ്രായേലിന്റെ ശത്രുക്കളെക്കുറിച്ചു പ്രതിപാദിക്കുന്നു. തങ്ങളുടെ വിജയത്തിൽ അഹങ്കരിക്കുന്ന അവർ കർത്താവാണ് ആ വിജയത്തിനു കാരണമെന്നോ തന്റെ ജനമായ ഇസ്രായേലിനെ ശിക്ഷിക്കാൻ വേ അവിടുന്നു തിരഞ്ഞെടുത്ത ഉപകരണങ്ങൾ മാത്രമാണു തങ്ങളെന്നോ മനസ്സിലാക്കുന്നില്ല. അക്രമത്തിന്റെയും സകലവിധ മ്ലേച്ഛതകളുടെയും വിളനിലമായ സോദോം, ഗൊമോറാ നഗരങ്ങൾ പോലെയാണ് അവർ. കർത്താവു രഹസ്യമായി സൂക്ഷിക്കുന്ന "ഈ കാര്യം" (32, 34) അവരുടെ നാശത്തെ സൂചിപ്പിക്കുന്നു.

32, 36-43ൽ ഇസ്രായേലിന്റെ പുനരുദ്ധാരണത്തെക്കുറിച്ചു പ്രകീർത്തിക്കുന്നു. തന്റെ ജനത്തിന്റഎ നിസ്സഹായതയിൽ കരളലിയിക്കുന്ന കർത്താവ് അവർക്കു സംരക്ഷണം നല്കും. വിജാതീയരുടെ ബലികൾ സ്വീകരിച്ച ദേവന്മാർക്ക് തങ്ങളുടെ ആശ്രിതരെ കർത്താവിന്റഎ ശിക്ഷയിൽനിന്നു രക്ഷിക്കാനാവില്ല. ജീവന്റെയും മരണത്തിന്റെയും മേൽ ആധിപത്യമുള്ള സർവ്വശക്തനായ ദൈവം കർത്താവു മാത്രമാണ് (32, 39). ബഹുദൈവാരാധനയ്ക്കും വിഗ്രഹാരാധനയ്ക്കും എതിരേയുള്ള ഏക ദൈവവിശ്വാസത്തിന്റെ ശക്ത





മായ ഈ പ്രഖ്യാപനം രാം ഏശയ്യായിൽ അനേകം തവണ ആവർത്തിക്കുന്നതു കാണാം (ഏശ 41, 4; 43, 10-13; 44, 6; 45, 5-7).

41-42 വാക്യങ്ങളിൽ കർത്താവിനെ മർദ്ദിതർക്കു നീതി നടത്തിക്കൊടുക്കാൻ വേ പോർക്കളത്തിലിറങ്ങുന്ന അജയ്യ യോദ്ധാവായി ചിത്രീകരിക്കുന്നു (ഏശ 34, 5-6; 63, 1-6; ജറെ 46, 10). "പക വീട്ടും", "പകരം ചോദിക്കും" എന്നിങ്ങനെയുള്ള പ്രയോഗങ്ങളും ക്രൂരമായ ശത്രുസംഹാരത്തിന്റെ വിവരണവും സ്വകാര്യവ്യക്തിയുടെ പ്രതികാരത്തെയല്ല, നീതി നടപ്പിലാക്കാൻ കടമയുള്ള അധികാരിയുടെ ശിക്ഷാ നടപടിയെയാണ് സൂചിപ്പിക്കുന്നത്.

അക്രമികളെ ശിക്ഷിച്ചുകൊ് പീഡിതർക്കു നീതി നട്തിതക്കൊടുക്കുകയും തന്റെ ജനത്തിന്റെ പാപം ക്ഷമിച്ച് അവരെയും അവരുടെ ദേശത്തെയും വിശുദ്ധീകരിക്കുകുയം ചെയ്യുന്ന ദൈവത്തിന്റഎ രക്ഷകരപ്രവൃത്തിയെ ഇസ്രായേൽ നജത്തോടൊത്തു ചേർന്ന് പ്രകീർത്തിക്കാൻ ലോകജനതകളെ ആഹ്വാനം ചെയ്തുകൊാണ് ഗാനം അവസാനിക്കുന്നത് (32, 43). സ്വജാതിയെന്നോ വിജാതിയെന്നോ വ്യത്യാസമില്ലാതെ, സകല ജനതകളും ഒന്നുചേർന്ന് സർവ്വകക്തനും രക്ഷകനുമായ ദൈവത്തിനു സ്തോത്രഗീതം ആലപിക്കാൻ ഇടയാക്കുന്ന രക്ഷാകരകർമ്മത്തിന്റെ ഭാഗമാണ് ഭീകരമായ ശിക്ഷാവിധിയിലൂടെ നടപ്പിലാക്കുന്ന നീതിയുടെ പുനഃസ്ഥാപനം. പാപത്തെ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യും എന്ന വാഗ്ദാനം യേശുക്രിസ്തുവിലൂടെ പൂർത്തിയായി.

## c. അന്തിമോപദേശം - മരണത്തിന് ഒരുക്കം 32, 45-52

നിയമാവർത്തനപുസ്തകത്തിൽ അവതരിപ്പിച്ച സകല നിയമങ്ങളും ഒന്നൊഴിയാതെ അനുസരിക്കാനുള്ള അന്തിമാഹ്വാനത്തോടെ (32, 45-47) മോശയുടെ പ്രഭാഷണം ഉപസംഹരിക്കുന്നു. നിയമം ഹൃദയത്തിൽ സൂക്ഷിക്കുകയും മക്കളെ പഠിപ്പിക്കുകയും ചെയ്യേതിന്റെ ആവശ്യകത 6, 6-7ൽ വിശദമാക്കിയതാണ്. നിയമം അനുസരിക്കുന്നത് ജീവൽപ്രധാനമാണെന്ന് 30, 20ൽ പഠിപ്പിക്കുന്നു. വാഗ്ദത്തഭൂമയിൽ ദീർഘകാലം വസിക്കുന്നതാണ് ജീവൻ. അതു ദൈവത്തോടൊന്നിച്ചുള്ള ജീവിതമാണ്. പ്രമാണങ്ങൾ അനുസരിക്കുന്ന

വൻ ദൈവത്തിലും ദൈവം അവനിലും വസിക്കും എന്ന യേശുവിന്റെ വാഗ്ദാനത്തിൽ (യോഹ 14, 23) ഈ ജീവന്റെ പൂർണ്ണത സാക്ഷാൽകൃതമാകുന്നു.

32, 48-52 മോശയുടെ മരണത്തെക്കുറിച്ചുള്ള അവസാനത്തെ മുന്നറിയിപ്പ് നല്കുന്നു. നിയമാവർത്തന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ മുഴുവൻ ഒറ്റ ദിവസം മോശ പറഞ്ഞതാണെന്ന് ''അന്നുതന്നെ'' എന്ന കാലസൂചനയിലൂടെ ദ്യോതിപ്പിക്കുന്നു. ചാവുകടലിന്റെ വടക്കുകിഴക്കുള്ള അബാറിം പർവ്വതനിരകളെക്കുറിച്ച് സംഖ്യ 27, 12ൽ പ്രതിപാദിച്ചിട്ടു്. വാഗ്ദത്തഭൂമി നോക്കിക്കാണാൻ മോശ കയറിയ നേബോ മലിയിലെ (32, 49) കൊടുമുടിയെ ''പിസ്ഗാ'' എന്ന് നിയ 3, 27; 34, 1ൽ വിളിക്കുന്നു. അഹറോന്റെ മരണത്തെക്കുറിച്ച് സംഖ്യ 20, 23-28ൽ വിവരിച്ചിട്ടു്. മോശയ്ക്കു വാഗ്ദത്തഭൂമിയിൽ പ്രവേശനം നിഷേധിക്കാൻ കാരണം കാദേശിൽ വച്ചുായ അദ്ദേഹത്തിന്റെ അവിശ്വസ്തതയാണെന്ന വിശദീകരണം (32, 51) പുരോഹിതപാരമ്പര്യത്തിന്റെ ബാഗമാണെന്ന് വ്യാഖ്യാതാക്കൾ കരുതുന്നു. ഇതേ വിശദീകരണമാണ് സംഖ്യ 20, 12ൽ നല്കിയിരിക്കുന്നത്. ജനത്തിന്റെ പാപമാണ് ഇതിനു കാരണമെന്ന നിയമാവർത്തന ഗ്രന്ഥകാരന്റെ വിശദീകരണത്തിൽ നിന്നു (നിയ 3, 26) വ്യത്യസ്തമാണിത്.

**വിചിന്തനം** : ജനത്തിന്റെ സമഗ്രമോചനം എന്ന സ്വപ്നം ഒളിമങ്ങാതെ മനോമുകുരത്തിൽ കാത്തു സൂക്ഷിച്ച നേതാവാണ് നേബോ മലയുടെ മുകളിൽ നിന്നുകൊ് വാഗ്ദത്തഭൂമി നോക്കിക്ക മോശ. മോചനത്തിലേക്കുള്ള തീർത്ഥയാത്ര തന്റെ അനുയായികൾ തുടർന്നു ലക്ഷ്യത്തിലെത്തിക്കുമെന്ന അറിവിൽ നിന്നു സംതൃപ്തി നേടുന്ന മോശ യഥാർത്ഥ നേതൃത്വത്തിന്റെ മാതൃകയാണ്. താൻ തുടങ്ങിവച്ച മഹാപ്രസ്ഥാനം താൻ തന്നെ ലക്ഷ്യത്തിലെത്തിക്കണമെന്നു ശഠിക്കാതെ, താൻ നയിച്ച ജനം തന്നെ കൂടാതെ അവിടെ എത്തിച്ചേരുന്നതിലും സംതൃപ്തിയും സന്തോഷവും കത്തൊൻ നേതാവിനു കഴിയണം. ശിലാസ്ഥാപനം നടത്തുന്നവർ തന്നെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കണമെന്നില്ലല്ലോ.





## d. അന്തിമാശീർവ്വാദം 33, 1-29

ഇസ്രായേൽഗോത്രങ്ങ്ഹളുടെമേൽ ഉച്ചരിക്കുന്ന ആശീർവ്വാദമായിട്ടാണ് മോശയുടെ അന്തിമ വചസുകൾ അവതരിപ്പിച്ചിരുന്നത്. 32-ാം അധ്യായത്തിലെ കീർത്തനത്തിന്റെ അവസാന ഭാഗത്തു പറഞ്ഞുവച്ച 'ഇസ്രായേലിന്റെ പുനരുദ്ധാരണം' എന്ന പ്രമേയം ഇവിടെ ഗോത്രങ്ങൾക്കു നൽകുന്ന ആശീർവ്വാദത്തിന്റെ രൂപത്തിൽ കൂടുതൽ വിശദമാക്കുന്നു. മരണാസന്നനായ ഗോത്രപിതാവു നല്കുന്ന ആശീർവ്വാദം വെറും ആശംസകളല്ല, അതു ലഭിക്കുന്നവരുടെ ഭാവിയെ സ്വാധനിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന ശക്തമായ വചനമാണെന്ന് ഇസഹാക്കിന്റെ ആശീർവ്വാദത്തെക്കുറിച്ചു പഠിച്ചപ്പോൾ നാം കുകഴിഞ്ഞു. (ഉൽപ 27, 1-40). ഒരു ആധ്യാത്മിക ഒസ്യത്ത് (Spiritual testament) പോലെയാണ് ഈ ആശീർവ്വാദത്തിൽ ഈ ആശയം കൂടുതൽ വ്യക്തമായി (ഉൽപ 49, 1-28). ഗോത്രപിതാവല്ലെങ്കിലും ഇസ്രായേൽജനത്തിന്റെ അതുല്യനേതാവായ മോശ ജനത്തിന്റെ ഭാവിയെ സംബന്ധിച്ച ആശീർവ്വാദങ്ങൾ ഉച്ചരിക്കുക തികച്ചും സ്വാഭാവികമത്രേ.

മോശയുടെ ആശീർവ്വാദമായിട്ടാണ് ഈ അധ്യായം മുഴുവൻ അവതരിപ്പിച്ചിരിക്കുന്നതെങ്കിലും സൂക്ഷ്മമായ പഠനത്തിന് വിധേയമാക്കുമ്പോൾ പലപ്രശ്നങ്ങളും പൊന്തിവരുന്നു. ആശിർവ്വാദത്തിന്റെ ആരംഭവും (33, 2-5) അവസാനവും (33, 26-29) കർത്താവിനെ സ്തുതിക്കുന്ന ഒരു കീർത്തനത്തിന്റെ ശൈലിയിലാണ് രചിച്ചിരിക്കുന്നത്. ആശീർവ്വാദങ്ങൾ ഒഴിവാക്കിയാൽ ഈ രു ഭാഗങ്ങൾ ഒരുമിച്ച് ഒറ്റ സങ്കീർത്തനമായി കാണാൻ കഴിയും. ഈ കീർത്തനം ഇപ്പോൾ ആശീർവ്വാദങ്ങളുടെ ആമുഖവും ഉപസംഹാരവുമായി നില്ക്കുന്നു. പന്ത്രു ഗോത്രങ്ങളുടെ പട്ടികയിൽ ശിമയോൻ ഗോത്രമില്ല; പകരം ജോസഫിനെ എഫ്രേം, മനാസ്സെ എന്ന രു ഗോത്രങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. ോരോ ഗോത്രത്തിനും നല്കുന്ന ആശീർവ്വാദത്തിന്റെ ഭാഷ വ്യത്യസ്ത കാലഘട്ടങ്ങളുടെ പ്രത്യേകതയുള്ളതാണ്. ചിലത് ബി.സി. 11-ാം നൂറ്റാിലും മറ്റു ചിലത് ഏഴാം നൂറ്റാിലും പ്രചാരത്തിലിരുന്ന ഭാഷാശേലിയും ചരിത്ര സാഹചര്യങ്ങളും പ്രകടമാക്കുന്നു. ചില ആശീർവ്വാദങ്ങൾ ദീർഘവും ദൈവശാസ്ത്രപര

മായ വിചിന്തനങ്ങൾ ഉൾക്കൊള്ളുന്നതുമാണ് (33, 8-11. 13-17), മറ്റു ചിലതാകട്ടെ വളരെ ഹ്രസ്വമായ ആശംസകളോ പ്രസ്താവനകളോ മാത്രമായി നില്ക്കുന്നു (33, 18. 22).

ഓരോ ഗോത്രത്തിന്റെയും ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പ്രത്യേകതകളെ സൂചിപ്പിക്കുന്ന ചൊല്ലുകളുടെ സമാഹാരമാണ് 6-25 വാക്യങ്ങൾ. വ്യത്യസ്തസാഹചര്യങ്ങളിൽ രൂപം പ്രാപിച്ച ഈ അനുഗ്രഹവചസുകൾ സമാഹരിച്ച്, സ്തുതി കീർത്തനത്തിന്റെ മധ്യേ ചേർത്ത്, മോശയുടെ അന്തമാശീർവ്വാദമായി അവതരിപ്പിച്ചത് നിയമാവർത്തന പുസ്തക്തിന്റെ അന്തിമമായ പ്രസാധനം നടത്തിയവരാണെന്ന് വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. കഴിഞ്ഞ അധ്യായത്തിലെ കീർത്തനത്തിൽ മോശയുടെ കർതൃത്വത്തെയും അധികാരത്തെയും കുറിച്ചു പറഞ്ഞ കാര്യങ്ങൾ ഈ ആശീർവ്വാദതാതെ കുറിച്ചും പ്രസക്തമാണ്.

സ്തുതി കീർത്തനത്തിന്റെ മധ്യത്തിൽ ആശീർവ്വാദനങ്ങൾ ചേർത്തിരിക്കുന്നതിനാൽ ഇതിനെ ഒരു ആശീർവ്വാദകീർത്തനം എന്നു വിളിക്കാം. ഈ കീർത്തനത്തിലെ ചില വാക്യങ്ങളുടെ ഹീബ്രുമൂലം വ്യക്തമല്ലാത്തതിനാൽ ഒരേ വാക്യം പലതരത്തിൽ വിവർത്തനം ചെയ്യപ്പെടാറു ്.

**ആമുഖകീർത്തനം 33, 1-5**

''മോശ ഇസ്രായേൽ ജനത്തിനു നല്കിയ അനുഗ്രഹമാണിത്'' എന്ന തലക്കെട്ട് അധ്യായത്തിന്റഎ ഉള്ളടക്കത്തെ സൂചിപ്പിക്കുന്നു. ''ദൈവപുരുഷൻ'' എന്ന വിശേഷണം മോശയുടെ പ്രവാചകത്വത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. പ്രവാചകന്മാരെയാണ് ബൈബിൾ ''ദൈവപുരുഷൻ'' എന്നു വിളിക്കുന്നത് (1 രാജാ 17, 18; 2 രാജാ 4, 6). ഇസ്രായേൽ ജനത്തെ വാഗ്ദത്തഭൂമിയിലേക്കു നയിച്ച കർത്താവിന്റഎ ജൈത്രയാത്രയാണ് 33, 2ലെ പ്രതിപാദ്യം. കർത്താവിന്റെ വിജയങ്ങളെ പ്രഘോഷിക്കുന്ന കീർത്തനങ്ങളുമായി (സങ്കീ 68; ന്യായാ 5; ഹബ 3, 3-6) ഇതിന് അടുത്ത ബന്ധമു്.

സീനായ്, സെയിർ, പാരാൻ എന്നീ മൂന്നു സ്ഥലങ്ങൾ പ്രത്യേകം എടുത്തു പറയുന്നു. കർത്താവിന്റെ മഹത്വപൂർണ്ണമായ സാന്നിദ്ധ്യം





ജനം അനുഭവിച്ചറിഞ്ഞ സ്ഥലമാണല്ലോ സീനായ് (പുറ 19). ഏദോമിന്റെ പര്യായമാണ് സെയിർ. യാത്രാമധ്യേ കർത്താവിന്റെ മേഘം പാരാൻ മരുഭൂമിയിൽ നിലയുറപ്പിച്ചതിനെ (സംഖ്യ 10, 12)യാണ് പാരാൻ പർവ്വതത്തിൽ നിന്ന് പ്രകാശിച്ചു എന്ന് ഇവിടെ വിശേഷപ്പിക്കുന്നത്.

''വിശുദ്ധരുടെ പതിനായിരങ്ങൾ'' ആരെ സൂചിപ്പിക്കുന്നു എന്നതിൽ തർക്കമു്. അടുത്ത വാക്യത്തിൽ ഈ വിശേഷണം ഇസ്രായേൽ ജനത്തെ സൂചിപ്പിക്കുന്നതിനാൽ ഇവിടെയും ആ അർത്ഥമാണുള്ളത് എന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. എന്നാൽ ഈ വാക്യം മുഴുവൻ ഒരു യുദ്ധകീർത്തനത്തിന്റെ ശൈലിയിൽ രചിച്ചിരിക്കുന്നതിനാൽ കർത്താവിന്റെ സ്വർഗ്ഗീയ സൈന്യമായ മാലാഖമാരുടെ ഗണത്തെയാണ് ഇവിടെ വിവക്ഷിക്കുന്നത് എന്ന അഭിപ്രായം കൂടുതൽ സ്വീകാര്യമായി തോന്നുന്നു. ''സൈന്യങ്ങളുടെ കർത്താവ്'' എന്ന വിശേഷണത്തിന്റെ മറ്റൊരു രൂപമായി ഇതിനെ കരുതാനാവും. ''മാലാഖമാർ'' എന്നാണ് സപ്തതി ഇതിനെ വിവർത്തനം ചെയ്യുന്നത്.

''അവിടുത്തെ വലതുഭാഗത്തു നിന്ന് ജ്വലിക്കുന്ന നിയമം പുറപ്പെട്ടു'' എന്നു വിവർത്തനം ചെയ്യുന്ന വാക്യത്തിന്റഎ ഹീബ്രുമൂലം വ്യക്തമല്ല. ''ജ്വലിക്കുന്ന അഗ്നി'' എന്നും ഇതിനെ വിവർത്തനം ചെയ്യാറു ്. ''അവൻ തെക്കുള്ള മലയോരങ്ങളിൽ നിന്നു വന്നു'', ''അവന്റെ വലതുഭാഗത്ത് അകമ്പടി സേവിച്ചു'' എന്നിങ്ങനെ അനേകം തരത്തിൽ ഈ വാക്യശകലത്തിന് വിവർത്തന സാധ്യത ഉള്ളതിനാൽ എന്താണ് മൂലാർത്ഥം എന്നു വ്യക്തമല്ല. കർത്താവു തന്റെ ജനത്തിനു നല്കിയി വിജയമാണ് ഇവിടെ പ്രകീർത്തിക്കുന്നത്. നിയമത്തെക്കുറിച്ച് അടുത്തരു വാക്യങ്ങളിൽ പ്രതിപാദിക്കുന്നതിനാൽ ലത്തീൻ വിവർത്തനമായ വുൾഗാത്തായിൽ നിന്നു സ്വീകരിച്ചിരിക്കുന്ന മലയാള വിവർത്തനം തന്നെ സാഹചര്യത്തിന് ഏറ്റം അനുയോജ്യമായി കരുതാം. സീനായ് മലയിൽവെച്ച് അഗ്നിയുടെ മധ്യത്തിൽ നിന്നാണല്ലോ നിയമം നല്കപ്പെട്ടത് (പുറ 19, 17; നിയ 5, 4-5).

ഇസ്രായേൽജനത്തിന്റെ പ്രത്യേക പദവി 33, 3ൽ പ്രകീർത്തിക്കുന്നു. കർത്താവിന്റെ സ്നേഹമാണ് അവർക്ക് ഈ പദവി നല്കി

യതെന്നു നിയമാവർത്തന പുസ്തകത്തിൽ അനേകം തവണ എടുത്തു പറഞ്ഞിട്ടു് (നിയ 4,37; 7, 7; 10, 15). കർത്താവിനായി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട ഇസ്രായേൽജനത്തെ "വിശുദ്ധർ" എന്നു വിശേഷിപ്പിക്കുന്നു. അവരെ ദൈവം കരങ്ങളിൽ വഹിക്കുന്നു. ദൈവത്തിന്റഎ നിരന്തരമായ പരിപാലനവും അവിടുത്തെ നിർദ്ദേശങ്ങളോടുള്ള ജനത്തിന്റെ വിധേയത്വവുമാണ് ഇവിടെ ഏറ്റു പറയുന്നത്.

മോശയിലൂടെ നല്കപ്പെട്ട നിയമം ഇസ്രായേലിന്റെ അവകാശമായി 4-ാം വാക്യത്തിൽ ചിത്രീകരിക്കുന്നു. ഇസ്രായേലിനെ 'യാക്കോബിന്റെ സമൂഹം' എന്ന് ഹീബ്രുവിൽ വിശേഷിപ്പിച്ചിരിക്കുന്നു. 5-ാം വാക്യത്തിൽ കർത്താവിന്റഎ രാജത്വത്തെ പ്രകീർത്തിക്കുന്നു. "ഇസ്രായേൽ ഗോത്രങ്ങളും ജനത്തിന്റഎ തലവന്മാരും ഒരുമിച്ചുകൂടിയപ്പോൾ യഷാറൂണിൽ (ഇസ്രായേലിൽ) കർത്താവായിരുന്നു രാജാവ്" എന്ന വിവർത്തനം ഒരു വ്യഖ്യാനമാണ്. കർത്താവ് എന്ന പദം മൂലത്തിലില്ല; സാഹചര്യത്തിൽ നിന്ന് കർത്താവിനെയാണ് രാജാവായി വിവക്ഷിക്കുന്നത് എന്ന് അനുമാനിക്കാം. "ആയിരുന്നു" എന്നും വിവർത്തനം ചെയ്യാവുന്നതാണ് ഹീബ്രുവിലെ ക്രിയാപദം. കർത്താവാണ് എന്നും ഇസ്രായേലിന്റെ രാജാവ് എന്ന് ആദ്യത്തെ വിവർത്തനം സൂചിപ്പിക്കുന്നു. രാമത്തേതാകട്ടെ ഒരു പ്രത്യേക പ്രവൃത്തിയിലൂടെ കർത്താവ് രാജത്വം ഏറ്റെടുക്കുന്നതിനെയും.

ദൈവത്തിന്റെ രാജത്വം ശാശ്വതമാണെങ്കിലും ജനത്തിനു നല്കുന്ന വിജയവും കർത്താവിന്റഎ കല്പനകളോടുള്ള അവരുടെ വിധേയത്വവും വഴി അവിടുത്തെ രാജത്വം, അഥവാ രാജഭരണം അവരുടെ മേൽ സ്ഥാപിക്കപ്പെടുന്ന "കർത്താവു രാജാവായി" എന്ന പ്രഖ്യാപനം ശ്രദ്ധ തിരിക്കുന്നത് (ഏശ 52, 7). ഇതിനെ കർത്താവിന്റെ സിംഹാസനാരോഹണം എന്നും വിളിക്കാറു്. ഉടമ്പടി നവീകരണവേളയിൽ ജനം കർത്താവിന്റെ പ്രമാണങ്ങൾ അനുസരിച്ചുകൊള്ളാം എന്നു പ്രതിജ്ഞ ചെയ്തുകൊ് അവിടുത്തെ രാജത്വം ഏറ്റുപറയുന്നതിനെയാണ് ഈ വാക്യം സൂചിപ്പിക്കുന്നത് എന്നു കരുതാം. അങ്ങിനെയെങ്കിൽ ഉടമ്പടി നവീകരണച്ചടങ്ങുമായി ബന്ധപ്പെട്ടതാണ് ഈ കീർത്തനം.

**വിചിന്തനം** : അനാദിയും അനന്തവുമായ കർത്താവിന്റെ രാജ്യം,





അഥവാ രാജഭരണം അവിടുത്തെ തിരുഹിതത്തിനു സ്വയം വിട്ടുകൊടുക്കുന്ന വ്യക്തികളിലും സമൂഹങ്ങളിലുമാണ് ഒരു യാഥാർത്ഥ്യമായി ഭവിക്കുന്നത്. "അങ്ങയുടെ രാജായം വരണമേ; അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണമേ" എന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ യേശുനാഥൻ ഈ സത്യം എടുത്തുകാട്ടി. കർത്താവ് തന്റെ ഭരണം ആരുടെയും മേൽ അടിച്ചേല്പിപ്പിക്കുന്നില്ല. അവിടുത്തെ പാദാത്തികത്തിലിരുന്ന്, അവിടുത്തെ വചനം ശ്രവിച്ച്, ജീവിതത്തിൽ പകർത്തുന്നവർ കർത്താവിനെ തങ്ങളുടെ രാജാവായി ഏറ്റുപറയുന്നു; അവരിൽ ദൈവരാജ്യം സാക്ഷാൽകൃതമാകുന്നു.

**ആശീർവ്വാദങ്ങൾ : 33, 6-25**

മോശയുടെ ആശീർവ്വാദങ്ങൾക്ക് യാക്കോബിന്റെ ആശീർവ്വാദങ്ങളുമായി (ഉൽപ 49, 3-27) അടുത്ത ബന്ധമു്. എന്നാൽ പന്ത്രുഗോത്രങ്ങൾക്കുള്ള അനുഗ്രഹവചസുകൾ അവതരിപ്പിക്കുന്ന ക്രമത്തിൽ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്നു വ്യക്തമല്ല.

സംഖ്യ 1; 26; 1ദിന 2, 1-2 തുടങ്ങിയ ബൈബിൾ ഭാഗങ്ങളിൽ വീും വ്യത്യസ്ത ക്രമങ്ങളിലുള്ള പട്ടികകൾ കാണാം. പഠനവിഷയമായ പട്ടികയിൽ നിന്നുള്ള ഏറ്റം പ്രകടമായ വ്യത്യാസം ശിയോൻ ഗോത്രത്തിന്റെ അഭാവമാണ്. പകരം ജോസഫിനെ ഏഫ്രേം, മനാസ്സെ എന്ന രു ഗോത്രങ്ങളായി തിരിച്ചിരിക്കുന്നു. വാഗ്ദത്തഭൂമിയിൽ എത്തി ഏറെക്കാലം കഴിയുന്നതിനുമുമ്പേ ശിമയോൻഗോത്രം യൂദാഗോത്രത്തിൽ ലയിച്ച് അപ്രത്യക്ഷമായതിനാലാവാം ഇവിടെ ശിമയോനെക്കുറിച്ചു പ്രതിപാദിക്കാത്തത്. മറ്റു പട്ടികകൾ ഗോത്രപിതാക്കന്മാരുടെ പ്രായമനുസരിച്ചാണ് വലിയൊരു പരിധിവരെ ക്രമീകരിച്ചിരിക്കുന്നത്. ഇവിടെയാകട്ടെ ഓരോ ഗോത്രവും അധിവസിച്ച പ്രദേശത്തെ മുന്നിൽ കുകൊ് ഗോത്രക്രമം നിശ്ചിയിച്ചിരിക്കുന്നതായി കരുതാം. വാഗ്ദത്തഭൂമിയുടെ തെക്കുകിഴക്കേ അറ്റത്തു തുടങ്ങി പടിഞ്ഞാറോട്ടും തുടർന്ന് വടക്കോട്ടും ശ്രദ്ധ തിരിക്കുന്നു. ആദ്യം യൂദാഗോത്രത്തിന്റെ തെക്കു വാസമുറിപ്പിക്കാൻ ശ്രമിച്ച ദാൻഗോത്രം പിന്നീട് കാനാൻ ദേശത്തിന്റെ വടക്കുഭാഗത്തേക്കു മാറിയതിനാൽ (ന്യായാ 18) ദാൻഗോത്രത്തെക്കുറിച്ച് ഗാദുഗോത്രത്തിനു ശേഷം പ്രതി

പാദിക്കുന്നു.

**റൂബെൻ 33, 6 :** ഓരോ ഗോത്രത്തിനുമുള്ള ആശിർവ്വാദം ''...... കുറിച്ച് അവൻ പറഞ്ഞു'' എന്ന മുഖവുരയോടെയാണ് ആരംഭിക്കുന്നത്. റൂബെൻ ഗോത്രത്തിനുള്ള ആശീർവ്വാദത്തിൽ മാത്രം ഈ മുഖവുര യില്ല. റൂബെനു നല്കുന്ന ''ജീവിക്കട്ടെ, മരിക്കാതിരിക്കട്ടെ'' എന്ന ആശീർവ്വാദം ആ ഗോത്രം ഇല്ലാതായി പോയേക്കുമെന്ന ആശങ്ക പ്രതിഫലിപ്പിക്കുന്നു. ഏതു ചരിത്ര സാഹചര്യത്തെയാണ് ഇതു സൂചി പ്പിക്കുന്നത് എന്നു വ്യക്തമല്ല. യാക്കോബിന്റെ ആദ്യജാതനും ഇസ്രാ യേൽ ഗോത്രങ്ങളിൽ ഒന്നാമനുമാണെനങ്കിലും റൂബെന് യാക്കോബ് നല്കുന്ന അനുഗ്രഹത്തിലും (ഉൽപ 49, 3-4) ആ ഗോത്രത്തിന്റെ ബല ഹീനതയും പരിമിതികളും എടുത്തുപറയുന്നു്. ആദ്യജാതന്റെ അവകാശം സ്വന്തം കുറ്റത്താൽ നഷ്ടപ്പെടുത്തിയ റൂബെൻ അപ്രധാ നമായ ഒരു ഗോത്രമായി നിലനിന്നു.

**യൂദാ 33, 7 :** യൂദായ്ക്കു നല്കുന്ന ആശീർവ്വാദം (33, 7) ഒരു പ്രാർത്ഥനയുടെ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നു. മറ്റു ഗോത്രങ്ങ ളിൽ നിന്നു യൂദാ വേറിട്ടു നില്ക്കുന്ന ഒരു സാഹചര്യമാണ് ഇവിടെ വിഭാവനം ചെയ്യുന്നത്. വാഗ്ദത്തഭൂമി കൈയ്യടക്കാൻ വേി നട ത്തുന്ന പോരാട്ടങ്ങളുടെ കാലത്തെയാണ് ഇതു സൂചിപ്പിക്കുന്നത് എന്ന് ചില വ്യാഖ്യാതാക്കൾ കരുതുന്നു. രാജ്യത്വത്തെക്കുറിച്ചോ ഇസ്രായേലിൽ യൂദായ്ക്കു ലഭിച്ച പ്രമുഖസ്ഥാനത്തെ കുറിച്ചോ ഇവിടെ സൂചനയില്ലാത്തതിനവാൽ രാജഭരണം ആരംഭിക്കുന്നതിന് മുമ്പുള്ള ഒരു സാഹചര്യമാണ് ഇവിടെ വിവക്ഷിക്കുന്നത് എന്ന് അനു മാനിക്കാം.

**ലേവി 33, 8-11 :** യാക്കോബിന്റെ അനുഗ്രഹം ലേവിക്ക് അനുഗ്ര ഹത്തെക്കാൾ ശാപമായിട്ടാണ് അവതരിപ്പിച്ചത്. എന്നാൽ ഇവിടെ ആ ഗോത്രത്തിന് വലിയ പ്രാധാന്യം നല്കിയിരിക്കുന്നു. മൂന്നു കാര്യ ങ്ങളാണ് ലേവീ ഗോത്രത്തിന്റെ ദൗത്യമായി എടുത്തു കാട്ടുന്നത്. 1. വ്യക്തികളുടെ തർക്കങ്ങളിലും സംശയങ്ങളിലും തീർപ്പു കല്പിക്കു ക. ദൈവഹിതം അറിയാനുള്ള ഉപകരണങ്ങളാണ് തുമ്മീമും ഉറീമും (പുറ 28, 30). 2. ജനത്തെ കർത്താവിന്റെ നിയമം പഠിപ്പിക്കുക. 3.





ബലിയർപ്പിക്കു. ലേവിയെ മാസായിൽ വച്ചു പരീത്രിച്ചു എന്നു പറ യുന്നത് സംഖ്യ 20, 1-13ൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവത്തെ സൂചിപ്പിക്കുന്നു. ലേവീ ഗോത്രജരായ മോശയും അഹറോനുമാ ണല്ലോ ആ സംഭവത്തിലെ മുക്യ കഥാപാത്രങ്ങൾ. സീനായിലെ കാളക്കുട്ടിയുമായി ബന്ധപ്പെട്ട സംഭവത്തിലാണ് (പുറ 32, 25-29) ലേവീ ഗോത്രം കുടുംബബന്ധങ്ങളെക്കാളുപരി കർത്താവിനോടുള്ള വിശ്വ സ്തതയ്ക്കു പ്രാധാന്യം നല്കിയത്. ശത്രുക്കളുടെ ശക്തി തകർത്ത് സംരക്ഷണവും സമ്പത്തും സമൃദ്ധമായി നല്കണമേയെന്ന 11-ാം വാക്യത്തിലെ പ്രാർത്ഥന യൂദായ്ക്കു വേിയുള്ല പ്രാർത്ഥനയുടെ ഭാഗമായി കരുതുന്നവരു്.

**ബെഞ്ചമിൻ 33, 12 :** കർത്താവിനു പ്രിയപ്പെട്ടവൻ എന്ന വിശേഷണം ഏറ്റം ഇളയവനും ഇഷ്ടഭാര്യയായ റാഹേലിൽ നിന്നു ജനിച്ചവനു മായ ബെഞ്ചമിനോടു യാക്കോബിനുായിരുന്ന പ്രത്യേക സ്നേഹത്തെ അനുസ്മരിപ്പിക്കുന്നു. ''അവിടുത്തെ ചുമലുകൾക്കിട യിൽ അവൻ വാസമുറപ്പിക്കും'' എന്ന അനുഗ്രഹം കഴുകന്റെ ചിറകു കളുടെ (നിയ 32, 11) പ്രതീകവുമായി ബന്ധപ്പെട്ടതാണ്. പിതാവു പുത്രനെ ചുമലിൽ വഹിക്കുന്നതിന്റെ ചരിത്രവും ഇവിടെ തെളിയുന്നു (നിയ 1, 31). കർത്താവു നല്കുന്ന പ്രത്യേക സംരക്ഷണത്തിന്റെ അട യാളമാണിത്. ''കർത്താവ് അവന്റെ ചുമലുകൾക്കിടയിൽ വാസമുറ പ്പിക്കും'' എന്നും ഈ വാക്യം വിവർത്തനം ചെയ്യാം. ബെഞ്ചമിൻ ഗോത്രത്തിന്റെ മലമ്പ്രദേശത്തു കർത്താവു വസിക്കും എന്നായി രിക്കും ഇതു സൂചിപ്പിക്കുക. കർത്താവു തന്റെ വാസസ്ഥലമായി തിരഞ്ഞെടുക്കുന്നത് ബെഞ്ചമിൻ ഗോത്രത്തിലുള്ള ഒരു പട്ടണമായി രിക്കും എന്ന സൂചന ചില വ്യാഖ്യാതാക്കൾ ഈ വാക്യത്തിൽ കാണു ന്നു്.

**ജോസഫ് 33, 13-17 :** എഫ്രേം, മനാസ്സെ എന്ന രു ഗോത്രങ്ങളായി തിരിച്ചു ജോസഫിനു നല്കുന്ന ആശിർവാദമാണ് ഏറ്റം ദീർഘമായ ത്. ആ ഗോത്രങ്ങൾക്ക് ഇസ്രായേലിലുായിരുന്ന പ്രമുഖ സ്ഥാന ത്തിന്റെ അടയാളമാണിത്. മഴയും മഞ്ഞും ഉറവകളും മൂലം ഭൂമി ക്കുാകുന്ന ഫലപുഷ്ടി, മലകളിൽ നിന്നു ലഭിക്കുന്ന ലോഹങ്ങളും ധാതുക്കളും, സൈന്യശക്തി, ശത്രുക്കളുടെ മേൽ വിജയം, ദേശത്തിനു

വിസ്തൃതി മുതലായവ അനുഗ്രഹങ്ങളായി നല്കുന്നു. ഇവയ്ക്കെല്ലാം അടിസ്ഥാനമായി നില്ക്കുന്നത് കർത്താവിന്റെ പ്രസാദവരമാണ്. ''മുൾപ്പടർപ്പിൽ വസിക്കുന്നവൻ'' എന്ന വിശേഷണം മോശയ്ക്കു ലഭിച്ച ദർശനത്തെ (പുറ 3, 2) അനുസ്മരിപ്പിക്കുന്നു.

**സെബലൂൺ, ഇസ്സാക്കാർ 33, 18-19** : രു ഗോത്രങ്ങൾക്കുള്ള ആശീർവ്വാദം ഒരുമിച്ചു നല്കിയിരിക്കുന്നു. ''പ്രയാണം'' എന്നത് സെബലൂൺ ഗോത്രം ഏർപ്പെട്ടിരുന്ന കടൽ വ്യാപാരത്തെ സൂചിപ്പിക്കുന്നതായി വ്യാഖ്യാതാക്കൾ കരുതുന്നു. ഇസ്സാക്കാർ ഗോത്രം നേരെ മറിച്ച് ദേശത്തു വാസമുറപ്പിച്ച് കൃഷിയിൽ നിന്ന് ഉപജീവനം കഴിക്കുന്നതിനെയാണ് ''കൂടാരങ്ങളിൽ'' സന്തോഷിക്കാനുള്ള ആഹ്വാനം സൂചിപ്പിക്കുന്നത്. ഈ രു ഗോത്രങ്ങളുടെയും നടുവിൽ ഉയർന്നു നില്ക്കുന്ന താബോർ മലയിൽ കർത്താവിനു ബലിയർപ്പിക്കുന്ന ആരാധനാലയമുമ്ടായിരുന്നു (ന്യായാ 4, 6. 12; ഹോസി 5, 1). ഇതിനെയായിരിക്കും ''ജനതകളെ പർവ്വതത്തിലേക്കു വിളിക്കും'' എന്ന പ്രസ്താവന സൂചിപ്പിക്കുന്നത്. കടൽമാർഗ്ഗമുള്ള വ്യാപാരവും മത്സ്യബന്ധനവും വഴി ലഭിക്കുന്ന സമ്പത്താണ് കടലിന്റെ സമൃദ്ധി, കാരവൻ സംഘങ്ങളിൽ നിന്നും മരുഭൂമി കടന്നുള്ള കച്ചവടത്തിൽ നിന്നും ലഭിക്കുന്ന സമ്പത്ത് മണലിലെ നിഗൂഢനിക്ഷേപങ്ങളും.

**ഗാദ് 33, 20-22** : ഗാദിനു നല്കുന്ന ആശീർവ്വാദത്തിൽ ഏറെ അവ്യക്തതകളു്. 'അതിർത്തി വിസ്തൃതമാക്കുന്നവൻ' എന്ന വിശേഷണം കർത്താവിനെയാണ് സൂചിപ്പിക്കുന്നതെങ്കിൽ അവിടുത്തെ സ്തുതിക്കാനുള്ള ആഹ്വാനത്തോടെയാണ് ആശീർവ്വാദം ആരംഭിക്കുന്നത്. ''തന്റെ വിസ്തൃതമായ അതിർത്തികളിൽ ഗാദ് അനുഗ്രഹീതൻ'' എന്നും ഈ വാക്യം വിവർത്തനം ചെയ്യാം. സിംഹത്തിന്റെ പ്രതീകം ശക്തിയെയും കടന്നാക്രമിക്കുന്ന സ്വഭാവത്തെയും സൂചിപ്പിക്കുന്നു. ജോർദ്ദാൻ നദിയുടെ കിഴക്കു വാസമുറപ്പിച്ച മൂന്നു ഗോത്രങ്ങളിൽ നടുവിലത്തേതാണ് ഗാദ്. തെക്കുള്ള റൂബെൻ ഗോത്രത്തിന്റെ സ്ഥലത്തിൽ ഭൂരിഭാഗവും അവർ കാലക്രമത്തിൽ സ്വന്തമാക്കി. ''ഭുജം മൂർദ്ധാവോടെ വലിച്ചുകീറുന്നു'' എന്ന പ്രസ്താവന ഈ വസ്തുതയെ സൂചിപ്പിക്കുന്നതാവാം. ഇസ്രായേൽ ഗോത്രങ്ങൾക്കു മധ്യേ ഗാദിനുള്ള നേതൃസ്ഥാനമാണ് 21-ാം വാക്യത്തിൽ അവതരിപ്പിക്കുന്നത്. എന്നാൽ ഇതൊരു ചരിത്രയാഥാർത്ഥ്യമായതിനു തെളിവുകളില്ല.





**ദാൻ 33, 22** : ദാനിനു നല്കുന്ന ആശീർവ്വാദത്തെക്കുറിച്ചും തർക്കമു്. ''സിംഹക്കുട്ടി'' എന്ന വിശേഷണം ഗാദിനു നല്കിയതു തന്നെ. ''ബാഷാനിൽ നിന്നു കുതിച്ചു ചാടുന്നു'' എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുവാക്കുകൾ ''അണലിയിൽ നിന്നു ചാടിയകലുന്നു'' എന്നും വിവർത്തനം ചെയ്യാം. ഈ വിവർത്തനം ശരിയാണെങ്കിൽ ദാൻ ഗോത്രം ന്യായാധിപന്മാരുടെ കാലത്ത്, കാനാൻ്ഡ ദേശത്തിനു തെക്ക് അവകാശം സ്ഥാപിക്കാൻ ശ്രമിച്ചു പരാജയപ്പെട്ടതിനാൽ വടക്കു ബാഷാനിലേക്കു മാറി താമസിച്ചതിനെ ആയിരിക്കും ഇതു സൂചിപ്പിക്കുക.

**നഫ്ത്താലി 33, 23** : നഫ്ത്താലിയെ ദൈവാനുഗ്രഹത്താൽ സമ്പന്നനായി ചിത്രീകരിച്ചിരിക്കുന്നു. ''കടൽ'' എന്നതു ഗലീലിത്തടാകത്തെ സൂചിപ്പിക്കുന്നതായി വ്യാഖ്യാതാക്കൾ കരുതുന്നു. തടാകത്തിന്റെ വടക്കും പടിഞ്ഞാറുമായിട്ടാണ് ആ ഗോത്രം വാസമുറപ്പിച്ചത്. അതിനാൽ തെക്കുള്ള ഗലീലിത്തടാകം എന്നായിരിക്കും ''കടലും ദക്ഷിണദിക്കും'' എന്നതുകൊ് ഉദ്ദേശിക്കുന്നത്.

**ആഷേർ 33, 24-25** : ആഷേർ എല്ലാ ഗോത്രങ്ങളിലും വച്ച് ഏറ്റം അനുഗൃഹിതനാകട്ടെ എന്ന് ആശീർവ്വദിക്കുന്നു. ലേപനം ചെയ്യാൻ ഉപയോഗിക്കുന്ന ഒലിവെണ്ണയിൽ കാലുകഴുകുന്നത് വലിയ സമൃദ്ധിയുടെ പ്രതീകമാണ്. ഇരുമ്പും പിത്തളയും കൊുള്ള ഓടാമ്പൽ സൈനികശക്തിയെ സൂചിപ്പിക്കുന്നു. ജീവിതകാലം മുഴുവൻ സുരക്ഷിതനായി വസിക്കാനുള്ള ശക്തി അവനു് എന്നാണ് ''നിന്റെ ആയുസ്സോളം നിന്റെ ശക്തിയും'' എന്ന പ്രയോഗം അർത്ഥമാക്കുന്നത്.

**ഉപസംഹാരം 33, 26-29** : ഓരോ ഗോത്രത്തിനും നല്കിയ ആശീർവ്വാദങ്ങൾ വിവരിച്ചതിനുശേഷം കർത്താവിനുള്ള സ്തുതികീർത്തനത്തിലേക്കു വീും തിരിച്ചു വരുന്നു. ആശീർവ്വാദകീർത്തനത്തിന്റെ ആരംഭത്തിലെന്നതുപോലെ ഉപസംഹാരത്തിലും ഇസ്രായേലിനു നല്കുന്ന പ്രത്യേക സംരക്ഷണത്തെക്കുറിച്ചാണ് കർത്താവിനെ പ്രകീർത്തിക്കുന്നത്. ഇസ്രായേലിനെ വീും യഷ്റൂൺ എന്നു വിശേ

ഷിപ്പിച്ചിരിക്കുന്നു. മേഘത്തേരിൽ സഞ്ചരിക്കുന്ന കർത്താവിന്റെ ചിത്രം ബൈബിളിൽ അനേകം തവണ പ്രത്യക്ഷപ്പെടുന്നു് (സങ്കീ 18, 10; 68, 4; 104, 3; ഏശ 19, 1; എസെ1; മത്താ 26, 64). തന്റെ ആശ്രിതർക്ക് നീതി നടത്തിക്കൊടുക്കാനും ശത്രുക്കളെ ശിക്ഷിക്കാനും വേി അതിവേഗം കർത്താവു വരും എന്ന് ഇത് സൂചിപ്പിക്കുന്നു. കർത്താവിന്റെ സഹായവും അനുഗ്രഹവും ഇസ്രായേലിന് സംരക്ഷണവും സമൃദ്ധിയും നല്കുന്നു. "തനിച്ചു പാർക്കും" (33, 28) എന്ന വാഗ്ദാനം കാനാൻകാരെ പുറന്തള്ളി ഇസ്രായേൽക്കാർ ദേശം മുഴുവൻ സ്വന്തമാക്കും എന്നതിന്റെ സൂചനയാണ്. അതേ സമയം, ഇതര ജനതകളോട് ഇട കലരാതെ തങ്ങളുടെ വ്യക്തിത്വവും വ്യതിരിക്തതയും അവർ കാത്തുസൂക്ഷിക്കും എന്നും ഇതിന് അർത്ഥമു് (സംഖ്യ 23, 9).

വാളും പരിചയും (33, 29) യുദ്ധത്തിൽ കർത്താവു നൽകുന്ന സംരക്ഷണത്തിന്റെ പ്രതീകങ്ങളാണ്. "ഉന്നതസ്ഥലങ്ങൾ" വിഗ്രഹാരാധന നടത്തിയിരുന്ന ബലിപീഠങ്ങളെ സൂചിപ്പിക്കുന്നു. ദേശവാസികളുടെ അന്ധവിശ്വാസങ്ങളാലും ആരാധനാ രീതികളാലും വഞ്ചിതരാകാതെ, അവരുടെ ആരാധനാ സ്ഥലങ്ങൾ നശിപ്പിക്കണം (നിയ 7, 5) എന്ന ആഹ്വാനവും ആശീർവ്വാദത്തിന്റെ അവസാനത്തെ വാക്യത്തി ലു്. "ഉന്നതസ്ഥലങ്ങൾ" എന്നു വിവർത്തനം ചെയ്യുന്ന ഹാബ്രു വാക്കിന് "മുതുക്" എന്നും അർത്ഥമു്. ഈ അർത്ഥം സ്വീകരിച്ചാൽ, ശത്രുക്കളുടെ മേലുള്ള പരിപൂർണ്ണ വിജയമാണ് ഇവിടെ ആശംസിക്കുന്നത്. യുദ്ധത്തിൽ പരാജയപ്പെട്ട ശത്രുക്കളെ നിലത്തുകിടത്തി അവരുടെ പുറത്തു ചവിട്ടുക പുരാതനകാലത്ത് മധ്യപൗരസ്ത്യദേശത്തു പതിവായിരുന്നു.

### e. മോശയുടെ മരണം 34, 1–12

അനേകം മുന്നറിയിപ്പുകളിലൂടെ ഒരുക്കിയ മോശയുടെ മരണത്തെക്കുറിച്ചാണ് നിയമാവർത്തന പുസ്തകത്തിന്റെ അവസാനത്തെ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. 3, 27; 32, 48ൽ നൽകിയ കൽപന അനുസരിച്ച് മോശ നെബോ മലയിലെ പിസ്ഗാ കൊടുമുടിയിൽ കയറി. കർത്താവു തന്നെയാണ് വാഗ്ദത്തഭൂമി അദ്ദേഹത്തിനു





കാണിച്ചുകൊടുക്കുന്നത്. മലമുകളിൽ നിന്നുകൊ് ആദ്യം വടക്കോട്ടും തുടർന്ന് അർദ്ധവൃത്താകൃതിയിൽ ഇടത്തോട്ടും നോക്കിയാൽ കാണാവുന്ന പ്രദേശങ്ങളാണ് ഇസ്രായേലിന് അവകാശമായി ലഭിക്കാൻ പോകുന്ന വാഗ്ദത്തഭൂമി. "പശ്ചിമ സമുദ്രം" (34, 2) മധ്യധരണ്യാഴിയാണ്. ഇവിടെ പേരെടുത്ത് പറയുന്ന പ്രദേശങ്ങൾ മുഴുവൻ അക്ഷരാർത്ഥത്തിൽ മോശ കു എന്നു കരുതേ തില്ല. വാഗ്ദത്തഭൂമിയുടെ വിസ്തൃതിയും മനോഹാരിതയും ഫലപുഷ്ടിയും അകലെ നിന്നു നോക്കിക്കാണാൻ മോശയെ കർത്താവ് അനുവദിച്ചു എന്നേ ഈ വിവരണംകൊ് അർത്ഥമാക്കുന്നുള്ളൂ.

ദേശം നോക്കിക്കാണുന്നത് അതിൽ അവകാശം സ്ഥാപിക്കുന്നതിന്റെ ആദ്യപടയാണ് (ഉൽപ 13, 14; മത്താ 4, 8–9). അതിനാൽ ഇവിടെ കർത്താവ് മോശയെ ഇസ്രായേൽ ജനത്തിന്റെ നേതാവും പ്രതിനിധിയും എന്ന നിലയിൽ വാഗ്ദത്തഭൂമിയുടെ അവകാശിയാക്കുകയാണെന്നും കരുതുന്നവരു്. എന്നാൽ സ്വന്തം അവകാശത്തിൽ സന്തോഷിക്കാനല്ല, തന്റെ ജനത്തിനു ലഭിക്കാൻ പോകുന്ന അവകാശം കു തൃപ്തിയടയാനാണ് മോശയെ ദൈവം അനുവദിക്കുന്നത്. കർത്താവു തന്നറെ വാഗ്ദാനം (ഉൽപ 12, 7; 26, 6; 28, 13) നിറവേറ്റും എന്നതിന്റെ അടയാളവും അച്ചാരവുമാണ് ഈ ദർശനം. കർത്താവിന്റെ ദാസൻ എന്ന് മോശയെ വിശേഷിപ്പിച്ചിരിക്കുന്നു (34, 5). ദാസന് സ്വന്തമായ താല്പര്യങ്ങളോ തീരുമാനങ്ങളോ ഇല്ല. യജമാനന്റെ ഹിതം നിറവേറ്റുക എന്ന ഒറ്റ ലക്ഷ്യമേ ദാസന്റെ ജീവിതത്തിലുള്ളൂ. തന്റെ ദൗത്യം പൂർത്തിയാക്കി എന്ന സംതൃപ്തിയോടെയാണ് മോശ ജീവിതത്തിൽ നിന്നു വിടവാങ്ങിയത് എന്ന് ഈ വിശേഷണം സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ശവകുടീരം എവിടെയാണെന്ന് ആർക്കും അറഫിയില്ല എന്ന പ്രസ്താവന, ശവകുടീരം അന്വേഷിച്ചു പോകുകയല്ല, അദ്ദേഹത്തിനു ലഭിച്ച അസാധാരണ ദൈവാമുഗ്രഹത്തിന്റെ അടയാളമാണ്. അഹറോനെ ഓർത്തെന്നതുപോലെ (സംഖ്യ 20, 29) മോശയെ ഓർത്തും ജനം മുപ്പതു ദിവസത്തേക്കു വിലാപം ആചരിച്ചു.

ഒരു നേതാവിന്റെ മരണം ജനത്തിന്റെ യാത്രയ്ക്കു വിഘാതമാകാൻ കർത്താവ് അനുവദിക്കുന്നില്ല. ആത്മാവിനാൽ പൂരിതനായ

ജോഷ്വാ നേതൃത്വം ഏറ്റെടുത്തു. "ജ്ഞാനത്തിന്റെ ആത്മാവ്" (34, 9) എന്ന വിശേഷണം നേതാവിനു ദൈവം നല്കുന്ന പ്രത്യേക ചൈതന്യത്തെ സൂചിപ്പിക്കുന്നു (ഏശ 11, 2). ദൈവത്തിന്റെ ആത്മാവാണ് നേതാവിനെ നയിക്കുന്നത്. മോശയുടെ കൈവയ്പുവഴി ആത്മാവു നല്കപ്പെട്ടത് നേതൃത്വത്തിലുള്ള ഇടമുറിയാത്ത പുന്തുടർച്ചയുടെ അടയാളമാണ്. മോശയിൽ പ്രവർത്തിച്ച കർത്താവനന്റെ ആത്മാവ് ഇനി ജോഷ്വായിലൂടെ ജനത്തെ നയിക്കും.

മോശയുടെ അതുല്യ പ്രഭാവത്തെ പ്രകീർത്തിച്ചുകൊാണ് നിയമാവർത്തന പുസ്തകം അവസാനിക്കുന്നത്. കർത്താവ് അദ്ദേഹത്തോടു മുഖാഭിമുഖം സംസാരിച്ചു എന്നതാണ് മോശയുടെ മഹത്വത്തിന്റെ അടിസ്ഥാനം (പുറ 34, 11; സംഖ്യ 12, 6-8). കർത്താവിനെ നേരിൽ കാണുകയും അവിടുത്തെ തിരുഹിതം നേരിട്ട് ഗ്രഹിക്കുകയും ചെയ്തു എന്നത് മോശയെ പ്രവാചകന്മാരിൽ അഗ്രഗണ്യനാക്കുന്നു. ഒരു മനുഷ്യവ്യക്തിക്കു കൊടുക്കാവുന്നതിൽ ഏറ്റം വലിയ ബഹുമതികളാണ് ഇവിടെ മോശയ്ക്കു നല്കുന്നത്. മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിനു മാത്രമേ ഇതിനേക്കാൾ വലിയ ബഹുമതികൾ നല്കുന്നുള്ളൂ (യോഹ 5, 46).

**വിചിന്തനം** : അതുല്യനായ നേതാവായിരുന്നു പ്രവാചകനും നിയമദാതാവും വിമോചകനും ഭരണകർത്താവുമായ മോശ. എന്നാലും അദ്ദേഹവും മരിച്ചു. മറ്റുള്ളവർ അദ്ദേഹത്തിന്റെ ദൗത്യം ഏറ്റെടുത്തു. എത്ര പ്രഗത്ഭനായ നേതാവും ഒരിക്കൽ മരിക്കണം. കർത്താവു തന്നെ ഏല്പിച്ച ദൗത്യം വിശ്വസ്തതയോടെ പൂർത്തിയാക്കി എന്നതിൽ സംതൃപ്തി കത്തുകയും നേതൃത്വം പിൻസതലമുറയ്ക്ക് ഏല്പിച്ചുകൊടുത്ത് സന്തോഷത്തോടെ വിടവാങ്ങാൻ കഴിയുകയും ചെയ്യുന്ന നേതാവിന്റെ ജീവിതം ധന്യമാണ്.

## ചോദ്യങ്ങൾ

1. മോശയുടെ മരണത്തിനുശേഷം ജനം കർത്താവിനെ വിശ്വസ്തതയോടെ പിന്തുടരാൻ വേി എന്തു സംവിധാനങ്ങളാണ് ഈ ഭാഗത്തു വിഭാവനം ചെയ്തിരിക്കുന്നത്?

2. ജോഷ്വായെ ഏല്പിക്കുന്ന ദൗത്യം എന്ത്? ദൗത്യനിർവ്വഹണത്തിനായി എന്താണ് ജോഷ്വായിൽ നിന്ന് ആവശ്യപ്പെടുന്നത്?





3. നിയമഗ്രന്ഥം എപ്പോൾ വായിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്? എന്താണ് അതിന്റെ ലക്ഷ്യം?

4. എന്തിനുവേിയാണ് നിയമം ഗ്രന്ഥത്തിലെഴുതി ഉടമ്പടിയുടെ പേടകത്തിനരുകിൽ വയ്ക്കാൻ ആവശ്യപ്പെടുന്നത്?

5. കീർത്തനം എഴുതി ജനത്തെ ചൊല്ലികേൾപ്പിക്കാൻ ആവശ്യപ്പെട്ടത് എന്തിനുവേി?

6. മോശയുടെ കീർത്തനത്തിന്റെ ഉള്ളടക്കം സ്വന്തം വാക്കുകളിൽ ചുരുക്കി എഴുതുക.

7. മോശയുടെ ആശീർവ്വാദവും യാക്കോബിന്റെ ആശീർവ്വാദവും തമ്മിൽ താരതമ്യം ചെയ്യുക.

8. പഴയ നിയമത്തിലെ അതുല്യനായ പ്രവാചകനും നേതാവുമാണ് മോശ. സമർത്ഥിക്കുക.

**ചർച്ചയ്ക്ക്** : 1. മോശയുടെ നേതൃത്വത്തെ കുറിച്ചുള്ള നിയമാവർത്തന പുസ്തകത്തിലെ വിവരണങ്ങളിൽ നിന്ന് യഥാർത്ഥ നേതൃത്വത്തിന്റെ സ്വഭാവം എന്തൊക്കെയാണെന്ന് കുപിടിക്കുക.

2. മോശയുടെ കീർത്തനത്തിലെ 'യഷ്റൂൺ' നിങ്ങളാണെന്ന സങ്കല്പത്തിൽ കീർത്തനം വായിച്ച് നിങ്ങളുടെ വ്യക്തിപരവും സാമൂഹികവുമായ തലങ്ങളെ വിലയിരുത്തുക.

**പ്രാർത്ഥന** : മോശയുടെ കീർത്തനം പ്രാർത്ഥനാപൂർവ്വം വായിക്കുക.

# ഉപസംഹാരം

മോശയുടെ മരണത്തോടെ "ബൈബിൾ തീർത്ഥാടനം" നിർണ്ണായകമായ ഒരു വഴിത്തിരിവിൽ എത്തി നില്ക്കുകയാണ്. ജോഷ്വായുടെ നേതൃത്വത്തിൽ രക്തരൂഷിതമായ പോരാട്ടങ്ങളിലൂടെ ഇസ്രായേൽ ജനം വാഗ്ദത്തഭൂമി കൈവശപ്പെടുത്തിവാസമുറപ്പിക്കുന്നതിന്റെ ഉദ്വേഗ ജനകമായ ചരിത്രമാണ് ഈ തീർത്ഥാടനത്തിന്റെ അടുത്തഘട്ടത്തിൽ നാം കാണാൻ പോകുന്നത്. അതിനു മുമ്പേ, നാം ഇതുവരെ കടന്നു പോന്ന വഴികളിലേക്ക് ഒന്നു തിരിഞ്ഞുനോക്കുന്നത് ഉപകാരപ്രദമായിരിക്കും

തീർത്ഥാടനത്തിന്റെ ആദ്യഘട്ടത്തിൽ ആദിചരിത്രമാണ് (ഉൽപ1-11) നാം പിന്നിട്ടത്. പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ഉത്ഭവം, ലക്ഷ്യം, മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളുടെയും മൂലകാരണം മുതലായവ ഈ ആദ്യഘട്ടത്തിൽ നാം കു. നന്മ മാത്രമായി സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിലേക്ക് മനുഷ്യന്റെ പാപം മൂലം തിന്മ കടന്നുവന്നു. മനുഷ്യൻ സ്വതന്ത്രമായ മനസ്സോടെ ദൈവത്തിനു പകരം സ്വന്തം ഇഷ്ടം അനുസരിക്കുകയും ദൈവത്തെ കൂടാതെ സ്വന്തം ഭാവി കരുപ്പിടിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തതാണ് മൂല പാപം. അതു സകല ബന്ധങ്ങളിലും പിളർപ്പുാക്കി. മനുഷ്യൻ ദൈവത്തിൽ നിന്നകന്നു. ഭർത്താവു ഭാര്യയെ തള്ളിപ്പറഞ്ഞു. സഹോദരൻ സഹോദരനെ വധിച്ചു. പ്രപഞ്ചം മനുഷ്യനു ശത്രുവായി മാറി. മനുഷ്യൻ തനിക്കു തന്നെ അന്യനായി. ലജ്ജയും ഭയവും അവനെ വേട്ടയാടി. അവൻ പണിതുയർത്തിയ നഗരങ്ങൾ അക്രമത്തിന്റെ വിളനിലമായി. അവൻ നിർമ്മിച്ച അംബരചുംബികളായ ഗോപുരങ്ങൾ തകർന്നടിഞ്ഞു. ദൈവമാകാൻ ശ്രമിച്ചവൻ നാണം മറയ്ക്കാനാവാതെ, പരസ്പരം അകന്നു. സമൂഹം ചിതറിത്തകർന്നു.

തന്റെ തന്നെ പാപഭാരത്തിൻകീഴിൽ ഞെരിഞ്ഞമരുന്ന മനുഷ്യനെ കൈപിടിച്ചുയർത്താനായി ദൈവം അവന്റെ ചരിത്രത്തിലേക്കു കടന്നുവന്നു. വിഗ്രഹങ്ങൾ നിറഞ്ഞ നഗരത്തിന്റെ നടുവിൽ നിന്ന് ദൈവം ഒരു മനുഷ്യനെ പേരുചൊല്ലി വിളിച്ച് പുറത്തേക്കു നയിക്കു





ന്നതോടെ തീർത്ഥാടനത്തിന്റെ രാം ഘട്ടം (പൂർവ്വ പിതാക്കന്മാരുടെ ചരിത്രം) ആരംഭിക്കുകയായി. താൻ നിർമ്മിച്ച വിഗ്രഹമല്ല, തനിക്കു രൂപം നല്കിയവനാണ് ദൈവം എന്ന് അബ്രഹാം അറിഞ്ഞു. അവന്റെ ഹിതമാണ് താൻ അനുസരിക്കേത് എന്നും ആ തിരുഹിതം തന്റെ മാത്രമല്ല, മാനവ സമൂഹത്തിന്റെ മുഴുവൻ സമഗ്രമായ മോചനമാണു ലക്ഷ്യം വയ്ക്കുന്നതെന്നും അദ്ദേഹം പഠിച്ചു. അറ്റു പോയ ബന്ധങ്ങളുടെ കണ്ണികൾ വിളക്കിച്ചേർക്കുന്ന പ്രക്രിയ അവിടെ ആരംഭിക്കുകയായി.

കർത്താവിന്റെ വിളികേട്ട്, നാടും വീടും വിട്ട് ഇറങ്ങിത്തിരിച്ച അബ്രാഹത്തിനു മുമ്പിൽ ഒരേ ഒരു ലക്ഷ്യമേയുള്ളൂ - തന്നെ വിളിച്ചവനെ അനുസരിക്കുക, അവൻ നയിക്കുന്ന വഴിയിലൂടെ നടക്കുക. ഭൂതകാലത്തെ നേട്ടങ്ങളും ഭാവിയെ സംബന്ധിച്ച പ്രതീക്ഷകളും എല്ലാം അവന്റെ കൈകളിൽ വിട്ട്, അവന്റെ വചനത്തിനുമാത്രം കാതോർത്തു നില്ക്കുന്ന അബ്രാഹത്തിലൂടെ വിശ്വാസത്തിന്റെ ആഴവും വ്യാപ്തിയും പ്രകടമായി. സഹോദരനുവേി അവകാശത്തിന്റെ നല്ല ഭാഗം വിട്ടുകൊടുക്കാൻ തയ്യാറായപ്പോൾ മാനവസാഹോദര്യത്ിന്റെ ആദ്യപാഠങ്ങൾ അദ്ദേഹം പഠിച്ചു. ദൈവത്തിന്റെ കല്പനക്കു വഴങ്ങി, ദുഃഖം മുഴുവൻ ഉള്ളിലൊതുക്കി, പ്രതിഷേധിക്കാത്ത മനസ്സോടെ, തന്റെ ഏകജാതനെ ദഹനബലിയായി അർപ്പിക്കാൻ കത്തി കൈയ്യിലെടുത്ത അബ്രഹം ആദിമനുഷ്യന്റെ അനുസരണക്കേടിന്റെ ചരിത്രം, വിശ്വാസത്തിൽ നിന്നുരിത്തിരിയുന്ന വിധേയത്വത്തിലൂടെ ഒരു പുതിയ വഴിയിലേക്കു തിരിച്ചു വിട്ടു. കുറച്ചു കൂടി കൃത്യമായി പറഞ്ഞാൽ, ദൈവം അബ്രാഹത്തിലൂടെ മാനവചരിത്രത്തെ പുതിയൊരു മേഖലയിലേക്കുയർത്തി. വിളിക്കുന്ന നാഥൻ, വിളികേൾക്കുന്ന ദാസന്; നയിക്കുന്ന ദൈവം, അനുഗമിക്കുന്ന ശിഷ്യൻ; ചോദിക്കുന്ന കർത്താവ്, വിട്ടുകൊടുക്കുന്ന വിശ്വാസി. ദൈവ-മനുഷ്യബന്ധത്തിന്റെ വികാരോജ്വലമായ പ്രണയകാവ്യത്തിന്റെ തുടക്കമാണിത്.

സ്വാർത്ഥമതിയായ മനുഷ്യനെ ക്ലേശങ്ങളുടെ തീച്ചൂളയിൽ ഉരുക്കി ശുദ്ധീകരിക്കുന്നതു ദൈവമാണ്. പേടിച്ചോടുന്ന ഭീരുവിനെ തടഞ്ഞുനിർത്തി, മല്പ്പിടുത്തത്തലൂടെ ശകത്നാക്കുന്ന ദൈവമാണ്

യാക്കോബിന്റെ ദൈവം-പാപഭാരം പേറി, ഭയത്തിന്റെയും ഏകാന്തതയുടെയും മണൽക്കാട്ടിൽ തളർന്നുവീഴുന്നവന്റെ തലയ്ക്കു മുകളിൽ സ്വർഗ്ഗം തുറക്കുന്ന സർവ്വശക്തൻ. പാപിയായ മനുഷ്യനും പരിശുദ്ധനായ ദൈവവും തമ്മിൽ സന്ധിക്കുന്ന കോവണിയാണ് യാക്കോബിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്. ഭൂമിയെയും സ്വർഗ്ഗത്തെയും സംയോജിപ്പിക്കുന്ന പ്രക്രിയയിൽ മുകളിൽ നിൽക്കുന്ന ദൈവവും താഴെ വീണു കിടക്കുന്ന മനുഷ്യനും ഒരുമിച്ചു പങ്കുകാരാകുന്നു.

അസൂയയ്ക്കും വിദ്വേഷത്തിനും അടിമകളായിത്തീർന്ന സഹോദരങ്ങൾ തന്നെ അടിമകളായി വിറ്റെങ്കിലും ശത്രുതയോ പകയോ വച്ചുപുലർത്താതെ അവരെ സഹോദരങ്ങളായി സ്വീകരിച്ചു സംരക്ഷിക്കാൻ തയ്യാറായ ജോസഫ് സാഹോദര്യത്തിന്റെ വഴിത്താരയിൽ പ്രകാശം ചൊരിയുന്ന വിളക്കാണ്. എല്ലാറ്റിലും ദൈവകരം കാണുന്ന മനുഷ്യൻ താൽക്കാലികമായ ക്ലേശങ്ങളിൽ മഹത്വത്തിലേക്കു നയിക്കുന്ന ദൈവകരം കാണുന്നു; തനിക്കു സംഭവിക്കുന്നതൊന്നും യാദൃശ്ചികമല്ല, ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഭാഗമാണെന്നു മനസ്സിലാക്കി, തുറന്ന മനസ്സോടെ സ്വീകരിക്കുന്നു. വിദ്വേഷത്തിന്റെ അഗ്നിയിൽ ഉരുകാതെ, നിരാശയുടെ നീർച്ചുഴിയിൽ താഴാതെ, വിശ്വാസത്തിന്റെ പാറയിൽ ഉറച്ചുനിന്ന് സാഹോദര്യത്തിന്റെ പൊൻദീപം തെളിയിക്കാൻ തയ്യാറായ സഹോദരൻ സഹോദരങ്ങൾക്കു വിമോചകനായി. സഹോദരനെ വിറ്റു പകപോക്കിയവർ സഹോദരനുവേി അടിമത്തം ഏറ്റെടുക്കാനും ജീവൻ തന്നെ നല്കാനും തയ്യാറായി. സാഹോദര്യത്തിന്റെ പുനഃസ്ഥാപനത്തോടെയാണ് പൂർവ്വപിതാക്കന്മാരുടെ ചരിത്രം സമാപിച്ചത്.

തീർത്ഥാടനത്തിന്റെ മൂന്നാം ഘട്ടം പുറപ്പാടിന്റെ ഇതിഹാസമാണ്, വിമോചനത്തിന്റെ വീരഗാഥ. പരിശുദ്ധനായ ദൈവത്തിന്റെയും പാപിയായ മനുഷ്യന്റെയും തനിനിറം ഈ ഘട്ടത്തിൽ കൂടുതൽ തെളിയുന്നു, അതോടൊപ്പം മനുഷ്യനെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതിയും. പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നീ നാലു പുസ്തകങ്ങളിലെ 137 അധ്യായങ്ങളിലൂടെ ചുരുളഴിയുന്നത് ദൈവം നല്കുന്ന വിമോചനത്തിന്റെ ചരിത്രമാണ്. ഇസ്രായേൽജനത്തിനു മാത്രമല്ല, സകല മനുഷ്യർക്കും നല്കുന്ന രക്ഷയുടെ ചരിത്രം.





നിലവിളികേൾക്കുന്നവനാണ് ദൈവം. മർദ്ദിതനു മോചനം നല്കുന്ന യാഹ്‌വേ എന്നാണ് അവന്റെ നാമം. അസ്തിത്വം തന്നെ അപകടത്തിലായ ഒരു പറ്റം അടിമകളുടെ ദീനരോദനത്തിന് അവൻ കാതോർത്തു. സഹായിക്കാൻ ആരുമില്ലാതെ, നിഷ്ക്കരുണമായ ചൂഷണത്തിനും നിർദ്ദയമായ പീഡനത്തിനും ഇരയായവരെ അവൻ തന്റെ സ്വന്തമെന്നു വിളിച്ചു. അവന്റെ ഹൃദയം കരുണാർദ്രമായി; കരം കരുത്ത് വെളിവാക്കി. മർദ്ദിതരുടെ മോചകനാകാൻ ഒരുവനെ മർദ്ദകന്റെ അണിയറയിൽത്തന്നെ വളർത്തി. ജ്വലിക്കുന്ന മുൾപ്പടർപ്പിൽ നിന്നു മോശയെ വിളിച്ചവൻ വിശ്വാസത്തിന്റെ അഗ്നി അവന്റെ ഉള്ളിൽ കൊളുത്തി; അതു വിമോചനത്തിന്റെകാട്ടുതീയായി കത്തിപ്പടർന്നു. മനുഷ്യനെ കടമയാക്കുന്ന ശക്തി ദുർഗ്ഗങ്ങൾ ആ അഗ്നി പ്രവാഹത്തിൽ എറിഞ്ഞുചാമ്പലായി; അടിമച്ചങ്ങലകൾ ഉരുകിയഴിഞ്ഞു.

വിളിക്കുന്ന ദൈവം - വിളികേൾക്കുന്ന മനുഷ്യൻ. അബ്രഹാമിന്റെ ചരിത്രം മോശയിലൂടെ മുന്നേറി. ഹാരാനിൽനിന്ന് ഏകനായി പുറപ്പെട്ടവന്റെ പിൻമുറക്കാരൻ അടിമകളുടെ ഒരു സമൂഹവുമായി വാഗ്ദത്തഭൂമിയിലേക്കു പുറപ്പെട്ടു. കർത്താവിന്റെ കരുത്തുകജനം സന്തോഷത്തോടെ അവനെ അനുഗമിച്ചു. തടഞ്ഞു നിർത്താൻ തത്രപ്പെട്ടവർ ചെങ്കടലിൽ ചത്തുപൊങ്ങി. കടൽ കടന്നവർ രാഷ്ട്രീയമോചനം നേടിയവരാണ്. പക്ഷേ അതു കർത്താവു ല്യം വയ്ക്കുന്ന സമഗ്രമോചനത്തിന്റെ തുടക്കം മാത്രമേ ആകുന്നുള്ളൂ. വാഗ്ദത്തഭൂമി എന്ന സ്വപ്നം സാക്ഷാൽകൃതമാകാൻ അവർ ഇനിയും ബഹുദൂരം യാത്രചെയ്യേയിരിക്കുന്നു. ആ യാത്ര മരുഭൂമിയിലൂടെയാണ് - വഴിയും നിഴലുമില്ലാത്ത, ആഹാവവും കുടിനീരുമില്ലാത്ത, മരീചികകൾ നിറഞ്ഞ മണൽക്കാട്ടിലൂടെ.

അടിമത്തത്തിന്റെ തടവറയിൽ കർത്താവിന്റെ കരുത്തു കവർ മരുഭൂമിയിൽ അവന്റെ കരുണാർദ്രമായ സ്നേഹം അനുഭവിച്ചറിഞ്ഞു. ചുട്ടുപൊള്ളുന്നവരുടെ തലയ്ക്കു മുകളിൽ മേഘമായി അവൻ തണൽ വിരിച്ചു. അന്ധകാരത്തിൽ തപ്പിത്തടയുന്നവർക്കു മുന്നിൽ അഗ്നിസ്തംഭമായി വഴി നയിച്ചു. ആകാശത്തുനിന്ന് അപ്പം പൊഴിച്ചു. പാറയിൽ നിന്നു കുടിനീരൊഴുക്കി. പിതാവു പുത്രനനെയെന്നപോലെ അവൻ അവരെ തന്റെ ചുമലിൽ എടുത്തു; കഴുകൻ കുഞ്ഞിനെയെ

ന്നപോലെ വിരപിച്ച ചിറകിൽ സംവഹിച്ചു. നവജാത ശിശുവിനെ അമ്മയെന്നപോലെ സ്നേഹത്തിൽ പൊതിഞ്ഞു സംരക്ഷിച്ചു. മഹത്തായ ഒരു ദൗത്യത്തിനു വേി കർത്താവ് അവരെ സാവധാനം ഒരുക്കുകയായിരുന്നു.

വിശാലമായ മണലാരണ്യത്തിൽ ഉയർന്നുനില്ക്കുന്ന സീനായ് മലയുടെ അടിവാരത്തു വച്ചാണ് ആ ദൗത്യം അവർക്കു വെളിപ്പെടുത്തിയത്. കത്തിജ്വലിക്കുന്ന അഗ്നിയും കനത്തമേഘവും കിടിലം കൊള്ളിക്കുന്ന ഇടിമുഴക്കവും ചീറിപ്പായുന്ന മിന്നൽപിണരുകളും അതിനു സാക്ഷിനിന്നു. സർവ്വശകത്നായ സ്രഷ്ടാവ് മേൽവിലാസമില്ലാത്ത ഒരുപറ്റം അടിമകളെ തന്റ്എ മക്കൾ എന്നു വിളിച്ചു. കല്പലകകളിൽ ആലേഖനം ചെയ്ത ഉടമ്പയിടിലൂടെ ആ ബന്ധം ശാശ്വതീകരിച്ചു - "എല്ലാ ജനതകളിലും വച്ച് എനിക്ക് ഏറ്റം പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും നിങ്ങൾ". ലോകജനതകൾക്കു മധ്യേ കർത്താവിന്റെ പുരോഹിത ജനമായിരിക്കുക, സകല ജനതകളെയും അവന്റെ നിയമം പഠിപ്പിച്ച് അവന്റെ ഹിതം അനുസരിക്കാൻ പ്രാപ്തരാക്കുക, അങ്ങനെ ലോകം മുഴുവൻ കർത്താവിനെ അറിയാനും അവിടുത്തെ ജനമായി ജീവിക്കാനും ഇടയാക്കുക - ഇതാണ് ഇസ്രായേൽ ജനതയ്ക്കു നല്കപ്പെട്ട ദൗത്യം.

എങ്ങിനെയാണ് ഈ ദൗത്യം പൂർത്തിയാവുക? എന്താണ് ഇസ്രായൽ അതിനു വേി ചെയ്യേത്? ഉടമ്പടിയുടെ നിബന്ധനകൾ അത് പഠിപ്പിച്ചു. പത്തു പ്രമാണങ്ങൾ അതു സംക്ഷിപ്തമായി അവതരിപ്പിച്ചു. തുടർന്നു നൽകിയ നിയമസംഹിതകൾ വിശദാംശങ്ങൾ വ്യക്തമാക്കി. വിമോചകനായ ദൈവത്തെ മാത്രം ആരാധിക്കുക; സഹജീവികളെ സഹോദരങ്ങളായി കു സ്നേഹിക്കുക. ദൈവസ്നേഹവും പരസ്നേഹവും വഴി ഭൂമിയിൽ ഒരു മാതൃകാസമൂഹമായി, കർത്താവിന്റെ സഭയായി ജീവിക്കുക - ഇതാണ് പ്രമാണങ്ങളുടെ രത്നച്ചുരുക്കം.

കർത്താവിനോടുള്ള സ്നേഹം നിരുപാധികമായ സമ്പൂർണ്ണ സമർപ്പണത്തിലൂടെ പ്രകടമാകണം. അതിന്റെ ദൃശ്യമായ അടയാളമാണ് ആരാധന; പരസ്യമായ പ്രഖ്യാപനമാണ് ബലിയർപ്പണം; പൊതുവായ ആഘോഷമാണ് തിരുനാളുകൾ. കർത്താവിനെ ആരാധിക്കുന്ന





ജനം വിശുദ്ധമായിരിക്കണം, അവിടുത്തേക്കു മാത്രമായി മാറ്റിവയ്ക്കപ്പെട്ടവരായിരിക്കണം. ആ ജനത്തിന്റെ ജീവിതത്തിൽ നിന്ന് കർത്താവ് ആരെന്നും അവിടുത്തെ തിരുഹിതമെന്തെന്നും ലോകജനതകൾക്കു മുഴുവൻ വ്യക്തമാകണം. യഥാർത്ഥ മോചനത്തിന്റെ ആഘോഷമായ ആരാധന ജനജീവിതത്തിന്റെ സകല മേഖലകളെയും സ്വാധീനിക്കണം. അതിനുവേിയാണ് നിരവധി സാമൂഹിക നിയമങ്ങൾ നല്കിയിരിക്കുന്നത്.

ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് ആ പദവിക്ക് അനുയോജ്യമായ ജീവിത സാഹചര്യങ്ങൾ ലഭ്യമാകണം. ഏതെങ്കിലും കാരണത്താൽ അവശത അനുഭവിക്കാൻ ഇടയാകുന്നവർക്കു പ്രത്യേക സംരക്ഷണം നല്കണം. അടിമകൾക്കു വിടുതൽ നല്കുന്ന കർത്താവ് എല്ലാ മനുഷ്യരുടേയും സ്വാതന്ത്ര്യവും മഹത്വവും ഉറപ്പുവരുത്താൻ ആഗ്രഹിക്കുന്നു. ഇസ്രായേൽജനം തങ്ങളുടെ അനുദിന ജീവിതത്തിൽ ഈ ആഗ്രഹം പൂർത്തിയാക്കണം. കർത്താവിന് അർപ്പിക്കുന്ന ആരാധന നീതിനിഷ്ഠമായ സമൂഹനിർമ്മിതിയിലേയ്ക്കു നയിക്കണം. പ്രമാണപ്പലകകളുടെ പ്രതീകത്തിലൂടെ ജനമധ്യത്തിൽ സന്നിഹിതനായ ദൈവം തങ്ങളുടെ ദിവ്യമായ ഈ ദൗത്യത്തെക്കുറിച്ച് അവരെ നിരന്തരം അനുസ്മരിപ്പിച്ചു.

സീനായ് മലയുടെ താഴ്വരയിൽവ്ച്ചു നല്കപ്പെട്ട നിയമങ്ങൾ അനുസരിച്ചു ജീവിക്കുന്നതിനുവേ പരിശീലനമാണ് നാല്പതു വർഷം ദീർഘിച്ച മരുഭൂമിയിലൂടെയുള്ള പ്രയാണത്തിനിടിയ്ല നടന്നത്. അത് ഇസ്രായേലിന്റെ ബാല്യകാലമായിരുന്നു. നടക്കാൻ പഠിക്കുന്ന കുഞ്ഞിനെപ്പോലെ പലപ്പോഴും അവർ കാലിടറി വീണു. തന്നിഷ്ടം തലപൊക്കി. കർക്കശമായ പരിശീലനത്തിന്റെ കാഠിന്യത്തിൽ അവർ പിറുപിറുത്തു. കഴിഞ്ഞതെല്ലാം മറന്ന് പ്രതിഷേധങ്ങളുയർത്തി. അപ്പോഴെല്ലാം ദൈവം അവരെ കൈപിടിച്ചുയർത്തി, പടിപടിയായി നടത്തി. കോപിച്ചും ശാസിച്ചും, ലാളിച്ചും ശിക്ഷിച്ചും അവരെ ശുദ്ധീകരിച്ചു ശക്തിപ്പെടുത്തി. ഒരു ജനത്തിന്റെ രൂപവത്ക്കരണമായിരുന്നു അത്. വാഗ്ദത്തഭൂമിയിൽ ഒരു ജനമായി, രാജ്യമായി, രാഷ്ട്രമായി ജീവിക്കാനുള്ള പരിശീലനം കർത്താവു തന്നെ തിരഞ്ഞെടുത്തു ശക്തിപ്പെടുത്തിയ മോശ അവർക്കു നല്കി.

പഞ്ചഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്ന പത്തു പ്രമാണങ്ങളും മറ്റു സാമൂഹ്യനിയമങ്ങളും നീതിനിഷ്ഠമായ ഒരു സമൂഹനിർമ്മിതിക്ക് അനിവാര്യമത്രെ. ദൈവത്തെയോ സഹോദരനെയോ മറന്നുകൊ് ആർക്കും അധികകാലം ജീവിക്കാനാവില്ല. മോചിതനായ മർദ്ദിതൻ മർദ്ദകനായി മാറാതിരിക്കാനും ഈ നിയമങ്ങൾ പാലിച്ചേ മതിയാകൂ. അവകാശങ്ങൾ നിഷേധിക്കപ്പെട്ട അധഃസ്ഥിതരും തൊഴിലാളികളും തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനുള്ള ശ്രമത്തിലും നേടിയെടുത്തു കഴിയുമ്പോഴും അന്യരുടെ അവകാശങ്ങളെ ചവിട്ടി മെതിക്കുന്ന പ്രവണതയ്ക്ക ഈ നിയമം കടിഞ്ഞാണിടുന്നു. മർദ്ദിതനും മർദ്ദകനും ഇല്ലാത്ത, ചൂഷിതനും ചൂഷകനും ഇല്ലാത്ത, അടിമയും ഉടമയുമില്ലാത്ത, ധനികനും ദരിദ്രനുമില്ലാത്ത സഹോദരങ്ങളുടെ ഒരു സമൂഹസൃഷ്ടിക്കുള്ള അടിസ്ഥാന പ്രമാണങ്ങളാണ് ''നിയമം'' എന്നറിയപ്പെടുന്ന പഞ്ചഗ്രന്ഥത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ഏതാനും ചില വ്യക്തികൾക്കോ സമൂഹങ്ങൾക്കോ മാത്രമുള്ള നിയമങ്ങളല്ല ഇത്, ലോക ജനതകൾക്കു മുഴുവൻ ഇത് ബാധകമാണ്.

നേതൃത്വം, അധികാരം, സമൂഹസംവിധാനം മുതലായവയെ സംബന്ധിച്ച നിയമങ്ങളും മോശയെന്ന നേതാവിന്റെ മാതൃകയും സകല നേതാക്കന്മാർക്കും അധികാര സംവിധാനങ്ങൾക്കും മാർഗ്ഗദർശനം നല്കണം. പ്രപഞ്ചത്തെയും അതിലെ വിഭവങ്ങളെയും സംബന്ധിച്ച ദൈവിക പദ്ധതി പരിസ്ഥിതി സംരക്ഷണത്തിനു പ്രേരകമാകണം. ഭൂമിയുടെ മേൽ ആർക്കും ഉടമസ്ഥാവകാശമില്ല എന്ന പഞ്ചഗ്രന്ഥത്തിന്റെ പഠനം ഭൂമിയെയും അതിലെ വിഭവങ്ങളെയും എല്ലാ മനുഷ്യർക്കും ജീവിക്കാനും വളർന്നു വികസിക്കാനും പര്യാപ്തമായ വിധത്തിൽ ഉപയോഗിക്കാൻ സഹായിക്കണം.

മനുഷ്യന്റെ സ്വാഭവത്തിൽത്തന്നെ അന്തർലീനമായിരിക്കുന്ന പാപാവസ്ഥയെക്കുറിച്ച് പഞ്ചഗ്രന്ഥം വെളിപ്പെടുത്തുന്ന സത്യം വിസ്മരിക്കാനാവില്ല. വിലക്കപ്പെട്ട കനി തിന്ന് പറുദീസായിൽ നിന്നു പുറത്തായ മനുഷ്യന്റെ മക്കളാണ് മാനവസമൂഹം. സ്വന്തം ശക്തികൊ് മനുഷ്യനു മോചനം നേടാൻ കഴിയുന്നതല്ല ഈ പാപാവസ്ഥ. ദൈവിക നിയമങ്ങൾ എത്രതന്നെ നീതി നിഷ്ഠമാണെങ്കിലും അവ അനുസരിച്ചു ജീവിക്കാൻ മനുഷ്യനു കഴിയാതെ വരുന്നു. വ്യക്തിയുടെ ജീവിതത്തിൽ മാത്രമല്ല, മനുഷ്യൻ രൂപംകൊടുക്കുന്ന സമൂഹത്തിന്റെ സകല ഘടനകളിലേയ്ക്കും കിനിഞ്ഞിറങ്ങുന്ന പാപം അനുദിനം വർദ്ധിച്ചുവരുന്നു.





രാഷ്ട്രീയവും സാമ്പത്തികവും സമൂഹികവുമായ മോചനം കൊു മാത്രം മനുഷ്യന്റെ മോചനം പൂർണ്ണമാകുന്നില്ല. പാപത്തിൽ നിന്നും തദ്ഫലമായ മരണത്തിൽ നിന്നും മോചനം ലഭിക്കണം. ''സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും'' എന്ന വാഗ്ദാനം ഈ സമഗ്രവിമോചനത്തിലേക്കാണ് വിരൽ ചൂുന്നത്. ഈ വിമോചനമാകട്ടെ പഞ്ചഗ്രന്ഥത്തിൻരെ പരിധിക്കപ്പുറത്താണ്. ദൈവംതന്നെ മനുഷ്യനായി ഇറങ്ങി വരുമ്പോൾ മാത്രമേ ഈ മോചനം ലഭ്യമാകൂ. യേശു ക്രിസ്തുവിൽ പൂർത്തിയായ ആ മഹാസംഭവിത്തിലേക്കാണ് പഞ്ചഗ്രന്ഥത്തിലെ സകല വെളിപാടുകളും നയിക്കുന്നത്.

ദൈവപുത്രനായ യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ ലഭ്യമായ രക്ഷയുടെയും അവിടുന്ന് സ്ഥാപിച്ച പുതിയ ഉടമ്പടിയുടെയും വെളിച്ചത്തിൽ വേണം ഇന്നു പഞ്ചഗ്രന്ഥം ജീവിതത്തിനു മാർഗ്ഗദർശകമായി സ്വീകരിക്കാൻ. ഉത്ഥിതനായ നാഥൻ നല്കിയ തന്റെ ആത്മാവിലൂടെ വചനം നമുക്കു സമീപസ്ഥമായിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിക്കാൻ മനുഷ്യനു കഴിയും. ആത്മാവിന്റെ പ്രചോദനത്തിനു വഴങ്ങുന്നവരിൽ വാഗ്ദത്ത ഭൂമിയായ ദൈവരാജ്യം ഒരു യാഥാർത്ഥ്യമായി ഭവിക്കുന്നു. ''ദൈവരാജ്യം എന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്'' (റോമാ 14, 17). ആ സന്തോഷത്തിലേക്കുള്ള തീർത്ഥാടനത്തിലെ ആദ്യഘട്ടമാണ് പഞ്ചഗ്രന്ഥം